ഹയർ സെക്കണ്ടറി തുല്യത കോഴ്സ്

(HIGHER SECONDARY EQUIVALENCY COURSE)

ഒന്നാം വർഷം

(FIRST YEAR)

XI

ഇന്ത്യൻ ഇക്കണോമിക് ഡെവലപ്പ്മെന്റ്

(Indian Economic Development)

ഭാഗം-1

സ്വയംപഠന സാമഗ്രി

(SELF - LEARNING MATERIAL)

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്
Department of General Education

തയാറാക്കിയത്

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി (KSLMA)

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2020

ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

Prepared by:

Kerala State Literacy Mission Authority (KSLMA)

'Aksharam', Near Pettah Govt. Boys HSS, Pettah P.O., Thiruvananthapuram-24

Ph: Off. (0471) 2472253/24722254 Tele-Fax : (0471) 2462252)

E-mail : info.kslma@kerala.gov.in, Web: www.literacymissionkerala.org

State Council of Educational Research and Training (SCERT)

Poojappura, Thiruvananthapuram-695012, Kerala

Website: www.scertkerala.gov.in e-mail: scertkerala@gmail.com

Phone: 0471 - 234183, Fax : 0471 - 234869

First Edition	:	2015
Second Edition	:	2016
Third Edition	:	2018
Fourth Edition	:	2018
Fifth Edition	:	2020
Typesetting & Layout	:	**KSLMA**
Cover design	:	**KSLMA**
Printed at	:	
Price	:	**Rs. 70.00**

(C) Department of Education, Government of Kerala

ആമുഖം

പ്രിയ പഠിതാക്കളെ

സാമ്പത്തികശാസ്ത്രം ഒരു സാമൂഹ്യശാസ്ത്ര വിഷയമാണെന്ന് നിങ്ങൾക്കറിയാമല്ലോ. ജനങ്ങളെയും അവരുടെ പെരുമാറ്റരീതിയേയുംകുറിച്ചാണ് ഇത് പഠിക്കുന്നത്. അതായത് സമൂഹത്തിലെ പരിമിതമായ വിഭവങ്ങൾകൊണ്ട് അപരിമിതമായ ആവശ്യങ്ങളെയും ആഗ്രഹങ്ങളെയും എങ്ങനെ തൃപ്തിപ്പെടുത്തുവാൻ കഴിയും.

രാജ്യങ്ങളുടെ പ്രധാന വിഭവങ്ങളെപറ്റിയും, വരുമാനമാർഗങ്ങളെപറ്റിയും, രാജ്യത്തിന്റെ പുരോഗതിയെ നിർണയിക്കുന്ന ഘടകങ്ങളെപറ്റിയും, നേടിയെടുത്ത പുരോഗതി നിലനിർത്താനുള്ള മാർഗങ്ങളെക്കുറിച്ചുമുള്ള ഒരു അവബോധം ഇതിലൂടെ പഠിതാക്കൾക്ക് ലഭിക്കുന്നു.

രാജ്യത്തിന്റെ പുരോഗതിക്ക് പ്രകൃതി വിഭവങ്ങളും മനുഷ്യവിഭവങ്ങളും തുല്യ പ്രാധാന്യമർഹിക്കുന്നു. മനുഷ്യ വിഭവ സമാഹരണത്തിന് ഉന്നത വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണെന്ന് സാമ്പത്തികശാസ്ത്ര പഠനത്തിലൂടെ നമുക്ക് വ്യക്തമാകുന്നു. ആയതിലേക്ക് സാക്ഷരതാമിഷൻ നടത്തുന്ന പുതിയ ചുവടുവെപ്പ് വളരെയധികം ശ്ലാഘനീയമാണ്. ഇതിന്റെ പ്രയോജനത്തിനായ് തയ്യാറാക്കിയ 'സ്വയം പഠനസാമഗ്രി' അഭിമാനപൂർവ്വം നിങ്ങൾക്കായ് സമർപ്പിക്കുന്നു.

ഡോ. ജെ. പ്രസാദ്
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി

ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

മൗലിക കർത്തവ്യങ്ങൾ

51. ക. മൗലിക കർത്തവ്യങ്ങൾ- താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്.

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയ പതാകയെയും ദേശീയ ഗാനത്തെയും ആദരിക്കുകയും ചെയ്യുക.

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയ സമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക.

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക.

(ഘ) രാജ്യത്തെ കാത്തു സൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക.

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദ്ദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക.

(ച) നമ്മുടെ സംസ്കാര സമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിർത്തുകയും ചെയ്യുക.

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം നിലനിർത്തുകയും ചെയ്യുക.

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്ക്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക.

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നത തലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിന്നാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടികൾക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

പഠിതാക്കളോട്

നവസാക്ഷരർ, സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയവർ തുടങ്ങി ഔപചാരിക വിദ്യാഭ്യാസം നേടാൻ അവസരം ലഭിക്കാതെ പോയവർക്ക് അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ തുടർപഠനത്തിന് കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി അവസരം നൽകിവരുന്നു. സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ 1998ൽ ആരംഭിച്ച തുടർവിദ്യാഭ്യാസ പരിപാടികളിൽ ശ്രദ്ധേയവും ജനകീയവുമാണ് തുല്യതാ പരിപാടി. നാലാംതരം, ഏഴാംതരം, പത്താംതരം തുല്യതയിലൂടെ വിജയിച്ച ആയിരക്കണക്കിനാളുകൾക്ക് ഉപരിപഠനത്തിനും ഔദ്യോഗിക സ്ഥാനക്കയറ്റത്തിനും ഈ പദ്ധതി സഹായകമായിട്ടുണ്ട്.

ഔപചാരിക വിദ്യാഭ്യാസത്തിന്റെ പഠനാനുഭവങ്ങൾ പൂർണമായി ലഭിക്കാത്തവരും പല കാരണങ്ങളാൽ പഠനം പാതിവഴിയിൽ നിർത്തേണ്ടിവന്നവരും ജീവിതോപാധിയെന്ന നിലയിൽ വ്യത്യസ്ത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുമാണ് തുല്യതാ പഠനത്തിലെ ബഹുഭൂരിപക്ഷം പഠിതാക്കളും. മറ്റ് പാഠപുസ്തകങ്ങളിൽ നിന്ന് വ്യത്യസ്തമായി സ്വയം പഠനസാമഗ്രികളാണ് സാക്ഷരതാ മിഷൻ തയാറാക്കിയിട്ടുള്ളത്. അവരുടെ അനുഭവങ്ങളും അറിവും പരിഗണിച്ചുകൊണ്ട്, ജീവിതത്തെ ആഴത്തിൽ മനസ്സിലാക്കാനും വസ്തുനിഷ്ഠമായി സമീപിക്കാനും കഴിയുന്ന പഠനരീതിയാണ് സ്വയംപഠനസാമഗ്രികളിൽ സ്വീകരിച്ചുവരുന്നത്.

ഹയർസെക്കണ്ടറി തുല്യതാ കോഴ്സിൽ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എസ്.സി.ഇ.ആർ.ടിയുടെ അക്കാദമിക് സഹകരണത്തോടെ, പരിചയസമ്പന്നരായ അധ്യാപകരുടെയും അനൗപചാരിക വിദ്യാഭ്യാസവിദഗ്ധരുടെയും മേൽനോട്ടത്തിൽ ശാസ്ത്രീയമായ രീതിയിൽ മുതിർന്നവരുടെ ബോധനശാസ്ത്രത്തിന്റെ വെളിച്ചത്തിൽ നിരവധി ശില്പശാലകളിലൂടെയാണ് പഠനസാമഗ്രികൾ തയാറാക്കിയിട്ടുള്ളത്. സ്ഥിതിസമത്വം, സാമൂഹിക നീതി, ജനാധിപത്യബോധം, മതേതരത്വം തുടങ്ങിയ മൂല്യങ്ങൾ ഉറപ്പിക്കുക, തൊഴിൽ സംരംഭകത്വശേഷിക്ക് സഹായകമായ നേതൃപാടവം, ആശയവിനിമയശേഷി, സംഘാടക നൈപുണി തുടങ്ങിയ കഴിവുകൾ വികസിപ്പിക്കുക എന്നിവ പഠനത്തിന്റെ ലക്ഷ്യമാണ്. പരീക്ഷാ നടത്തിപ്പ്, മൂല്യനിർണയം, സർട്ടിഫിക്കറ്റ് വിതരണം എന്നിവ പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള ഹയർസെക്കണ്ടറി ഡയറക്ടറേറ്റാണ് നിർവഹിക്കുന്നത്.

കേരളത്തിന് പുറമേ ലക്ഷദ്വീപിലും ഗൾഫ് നാടുകളിലും മലയാളികൾ ഉള്ള ഇന്ത്യയിലെ മറ്റ് പ്രദേശങ്ങളിലും ഹയർസെക്കണ്ടറി തുല്യതാ കോഴ്സ് ആരംഭിക്കും. പത്താംതരം തുല്യതാ കോഴ്സ് വിജയിച്ച മുഴുവൻ പഠിതാക്കൾക്കും ഔപചാരിക വിദ്യാഭ്യാസത്തിലൂടെ പത്താംതരം വിജയിച്ച് 22 വയസ്സ് പൂർത്തിയായവർക്കും ഹയർസെക്കണ്ടറി തുല്യതാ കോഴ്സിൽ ചേർന്ന് പഠിക്കാവുന്നതാണ്.

അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ കേരളസമൂഹത്തിന്റെ സമഗ്രപുരോഗതിക്കും നവകേരള സൃഷ്ടിക്കും അവസരമൊരുക്കുന്ന കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയോടൊപ്പം തുടർന്നും സഹകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഡോ. പി.എസ്. ശ്രീകല
ഡയറക്ടർ
കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

സ്വയംപഠന സാമഗ്രി നിർമ്മാണ ശില്പശാലയിൽ പങ്കെടുത്തവർ

അധ്യാപകർ

1. ഇ.സജീവ്	എച്ച്.എസ്.എസ്.റ്റി, എസ്.എം.വി എച്ച്.എസ്.എസ്, തിരുവനന്തപുരം.
2. ഡോ.രത്നകുമാർ	ജി.എച്ച്.എസ്.എസ്, മലയിൻകീഴ്, തിരുവനന്തപുരം.
3. എബിൻ ടി മാത്യു	അസിസ്റ്റന്റ് പ്രൊഫ. ഗവ.ആർട്സ് കോളേജ്, തിരുവനന്തപുരം
4. അലക്സ് തോമസ്	അസോസിയേറ്റ് പ്രൊഫ. സാമ്പത്തികശാസ്ത്രം. ഗവ. വിമൻസ് കോളേജ്.
5. ഷിജോ ഫിലിപ്പ്	അസിസ്റ്റന്റ് പ്രൊഫ. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.
6. ഡോ.എബ്രഹാം.എം.പി	അസിസ്റ്റന്റ് പ്രൊഫ. സാമ്പത്തികശാസ്ത്രം യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.
7. ഡോ.ജോമോൻ മാത്യു	അസിസ്റ്റന്റ് പ്രൊഫ. സാമ്പത്തികശാസ്ത്രം യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.
8. ജോയ്.റ്റി	എച്ച്.എസ്.എസ്.റ്റി, എസ്.എൻ.വി, ഗവ. എച്ച്.എസ്.എസ് കടയ്ക്കാവൂർ, തിരുവനന്തപുരം.
9. ജയിംസ്. എസ്.വിൽസൺ	എച്ച്.എസ്.എസ്.റ്റി, ഗവ.എച്ച്.എസ്.എസ്, പെരിനാട്, കൊല്ലം.

വിദഗ്ധ സമിതി

കബീർകുട്ടി	റിട്ട. പ്രൊഫസർ
ഡോ.ഷീല.എം.സി	അസി. പ്രൊഫസർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

അക്കാദമിക് ചുമതല

ഡോ.പി.എൽ.അനിൽകുമാർ	റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി

സാങ്കേതിക സഹായം

ഡോ.വി.രഘു	പ്രൊഫസർ & ഡീൻ (റിട്ട.) RGNIYD ഗവൺമെന്റ് ഓഫ് ഇന്ത്യ

കോർഡിനേഷൻ

ശ്രീ.കെ.അയ്യപ്പൻ നായർ	അസി.ഡയറക്ടർ (തുല്യത & അക്കാദമിക്) സംസ്ഥാന സാക്ഷരതാമിഷൻ

കോർഡിനേഷൻ സഹായം

ശ്രീമതി. റിയാന അൻസാരി	പ്രോഗ്രാം ഓഫീസർ, സംസ്ഥാന സാക്ഷരതാമിഷൻ
ശ്രീമതി. ബീന.എ.ആർ	പ്രോഗ്രാം ഓഫീസർ, സംസ്ഥാന സാക്ഷരതാമിഷൻ
ശ്രീ. എം.എം.ഷറഫുദീൻ	കോർഡിനേറ്റർ(തുല്യത), സംസ്ഥാന സാക്ഷരതാമിഷൻ

ഉള്ളടക്കം

ഭാഗം-1

1. സ്വാതന്ത്ര്യ ലബ്ധിക്കാലത്തെ ഇന്ത്യൻ സമ്പദ് വ്യവസ്ഥ 9-18
2. സ്വാതന്ത്ര്യാനന്തര ഇന്ത്യൻ സമ്പദ് വ്യവസ്ഥ (1950 - 1990) 19-33
3. ഇന്ത്യൻ സമ്പദ്വ്യവസ്ഥ 1991നു ശേഷം 34-45
4. ദാരിദ്ര്യം 46-63
5. മനുഷ്യമൂലധന രൂപീകരണം ഇന്ത്യയിൽ 64-78
6. ഗ്രാമീണ വികസനം 79-90
7. ഇന്ത്യയിലെ തൊഴിൽമേഖല 91-102
8. അടിസ്ഥാന സൗകര്യങ്ങൾ 103-116
9. പരിസ്ഥിതിയും സുസ്ഥിര വികസനവും 117-128
10. ഇന്ത്യയുടെയും അയൽ രാജ്യങ്ങളുടെയും വികസനാനുഭവങ്ങൾ -ഒരു താരതമ്യപഠനം 129-142

1

സ്വാതന്ത്ര്യ ലബ്ധിക്കാലത്തെ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ

ആമുഖം

സാമ്പത്തികമായി വളരെ വേഗം വളർന്നുകൊണ്ടിരിക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ. 2012-13ലെ ജിഡിപിയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ലോകത്തിലെ ആറാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാണ്. ക്രയശേഷിയുടെ കാര്യത്തിൽ മൂന്നാം സ്ഥാനമാണ് ഇന്ത്യക്കുള്ളത്. അഭിമാനാർഹമായ ഈ പുരോഗതി കൈവരിക്കാൻ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ പിന്നിട്ട വഴികൾ നാം അറിഞ്ഞിരിക്കണം. പ്രത്യേകിച്ച് സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പ് ഏകദേശം ഇരുന്നൂറു വർഷത്തോളം ഇന്ത്യയിൽ നിലനിന്ന കോളനി ഭരണം ഇന്ത്യൻ സമ്പദ് ഘടനയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ബ്രിട്ടീഷ് ഭരണത്തെ സംബന്ധിച്ചടത്തോളം ഇന്ത്യയെന്നത് അവരുടെ സമ്പദ്ഘടനയെ പരിപോഷിപ്പിക്കുവാനുള്ള അസംസ്കൃത സാധനങ്ങൾ ലഭ്യമായ ഒരിടം മാത്രമായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വ താൽപര്യം സംരക്ഷിക്കുക മാത്രം ചെയ്തതിലൂടെ ഇന്ത്യയുടെ സാമ്പത്തിക വികസനം വളരെയധികം പിന്നോക്കാവസ്ഥയിലാകുവാൻ കാരണമായി.

പഠനനേട്ടങ്ങൾ

1. ബ്രിട്ടീഷുകാരുടെ വരവിന് മുമ്പും, കോളനി ഭരണകാലത്തുമുള്ള ഇന്ത്യൻ സമ്പദ് ഘടനയെ താരതമ്യം ചെയ്തു വിലയിരുത്തുന്നു.
2. കോളനി വാഴ്ചക്കാലത്ത് ഇന്ത്യയുടെ കാർഷിക,വ്യാവസായിക,വിദേശവ്യാപാര മേഖലകളിലുണ്ടായ മാറ്റം വിലയിരുത്തുന്നു.
3. കൃഷി ഒരു സംസ്കാരം തന്നെയാണെന്ന തിരിച്ചറിവിലൂടെ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ ക്രിയാത്മകമാക്കുന്നു.
4. രാജ്യത്തെ വിവിധ തൊഴിൽ മേഖലകൾ കണ്ടെത്തി ഘടനാപരമായ മാറ്റം എന്തെന്ന് വ്യാഖ്യാനിക്കുന്നു.
5. നാടിന്റെ വികസനത്തിൽ ആരോഗ്യ, വിദ്യാഭ്യാസ മേഖലകളുടെ പങ്ക് വിശകലനം ചെയ്ത് വിലയിരുത്തുന്നു.

പ്രധാന ആശയങ്ങൾ

ഡാക്കാ മസ്‌ലിൻ, കോളനി വാഴ്ച, ദേശീയ വരുമാനം, പ്രതിശീർഷ വരുമാനം, കൃഷിയുടെ വാണിജ്യവൽക്കരണം, കാർഷിക ഉൽപ്പാദനക്ഷമത, സെമീന്ദാരി , മഹൽ വാരി, റയറ്റ് വാരി സമ്പ്രദായങ്ങൾ, മൂലധന വസ്തുക്കളുടെ വ്യവസായം, മൊത്തം ആഭ്യന്തര ഉൽപ്പാദനം, വളർച്ചാ നിരക്ക്, ശിശുമരണ നിരക്ക്, മരണ നിരക്ക്, കയറ്റുമതി മിച്ചം, താരിഫ്.

കോളനിവാഴ്ചക്കാലത്തെ പരിമിതമായ സാമ്പത്തിക വികസനം

കോളനിവാഴ്ചയ്ക്ക് മുമ്പ് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ സ്ഥിതി എന്തായിരുന്നുവെന്ന് നിങ്ങൾക്കറിയാമോ? ഏറെക്കുറേ സ്വതന്ത്രവും സ്വയം പര്യാപ്തവും ഭേദപ്പെട്ട നിലയിലുമായിരുന്നു. ഭൂരിഭാഗം ജനങ്ങളും തൊഴിലിനുവേണ്ടി കാർഷിക മേഖലയെയാണ് ആശ്രയിച്ചിരുന്നത്. എന്നിരുന്നാലും വ്യത്യസ്ത തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും ഉണ്ടായിരുന്നു. ലോഹങ്ങളും, രത്നക്കല്ലുകളും ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിലും മേന്മയേറിയ പരുത്തി-സിൽക്ക് തുണിത്തരങ്ങളുടെ കാര്യത്തിലും ഇന്ത്യ വളരെ പ്രസിദ്ധിയാർജിച്ചിരുന്നു.

ബ്രിട്ടീഷ് ഇന്ത്യയിൽ ലഭ്യമായിരുന്ന പ്രസിദ്ധമായ പരുത്തി തുണിയാണ് ഡാക്കാമസ്‌ലിൻ

ബ്രിട്ടീഷുകാർ ഇന്ത്യയിൽ അനുവർത്തിച്ച സാമ്പത്തികനയത്തിന്റെ ലക്ഷ്യം എന്തായിരുന്നുവെന്നറിയാമോ?

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ പുരോഗതി ലക്ഷ്യം വയ്ക്കാതെ ബ്രിട്ടന്റെ സാമ്പത്തിക രംഗത്തിന്റെ വികസനവും സംരക്ഷണവും മാത്രം ലക്ഷ്യം വച്ചുള്ളതായിരുന്നു. ഇത്തരം സാമ്പത്തിക നയങ്ങൾ ഇന്ത്യൻ സമ്പദ് ഘടനയിൽ അടിസ്ഥാനപരമായ പല മാറ്റങ്ങളും വരുത്തി ബ്രിട്ടീഷ് വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്ന സ്ഥലമായും ബ്രിട്ടണിലെ വ്യവസായശാലകൾ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിനുള്ള കമ്പോളമായും ഇന്ത്യ മാറി. തന്മൂലം ഇന്ത്യയിലെ

ചെറുകിട കുടിൽ വ്യവസായങ്ങൾ പാടെ നശിക്കുകയും ജനങ്ങൾക്ക് ജീവിതമാർഗം നഷ്ടപ്പെടുകയും ചെയ്തു.

ബ്രിട്ടീഷ് സാമ്പത്തിക നയം ഇന്ത്യൻ സമ്പദ്വ്യവസ്ഥയെ സ്തംഭനാവസ്ഥയിലാക്കി. ബ്രിട്ടീഷ് ഇന്ത്യയിൽ ആദ്യമായി ദേശീയ വരുമാനക്കണക്കെടുപ്പ് നടത്തിയത് 1881 ൽ ആയിരുന്നു. ദാദാഭായ് നവറോജിയുടെ നേതൃത്വത്തിലാണ് ഇത് നടന്നത്. പിന്നീട് വില്യം ഡിഗ്ബേ, ഫിന്‌ലേഷിറാസ്, വി.കെ.ആർ.വി.റാവു, ആർ.സി ദേശായി തുടങ്ങി പ്രഗത്ഭരായ പല വ്യക്തികളും ഇത്തരം കണക്കെടുപ്പുകൾ നടത്തി.

കാർഷിക മേഖല

ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യ ഒരു കാർഷിക സമ്പദ്വ്യവസ്ഥയായിരുന്നു. അതായത് ജനങ്ങളിൽ 85%വും കൃഷിയാണ് ജീവിതമാർഗമായി സ്വീകരിച്ചിരുന്നത്. എന്നാൽ കാർഷികോൽപ്പാദനം സ്തംഭനാവസ്ഥയിലായി. ഈ സ്തംഭനാവസ്ഥക്ക് കാരണം താഴെ പറയുന്നവയാണ്.

- ഭൂനികുതി സമ്പ്രദായം - സെമീന്ദാരി, മഹൽവാരി, റയറ്റ് വാരി സമ്പ്രദായങ്ങൾ
- സെമിന്ദാർമാർ ഭൂവുടമകളായി
- കാർഷിക ഉൽപ്പാദനത്തിന്റെ അളവ് പരിഗണിക്കാതെ കർഷകരിൽ നിന്നും വലിയ നിരക്കിൽ സെമിന്ദാർമാർ നികുതി ഈടാക്കി
- കൃഷിഭൂമിയുടെ മേന്മ വർധിപ്പിക്കുവാനോ, ഉൽപ്പാദന ക്ഷമത കൂട്ടുവാനോ സെമിന്ദാർമാർ ശ്രമിച്ചില്ല
- കാലഹരണപ്പെട്ട സാങ്കേതികവിദ്യയായിരുന്നു കാർഷിക മേഖലയിൽ ഉപയോഗിച്ചിരുന്നത്. പുതിയത് ലഭ്യമായിരുന്നില്ല.
- ജലസേചന സൗകര്യങ്ങൾ തീരെക്കുറവായിരുന്നു.
- വളങ്ങളുടെ ഉപയോഗവും വളരെ പരിമിതമായിരുന്നു.

എന്നാൽ ഇക്കാലത്ത് കൃഷി വാണിജ്യവൽക്കരിക്കപ്പെട്ടു.

കൃഷിയുടെ വാണിജ്യവൽക്കരണം (Commercialisation of Agriculture)

എന്താണ് കൃഷിയുടെ വാണിജ്യവൽക്കരണം എന്നതു കൊണ്ട് അർഥമാക്കുന്നത്? കർഷകർ സ്വന്തം ഉപയോഗത്തിനല്ലാതെ വാണിജ്യ താൽപര്യത്തിനായി കൃഷി ചെയ്യുന്നതിനെയാണ് കൃഷിയുടെ വാണിജ്യവൽക്കരണം എന്നു പറയുന്നത്. ഇത് മൂലം ഭക്ഷ്യ ഉൽപ്പാദനം കുറയുകയും നാണ്യവിളകളുടെ ഉൽപ്പാദനം കൂടുകയും ചെയ്തു. ഇത് കടുത്ത ഭക്ഷ്യ ക്ഷാമത്തിനും ദാരിദ്ര്യത്തിനും കാരണമായി. ബംഗാളിലെയും ഒറീസ്സയിലെയും നെൽക്കൃഷിപ്പാടങ്ങൾ നീലം കൃഷിക്കായി ഉപയോഗിച്ചത് കൃഷിയുടെ വാണിജ്യവൽക്കരണത്തിനുള്ള ഉദാഹരണമാണ്.

പഠനപ്രവർത്തനം:- നിങ്ങളുടെ സമീപത്തുള്ള ഒരു പാട ശേഖര സമിതിയുമായി ബന്ധപ്പെട്ട് കൃഷിയിൽ അവർ നേരിടുന്ന വെല്ലുവിളികൾ കണ്ടെത്തുക അവയെ കോളനി ഭരണകാലത്തെ കാർഷിക മേഖലയിലെ പ്രശ്നങ്ങളുമായി താരതമ്യം ചെയ്യുക.

വ്യവസായ മേഖല

ഇന്ത്യയുടെ വ്യവസായ മേഖലയിലും ബ്രിട്ടീഷ് ഭരണ കാലത്ത് കാര്യമായ യാതൊരു വളർച്ചയും ഉണ്ടായിട്ടില്ല. ബ്രിട്ടീഷുകാരുടെ ഇന്ത്യയിലെ വ്യവസായ നയം മൂലം ലോക പ്രസിദ്ധമായിരുന്ന ഇന്ത്യൻ കരകൗശല വ്യവസായം പാടെ നശിപ്പിക്കപ്പെട്ടു. ഇതി നാൽ ലക്ഷക്കണക്കിന് ആളുകൾ തൊഴിൽ രഹിതരായി. ബ്രിട്ടണിലെ വ്യവസായശാല കളിൽ ഉൽപ്പാദിപ്പിച്ച ഉൽപ്പന്നങ്ങൾ ഇന്ത്യയിൽ ഇറക്കുമതി ചെയ്ത് വിലകുറച്ച് വിറ്റത് മൂലം ഇന്ത്യൻ വ്യവസായങ്ങൾ പലതും അടച്ചുപൂട്ടി.

പത്തൊൻപതാം നൂറ്റാണ്ടിന്റെ പകുതിയോടു കൂടി ഇന്ത്യയിൽ ആധുനിക വ്യവസായ ങ്ങൾ ആരംഭിച്ചു. ആദ്യഘട്ടത്തിൽ പരുത്തിത്തുണി മില്ലുകൾ മാഹാരാഷ്ട്ര, ഗുജറാത്ത് എന്നിവിടങ്ങളിലും ചണം മില്ലുകൾ ബംഗാളിലും ആരംഭിച്ചു. ഇന്ത്യയിലെ വ്യവസായ വൽക്കരണത്തിന്റെ നാഴികക്കല്ലായിരുന്നു 1907 ൽ ബീഹാറിലെ ജംഷഡ്പൂരിൽ സ്ഥാപിച്ച ടാറ്റാ അയൺ ആന്റ് സ്റ്റീൽ കമ്പനി (TISCO) ഇന്ത്യയുടെ വ്യവസായവൽക്ക രണത്തിന്റെ കുലപതിയായ ജംഷഡ്ജി ടാറ്റയാണ് ഇത് സ്ഥാപിച്ചത്. ഇതോടൊപ്പം രാസവളം, പഞ്ചസാര, സിമന്റ്, റബർ എന്നിവയുടെ വ്യവസായങ്ങളും രാജ്യത്തിന്റെ വിവിധ മേഖലകളിൽ വളർന്നു വന്നു.

എന്നാൽ മൂലധന വസ്തുക്കളുടെ നിർമ്മിതി നടക്കുന്ന വ്യവസായങ്ങളുടെ വളർച്ച ആപേക്ഷികമായി താഴ്ന്ന നിലയിലായിരുന്നു.

പഠനപ്രവർത്തനം:- ഗ്രാമ പ്രദേശങ്ങളിൽ ചെറുകിട - കുടിൽ വ്യവസായ സംരംഭങ്ങളിലൂടെ തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിൽ കുടുംബശ്രീ യൂണിറ്റുകളുടെ പങ്ക് വിശകലനം ചെയ്യുക.

വിദേശ വ്യാപാരം

പുരാതന കാലംമുതൽക്കേ തന്നെ ഇന്ത്യ ഒരു പ്രധാന വ്യാപാര കേന്ദ്രമായിരുന്നു. ഇന്ത്യൻ കരകൗശല വസ്തുക്കൾ, കമ്പിളി, കോട്ടൺ, സിൽക്ക് തുണിത്തരങ്ങൾ തുട ങ്ങിയവയ്ക്ക് ആഗോള വിപണിയുണ്ടായിരുന്നു. എന്നാൽ, ഇന്ത്യ കോളനി ഭരണ ത്തിൻ കീഴിലായതോടെ ഇന്ത്യയുടെ വ്യാപാരത്തിന്റെ വലിപ്പവും ഘടനയും സ്വഭാവ വും മാറി. ഇന്ത്യ പ്രാഥമിക ഉൽപ്പന്നങ്ങളായ അസംസ്കൃത സിൽക്ക്, കോട്ടൺ, ചണം, പഞ്ചസാര, നീലം എന്നിവയുടെ കയറ്റുമതിക്കാരാവുകയും ബ്രിട്ടണിലെ വ്യവസായ ശാലകൾ ഉൽപ്പാദിപ്പിച്ച പരുത്തിത്തുണി, കമ്പിളി വസ്ത്രങ്ങൾ, സിൽക്ക് തുണിത്ത രങ്ങൾ തുടങ്ങിയവ ഇറക്കുമതി ചെയ്യുന്നവരുമായി മാറി. ബ്രിട്ടണിൽ നിർമ്മിച്ച ലഘു യന്ത്രങ്ങൾക്കും ഇന്ത്യ വിപണിയായി. ഇന്ത്യൻ വ്യാപാരത്തിന്റെ പകുതിയും ബ്രിട്ടനു മായിട്ടാകുന്ന തരത്തിൽ നിജപ്പെടുത്തിയ വ്യാപാര നയമായിരുന്നു ബ്രിട്ടൻ രൂപപ്പെടു ത്തിയത്.

കോളനി വാഴ്ചക്കാലത്തെ ഇന്ത്യയുടെ വിദേശ വ്യാപാരത്തിന്റെ പ്രത്യേകതകൾ താഴെ പ്പറയുന്നു.

- ബ്രിട്ടീഷ് ഭരണകാലത്തെ ഇന്ത്യൻ വിദേശ വ്യാപാരത്തിന്റെ ഏറ്റവും പ്രധാന പ്പെട്ട സവിശേഷത വ്യാപാരമിച്ചമായിരുന്നു (Surplus of Trade). എന്താണ് വ്യാപാ

രമിച്ചം? കയറ്റുമതിയുടെ മൂല്യം ഇറക്കുമതിയെക്കാൾ കൂടിയിരിക്കുന്നതാണ് വ്യാപാരമിച്ചം. വ്യാപാര മിച്ചത്തിലൂടെ വലിയ വ്യാപാര ശിഷ്ഠം (balance of trade) ഇന്ത്യക്ക് സ്വന്തമായി. എന്നാൽ ഈ വ്യാപാര മിച്ചം ഇന്ത്യക്ക് ഗുണത്തേക്കാൾ ഏറെ ദോഷമാണ് ചെയ്തത്.

- വ്യാപാര മിച്ചത്തിലൂടെ ഇന്ത്യക്ക് ധാരാളം സ്വർണവും വെള്ളിയും ലഭിക്കേണ്ടതിനു പകരം മിച്ചം മുഴുവനും ഇന്ത്യയിലെ ബ്രിട്ടീഷുകാരായ ഉദ്യോഗസ്ഥരുടെ ഭരണച്ചെലവിനായിട്ടായിരുന്നു ഉപയോഗിച്ചത്.
- നിത്യോപയോഗ സാധനങ്ങൾക്ക് ക്ഷാമവും വിലക്കയറ്റവും നേരിട്ടു.
- ബ്രിട്ടീഷുകാരുടെ യുദ്ധച്ചെലവുപോലും ഈ വ്യാപാര മിച്ചം കൊണ്ടാണ് നടത്തിയത്.

ഈ രീതിയിലെല്ലാം ഇന്ത്യയുടെ സമ്പത്ത് ബ്രിട്ടണിലേക്ക് ഒഴുകിപ്പോയി.

പഠനപ്രവർത്തനം:- കോളനിവാഴ്ചക്കാലത്ത് ഇന്ത്യ ഇറക്കുമതി ചെയ്യുകയും കയറ്റുമതി ചെയ്യുകയും ചെയ്ത ഉൽപ്പന്നങ്ങളുടെ ഒരു പട്ടിക തയാറാക്കുക. ഇന്ത്യയുടെ ഇപ്പോഴത്തെ വിദേശ വ്യാപാരവുമായി താരതമ്യം ചെയ്യുക

ജനസംഖ്യാ സ്ഥിതി

കാനേഷുമാരി (സെൻസെസ്) എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ?

ഇന്ത്യയിൽ ആദ്യമായി സെൻസെസ് നടത്തിയത് എന്നാണെന്ന് നമുക്കറിയാം. അതിനു ശേഷം പത്തു വർഷത്തിലൊരിക്കൽ ഈ കണക്കെടുപ്പ് നടക്കുന്നുണ്ട്. നിങ്ങൾ P\ k wJ ym] cmh Ä¯ \ k n² ḿ w (Demographic Transition Theory) എന്ന് കേട്ടിട്ടുണ്ടോ? ഒരു രാജ്യത്തിന്റെ സാമ്പത്തിക വികസനവും ജനസംഖ്യയും തമ്മിലുള്ള ബന്ധത്തെ കാണിക്കുന്ന സിദ്ധാന്തമാണ് ജനസംഖ്യാ പരിവർത്തന സിദ്ധാന്തം. ഈ സിദ്ധാന്ത പ്രകാരം ഏതൊരു രാജ്യവും ജനസംഖ്യാ പരിവർത്തനത്തിന്റെ മൂന്ന് ഘട്ടങ്ങളിലൂടെ കടന്നുപോകുന്നു.

ഒന്നാം ഘട്ടം

മരണനിരക്കും ജനനനിരക്കും ഒരുപോലെ ഉയർന്നു നിൽക്കുകയും ദേശീയവരുമാനവും പ്രതിശീർഷവരുമാനവും വളരെ താഴ്ന്ന നിലയിലുമായിരിക്കും.

രണ്ടാം ഘട്ടം

രണ്ടാം ഘട്ടത്തിൽ മരണനിരക്ക് താഴുന്നു. ജനനനിരക്കിൽ ആനുപാതികമായി കുറവുണ്ടാകുന്നില്ല. അതിനാൽ ജനസംഖ്യ താരതമ്യേന വേഗത്തിൽ വർധിക്കുന്നു.

മൂന്നാം ഘട്ടം

ജനനനിരക്കും മരണനിരക്കും ഒരു പോലെ താഴ്ന്ന നിരക്കിൽ എത്തുന്നു. ജനസംഖ്യാ വർധനവ് മന്ദഗതിയിലാകുന്നു.

1921 വരെ ഇന്ത്യ ജനസംഖ്യാ പരിവർത്തനത്തിന്റെ ഒന്നാം ഘട്ടത്തിലായിരുന്നു. 1921 ന് ശേഷം ഇന്ത്യ രണ്ടാം ഘട്ടത്തിൽ പ്രവേശിച്ചു.

തൊഴിൽ ഘടന

ഇന്ത്യ ഒരു കാർഷിക സമ്പദ് ഘടനയാണെന്ന് നിങ്ങൾക്കറിയാമല്ലോ. അതായത് ഭൂരിപക്ഷ ജനങ്ങളും കൃഷിയെയാണ് തൊഴിലിനും വരുമാനത്തിനുമായി ആശ്രയിക്കുന്നത്. തൊഴിൽ ഘടന എന്നതുകൊണ്ട് അർഥമാക്കുന്നത് വിവിധ തൊഴിൽ മേഖലകളിൽ ജോലിയെടുക്കുന്നവരുടെ എണ്ണം എന്നതാണ്. തൊഴിൽ മേഖലകളെ പൊതുവെ മൂന്നായി തിരിക്കാം.

1. പ്രാഥമിക മേഖല (കാർഷിക മേഖല)
2. ദ്വിതീയ മേഖല (വ്യവസായ മേഖല)
3. തൃതീയ മേഖല (സേവന മേഖല)

പ്രാഥമിക മേഖല

കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും, മത്സ്യ ബന്ധനം, ഖനനം, വനവൽക്കരണം തുടങ്ങിയവ പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ദ്വിതീയ മേഖല

എല്ലാത്തരം നിർമ്മാണ വ്യവസായങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നത് ഈ മേഖലയിലാണ്.

തൃതീയ മേഖല

ഗതാഗതം, വാർത്താ വിനിമയം, വാണിജ്യം, വ്യാപാരം, ബാങ്കിംഗ്, വിദ്യാഭ്യാസം, ആരോഗ്യം, ഇൻഷുറൻസ് മുതലായവയാണ് തൃതീയ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

കോളനിവാഴ്ചകാലത്ത് വ്യാവസായിക വികസനം പരിമിതമായിരുന്നു. അതിനാൽ ഭൂരിഭാഗം ആളുകൾക്കും തൊഴിലിനുവേണ്ടി കാർഷിക മേഖലയെയാണ് ആശ്രയിക്കേണ്ടിയിരുന്നത്.

താഴെ തന്നിരിക്കുന്ന പട്ടികയിൽ നിന്നും ബ്രിട്ടീഷ് ഭരണകാലത്തെ ഇന്ത്യയിലെ തൊഴിൽ ഘടനയുടെ പ്രത്യേകതകൾ മനസ്സിലാക്കാം.

Table - 1.1

ബ്രിട്ടീഷ് ഭരണകാലത്തെ ഇന്ത്യയിലെ തൊഴിൽ ഘടന

മേഖല	ജോലി ചെയ്യുന്നവരുടെ എണ്ണം (ശതമാനത്തിൽ)
കൃഷി	70-75 ശതമാനം
വ്യവസായം	10 ശതമാനം
സേവനം	15-20 ശതമാനം

പട്ടിക 1.1 ൽ നിന്നും ഏറ്റവും കൂടുതൽ ജനങ്ങൾ കാർഷിക മേഖലയെ തൊഴിലി നായി ആശ്രയിച്ചിരുന്നുവെന്നും സേവനമേഖലയിൽ തൊഴിൽ ചെയ്യുന്നവർ 15-20% ആയിരുന്നുവെന്നും വ്യവസായ മേഖലയെ വളരെ കുറവ് ശതമാനം ജനങ്ങൾ മാത്രമേ ജോലിക്കു വേണ്ടി ആശ്രയിച്ചിരുന്നുള്ളുവെന്നും മനസ്സിലാക്കാം.

പഠനപ്രവർത്തനം:- **നിങ്ങളുടെ താമസസ്ഥലത്തുള്ള ഇരുപത് വീടുകൾ സന്ദർശിച്ച് അവിടെയുള്ള ആളുകൾ ഏതു മേഖലയിൽ തൊഴിൽ ചെയ്യു ന്നവരാണെന്ന് കണ്ടെത്തി ചാർട്ട് തയാറാക്കുക.**

അടിസ്ഥാന സൗകര്യങ്ങൾ

ഒരു രാജ്യത്തിന്റെ പുരോഗതിക്ക് അടിസ്ഥാന സൗകര്യങ്ങൾ അത്യന്താപേക്ഷിതമാണ്. ബ്രിട്ടീഷ് താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയായിരുന്നെങ്കിൽ പോലും കോളനി വാഴ്ചക്കാലത്ത് ഇന്ത്യയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിക്കുകയു ണ്ടായി. റെയിൽവെ, കമ്പിത്തപാൽ, തുറമുഖം, ജലഗതാഗതം എന്നിവ വികസിപ്പിച്ചു.

1853 ഏപ്രിൽ 6 ന് ബോംബെ മുതൽ താനെ വരെ ആരംഭിച്ച ആദ്യ റെയിൽവെ പാത ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ പല തരത്തിൽ സ്വാധീനിച്ചു.

- ജനങ്ങളുടെ ദീർഘദൂര യാത്രക്ക് സഹായകരമായി.
- ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ വേർതിരിവുകൾ ഇല്ലാതാക്കി.
- ഉൽപ്പാദന കേന്ദ്രങ്ങളെയും വിപണികളെയും ബന്ധിപ്പിച്ചു. അങ്ങനെ വ്യാപാരം അഭിവൃദ്ധിപ്പെട്ടു.
- കൃഷിയുടെ വാണിജ്യവൽക്കരണത്തെ ത്വരിതപ്പെടുത്തി.

തുറമുഖ ജല ഗതാഗത മേഖലയിലും വികസനമുണ്ടായി. പരിമിതമായ രീതിയിൽ കമ്പിത്തപാൽ രംഗത്തും പുരോഗതിയുണ്ടായി. ജലസേചനരംഗത്തും പരിമിതതോ തിലാണെങ്കിൽപ്പോലും ആദ്യത്തെ കാൽവയ്പുണ്ടായത് ബ്രിട്ടീഷ് ഭരണ കാലത്താ യിരുന്നു.

പഠനപ്രവർത്തനം:- **കേരള വികസന പദ്ധതിയിലൂടെ നിങ്ങളുടെ പ്രദേ ശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനം കഴിഞ്ഞ വർഷം നടപ്പിലാക്കിയ അടിസ്ഥാന സൗകര്യ വികസനം ഏതൊക്കെയാണെന്ന് പട്ടികപ്പെടുത്തുക.**

സംഗ്രഹം

സ്വാതന്ത്ര്യാനന്തരം ഇന്ത്യ കൈവരിച്ച വികസനത്തിന്റെ സ്വഭാവം മനസിലാക്കണമെ ങ്കിൽ സ്വാതന്ത്ര്യലബ്ധിക്ക് മുമ്പുണ്ടായിരുന്ന സമ്പദ് ഘടനയുടെ അവസ്ഥ നാം അറി ഞ്ഞിരിക്കണം. ഇന്ത്യാക്കാരുടെ ക്ഷേമമല്ല ബ്രിട്ടീഷുകാരുടെ താൽപ്പര്യം സംരക്ഷി ക്കുകയായിരുന്നു ബ്രിട്ടന്റെ നയം. കോളനിഭരണത്തിൽ ഇന്ത്യൻ കാർഷിക മേഖല

സ്തംഭിച്ചു. കർഷകർ ഭക്ഷ്യവിളയ്ക്ക് പകരം നാണ്യവിളകൾ കൃഷിചെയ്തു ഇത് ഭക്ഷ്യ ക്ഷാമത്തിന് കാരണമായി. ഇന്ത്യൻ കരകൗശല വ്യവസായം നശിപ്പിക്കപ്പെട്ടു. ധാരാളം പേർ തൊഴിൽരഹിതരായി. ഇന്ത്യയെ ബ്രിട്ടണിലെ വ്യവസായങ്ങൾക്ക് വേണ്ടുന്ന അസംസ്കൃത വസ്തുക്കളുടെ ഉറവിടമായും ബ്രിട്ടീഷ് വ്യവസായ ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള കമ്പോളമായും മാറ്റി. ഇന്ത്യൻ ജനതയിൽ ഉയർന്ന മരണനിരക്ക്, ഉയർന്ന ശിശുമരണ നിരക്ക്, കുറഞ്ഞ സാക്ഷരത എന്നിവ നിലനിന്നു. അടിസ്ഥാന സൗകര്യങ്ങളുടെ വികസനം ബ്രിട്ടന്റെ സാമ്പത്തിക നേട്ടത്തിനായിരുന്നെങ്കിൽ പോലും സ്വാതന്ത്ര്യത്തിന് ശേഷം ഇവ ഇന്ത്യക്ക് വളരെയധികം പ്രയോജനപ്പെട്ടു. ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ഇംഗ്ലീഷ് വിദ്യാഭ്യാസം ഇന്ത്യൻ ജനതക്ക് വളരെയധികം ഗുണപ്രദമായി.

പദപരിചയം

ഡാക്കാമസ്‌ലിൻ

ബംഗാളിലെ തനതായ ഗുണമേന്മയുള്ള പരുത്തിത്തുണി.

കോളനി വാഴ്ച

കുടിയേറ്റക്കാരായെത്തി കാലക്രമത്തിൽ ആ രാജ്യത്തിന്റെ ഭരണാധികാരികളാവുകയും ചൂഷണത്തിനായി അവിടത്തെ രാഷ്ട്രീയ, സാമ്പത്തിക മേഖലകളെ കൈയടക്കുകയും ചെയ്യുന്നതിനെയാണ് കോളനി വാഴ്ച എന്നു പറയുന്നത്.

ദേശീയ വരുമാനം

ഒരു രാജ്യത്തിൽ ഒരു വർഷം ഉൽപ്പാദിപ്പിക്കപ്പെടുന്ന അന്തിമ സാധന-സേവനങ്ങളുടെ ആകെത്തുകയോട് വിദേശത്തുനിന്നുള്ള അറ്റ വരുമാനവും കൂട്ടിച്ചേർക്കുമ്പോൾ ലഭിക്കുന്നതാണ് ദേശീയ വരുമാനം.

പ്രതിശീർഷ വരുമാനം (Percapita Income)

മൊത്തം ദേശീയവരുമാനത്തെ ആ രാജ്യത്തിലെ ഒരു നിശ്ചിത സമയത്തെ ജനങ്ങളുടെ എണ്ണം കൊണ്ട് ഹരിക്കുമ്പോൾ പ്രതിശീർഷ വരുമാനം ലഭിക്കും.

കൃഷിയുടെ വാണിജ്യവത്കരണം

സ്വന്തം ഉപയോഗത്തിനല്ലാതെ കച്ചവടം ലക്ഷ്യമാക്കി കൂടുതലായി നാണ്യവിളകളുടെ ഉൽപ്പാദനത്തിൽ ശ്രദ്ധിക്കുന്നതിനെയാണ് കൃഷിയുടെ വാണിജ്യവൽക്കരണം എന്നു പറയുന്നത്.

കാർഷിക ഉൽപ്പാദനക്ഷമത

പുതിയ കാർഷിക രീതികളും സാങ്കേതികവിദ്യകളും ഉപയോഗിക്കുന്നതിലൂടെ ഉൽപ്പാദന വർധനവ് നേടുന്നതിനെയാണ് കാർഷിക ഉൽപ്പാദനക്ഷമത എന്നു പറയുന്നത്.

സെമിന്ദാരി സമ്പ്രദായം

ബ്രിട്ടീഷ് ഇന്ത്യയിൽ നിലനിന്നിരുന്ന ഭൂനികുതി സമ്പ്രദായ പ്രകാരം സെമിന്ദാർമാർ ആയിരുന്നു കൃഷി ഭൂമിയുടെ ഉടമസ്ഥർ. പ്രധാനമായും ബംഗാൾ പ്രസിഡൻസിലായിരുന്നു ഇത് നിലനിന്നിരുന്നത്.

മഹൽവാരീ സമ്പ്രദായം

മഹൽ എന്നാൽ 'ഗ്രാമം' എന്നാണർഥം. ഓരോ ഗ്രാമത്തെയും അടിസ്ഥാനമാക്കി നികുതി പിരിക്കുന്ന സമ്പ്രദായമാണിത്.

റയറ്റ്വാരി സമ്പ്രദായം

റയറ്റ് എന്നാൽ കർഷകൻ എന്നാണർഥം. ഓരോ ഗ്രാമവും ഒടുക്കേണ്ട നികുതി എത്ര യാണ് എന്ന് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓരോ കർഷകനും എത്ര നികുതി അടയ്ക്കണമെന്ന് നിശ്ചയിച്ച് കർഷകരിൽനിന്നും നേരിട്ട് നികുതി ഈടാക്കുന്ന സമ്പ്ര ദായം

മൂലധന വസ്തുക്കളുടെ വ്യവസായം

ഉപഭോഗ ആവശ്യത്തിന് വേണ്ടുന്ന ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യ മായ ഉപകരണങ്ങൾ നിർമ്മിക്കുന്ന വ്യവസായം.

മൊത്തം ആഭ്യന്തര ഉൽപ്പാദനം (GDP)

ഒരു രാജ്യത്തിന്റെ ആഭ്യന്തര പ്രദേശത്ത് ഒരു വർഷം ഉണ്ടാക്കപ്പെടുന്ന അന്തിമ സാധ നങ്ങളുടെയും സേവനങ്ങളുടെയും വിപണി മൂല്യം.

വളർച്ചാ നിരക്ക്

മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ ഒരു വർഷം കൈവരിക്കുന്ന വർധനവ്.

ശിശുമരണനിരക്ക്

ഒരു വർഷത്തിൽ ജനിക്കുന്ന ആയിരം കുട്ടികളിൽ എത്രപേർ ഒരു വയസിനുള്ളിൽ മരിച്ചു പോകുന്നു എന്ന് കണക്കാക്കുന്നതാണ് ശിശുമരണനിരക്ക്.

മരണ നിരക്ക്

ഒരു വർഷത്തിൽ ആയിരം പേരിൽ എത്രപേർ മരണമടയുന്നുവെന്ന് കണക്കാക്കുന്ന താണ് മരണ നിരക്ക്.

കയറ്റുമതി മിച്ചം

കയറ്റുമതിയുടെ അളവ് ഇറക്കുമതിയെക്കാൾ വളരെക്കൂടുതലായിരിക്കുമ്പോൾ ഉണ്ടാ കുന്ന മിച്ചം.

താരിഫ്

ഇറക്കുമതി ചെയ്യുന്ന സാധന സേവനങ്ങളിൽ ഏർപ്പെടുത്തുന്ന ചുങ്കം.

വിലയിരുത്തൽ ചോദ്യങ്ങൾ

1. തെറ്റോ, ശരിയോ എന്നെഴുതുക?

a. 1921 ന് ശേഷം ഇന്ത്യ ജനസംഖ്യാ പരിവർത്തനത്തിന്റെ രണ്ടാം ഘട്ടത്തിലാണ്

b. ബ്രിട്ടീഷ് കോളനി വാഴ്ചക്കാലത്ത് ഇന്ത്യയിലെ സാക്ഷരത 30% ത്തിന് മുകളി ലായിരുന്നു.

c. ഇന്ത്യയിൽ ആദ്യത്തെ റെയിൽ ഗതാഗതം ആരംഭിച്ചത് ബോംബെയിൽ ആയി രുന്നു.

d. കോളനി വാഴ്ചക്കാലത്തെ വിദേശ വ്യാപാരത്തിന്റെ പ്രത്യേകതയാണ് വ്യാപാരമിച്ചം.

2. കോളനി വാഴ്ചക്കാലത്തെ ഇന്ത്യയിലെ തൊഴിൽ ഘടന എപ്രകാരമായിരുന്നു. വിശകലനം ചെയ്യുക.?
3. ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ ഇന്ത്യയുടെ കാർഷിക മേഖല സ്തംഭനാവസ്ഥയിലാകാൻ കാരണമെന്ത്? വിശദമാക്കുക.
4. ബ്രിട്ടീഷുകാർ ഇന്ത്യയിൽ അനുവർത്തിച്ച സാമ്പത്തിക നയങ്ങളുടെ ലക്ഷ്യങ്ങളും അതിന്റെ പരിണിത ഫലവും വിലയിരുത്തുക.
5. കോളനി വാഴ്ചക്കാലത്ത് കാർഷിക മേഖലയിൽ നിലനിന്നിരുന്ന ഭൂനികുതി സമ്പ്രദായത്തെ വിലയിരുത്തുക.
6. കോളനി ഭരണകാലത്ത് ഇന്ത്യയിൽ ജനസംഖ്യാ കണക്കെടുപ്പ് നടത്തിയ പ്രമുഖർ ആരെല്ലാം?

സ്വയം വിലയിരുത്തൽ.

	പൂർണമായി കഴിയുന്നു	ഭാഗികമായി കഴിയുന്നു	മെച്ചപ്പെടേണ്ടതുണ്ട്
• ബ്രിട്ടീഷുകാരുടെ വരവിന് മുമ്പും, ബ്രിട്ടീഷ് ഭരണ കാലത്തുമുള്ള ഇന്ത്യൻ സമ്പദ് ഘടനയെ താരതമ്യം ചെയ്യാൻ			
• കോളനി ഭരണ കാലത്തെ ഇന്ത്യയിലെ സാമ്പത്തിക വികസനം മന്ദഗതിയിലാകാനുള്ള കാരണങ്ങൾ വിശകലനം ചെയ്യാൻ			
• കാർഷിക മേഖലയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് കാർഷിക പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി ഇടപെടാൻ			
• സമ്പദ് വ്യവസ്ഥയിലെ ഘടനാപരമായ മാറ്റം എന്തെന്ന് വ്യാഖ്യാനിക്കാൻ			
• സാമ്പത്തിക വികസനത്തിൽ ആരോഗ്യ, വിദ്യാഭ്യാസ മേഖലകളുടെ പങ്ക് വിലയിരുത്താൻ			

തുടർ വായനയ്ക്ക്

- സെൻ, അമർത്യാ, 1999 പോവർട്ടി ആന്റ് ഫാമിൻസ്. ഓക്സ്ഫോർഡ് യൂണിവേർസിറ്റി പ്രസ്സ് ന്യൂ ഡൽഹി.
- ദത്ത് ആർ.സി.1963 ഇക്കണോമിക് ഹിസ്റ്ററി ഓഫ് ഇന്ത്യ വോ: 1 ആന്റ് 2. മിനിസ്റ്ററി ഓഫ് ഇൻഫൊർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിംഗ്, ഗവൺമെന്റ് ഓഫ് ഇന്ത്യ, ന്യൂ ഡൽഹി
- റുദർ ദത്ത് ആന്റ് കെ.പി.എം സുന്ദരം (2000) "ഇന്ത്യൻ ഇക്കണോമി", എസ്. ചന്ദ് ആന്റ് കമ്പനി ലിമിറ്റഡ് രാം നഗർ, ന്യൂ ഡൽഹി-110-55

2

സ്വാതന്ത്ര്യാനന്തര ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ (1950 - 1990)

ആമുഖം

നൂറ്റാണ്ടുകളായുള്ള കോളനി ഭരണം അവസാനിച്ച് ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ, രാഷ്ട്രീയമായി ഇന്ത്യ പാർലമെന്ററി ജനാധിപത്യവും സാമ്പത്തികമായി ഒരു മിശ്ര സമ്പദ്‌വ്യവസ്ഥയും സ്വീകരിച്ചു. എന്താണ് ഒരു മിശ്ര സമ്പദ്‌വ്യവസ്ഥ? ഒരു മിശ്ര സമ്പദ് വ്യവസ്ഥയിൽ പൊതുമേഖലയും സ്വകാര്യ മേഖലയും ഒന്നിച്ചു പ്രവർത്തിക്കുന്നു. 1948 - ലെ വ്യവസായ നയപ്രഖ്യാപനവും ഭരണ ഘടനയുടെ നിർദേശക തത്വങ്ങളും ഇന്ത്യ സ്വീകരിച്ച വികസന തന്ത്ര ത്തെ വെളിപ്പെടുത്തുന്നു. രാജ്യത്തിന്റെ സാമ്പത്തിക വികസന ത്തിനായി 1950 -ൽ പ്രധാനമന്ത്രി അധ്യക്ഷനായി ഒരു ആസൂത്രണ കമ്മീഷൻ രൂപീകരിച്ചു. അതിലൂടെ പഞ്ചവത്സര പദ്ധതികൾക്ക് തുടക്കം കുറിച്ചു.

പഠനനേട്ടങ്ങൾ

- വിവിധ തരം സമ്പദ് വ്യവസ്ഥകളെ പട്ടികപ്പെടുത്തി അവയുടെ ഗുണങ്ങളും ദോഷങ്ങളും താരതമ്യം ചെയ്യുന്നു.
- പഞ്ചവത്സര പദ്ധതികളിലെ പൊതുലക്ഷ്യങ്ങളെയും പ്രത്യേക ലക്ഷ്യങ്ങളെയും വിശകലനം ചെയ്യുന്നു.
- പരിമിത വിഭവങ്ങൾ എങ്ങനെ കാര്യക്ഷമമായി വിനിയോഗിക്കാമെന്ന് ആസൂത്രണം ചെയ്യുന്നു.
- രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ (ജി.ഡി.പി) വിവധ മേഖലകളുടെ സംഭാവനകൾ പട്ടികപ്പെടുത്തി വിലയിരുത്തുന്നു.
- ഭൂപരിഷ്കരണത്തിലൂടെ ഇന്ത്യയുടെ സാമ്പത്തികസാമൂഹിക രംഗങ്ങളിലുണ്ടായ മാറ്റങ്ങളെ വിശകലനം ചെയ്യുന്നു.
- ഹരിത വിപ്ലവം യാഥാർഥ്യമാകാൻ സഹായിച്ച കാരണങ്ങൾ കണ്ടെത്തുന്നു.
- സബ്സിഡികളുടെ ആവശ്യകത വിമർശനാത്മകമായി വിലയിരുത്തുന്നു.
- സമ്പദ് വ്യവസ്ഥയുടെ ഘടനാപരമായ മാറ്റം എന്തെന്ന് വ്യാഖ്യാനിക്കുന്നു.
- പഞ്ചവത്സര പദ്ധതികളുടെ നേട്ടങ്ങൾ ചാർട്ട് ചെയ്ത് വിലയിരുത്തുന്നു.
- വ്യവസായവൽക്കരണത്തിൽ ചെറുകിട വ്യവസായങ്ങളുടെ പ്രാധാന്യം ചർച്ച ചെയ്യുന്നു.
- വ്യവസായ വികസനത്തിന് തടസ്സമാകുന്ന കാരണങ്ങൾ കണ്ടെത്തി പരിഹാരം നിർദേശിക്കുന്നു.
- വിദേശ വ്യാപാരത്തിൽ ഉൾപ്പെടുന്ന പ്രധാന കയറ്റുമതി ഇറക്കുമതി ഇനങ്ങൾ പട്ടികപ്പെടുത്തുന്നു. വ്യാപാര മിച്ചം നേടാൻ സഹായിക്കുന്ന നടപടികൾ നിർദേശിക്കുന്നു.

പ്രധാന ആശയങ്ങൾ

മുതലാളിത്തം, സോഷ്യലിസം, മിശ്രസമ്പദ്വ്യവസ്ഥ, കമ്പോള ശക്തികൾ, സാമ്പത്തിക ആസൂത്രണം, സാമ്പത്തിക വളർച്ച, മേഖലാ സംഭാവന, ആധുനിക വൽക്കരണം, സ്വാശ്രയത്വം, സാമൂഹിക നീതി, ഭൂനയ പരിഷ്കാരം, ഹരിത വിപ്ലവം, കാർഷിക സബ്സിഡി, ഇറക്കുമതി ബദൽ, അത്ഭുത വിത്തുകൾ, താരിഫ്, കോട്ട.

വിവിധ തരം സമ്പദ് വ്യവസ്ഥകൾ

1. മുതലാളിത്ത സമ്പദ്വ്യവസ്ഥ : (Capitalism)

എല്ലാ ഉൽപ്പാദന ഉപാധികളും സ്വകാര്യ മുതലാളിമാരുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള സംവിധാനമാണ് മുതലാളിത്തം. വ്യക്തികളുടെ സ്വാതന്ത്ര്യ

ത്തിൽ ഗവൺമെന്റിന്റെ ഇടപെടൽ ഇല്ലാതാക്കുന്ന നയമാണ് (laissez - fair policy) മുതലാളിത്ത വ്യവസ്ഥയിൽ നിലനിൽക്കുന്നത്. മുതലാളിത്ത സമ്പദ് വ്യവസ്ഥയിൽ എന്ത് ഉൽപ്പാദിപ്പിക്കണം? എങ്ങനെ ഉൽപ്പാദിപ്പിക്കണം? ആർക്കുവേണ്ടി ഉൽപ്പാദിപ്പിക്കണം? തുടങ്ങിയ കേന്ദ്ര സാമ്പത്തിക പ്രശ്നങ്ങൾ വില സംവിധാനത്തിലൂടെയാണ് പരിഹരിക്കുന്നത്. എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളും ലാഭേച്ഛയുടെ അടിസ്ഥാനത്തിലാണ് നടക്കുന്നത്. മുതലാളിത്ത സാമ്പത്തിക വ്യവസ്ഥയെ കമ്പോള സമ്പദ് വ്യവസ്ഥ (Market Economy) എന്നും അറിയപ്പെടുന്നു. സ്വകാര്യ ലാഭം, സ്വകാര്യ സ്വത്ത്, ഉപഭോക്താവിന്റെ പരമാധികാരം, വില സംവിധാനം എന്നിവയാണ് മുതലാളിത്ത വ്യവസ്ഥയുടെ പ്രധാന സ്വഭാവങ്ങൾ.

2. സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥ (Socialism)

എല്ലാ ഉൽപ്പാദന ഉപാധികളും ഗവൺമെന്റിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള സമ്പദ് വ്യവസ്ഥയാണ് സോഷ്യലിസം. ഇത്തരം സമ്പദ് വ്യവസ്ഥയിൽ ഒരു കേന്ദ്രീകൃത ആസൂത്രണ സമിതിയുണ്ടാകും. കേന്ദ്ര സാമ്പത്തിക പ്രശ്നങ്ങളായ എന്ത് ഉൽപ്പാദിപ്പിക്കണം? എങ്ങനെ ഉൽപ്പാദിപ്പിക്കണം? ആർക്കുവേണ്ടി ഉൽപ്പാദിപ്പിക്കണം? എന്നിവയെല്ലാം കേന്ദ്രീകൃത ആസൂത്രണത്തിലൂടെയാണ് പരിഹരിക്കുന്നത്. ഇവിടെ പൊതുമേഖല മാത്രമേ ഉണ്ടാവുകയുള്ളൂ. എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളും കേന്ദ്ര ആസൂത്രണ സമിതി നൽകുന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ നടത്തുന്നതിനാൽ ഇത്തരം സമ്പദ് വ്യവസ്ഥയെ കമാന്റ് (Command) ഇക്കോണമി എന്ന് അറിയപ്പെടുന്നു. ആസൂത്രണം, ജനങ്ങളുടെ ക്ഷേമം എന്നിവയാണ് സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥയുടെ പ്രധാന സ്വഭാവം.

3. മിശ്ര സമ്പദ് വ്യവസ്ഥ (Mixed Economy)

മുതലാളിത്ത സമ്പദ് വ്യവസ്ഥയുടെയും സോഷിലിസ്റ്റ് സമ്പദ് വ്യവസ്ഥയുടെയും പ്രത്യേകതകൾ ഒരേ സമയം നിലനിൽക്കുന്ന സമ്പദ് വ്യവസ്ഥയാണ് മിശ്ര സമ്പദ് വ്യവസ്ഥ. ഒരു മിശ്ര സമ്പദ്വ്യവസ്ഥയിൽ, സ്വകാര്യ മേഖലയും പൊതുമേഖലയും തോളോടുതോൾ ചേർന്ന് പ്രവർത്തിക്കുന്നു. സ്വകാര്യ മേഖല ലാഭം മുൻ നിർത്തിയും പൊതു മേഖല ജനങ്ങളുടെ ക്ഷേമം മുൻ നിർത്തിയും പ്രവർത്തിക്കുന്നു.

പഠനപ്രവർത്തനം:- **വിവിധതരം സമ്പദ് വ്യവസ്ഥകളെക്കുറിച്ച് ഒരു ചാർട്ട് തയാറാക്കുക. സോഷ്യലിസം, മുതലാളിത്തം, മിശ്രസമ്പദ് വ്യവസ്ഥ എന്നിങ്ങനെ തരം തിരിച്ച് ഓരോന്നിലും ഉൾപ്പെടുന്ന രാജ്യങ്ങൾ ഏതൊക്കെയെന്ന് ചാർട്ട് ചെയ്യുക.**

സാമ്പത്തിക ആസൂത്രണം

നമുക്ക് എല്ലാവർക്കും ജീവിതത്തിൽ പല ലക്ഷ്യങ്ങളുണ്ടാവുമല്ലോ? ഈ ലക്ഷ്യം നേടുന്നതിനാണ് നാം പല വിധത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്. ലക്ഷ്യം നേടുന്നതിനായി നിങ്ങൾ മുൻകൂട്ടിയുള്ള തയാറെടുപ്പുകൾ നടത്താറുണ്ടോ? എന്താണ് ഇത്തരം തയാറെടുപ്പിന്റെ ആവശ്യകത? മുൻകൂട്ടിയുള്ള തയാറെടുപ്പ് അനാവശ്യ

ചെലവുകളും സമയ നഷ്ടവും ഒഴിവാക്കി ലക്ഷ്യത്തിലേക്കുള്ള നമ്മുടെ യാത്ര വേഗത്തിലുള്ളതും ആയാസരഹിതവുമാക്കും. വളർച്ചയും വികസനവും ലക്ഷ്യമാക്കിയിട്ടുള്ള ഒരു സമ്പദ് വ്യവസ്ഥയ്ക്ക് ഇത്തരം മുൻകൂട്ടിയുള്ള തയാറെടുപ്പുകൾ ആവശ്യമാണ്. ഇങ്ങനെയുള്ള തയാറെടുപ്പിനെയാണ് ആസൂത്രണം എന്നു പറയുന്നത്. ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ, ചില ലക്ഷ്യങ്ങൾ നേടുന്നതിനായി, മുൻകൂട്ടി നിശ്ചയിച്ച രീതിയിൽ സാമ്പത്തിക വിഭവങ്ങളെ വീതം വയ്ക്കുന്ന പ്രക്രിയയാണ് സാമ്പത്തിക ആസൂത്രണം.

സ്വതന്ത്ര ഭാരതത്തിൽ വളർച്ചയും വികസനവും നേടുന്നതിനായി നാം സാമ്പത്തികാസൂത്രണം നടപ്പിലാക്കി. സോവിയറ്റ് യൂണിയനിൽ നടപ്പിലാക്കിയ ആസൂത്രണത്തിന്റെ മാതൃകയിലാണ് ഇന്ത്യയിലും ആസൂത്രണ പ്രക്രിയ ആരംഭിച്ചത്. അതിനായി 1950-ൽ ജവഹർലാൽ നെഹ്റു അധ്യക്ഷനായി ഒരു ആസൂത്രണ കമ്മീഷൻ രൂപീകരിച്ചു. ഈ കമ്മീഷന്റെ ചുമതലയിലാണ് ഇന്ത്യയിൽ ആസൂത്രണം ആരംഭിച്ചത്. അഞ്ച് വർഷകാലയളവിനെ അടിസ്ഥാനമാക്കിയാണ് ഇന്ത്യയിൽ ആസൂത്രണം നടപ്പിലാക്കി തുടങ്ങിയത് അതിനാൽ ഇന്ത്യയുടെ ആസൂത്രണത്തെ പഞ്ചവത്സര പദ്ധതികളെന്നാണ് അറിയപ്പെടുന്നത്. 1951-ലാണ് ഇന്ത്യയുടെ ഒന്നാം പഞ്ചവത്സരപദ്ധതി ആരംഭിച്ചത്. ലോക പ്രശസ്ത സാംഖിക വിദഗ്ധനായിരുന്ന പ്രസന്ന ചന്ദ്ര മഹലാനോബിസ് ആണ് ഇന്ത്യൻ ആസൂത്രണത്തിന്റെ പ്രധാന ശില്പി.

ഇന്ത്യൻ സാമ്പത്തിക ആസൂത്രണത്തിന്റെ ലക്ഷ്യങ്ങൾ

എന്തൊക്കെ ലക്ഷ്യങ്ങളാണ് ഓരോ പദ്ധതിയിലും ഉണ്ടാവുക? ഓരോ പഞ്ചവത്സര പദ്ധതിക്കും അതിന്റേതായ പ്രത്യേക ലക്ഷ്യങ്ങളും മുൻഗണനാ ക്രമങ്ങളും ഉണ്ടായിരിക്കും. ഇതിനെ ഹ്രസ്വകാല ലക്ഷ്യങ്ങളെന്നാണ് പറയുന്നത്. അതോടൊപ്പം തന്നെ പൊതുവായ ചില ലക്ഷ്യങ്ങളുമുണ്ടായിരിക്കും. സാമ്പത്തിക വളർച്ച, ആധുനികവത്കരണം, സ്വാശ്രയത്വം, സാമൂഹിക നീതി എന്നിവയാണ് ഇന്ത്യയിലെ പഞ്ചവത്സര പദ്ധതികളുടെ പൊതുവായ ലക്ഷ്യങ്ങൾ. ഇത്തരം പൊതുവായ ലക്ഷ്യങ്ങളെ ദീർഘകാല ലക്ഷ്യങ്ങളെന്നാണ് വിളിക്കുന്നത്.

പഠനപ്രവർത്തനം:- നിങ്ങൾ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ 2013 -14 വർഷത്തിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ഏതൊക്കെയെന്ന് കണ്ടെത്തുക. (പദ്ധതി രേഖ പരിശോധിച്ച്) ഈ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി ഏതൊക്കെ ആസൂത്രണ ലക്ഷ്യങ്ങളാണ് നേടാൻ കഴിയുന്നതെന്ന് പരിശോധിക്കുക.

1. സാമ്പത്തിക വളർച്ച

ഒരു രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പന്നം (ജി.ഡി.പി.) ക്രമമായി വർധിക്കുന്നതാണ് സാമ്പത്തിക വളർച്ചയുടെ സൂചകം.

എന്താണ് ജി.ഡി.പി. യെന്ന് മുൻ അധ്യായത്തിൽ നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ? സമ്പദ് വ്യവസ്ഥയുടെ മൂന്ന് മേഖലകളിൽ നിന്നുള്ള സംഭാവനകൾ അടങ്ങിയതാണ് ജി.ഡി.പി.

താഴെ തന്നിരിക്കുന്ന പട്ടിക വിവിധ കാലയളവിൽ ഇന്ത്യയുടെ ജി.ഡി.പിയിൽ വിവിധ മേഖലകളുടെ സംഭാവന എത്രയാണെന്ന് കാണിക്കുന്നു.

Table 2.1

ജി.ഡി.പിയിലേക്കുള്ള വിവിധ മേഖലകളുടെ സംഭാവന (ശതമാന കണക്കിൽ)

മേഖല	1950 - 51	1970 - 71	1990 - 91	2011 - 12
പ്രാഥമിക മേഖല	59.26	48.23	34.52	17
ദ്വിതീയ മേഖല	13.29	19.91	24.49	26
തൃതീയ മേഖല	28.03	32.18	40.58	57

Source - Economic Survey.

സാധാരണയായി ഒരു രാജ്യം അവികസിതമായിരിക്കുമ്പോൾ ആ രാജ്യത്തെ തൊഴിൽ സേനയുടെ ഭൂരിഭാഗവും പ്രാഥമിക മേഖലയിലായിരിക്കും തൊഴിൽ ചെയ്യുക. സാമ്പത്തിക വികസനമുണ്ടാകുമ്പോൾ കാർഷികമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം (ശതമാനകണക്കിൽ) കുറയുകയും വ്യാവസായിക മേഖലയുടേത് കൂടുകയും ചെയ്യും. ആളോഹരി വരുമാനത്തിലുണ്ടാകുന്ന വർധനവനുസരിച്ച് ക്രമേണ സേവന മേഖല വികസിക്കുകയും ഉയർന്ന വളർച്ചയിലെത്തുമ്പോൾ മൊത്തം തൊഴിൽ സേനയുടെ ഗണ്യവിഭാഗം സേവന മേഖലയിൽ തൊഴിൽ കണ്ടെത്തുകയും ചെയ്യും. ഇങ്ങനെ വികസനത്തിന്റെ ഗതിയനുസരിച്ച് വിവിധ മേഖലകളുടെ പ്രാധാന്യത്തിലുണ്ടാകുന്ന വ്യത്യാസത്തെയാണ് **ഘടനാപരമായ മാറ്റം(Structural Change)** എന്നു പറയുന്നത്.

പഠനപ്രവർത്തനം:- **ഇന്ന് കേരളത്തിൽ വലിയൊരു വിഭാഗം ജനങ്ങൾ സേവന മേഖലയിലാണ് തൊഴിൽ ചെയ്യുന്നത്. എന്നാൽ ഏകദേശം 40 വർഷങ്ങൾക്ക് മുമ്പ് കേരളത്തിലെ ജനങ്ങളിൽ ഏറിയ പങ്കും തൊഴിൽ ചെയ്തിരുന്നത് ഏത് മേഖലയിലാണെന്ന് അറിയാമോ? നിങ്ങളുടെ സമീപത്തുള്ള മുതിർന്നവരുമായി ഇക്കാര്യം ചർച്ച ചെയ്യുക. മേഖലാപരമായ മാറ്റം കേരളത്തിന്റെ സമ്പദ്വ്യവസ്ഥയിൽ സംഭവിച്ചിട്ടുണ്ടോ എന്ന് കണ്ടെത്തുക.**

2. ആധുനികവൽക്കരണം

ആധുനികവൽക്കരണം എല്ലാക്കാലത്തും ഇന്ത്യൻ ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യമായിരുന്നു. എന്താണ് ആധുനികവൽക്കരണം എന്നതുകൊണ്ട് അർഥമാക്കുന്നത്? ആധുനികവൽക്കരണത്തിന് രണ്ടു തലങ്ങളുണ്ട്. ഒന്നാമതായി ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ സ്വീകരിച്ച് ഉൽപ്പാദനക്ഷമത കൈവരിക്കുക.രണ്ടാമതായി പുരോഗമനാശയങ്ങൾ സ്വീകരിക്കുകയും അതുവഴി സമൂഹത്തിന്റെ മനോഭാവത്തിലുണ്ടാകുന്ന മാറ്റത്തിലൂടെ ഉൽപ്പാദന ക്ഷമതകൂട്ടുകയും ചെയ്യുക. പരമ്പരാഗതമായി നില

നിന്നിരുന്ന ജാതിചിന്ത, അയിത്താചാരണം, ലിംഗവിവേചനം എന്നിവ ഉൽപ്പാദനക്ഷമത കുറയ്ക്കും. ഇത്തരം മനോഭാവങ്ങൾ ഇല്ലാതായാൽ വികസനം ത്വരിതപ്പെടും.

പഠനപ്രവർത്തനം:- സ്ത്രീശാക്തീകരണത്തിലൂടെ ആധുനികവൽക്കരണം എന്ന വിഷയത്തിൽ ക്ലാസ്സിൽ ഒരു ചർച്ച സംഘടിപ്പിക്കുക?

ആധുനികവൽക്കരണം എന്ന ആശയത്തിന് ഏതൊക്കെ അർഥതലങ്ങളുണ്ടെന്ന് പരിശോധിക്കുക?

3. സ്വാശ്രയത്വം

മറ്റ് രാജ്യങ്ങളെ ആശ്രയിക്കാതെ നമ്മുടെ രാജ്യത്തിനാവശ്യമായവ ആഭ്യന്തരമായിത്തന്നെ ഉൽപ്പാദിപ്പിക്കാനുള്ള ശേഷി കൈവരിക്കുന്നതാണ് സ്വാശ്രയത്വം. ഇന്ത്യയുടെ പഞ്ചവത്സരപദ്ധതികളിൽ സ്വാശ്രയത്വം ഒരു പ്രധാന ലക്ഷ്യമായിരുന്നു. നമുക്ക് തദ്ദേശിയമായി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന സാധനങ്ങളുടെ ഇറക്കുമതി ഒഴിവാക്കുന്നതിന് നാം ഇക്കാലത്ത് ശ്രമിച്ചു. ഈ നയം നല്ല ഫലമുളവാക്കി. വളരെ താമസിയാതെ ഇന്ത്യ ഭക്ഷ്യ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടി. വൈവിധ്യമാർന്ന വ്യവസായങ്ങളുടെ കാര്യത്തിലും ശാസ്ത്രം, സാങ്കേതികവിദ്യ എന്നീ മേഖലകളിലും നാം മികച്ച സ്ഥാനം കൈവരിച്ചു.

4. സാമൂഹ്യനീതി

ഏവർക്കും മെച്ചപ്പെട്ട ജീവിതസാഹചര്യം ലഭ്യമാകുന്ന തരത്തിൽ എല്ലാമേഖലകളിലും തുല്യ അവസരങ്ങൾ ലഭ്യമാക്കുകയെന്നതാണ് സാമൂഹ്യനീതി. വികസനം ഉണ്ടായെന്നു കരുതി സാമൂഹ്യനീതി ഉണ്ടാകണമെന്നില്ല. സാമ്പത്തിക വളർച്ചയുടെ നേട്ടങ്ങൾ സമൂഹത്തിലെ എല്ലാവർക്കും ലഭ്യമാകണം. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യസംരക്ഷണം, അടിസ്ഥാന വിദ്യാഭ്യാസം എന്നിവ ഓരോ പൗരനും ലഭ്യമാക്കേണ്ടതുണ്ട്. ഈ നീതി കൈവരുത്തലാണ് ഇന്ത്യൻ ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്.

പഠനപ്രവർത്തനം:- സാമൂഹ്യനീതി എന്ന ലക്ഷ്യം നേടുന്നതിനായി കേരളത്തിലെ സാമൂഹ്യനീതി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയെന്ന് കണ്ടെത്തി കുറിപ്പ് തയാറാക്കുക.

പഞ്ചവത്സര പദ്ധതികൾ - ഒരു വിലയിരുത്തൽ

പഞ്ചവൽസര പദ്ധതികളിലൂടെ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ, 1950-90 കാലയളവിൽ നടപ്പിലാക്കിയ 7 പദ്ധതികളിലൂടെ എത്ര മാത്രം നേടിയെന്ന് നോക്കാം.

കാർഷിക മേഖല

കോളനി ഭരണകാലത്ത് വളർച്ച മുരടിച്ച, ഉൽപ്പാദനക്ഷമത കുറഞ്ഞ, സ്തംഭനാവസ്ഥയിലായ ഒരു കാർഷികമേഖലയായിരുന്നു നമ്മുടേത്. സ്വതന്ത്ര്യാനന്തരം ഇന്ത്യൻ കാർഷിക മേഖലയെ പുനരുദ്ധരിക്കാനുള്ള നിരവധി നടപടികൾ കൈകൊണ്ടു.

1. ഭൂപരിഷ്ക്കരണം (Land Reforms)

ഭൂപരിഷ്ക്കരണ നടപടികളിലൂടെ മധ്യവർത്തികളെ ഒഴിവാക്കി.

2. ഭൂപരിധി നിശ്ചയിക്കൽ (Ceiling on Lands)

ഒരു വ്യക്തിക്ക് സ്വന്തമാക്കാവുന്ന പരമാവധി ഭൂമി എത്രയെന്ന് നിയമംമൂലം തീരുമാനിക്കുന്നതിനെയാണ് ഭൂപരിധി നിശ്ചയിക്കൽ എന്നു പറയുന്നത്.

3. ഹരിതവിപ്ലവം (Green Revolution)

കാർഷികമേഖലയിൽ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനായി ആവിഷ്ക്കരിക്കപ്പെട്ട ഒരു ബൃഹദ് സംരംഭമാണ് ഹരിത വിപ്ലവം.

1960 കളിൽ ഡോ.നോർമൻ ബോർലോഗ് വികസിപ്പിച്ചെടുത്ത ആധുനിക കൃഷിരീതി ഭക്ഷ്യധാന്യ ഉൽപ്പാദനത്തിൽ വൻ വർധനവുണ്ടാക്കി. റോക്ഫെല്ലർ ഫൗണ്ടേഷൻ നൽകിയ ധനസഹായം ഉപയോഗിച്ച് മെക്സിക്കൻ സർക്കാർ 1945 ൽ ആരംഭിച്ച ഗോതമ്പ് കൃഷിയുടെ ഗവേഷണത്തിലൂടെയാണ് ഹരിതവിപ്ലവത്തിന് തുടക്കമായത്. മെക്സിക്കൻ കാർഷിക രംഗത്തുണ്ടായ മുന്നേറ്റം 1960 കളിൽ ഏഷ്യൻ രാജ്യങ്ങളായ ഇന്ത്യ, പാകിസ്ഥാൻ, ഫിലിപ്പൈൻസ് എന്നിവയും പിന്തുടർന്നു. ഇന്ത്യയിൽ ഹരിതവിപ്ലവത്തിന്റെ പിതാവ് ഡോ.എം.എസ്.സ്വാമിനാഥനാണ്.

1960 കളിൽ കാർഷികമേഖലയിൽ പുത്തൻസാങ്കേതിക വിദ്യകളും കൃഷിരീതികളും അവലംബിച്ചതോടെ ഉൽപ്പാദനം വളരെയധികം വർധിച്ചു. 1960-61 കാലയളവിൽ നടപ്പിലാക്കിയ തീവ്രകാർഷിക ജില്ലാതല പരിപാടി (IADP)യും അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളുടെ ഉപയോഗവും (HYV Seeds) ഭക്ഷ്യധാന്യ ഉൽപ്പാദനത്തിൽ വൻ വർധനവുണ്ടാക്കി. ഇതിനെയാണ് ഹരിതവിപ്ലവം എന്നു പറയുന്നത്. അത്ഭുതാവഹമായ രീതിയിൽ ഉൽപ്പാദനവർധനവ് സാധ്യമാക്കിയത് അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളുടെ ഉപയോഗമാണ്. ആയതിനാൽ ഇത്തരം വിത്തുകളെ അത്ഭുത വിത്തുകൾ (Miracle seeds) എന്നു പറയുന്നു.

ഹരിതവിപ്ലവത്തിലൂടെ കാർഷികോൽപ്പാദനം വർധിച്ചതിന് നിരവധി കാരണങ്ങളുണ്ട്. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളുടെ ഉപയോഗം, രാസവളങ്ങളുടെയും കീടനാശിനികളുടേയും ഉപയോഗം, ജലസേചന സൗകര്യങ്ങളുടെ വർധനവ്, ആധുനിക കാർഷിക ഉപകരണങ്ങളുടെ ഉപയോഗം, കാർഷികമേഖലയിലെ യന്ത്രവൽക്കരണം കുറഞ്ഞ പലിശയ്ക്ക് വായ്പകൾ ലഭ്യമായത് കാർഷികവിഭവങ്ങൾക്ക് ഉയർന്ന വില ലഭിച്ചത്, ഉൽപ്പാദിപ്പിച്ച സാധനങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യങ്ങൾ കൂടുതലായി ലഭ്യമായത് എന്നിവ ഇവയിൽ ചിലതാണ്. ഹരിതവിപ്ലവത്തിലൂടെ ഇന്ത്യ ഭക്ഷ്യ രംഗത്ത് സ്വയം പര്യാപ്തതനേടി. സ്വന്തം ഉപഭോഗത്തിനതീതമായി വിപണിയിൽ വിൽക്കുന്നതിനുള്ള വിപണന മിച്ചം നേടിയെടുക്കുന്നതിന് കർഷകർക്ക് കഴിഞ്ഞു.

ഹരിത വിപ്ലവത്തിന്റെ ഗുണങ്ങൾ :- ഭക്ഷ്യക്ഷാമം ഇല്ലാതായി ഉൽപ്പാദനം വർധിച്ചു. ഗവൺമെന്റിന്റെ ഭക്ഷ്യധാന്യ ശേഖരത്തിൽ നിന്നും പൊതുവിതരണ സംവിധാനത്തിലൂടെ കുറഞ്ഞ വിലയ്ക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യാൻ കഴിഞ്ഞു. കൃഷിയോഗ്യമായ സ്ഥലത്തിന്റെ അളവ് വർധിച്ചു.

ഹരിത വിപ്ലവത്തിന്റെ പോരായ്മകൾ :- ഹരിതവിപ്ലവം മുഖേന വൻകിട കർഷകരും ചെറുകിട കർഷകരും തമ്മിലുള്ള അന്തരം കൂടി. ഹരിതവിപ്ലവത്തിന്റെ ഗുണം കൂടുതൽ ലഭിച്ചത് ധനികകർഷകർക്കായിരുന്നു. ഇതിന്റെ 1-ാം ഘട്ടം ചില സംസ്ഥാനങ്ങളിൽ മാത്രമായി ഒതുങ്ങിനിന്നു. കാർഷിക വായ്പകളുടെ ആവശ്യകത കൂടി. പാവപ്പെട്ട കർഷകരുടെ ജീവിത നിലവാരത്തിൽ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞില്ല. യന്ത്രവൽക്കരണം തൊഴിൽ നഷ്ടമുണ്ടാക്കി. വാണിജ്യവിളകളുടെ പുരോഗതിക്കാണ് ഇത് ഏറെ സഹായിച്ചത്. ഭക്ഷ്യവിളകളിൽ ഗോതമ്പിന് മാത്രമായിരുന്നു ഇതിന്റെ ഫലം ലഭിച്ചത്. അതുകൊണ്ട് ഇതിനെ Wheat Revolution എന്നും അറിയപ്പെടുന്നു.

പഠനപ്രവർത്തനം:-

1. **നിങ്ങളുടെ സമീത്തുള്ള കൃഷിഭവനുമായി ബന്ധപ്പെട്ട് അവിടെ നിന്നും കർഷകർക്ക് ലഭ്യമാക്കുന്ന വിത്തിനങ്ങൾ, രാസവളങ്ങൾ, കീടനാശിനികൾ, മറ്റ് സേവനങ്ങൾ എന്നിവയെക്കുറിച്ച് ഒരു പട്ടിക തയാറാക്കുക.**
2. **നിങ്ങളുടെ സമീപത്തുള്ള ഒരു പാടശേഖര സമിതിയുമായി ബന്ധപ്പെട്ട് അവിടുത്തെ കർഷകർ ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തൊക്കെയെന്ന് കണ്ടെത്തുക. പരിഹാരങ്ങൾ നിർദേശിക്കുക.**

സബ്സിഡി വിവാദം (Argument for and against on subsidy)

കാർഷിക മേഖലയിലെ സബ്സിഡികളെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ? പുത്തൻ കാർഷികരീതികൾ നടപ്പിലാക്കാൻ കർഷകർക്ക് ആധുനിക യന്ത്രസാമഗ്രികളും അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളും രാസവളങ്ങളും വൈദ്യുതിയും മറ്റും സൗജന്യനിരക്കിൽ നൽകുന്നു. കർഷകന് ഇവ ലഭ്യമാക്കുന്ന വിലകളും അവയുടെ മാർക്കറ്റ് വിലകളും തമ്മിലുള്ള അന്തരം സർക്കാർ വഹിക്കുന്നു. ഇതിനെയാണ് കാർഷിക സബ്സിഡി എന്നു പറയുന്നത്. ഇങ്ങനെ സബ്സിഡികൾ നൽകുന്നത് നല്ലതാണോ? കാർഷികമേഖലയിൽ ഗവൺമെന്റ് നൽകുന്ന സബ്സിഡികളെക്കുറിച്ചുള്ള അനുകൂലവും പ്രതികൂലവുമായ വാദഗതികൾ താഴെ പറയുന്നു.

അനുകൂലവാദഗതികൾ

1. നവീന രീതിയിലുള്ള കാർഷികതന്ത്രങ്ങൾ ആവിഷ്ക്കരിക്കാൻ സബ്സിഡി അനിവാര്യമാണ്.
2. ഇന്ത്യയിലെ മിക്ക കർഷകരും പാവപ്പെട്ടവരായതിനാൽ വിലയേറിയ കാർഷിക യന്ത്രങ്ങൾ, രാസവളങ്ങൾ, പമ്പുസെറ്റുകൾ തുടങ്ങിയവ വാങ്ങാൻ സബ്സിഡി ആവശ്യമാണ്.
3. വരൾച്ച, പ്രളയം തുടങ്ങിയവ മൂലം പലപ്പോഴും കർഷകർക്ക് വൻ നഷ്ടങ്ങൾ സംഭവിക്കാറുണ്ട്. അത്തരം സാഹചര്യങ്ങളിൽ സബ്സിഡി വളരെ ആശ്വാസമാണ്.

4. ജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കാൻ സബ്സിഡി സഹായകമാണ്.
5. സബ്സിഡികൾ നൽകുന്നത് കൃഷിയുടെ വ്യാപനത്തിനും ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനും സഹായകമാണ്.
6. സബ്സിഡികൾ ദരിദ്ര കർഷകരും ധനികകർഷകരും തമ്മിലുള്ള അന്തരം കുറയ്ക്കാൻ സഹായിക്കും. അങ്ങനെ സമത്വം എന്ന ലക്ഷ്യം നേടാൻ സഹായകമാകും.

പ്രതികൂലവാദഗതികൾ

1. പുതിയ സാങ്കേതികവിദ്യകളും കൃഷിരീതികളും വ്യാപകമായതിലൂടെ കൃഷി ആദായകരമായതിനാൽ സബ്സിഡികൾ തുടർന്നു നൽകേണ്ടതില്ല.
2. രാസവള സബ്സിഡിയുടെ കൂടുതൽ ഗുണവും രാസവള നിർമ്മാതാക്കൾ ക്കാണ് ലഭിക്കുന്നത്. കർഷകർക്കല്ല.
3. സബ്സിഡി നൽകുന്നതിലൂടെ ഗവൺമെന്റിന് കൂടുതൽ സാമ്പത്തിക ബാധ്യത യുണ്ടാകുന്നു. സബ്സിഡികൾ യഥാർഥ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിൽ പലപ്പോഴും പരാജയം സംഭവിക്കുന്നു.
4. സബ്സിഡിക്കായി മാറ്റിവയ്ക്കുന്ന തുക മറ്റ് വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചാൽ ഒരു പക്ഷെ കൂടുതൽ പ്രയോജനം ലഭിച്ചേക്കും.

പഠനപ്രവർത്തനം:- കാർഷികമേഖലയിൽ നൽകുന്ന സബ്സിഡികളുടെ ആവശ്യത്തെ കുറിച്ച് ഡിബേറ്റ് സംഘടിപ്പിക്കുക.

നിങ്ങളുടെ സമീപത്തുള്ള കൃഷിഭവനുമായി ബന്ധപ്പെട്ട് അവിടെ നിന്നും കർഷകർക്ക് കഴിഞ്ഞവർഷം അനുവദിച്ച വിവിധതരം കാർഷിക സബ്സിഡികൾ ഏതൊക്കെയെന്ന് കണ്ടെത്തി ചാർട്ട് ചെയ്യുക. സബ്സിഡി ദുരുപയോഗം ഉണ്ടെങ്കിൽ കണ്ടെത്തുക.

വ്യവസായവും വാണിജ്യവും

സ്വതന്ത്ര്യാനന്തരം ഇന്ത്യ മിശ്ര സമ്പത്ത് വ്യവസ്ഥയാണ് സ്വീകരിച്ചതെങ്കിലും പൊതുമേഖല വ്യവസായ വികസനത്തിന് നേതൃത്വം നൽകി. രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് വ്യവസായ വികസനത്തിന് പ്രാധാന്യം നൽകികൊണ്ടുള്ള വികസന തന്ത്രമാണ് നാം സ്വീകരിച്ചത്. പ്രധാനപ്പെട്ടതും വൻ മുതൽ മുടക്ക് ആവശ്യമുള്ളതുമായ വ്യവസായങ്ങൾ പൊതു മേഖലയിൽ ആരംഭിച്ചു. അതോടൊപ്പം സ്വകാര്യമേഖലക്കും പ്രാധാന്യം നൽകി. പൊതു-സ്വകാര്യമേഖലകളെ പരസ്പര പൂരകങ്ങളായി പ്രവർത്തിക്കാൻ സഹായിക്കുന്ന തരത്തിലുള്ള വ്യവസായനയങ്ങൾക്ക് രൂപംനൽകി.

1956 ലെ വ്യവസായ നയം

1956 ലെ വ്യവസായനയ പ്രമേയം ഇന്ത്യയിലെ മൊത്തം വ്യവസായങ്ങളെയും മൂന്നായി തരം തിരിച്ചു.

1. പൂർണമായും സർക്കാർ ഉടമസ്ഥതയിലായിരിക്കേണ്ട വ്യവസായങ്ങൾ.
2. പൊതുമേഖലയിലും സ്വകാര്യമേഖലയിലും ആരംഭിക്കാവുന്ന വ്യവസായങ്ങൾ.
3. സർക്കാരിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമായി പൂർണമായും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നവ.

സ്വകാര്യമേഖലയിലെ വ്യവസായങ്ങളുടെ പ്രവർത്തനം സർക്കാരിന്റെ കർശന നിയന്ത്രണങ്ങൾക്ക് വിധേയമായിരുന്നു. ലൈസൻസിങ്ങ് സംവിധാനത്തിലൂടെയാണ് നിയന്ത്രണം നടത്തിയിരുന്നത്. അതിനാൽ ഈ സംവിധാനത്തെ പെർമിറ്റ് ലൈസൻസ് രാജ് എന്ന് വിളിച്ചിരുന്നു. വ്യവസായ വികസനത്തിൽ പ്രാദേശിക സന്തുലനം കൈവരിക്കാൻ ഈ സമ്പ്രദായം സഹായിച്ചു.

ചെറുകിട വ്യവസായങ്ങൾ (Small Scale Industries)

രാജ്യത്തെ ഗ്രാമീണ വ്യവസായങ്ങളെയും ചെറികിട വ്യവസായങ്ങളെയും പറ്റി പഠിക്കുന്നതിനായി 1955 ൽ വില്ല്യംകാർവെ അധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയമിച്ചു. തൊഴിലവസരങ്ങൾ വർധിപ്പിക്കാനും ഗ്രാമപ്രദേശങ്ങളെ വികസിപ്പിക്കാനുമായി ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കണമെന്ന് ഈ കമ്മിറ്റി ശുപാർശ ചെയ്തു. ഒരു വ്യവസായ യൂണിറ്റിന്റെ പരമാവധി മുതൽ മുടക്കിനെ ആധാരമാക്കിയാണ് ചെറുകിട വ്യവസായത്തെ നിർവചിക്കുന്നത്. കാലാകാലങ്ങളിൽ ഈ പരിധിക്ക് മാറ്റമുണ്ടാകും. ഒന്നാം പദ്ധതികാലത്ത് ഈ പരിധി 5 ലക്ഷം രൂപയായിരുന്നു. ഇന്ന് അതിന്റെ പരിധി 1 കോടി രൂപയാണ്. ഇന്ത്യയിൽ ചെറുകിട വ്യവസായങ്ങളുടെ പ്രസക്തി താഴെ പറയുന്നവയാണ്.

- ചെറുകിട വ്യവസായങ്ങൾ മിക്കവയും തൊഴിൽ ശക്തിയെ കൂടുതലായി ആശ്രയിക്കുന്നവയായതിനാൽ ഇവ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കും
- ഇവയ്ക്ക് കുറഞ്ഞ മുതൽ മുടക്ക് നടത്തിയാൽ മതിയാകും.
- ചെറുകിട വ്യവസായങ്ങൾ കൂടുതലും ഗ്രാമപ്രദേശങ്ങളിലായതിനാൽ ഗ്രാമങ്ങളുടെ വികസനത്തിന് സഹായകമാകും
- വൻകിട വ്യവസായങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പരിസ്ഥിതി മലിനീകരണം കുറവായിരിക്കും.
- ഇവ അസംസ്കൃത വസ്തുക്കൾക്കായി കാർഷികമേഖലയെ ആശ്രയിക്കുന്നതിനാൽ കൃഷി അഭിവൃദ്ധിപ്പെടും.

ചെറുകിട വ്യവസായങ്ങൾക്ക് ചില പരിമിതികളുണ്ട്. ചെറുകിട വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് നൽകുന്ന നികുതിയിളവ്, സബ്സിഡി മുതലയാവ സർക്കാരിന് വളരെ സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നു. സർക്കാരിന്റെ പലവിധത്തിലുള്ള സംരക്ഷണം ലഭിക്കുന്നതിനാൽ ഇത്തരം വ്യവസായങ്ങൾ ഗുണമേന്മയിൽ ശ്രദ്ധിക്കുന്നില്ല.

വൻകിട വ്യവസായങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി പല ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനം ചെറുകിട വ്യവസായങ്ങൾക്കായി സംവരണം ചെയ്യപ്പെടേണ്ടതായി വരുന്നു.

പഠനപ്രവർത്തനം:- നിങ്ങളുടെ സമീപത്തുള്ള ഒരു കയർ ഫാക്ടറി/കശുവണ്ടി ഫാക്ടറി സന്ദർശിച്ച് അതിന്റെ മുതൽമുടക്ക്, തൊഴിലാളികളുടെ എണ്ണം, ഉൽപ്പാദനത്തിന്റെ അളവ് എന്നിവയെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

ഇറക്കുമതി പ്രതിസ്ഥാപനം (Import Substitution)

എല്ലായിപ്പോഴും ഇറക്കുമതിയെ ആശ്രയിക്കുന്നത് പല കാരണങ്ങളാലും നല്ലതല്ല. ആദ്യത്തെ ഏഴ് പദ്ധതി കാലത്തും ഇറക്കുമതി ബദൽ ഒരു നയമായി നമ്മൾ സ്വീകരിച്ചിരുന്നു. എന്താണ് ഇറക്കുമതി ബദൽ? ഇറക്കുമതി ചെയ്ത് ഉപയോഗിച്ചിരുന്ന ഉൽപ്പന്നങ്ങൾക്ക് പകരം തദ്ദേശീയമായി ഉൽപ്പാദിപ്പിച്ച ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതാണ് ഇറക്കുമതി ബദൽ.

വികസിതരാജ്യങ്ങളിൽ നിന്നുള്ള വില കുറഞ്ഞ ഉൽപ്പന്നങ്ങളുടെ മത്സരത്തിൽ നിന്നും ഇന്ത്യൻ വ്യവസായങ്ങളെ സംരക്ഷിക്കാനുള്ള നടപടിയായിരുന്നു ഇറക്കുമതിക്ക് താരിഫ് അഥവാ ചുങ്കം ഏർപ്പെടുത്തലും കോട്ട അഥവാ അളവ് നിശ്ചയിക്കലും. ഉയർന്ന ഇറക്കുമതി ചുങ്കം ഏർപ്പെടുത്തുകവഴി ഇന്ത്യയിലെത്തുന്ന വിദേശനിർമ്മിത ഉൽപ്പന്നങ്ങളുടെ വില വളരെ കൂടും. ഇത് ഇന്ത്യൻ വ്യവസായ ഉൽപ്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് വിൽക്കാൻ സഹായകമാകും. കോട്ട എന്നത് അളവിലോ എണ്ണത്തിലോ പരിധി നിശ്ചയിക്കലാണ്. കോട്ട നിശ്ചയിക്കൽ വഴി ഇറക്കുമതിയുടെ അളവ് നിയന്ത്രിക്കാൻ കഴിയുന്നു.

വ്യവസായ വികസന നയത്തിലൂടെ പല നേട്ടങ്ങളും കോട്ടങ്ങളും ഉണ്ടായി. ജി.ഡി.പിയുടെ കാര്യത്തിൽ വ്യവസായ മേഖലയുടെ സംഭാവന ഈ കാലയളവിൽ വർധിച്ചു. വ്യവസായരംഗത്ത് വൈവിധ്യവൽക്കരണമുണ്ടായി. എന്നിരുന്നാലും ചില പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചമായിരുന്നില്ല. പെർമിറ്റ്-ലൈസൻസ് രാജിലൂടെ അധികാര ദുർവിനിയോഗം നടമാടി. വിദേശ വ്യവസായങ്ങളുടെ കടുത്ത മത്സരത്തിൽനിന്നും സർക്കാർ സംരക്ഷണം ലഭിച്ചതിനാൽ പല വ്യവസായങ്ങളും ഗുണമേന്മയിൽ ശ്രദ്ധിക്കാതെയായി.

സംഗ്രഹം

ആദ്യത്തെ ഏഴ് പഞ്ചവത്സര പദ്ധതിക്കാലത്ത് നാം നടപ്പിലാക്കിയ നയങ്ങൾ രാജ്യത്തെ വികസനത്തിലേക്ക് നയിച്ചു. കാർഷിക ഉൽപ്പാദനക്ഷമത കൂടിയതുമൂലം ഭക്ഷ്യധാന്യ ഉൽപ്പാദനം കൂടി. ഹരിതവിപ്ലവത്തിലൂടെ ഭക്ഷ്യധാന്യ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടി. ഭൂപരിഷ്കരണ നടപടികളിലൂടെ കർഷകർ കൃഷിഭൂമിയുടെ ഉടമസ്ഥരായി. വ്യവസായ മേഖലയും അഭിവൃദ്ധി പ്രാപിച്ചു. എന്നാൽ വർധിച്ച രീതിയിലുള്ള സർക്കാർ നിയന്ത്രണം ഒരു പോരായ്മയായിരുന്നു. പെർമിറ്റ്-ലൈസൻസ് രാജ് സമയ

നഷ്ടത്തിനും അഴിമതിക്കും ഇടയാക്കി. വിദേശ മത്സരത്തിൽ നിന്നും സർക്കാർ സംര ക്ഷണം ലഭിച്ചതിനാൽ പല ഇന്ത്യൻ വ്യവസായങ്ങളും ഗുണമേന്മ ശ്രദ്ധിക്കാതെയായി. ആയതിനാൽ ഇത്തരം നയങ്ങളിൽ മാറ്റം ആവശ്യമാണെന്ന് ബോധ്യമായതിനാൽ 1991-ൽ ഒരു പുത്തൻ സാമ്പത്തിക പരിഷ്കരണ നയം നടപ്പിൽ വരുത്തേണ്ടത് അനി വാര്യമായി.

പദപരിചയം

1. മുതലാളിത്ത സമ്പദ് വ്യവസ്ഥ

ചോദനം, പ്രദാനം എന്നീ കമ്പോള ശക്തികൾ വില മെക്കാനിസത്തിലൂടെ കേന്ദ്ര പ്രശ്നങ്ങൾ പരിഹരിക്കുന്ന സമ്പദ് വ്യവസ്ഥയാണിത്. ഇത് കമ്പോള സമ്പദ് വ്യവസ്ഥ എന്നും അറിയപ്പെടുന്നു.

2. സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥ

ഉൽപ്പാദനോപാധികൾ പൂർണമായും സ്റ്റേറ്റിന്റെ അധീനതയിലായിരിക്കുകയും എന്ത് ഉൽപ്പാദിപ്പിക്കണം, എങ്ങനെ ഉൽപ്പാദിപ്പിക്കണം, ആർക്ക് വേണ്ടി ഉൽപ്പാദിപ്പിക്കണം എന്നിങ്ങനെയുള്ള അടിസ്ഥാന പ്രശ്നങ്ങൾ കേന്ദ്രീകൃതമായി പരിഹരിക്കുകയും ചെയ്യുന്ന വ്യവസ്ഥയാണ് സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥ.

3. മിശ്ര സമ്പദ് വ്യവസ്ഥ

സ്വകാര്യമേഖലയും പൊതുമേഖലയും ഒരുമിച്ച് പ്രവർത്തിക്കുന്ന സമ്പദ് വ്യവസ്ഥ യാണ്.

4. സാമ്പത്തിക ആസൂത്രണം

സമയ ബന്ധിതമായി മുൻകൂട്ടി നിശ്ചയിച്ച രീതിയിൽ ചില സാമ്പത്തിക വികസന ലക്ഷ്യങ്ങൾ നേടുന്നതിനായി വിഭവങ്ങളെ വീതംവയ്ക്കുന്നതാണ് സാമ്പത്തിക ആസൂത്രണം.

5. സാമ്പത്തിക വളർച്ച

മൊത്തം ദേശീയവരുമാനത്തിന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള വർധനവ്.

6. മേഖലകളുടെ സംഭാവന

മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ കാർഷിക - വ്യാവസായിക - സേവന മേഖലകളുടെ സംഭാവന.

7. ആധുനികവൽക്കരണം

ആധുനിക സാങ്കേതികവിദ്യകൾ സ്വീകരിച്ച് ഉൽപ്പാദന ക്ഷമത വർധിപ്പിക്കുകയും അതോടൊപ്പം അത് ഉൾക്കൊള്ളാൻ മനുഷ്യരുടെ മനോഭാവത്തെ മാറ്റിയെടുക്കുകയും ചെയ്യുന്ന പ്രവർത്തനം.

8. സ്വാശ്രയത്വം

ഒരു രാജ്യം അതിന്റെ തന്നെ വിഭവങ്ങളെ മാത്രം ഉപയോഗിച്ച് വികസനം സാധ്യമാക്കുന്ന ആശയമാണ് സ്വാശ്രയത്വം.

9. സാമൂഹ്യനീതി

സമ്പദ് വ്യവസ്ഥയിലെ നല്ല ഫലങ്ങൾ തുല്യതയോടെ ഒരോ പൗരനും ലഭ്യമാക്കുമെന്ന് ഉറപ്പു വരുത്തലാണ് സാമൂഹ്യ നീതി.

10. ഭൂപരിഷ്കരണം

ഇടനിലക്കാരെ ഒഴിവാക്കി കൃഷിഭൂമിയുടെ ഉടമസ്ഥ അവകാശം കർഷകന് ലഭ്യമാക്കാനുള്ള നടപടികളാണ് ഭൂപരിഷ്കരണം.

11. ഹരിത വിപ്ലവം

അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളും ആധുനിക കൃഷി രീതികളും അവലംബിച്ച് കാർഷികോൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർധിപ്പിക്കുന്ന കാർഷിക തന്ത്രം.

12. കാർഷിക സബ്സിഡി

കൃഷിക്കാവശ്യമായ വിത്തുകൾ, വളം, കീടനാശിനി, പമ്പു സെറ്റുകൾ, വൈദ്യുതി മുതലായവ സർക്കാർ കുറഞ്ഞ നിരക്കിൽ കർഷകന് ലഭ്യമാക്കുന്ന പരിപാടി.

13. ഇറക്കുമതി ബദൽ

ഇറക്കുമതി ചെയ്യേണ്ട ഉൽപ്പന്നങ്ങൾക്ക് പകരം അത്തരം സാധനങ്ങൾ ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന നയമാണ് ഇറക്കുമതി ബദൽ

14. താരിഫ്

കയറ്റുമതിക്കും ഇറക്കുമതിക്കും ഏർപ്പെടുത്തുന്ന ചുങ്കം

15. ക്വോട്ട

ഒരു ഉൽപ്പന്നം ഉൽപ്പാദിപ്പിക്കുമ്പോഴോ ഇറക്കുമതി ചെയ്യുമ്പോഴോ, അളവിലോ എണ്ണത്തിലോ ഏർപ്പെടുത്തുന്ന നിയന്ത്രണമാണ് ക്വോട്ട.

വിലയിരുത്തൽ ചോദ്യങ്ങൾ

1. പരമ്പരാഗത ചിന്താരീതികളും മാമൂലുകളും ഇല്ലാതായി വികസനമുണ്ടാകുന്നത് ആസൂത്രണത്തിന്റെ ഏത് ലക്ഷ്യത്തെയാണ് പ്രതിഫലിപ്പിക്കുന്നത്?
2. പാർശ്വവൽക്കരിക്കപ്പെട്ടവനും പ്രാന്തവൽക്കരിക്കപ്പെട്ടവനും ഇല്ലാത്ത ഒരു സമൂഹം നമ്മുടെ പദ്ധതി ആസൂത്രണത്തിന്റെ ഏത് ലക്ഷ്യത്തെയാണ് സൂചിപ്പിക്കുന്നത്?
3. ഭക്ഷ്യ സ്വയം പര്യാപ്തത നേടാനായത് സ്വാശ്രയത്വം എന്ന ലക്ഷ്യത്തിലേക്കുള്ള ചുവടുവയ്പാണോ? ചർച്ചചെയ്യുക.

4. ഭൂപരിഷ്കരണ നടപടികൾ മൂലം കാർഷിക മേഖലയിൽ വന്ന മാറ്റങ്ങൾ ഏതൊക്കെയാണ്?
5. ഇന്ത്യയിൽ ഹരിതവിപ്ലവം സാധ്യമാക്കിയ പ്രധാന ഘടകങ്ങൾ ഏതൊക്കെയാണ്?
6. സബ്സിഡികൾ നൽകുന്നതിന്റെ പ്രധാന ഗുണങ്ങളും പോരായ്മകളും എന്തൊക്കെയാണ്?
7. കുടുംബശ്രീ, സ്വയംസഹായ സംഘങ്ങൾ മുതലായ സംരംഭങ്ങൾക്ക് ചെറുകിട വ്യവസായ മേഖലയിലും വ്യാപാരത്തിലും എത്രത്തോളം പ്രാധാന്യമുണ്ട്?
8. ഗ്രീൻ റവല്യൂഷൻ ടെക്നോളജിയുടെ വ്യാപനം ഇന്ത്യയെ ഭക്ഷ്യ സ്വയം പര്യാപ്തതയിലെത്തിച്ചു. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വ്യക്തമാക്കുക.

ഒറ്റപ്പെട്ടത് കണ്ടെത്തി ന്യായീകരിക്കുക.

1. സാമ്പത്തിക വളർച്ച, നീതി, നവീകരണം, സബ്സിഡി
2. രാസവളം, ജലസേചനം, എച്ച്.വൈ.വി വിത്തുകൾ, ലൈസൻസിംഗ്
3. സംരക്ഷണനയം, താരിഫ്, ക്വോട്ട, പെർമിറ്റ്
4. മുതലാളിത്തം, സോഷ്യലിസം, മിശ്രസമ്പദ്വ്യവസ്ഥ, പാർലമെന്ററി ജനാധിപത്യം.

സ്വയം വിലയിരുത്തൽ

	പൂർണമായി കഴിയുന്നു	ഭാഗികമായി കഴിയുന്നു	മെച്ചപ്പെടേണ്ടതുണ്ട്
• വിവിധതരം വ്യവസ്ഥകളെ പട്ടികപ്പെടുത്തി അവയുടെ ഗുണങ്ങളും ദോഷങ്ങളും താരതമ്യം ചെയ്യാൻ			
• പഞ്ചവത്സര പദ്ധതികളിലെ പൊതു ലക്ഷ്യങ്ങളേയും പ്രത്യേക ലക്ഷ്യങ്ങളേയും വിശകലനം ചെയ്യാൻ			
• പരിമിത വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം ആസൂത്രണം ചെയ്യാൻ			
• രാജ്യത്തിന്റെ ജി.ഡി.പിയിൽ വിവിധ മേഖലകളുടെ സംഭാവനകൾ പട്ടികപ്പെടുത്തി താരതമ്യം ചെയ്യാൻ			
• ഭൂപരിഷ്കരണത്തിലൂടെ ജനങ്ങളുടെ സാമ്പത്തിക സാമൂഹിക രംഗങ്ങളിലുണ്ടായ മാറ്റങ്ങളെ വിശകലനം ചെയ്യാൻ			
• ഹരിത വിപ്ലവം യാഥാർഥ്യമാകാൻ സഹായിച്ച പ്രധാന കാരണങ്ങളെ കണ്ടെത്തി പട്ടികപ്പെടുത്താൻ			

	പൂർണമായി കഴിയുന്നു	ഭാഗികമായി കഴിയുന്നു	മെച്ചപ്പെടേണ്ടതുണ്ട്
• സമ്പദ് വ്യവസ്ഥയുടെ ഘടനാപരമായ മാറ്റം എന്തെന്ന് വ്യാഖ്യാനിക്കുന്നു			
• വ്യവസായ വികസനത്തിൽ ചെറുകിട വ്യവസായങ്ങളുടെ പങ്ക് ചർച്ച ചെയ്യാൻ			
• വ്യവസായ വികസനത്തിന് തടസ്സമാകുന്ന കാരണങ്ങൾ കണ്ടെത്തി പരിഹാരം നിർദേശിക്കാൻ			
• പഞ്ചവത്സര പദ്ധതികളുടെ പ്രധാന ലക്ഷ്യങ്ങൾ ചാർട്ട് ചെയ്ത് വിലയിരുത്താൻ			

തുടർ വായനയ്ക്ക്

- ദണ്ഡേക്കർ, വി.എം.2004 ഫോർട്ടി ഇയേഴ്സ് ആഫ്റ്റർ ഇൻഡിപ്പെൻഡൻസ്, പെൻഗ്വിൻ, ന്യൂ ഡൽഹി
- സെൻ, അമർത്യാ, 1999 പോവർട്ടി ആന്റ് ഫാമിൻസ്. ഓക്സ്ഫോർഡ് യൂണിവേർസിറ്റി പ്രസ്സ് ന്യൂ ഡൽഹി.
- ദത്ത് ആർ.സി.1963 ഇക്കണോമിക് ഹിസ്റ്ററി ഓഫ് ഇന്ത്യ വോ: 1 ആന്റ് 2. മിനിസ്റ്ററി ഓഫ് ഇൻഫൊർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിംഗ്, ഗവൺമെന്റ് ഓഫ് ഇന്ത്യ, ന്യൂ ഡൽഹി
- റുദർ ദത്ത് ആന്റ് കെ.പി.എം സുന്ദരം (2000) "ഇന്ത്യൻ ഇക്കണോമി", എസ്. ചന്ദ് ആന്റ് കമ്പനി ലിമിറ്റഡ് രാം നഗർ, ന്യൂ ഡൽഹി-110-55

3

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ 1991നു ശേഷം

ആമുഖം

ആസൂത്രിത വികസനം മൂലം ഇന്ത്യയിൽ കാർഷിക വ്യവസായ മേഖലകൾക്ക് വലിയ മുന്നേറ്റം ഉണ്ടാകുവാൻ കഴിഞ്ഞു. ഭക്ഷ്യ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തതയും ശക്തമായ വ്യാവസായിക അടിത്തറയും ഉണ്ടായെങ്കിലും കാർഷിക മേഖലയിൻമേലുള്ള അമിതമായ ആശ്രയം സമ്പദ് വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവമേറിയ ഒരു പ്രശ്നമായിരുന്നു. സാമ്പത്തിക രംഗത്തുണ്ടായ പ്രതിസന്ധി പുത്തൻ സാമ്പത്തിക നയങ്ങൾ ആവിഷ്കരിക്കുന്നതിന് കാരണമായി. സാമ്പത്തിക പരിഷ്കാരങ്ങളുടെ വിശദമായ അവലോകനമാണ് ഈ പാഠഭാഗത്തുള്ളത്.

പഠനനേട്ടങ്ങൾ

1 പുത്തൻ സാമ്പത്തിക നയങ്ങൾ ഇന്ത്യയിൽ നിലവിൽവന്നതിന്റെ പശ്ചാത്തലം വിശദീകരിക്കുന്നു

2 സാമ്പത്തിക നയങ്ങളുമായി ബന്ധപ്പെട്ട പരിഷ്ക്കാരങ്ങൾ വിവരിക്കുന്നു.

3 സാമ്പത്തിക പരിഷ്ക്കാരങ്ങൾ ഉണ്ടാക്കിയ മാറ്റങ്ങൾ വിലയിരുത്തുന്നു

പ്രധാന ആശയങ്ങൾ

സാമ്പത്തിക പ്രതിസന്ധി, സാമ്പത്തിക പരിഷ്ക്കാരം, ക്രെഡിറ്റ് റേറ്റിംഗ്, കറണ്ട് അക്കൗണ്ട് കമ്മി, അടവുശിഷ്ടം, സി.ആർ.ആർ., എസ്.എൽ.ആർ., ഉദാരവൽക്കരണം, സ്വകാര്യവത്കരണം, ആഗോളവത്കരണം, പുറം കരാർ.

സാമ്പത്തിക പരിഷ്ക്കാരം-പശ്ചാത്തലം

രാജ്യങ്ങൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് നിങ്ങൾ പത്രങ്ങളിൽ വായിച്ചിട്ടില്ലേ? തൊണ്ണൂറുകളുടെ ആദ്യം അത്തരത്തിലുള്ള വളരെ ഗൗരവമേറിയ ഒരു പ്രതിസന്ധിയെ ഇന്ത്യക്ക് നേരിടേണ്ടി വന്നു. രാജ്യത്തിന്റെ വിദേശ നിക്ഷേപം ഒരു ബില്യൻ ഡോളറായി കുറയുകയും അത് ഇറക്കുമതിയെയും വിദേശത്തു നിന്നുള്ള വായ്പയുടെ തിരിച്ചടവിനേയും സാരമായി ബാധിക്കുകയും ചെയ്തു. ഇതേ സമയം തന്നെ ക്രെഡിറ്റ് റേറ്റിംഗിൽ ഇന്ത്യ പിന്നോക്കം പോവുകയുമുണ്ടായി. പണപ്പെരുപ്പവും കറന്റ് അക്കൗണ്ടിലെ കമ്മിയും നിയന്ത്രണ വിധേയമായിരുന്നില്ല.

ഈ സാമ്പത്തിക പ്രതിസന്ധിയുടെ ചരിത്രം ആരംഭിക്കുന്നത് എഴുപതുകളുടെ അവസാനമാണ്. ആഗോള വിപണിയിൽ എണ്ണ വില കുതിച്ചുയർന്നത് മിക്ക രാജ്യങ്ങളുടേയും സാമ്പത്തിക ഭദ്രതയെ സാരമായി ബാധിച്ചു. ഇന്ത്യയിൽ കറന്റ് അക്കൗണ്ട് കമ്മി കുതിച്ചുയരുന്നതിന് ഇതു കാരണമായി. കമ്മി നിയന്ത്രിക്കുവാൻ കാര്യമായ ഒരു ശ്രമവും നടന്നില്ല. അന്താരാഷ്ട്ര നാണയ നിധിയിൽ നിന്നും മറ്റും കടം വാങ്ങി ഈ പ്രശ്നത്തെ അതിജീവിച്ചുവെങ്കിലും അത് താൽക്കാലികം മാത്രമായിരുന്നു.

ഇതോടൊപ്പം തന്നെ ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിയിലും ഇടിവുണ്ടായി. രൂപയുടെ മൂല്യം വർധിച്ചത് ഒരു പ്രധാന കാരണമായിരുന്നു. 1986 മുതൽ വിനിമയനിരക്കിൽ ഇടിവു സംഭവിച്ചതുമൂലം കയറ്റുമതി വർധിച്ചുവെങ്കിലും പലിശയുടെ തിരിച്ചടവും ഇറക്കുമതിയിലുണ്ടായ വർധനയുംമൂലം അതിന് കാര്യമായ ചലനങ്ങൾ സമ്പദ് വ്യവസ്ഥയിൽ ഉണ്ടാക്കുവാൻ കഴിഞ്ഞില്ല.

പ്രതിസന്ധിയുടെ മറ്റൊരു കാരണം ധനവ്യയ രംഗത്തുണ്ടായ ചില പ്രശ്നങ്ങളാണ്. സർക്കാർ സാധാരണയായി പദ്ധതി നടത്തിപ്പിനും ഭരണ നിർവഹണത്തിനും മറ്റുമായി പണം കണ്ടെത്തുന്നത് നികുതി വരുമാനത്തിൽ നിന്നും പൊതുമേഖലാസ്ഥാപനങ്ങളുടെ നടത്തിപ്പിൽ നിന്നും മറ്റുമാണ്. വരുമാനത്തെക്കാൾ ചെലവുകൂടി വരു

മ്പോൾ സർക്കാരിന് കടം വാങ്ങേണ്ടിവരുന്നു. പക്ഷേ ചെലവിന്റെ വലിയൊരു ഭാഗം നീക്കി വയ്ക്കുന്നത് ദാരിദ്ര്യ നിർമ്മാർജനം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകൾക്കാണ്. ഹ്രസ്വ കാലയളവിൽ ഈ മേഖലയിൽ നിന്നുള്ള വരവ് കുറവായിരിക്കുമെങ്കിലും ഒരു ക്ഷേമരാഷ്ട്രത്തിൽ അത്തരം ചെലവുകൾ ഒഴിച്ചുകൂടാൻ കഴിയാത്തതാണ്, എന്നാൽ ബാക്കിയുള്ള ചെലവിൽ പരമാവധി ക്ഷമത കൈവരിക്കേണ്ടത് ആവശ്യമാണ്. അതിന് സാധിച്ചില്ല എന്നു മാത്രമല്ല പാഴ്ച്ചെലവുകളും അതിനെ തുടർന്നുണ്ടായ കടവും അനിയന്ത്രിതമായി വർധിച്ചുകൊണ്ടുമിരുന്നു.

എൺപതുകളുടെ അവസാനത്തോടുകൂടി അവശ്യസാധനങ്ങൾ ഉൾപ്പെടെയുള്ളവയുടെ വിലയിൽ വർധനവുണ്ടായി. വരവും ചെലവും തമ്മിലും കയറ്റുമതിയും ഇറക്കുമതിയും തമ്മിലും ഉള്ള അന്തരം ഗണ്യമായിത്തീർന്നു. മുൻപു സൂചിപ്പിച്ചതുപോലെ വിദേശ നാണയ നിക്ഷേപം കുറഞ്ഞ് ഇറക്കുമതിയും പലിശയടവും തുടർന്നു കൊണ്ടു പോകുവാൻ കഴിയാത്ത അവസ്ഥയിലെത്തിച്ചേർന്നു.

ഈ പരിതസ്ഥിതിയിലാണ് അന്താരാഷ്ട്ര നാണയ നിധിയെയും ലോകബാങ്കിനെയും ഇന്ത്യ സഹായത്തിനായി സമീപിക്കുന്നത്. കടം നൽകുമ്പോൾ ഉദാരവൽക്കരണ, സ്വകാര്യവൽക്കരണ, ആഗോളവൽക്കരണ നടപടികൾ ഉണ്ടാകണമെന്നും സർക്കാർ ഇടപെടലും കമ്പോള നിയന്ത്രണങ്ങളും കുറച്ചുകൊണ്ടു വരണമെന്നുമുള്ള വ്യവസ്ഥകളും ഈ സ്ഥാപനങ്ങൾ മുമ്പോട്ടുവയ്ക്കുകയുണ്ടായി. വ്യവസ്ഥകളെ ഇന്ത്യ അംഗീകരിക്കുകയും പുത്തൻ സാമ്പത്തിക നയങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്തു.

പലതരത്തിലുള്ള സാമ്പത്തിക പരിഷ്ക്കാരങ്ങൾ ഉൾപ്പെടുന്നതായിരുന്നു പുത്തൻ സാമ്പത്തിക നയം. സമ്പദ് വ്യവസ്ഥയിൽ മത്സരത്തെ പ്രോത്സാഹിപ്പിക്കുന്നതിനും കമ്പോള പ്രവേശനത്തിനുള്ള നിയന്ത്രണങ്ങൾ ഒഴിവാക്കുന്നതിനും പ്രത്യേക ഊന്നൽ നൽകി. സർക്കാർ സ്വീകരിച്ച നയങ്ങളെ രണ്ടായി തിരിക്കാം. സുസ്ഥിരവൽക്കരണ നടപടികളും ഘടനാപരമായ ക്രമീകരണ നടപടികളും അടവുശിഷ്ടവുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനും പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് സുസ്ഥിരവൽക്കരണ നടപടികൾ സ്വീകരിച്ചത്. ഇത് ഹ്രസ്വകാല നടപടികളാണ്. എന്നാൽ മറ്റു വിഭാഗത്തിൽപെടുന്നത് ദീർഘകാല നടപടികളാണ്. അവ ലക്ഷ്യമാക്കിയിരുന്നത് സമ്പദ് വ്യവസ്ഥയിൽ കൂടുതൽ അയവുണ്ടാക്കുന്നതിനും അതു വഴി കാര്യക്ഷമതയും ആഗോള വിപണിയിൽ മേൽക്കൈയും നേടുന്നതിനുമായിരുന്നു.

ഉദാരവൽക്കരണം

കഴിഞ്ഞ ഇരുപതിലേറെ വർഷങ്ങളായി ഇൻഡ്യയിൽ ധാരാളമായി ചർച്ച ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്ന വിഷയമാണല്ലോ ഉദാരവത്കരണം.

ഇന്ത്യയിൽ മുൻപ് നിലവിലിരുന്ന പല നിയമങ്ങളും ചട്ടങ്ങളും പുരോഗതിക്ക് തടസ്സമായിരുന്നു. അനാവശ്യമായ നിയന്ത്രണങ്ങൾ ഒഴിവാക്കി സമ്പദ് വ്യവസ്ഥയെ കൂടുതൽ ഉദാരവൽക്കരിക്കുന്ന നയങ്ങൾക്ക് സർക്കാർ രൂപം കൊടുത്തു. അത്തരത്തിലുള്ള ദിശാമാറ്റം എൺപതുകളിൽത്തന്നെ കണ്ടു തുടങ്ങിയെങ്കിലും തൊണ്ണൂറുകളുടെ ആദ്യമാണ് അതു പൂർണ രൂപം പ്രാപിച്ചത്. വ്യവസായം, ധനകാര്യം, നികുതി, വിദേശനാണയം, വ്യാപാരനിക്ഷേപം തുടങ്ങിയ മേഖലകളിലാണ് ഏറ്റവും പ്രകടമായ മാറ്റങ്ങൾ ഉണ്ടായത്. ഓരോന്നും വെവ്വേറെ നമുക്കിവിടെ പരിശോധിക്കാം.

1. വ്യവസായം

വ്യവസായ മേഖലയിൽ നിലവിലിരുന്ന നിയന്ത്രണങ്ങൾ പ്രധാനമായും ഇവയാണ്

1. ഒരു സംരംഭം തുടങ്ങുന്നതിനോ അവസാനിപ്പിക്കുന്നതിനോ ഇൻഡസ്ട്രിയൽ ലൈസൻസിംഗ് എന്ന പേരിൽ സർക്കാരിൽ നിന്നുള്ള മുൻകൂർ അനുമതി ആവശ്യമായിരുന്നു.
2. പൊതു മേഖലയ്ക്കും ചെറുകിട വ്യവസായമേഖലയ്ക്കുമായി ചില ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനങ്ങൾ വേർതിരിക്കപ്പെട്ടിരുന്നു.
3. വില നിശ്ചയിക്കുന്നതിലും വിതരണത്തിലും നിയന്ത്രണങ്ങൾ നിലനിന്നിരുന്നു.

ഉദാരവൽക്കരണത്തിന്റെ ഭാഗമായി ഇൻഡസ്ട്രിയൽ ലൈസൻസിംഗ് ഒട്ടുമിക്ക മേഖലകളിലും ഒഴിവാക്കി. പൊതുമേഖലയുടേയും ചെറുകിട വ്യവസായ മേഖലയുടേയും കുത്തകയായിരുന്ന പല ഉൽപ്പാദനരംഗങ്ങളിലും സ്വകാര്യ നിക്ഷേപം അനുവദിച്ചു. വില നിർണയം വലിയൊരു പരിധിവരെ കമ്പോളത്തിന് വിട്ടുകൊടുത്തു. വിദേശ നിക്ഷേപവുമായി ബന്ധപ്പെട്ടുള്ള കാഴ്ചപ്പാട് കൂടുതൽ വിശാലമായിത്തീർന്നു. സാങ്കേതികവിദ്യാ കൈമാറ്റത്തിനുള്ള തടസ്സങ്ങൾ പലതും ഇല്ലാതായി. അങ്ങനെ വ്യവസായ മേഖലയുടെ സമഗ്രമായ പുരോഗതിക്ക് പിന്തുണ നൽകുന്ന നയങ്ങൾ നടപ്പാക്കി.

2. ധനകാര്യം

ഇന്ത്യയുടെ ധനകാര്യ മേഖലയെ നിയന്ത്രിക്കുന്നത് പ്രധാനമായും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർ.ബി.ഐ) ആണ് എന്ന് നിങ്ങൾക്ക് അറിയാമല്ലോ? സമയാസമയങ്ങളിൽ എടുക്കുന്ന നിലപാടുകളിലൂടെയും നയങ്ങളിലൂടെയും ബാങ്കുകൾക്ക് കൈവശം വെയ്ക്കാനാകുന്ന തുക, പലിശ നിരക്ക്, വായ്പ കൊടുക്കലിന്റെ സ്വഭാവം തുടങ്ങിയവയെ ആർ.ബി.ഐ. നിയന്ത്രിച്ചു പോരുന്നു. എന്നാൽ ഇതു പലപ്പോഴും ധനകാര്യമേഖലയുടെ കാര്യക്ഷമമായ പ്രവർത്തനത്തെ ദോഷമായി ബാധിച്ചിട്ടുണ്ട്. ധനകാര്യ മേഖലയിലുള്ള ആർ.ബി.ഐ.യുടെ അമിതമായ ഇടപെടൽ ഒഴിവാക്കുക എന്നതാണ് ഈ മേഖലയിലെ പരിഷ്ക്കാരങ്ങൾ കൊണ്ട് പ്രധാനമായും അർഥമാക്കുന്നത്. ഒന്നാം നരസിംഹം കമ്മറ്റിയുടെ (1991) ശുപാർശകൾ അതിൽ വലിയൊരു പങ്കുവഹിച്ചിട്ടുണ്ട് (ശുപാർശകൾ എന്തെല്ലാമാണെന്ന് നോട്ട് ബുക്കിൽ കുറിക്കുക) സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ (എസ്.എൽ.ആർ), ക്യാഷ് റിസേർവ്വ് റേഷ്യോ (സി.ആർ.ആർ) പലിശ നിരക്കിന്റെ ഘടന തുടങ്ങിയവയിൽ ഉദാരമായ സമീപനം ആർ.ബി.ഐ യുടെ ഭാഗത്തുനിന്നുണ്ടായി. ധാരാളം വിദേശ ബാങ്കുകൾ ഉൾപ്പെടെയുള്ള സ്വകാര്യ ബാങ്കുകൾ ഇന്ത്യയിൽ പ്രവർത്തനം ആരംഭിച്ചു. നിലവിലുണ്ടായിരുന്ന ബാങ്കുകൾക്ക് പുതിയ ശാഖകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുകയും ചെയ്തു.

3. നികുതി

നികുതിചുമത്തുന്നതിലും പൊതു ചെലവിലുമുള്ള പരിഷ്ക്കാരങ്ങളാണല്ലോ നികുതി പരിഷ്ക്കാരങ്ങളിൽ വരുന്നത്. ഇത് ഫിസ്ക്കൽ പോളിസി എന്ന പേരിൽ അറിയപ്പെടുന്നു. നികുതികളെ പ്രധാനമായും പ്രത്യക്ഷ നികുതിയെന്നും പരോക്ഷ നികുതി എന്നും രണ്ടായി തിരിക്കാം.

പ്രത്യക്ഷ നികുതി എന്നത് ഗവൺമെന്റ് നികുതി ചുമത്തുന്ന വ്യക്തികൾ തന്നെ അതിന്റെ യഥാർഥ ഭാരം വഹിക്കണം. നികുതിഭാരം മറ്റൊരാളിലേക്ക് മാറ്റാൻ കഴിയാത്ത നികുതികളെയാണ് പ്രത്യക്ഷനികുതി എന്ന് പറയുന്നത്. നികുതി ഭാരം മറ്റൊരാളിലേക്ക് മാറ്റാൻ കഴിയുന്നതിനെയാണ് പരോക്ഷ നികുതി എന്നു പറയുന്നത്.

ഒന്നാമത്തെ വിഭാഗത്തിൽ വ്യക്തികളുടെ വരുമാനത്തിന്മേൽ ചുമത്തുന്ന നികുതികളും കച്ചവടസ്ഥാപനങ്ങളുടെ ലാഭത്തിന്മേൽ ചുമത്തുന്ന നികുതികളും ഉൾപ്പെടുന്നു. സാധനങ്ങളുടെ മേലുള്ള നികുതിയാണ് രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നത്.

1991 നു ശേഷം പ്രത്യക്ഷ നികുതിയിൽ കാര്യമായ കുറവുണ്ടായിട്ടുണ്ട്. ഉയർന്ന നികുതി നിരക്ക് പലപ്പോഴും നികുതി വെട്ടിപ്പിന് ഇടയായിത്തീരുന്നു. എന്നാൽ മിതമായ നിരക്കിലുള്ള നികുതി, നിക്ഷേപങ്ങൾ വർധിക്കുന്നതിനും വരുമാനം സ്വമേധയാവെളിപ്പെടുത്തുന്നതിനും കാരണമാകുന്നു. പ്രധാനമായും സാധനസാമഗ്രികളിന്മേൽ ചുമത്തുന്ന പരോക്ഷ നികുതിയിലും പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. നികുതി നിരക്ക് കുറയ്ക്കുന്നതിനും നികുതി ഘടന ലഘൂകരിക്കുന്നതിനും പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്.

വിദേശ നാണയം

മുൻപു സൂചിപ്പിച്ച അടവുശിഷ്ട പ്രതിസന്ധി പരിഹരിക്കുന്നതിനായി രൂപയുടെ മൂല്യം കുറച്ചു. ഇതിനെ ഡീവാല്യുവേഷൻ എന്നു പറയും. കയറ്റുമതി വർധിക്കാനും രാജ്യത്തിനകത്തേക്കുള്ള വിദേശ നാണയത്തിന്റെ ഒഴുക്കു വർധിക്കാനും ഇത് കാരണമായി. നേരത്തെ വിദേശനാണയ വിനിമയനിരക്ക് നിശ്ചയിച്ചിരുന്നത് റിസർവ് ബാങ്കായിരുന്നു. ഇപ്പോൾ ഇത് വിദേശനാണയ വിപണി തന്നെ ഏറ്റെടുത്തു.

വ്യാപാരവും നിക്ഷേപവും

വ്യാപാരവും നിക്ഷേപവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ ഇവയാണ്.

1 ഇറക്കുമതിയിലും കയറ്റുമതിയിലുമുള്ള നിയന്ത്രണങ്ങൾ ലഘൂകരിച്ചു.

2 ഇറക്കുമതി ചുങ്കം കുറച്ചു.

3 കയറ്റുമതി ചുങ്കവും ലൈസൻസിംഗും മിക്കവാറും നിർത്തലാക്കി.

സ്വകാര്യവൽക്കരണം

സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥതയോ നടത്തിപ്പോ സ്വകാര്യ മേഖലയ്ക്ക് നൽകുന്നതിനെയാണല്ലോ സ്വകാര്യവത്ക്കരണം എന്നു പറയുന്നത്. ഇത് രണ്ടു രീതിയിലാണ് നടത്തപ്പെടുന്നത് (i) പൊതുമേഖലാ സ്ഥാപനങ്ങളിൽ സർക്കാരിനുള്ള ഉടമസ്ഥതയിൽ നിന്നും നടത്തിപ്പിൽ നിന്നും പിൻവാങ്ങുന്നതിലൂടെ (ii) പൊതുമേഖലാസ്ഥാപനങ്ങൾ വിറ്റഴിക്കുന്നതിലൂടെ.

ഓഹരികൾ വിറ്റഴിക്കുന്നതിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്നതിനാണ് 'ഡിസ് ഇൻവെസ്റ്റുമെന്റ്' എന്നു പറയുന്നത്. സാമ്പത്തിക അച്ചടക്കവും ആധുനികവൽക്കരണവുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. സ്വകാര്യ മൂലധനവും

നടത്തിപ്പിനുള്ള കാര്യശേഷിയും മികച്ച രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് ഇതു കാരണമാകുന്നു. 1991 നു ശേഷം സമ്പദ്വ്യവസ്ഥയിൽ സ്വകാര്യ മേഖലയ്ക്കു പ്രവർത്തിക്കുവാൻ കൂടുതൽ അവസരങ്ങളുണ്ടായിട്ടുണ്ട്.

ആഗോളവൽക്കരണം

ഒരു രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ മറ്റു സമ്പദ് വ്യവസ്ഥകൾക്കു മുൻപിൽ ഇടപാടുകൾക്കായി തുറന്നു കൊടുക്കുന്നതിനെ ആഗോളവൽകരണമെന്നു പറയുന്നു. ആഗോളവൽക്കരണമുണ്ടാകുമ്പോൾ ഉൽപ്പന്നങ്ങളും ഉൽപ്പാദന ഘടകങ്ങളും സ്വതന്ത്രമായി നീങ്ങുന്നതിനുള്ള സാഹചര്യമുണ്ടാകും. ലോക സമ്പദ്വ്യവസ്ഥയെ ഒറ്റ കമ്പോളമാക്കി മാറ്റുക എന്നതാണ് ഇതിന്റെ പ്രധാനലക്ഷ്യം. പുത്തൻ സാമ്പത്തിക നയങ്ങളുടെ ഭാഗമായാണ് ആഗോളവൽക്കരണം ഇവിടെ നടപ്പിലാക്കിയത്. വിദേശ നിക്ഷേപം ആകർഷിക്കുന്നതിനും പുത്തൻ സാങ്കേതികവിദ്യ സ്വീകരിക്കുന്നതിനും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിക്കുന്നതിനും ഇതു കാരണമായിത്തീർന്നു.

സ്വതന്ത്രവ്യാപാരം ആഗോളവൽക്കരണത്തിന്റെ അവിഭാജ്യഘടകമാണ്. സ്വതന്ത്ര വ്യാപാരം മൂലം വൈദഗ്ധ്യവൽക്കരണം ഉണ്ടാവുകയും ഉൽപ്പാദനം വർധിക്കുകയും ചെയ്യുന്നു. ഒരു രാജ്യത്തിന്റെ വികസനത്തിനാവശ്യമായ വിഭവങ്ങളുടെ ലഭ്യത സുഗമമാക്കുന്നതിനും ആഗോളവൽക്കരണം പ്രധാന പങ്ക് വഹിക്കുന്നുണ്ട്. വളർച്ചാനിരക്കു വർധിപ്പിക്കുന്നതിനും ദാരിദ്ര്യ നിർമ്മാർജനത്തിനും ഇതു സഹായകമായി.

ആഗോളവൽക്കരണവുമായി ബന്ധപ്പെട്ട പദമാണ് ഔട്ട്സോഴ്സിംഗ് അഥവാ പുറംകരാർ. ഒരു കമ്പനി അതിന്റെ ചില ജോലികൾ ചെയ്യുന്നതിന് പുറമേ നിന്ന് സഹായം സ്വീകരിക്കുന്നതിനെയാണ് പുറംകരാർ എന്നു പറയുന്നത്. പൊതുവെ വികസിത രാജ്യങ്ങളിലെ കമ്പനികൾ ജോലികൾ ചെയ്യുന്നതിനായി വികസ്വരരാജ്യങ്ങളിലെ തൊഴിലാളികൾക്ക് പ്രത്യേകിച്ചും വിവരസാങ്കേതിക മേഖലയിലുള്ള തൊഴിലാളികൾക്ക് പുറംകരാർ നൽകുന്ന പ്രവണത ഇന്ന് സർവസാധാരണമാണ്. താരതമ്യേന കുറഞ്ഞ ചെലവിൽ തൊഴിൽ വിദഗ്ധരുടെ സേവനം ലഭ്യമാക്കുവാൻ ഇത് സഹായിക്കുന്നു. ഇന്ത്യ, ചൈന, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിലെ ലക്ഷക്കണക്കിന് ആളുകൾ ഇത്തരം ജോലികളിൽ ഏർപ്പെടുന്നുണ്ട്.

പഠനപ്രവർത്തനം:-

താഴെക്കൊടുത്തിരിക്കുന്ന ഉൽപ്പന്നങ്ങൾക്കു നേരെ അവ ഉൽപ്പാദിപ്പിക്കുന്ന ഏതെങ്കിലും രണ്ട് വിദേശ കമ്പനികളുടെ പേരെഴുതുക

1. ടി.വി.
2. കാർ
3. മൊബൈൽ ഫോൺ
4. കമ്പ്യൂട്ടർ

Table - 3.1

സാമ്പത്തിക പരിഷ്ക്കാരങ്ങൾക്ക് മുൻപും പിൻപും

മുൻപ്	പിൻപ്
1. ഇൻഡസ്ട്രിയൽ ലൈസൻസിംഗ് നിലവിലിരുന്നു.	1. ഒട്ടുമിക്ക മേഖലകളിലും ഇൻഡസ്ട്രിയൽ ലൈസൻസിംഗ് ഒഴിവാക്കി.
2. ചെറുകിട വ്യവസായത്തിനായി ചില ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം വേർതിരിക്കപ്പെട്ടിരുന്നു.	2. അത്തരം ഉൽപ്പാദനങ്ങളിൽ സ്വകാര്യ നിക്ഷേപം അനുവദിച്ചു.
3. വില നിയന്ത്രണങ്ങൾ നിലനിന്നിരുന്നു.	3. നിയന്ത്രണങ്ങൾക്ക് അയവുണ്ടായി
4. ധനകാര്യമേഖലയിൽ ആർ.ബി.ഐ.യുടെ ശക്തമായ ഇടപെടൽ ഉണ്ടായിരുന്നു.	4. ആർ.ബി.ഐ.യുടെ സമീപനം കൂടുതൽ ഉദാരമായി.
5. ഉയർന്ന നികുതിനിരക്ക് നിലവിലിരുന്നു.	5. നികുതിനിരക്ക് കുറച്ചു.
6. വിദേശനാണയ വിനിമയനിരക്ക് ആർ.ബി.ഐ. നിശ്ചയിച്ചിരുന്നു.	6. വിദേശ നാണയ വിപണി ഇത് ഏറ്റെടുത്തു.
7. ഉയർന്ന തോതിലുള്ള കയറ്റുമതി, ഇറക്കുമതി ചുങ്കങ്ങൾ നിലവിലിരുന്നു.	7. ഇറക്കുമതി ചുങ്കം കുറച്ചു. കയറ്റുമതി ചുങ്കം മിക്കവാറും നിർത്തലാക്കി.
8. സ്വകാര്യമേഖലയുടെ സുഗമമായ പ്രവർത്തനങ്ങൾ സാധ്യമായിരുന്നില്ല.	8. സ്വകാര്യമേഖലയുടെ സുഗമമായ പ്രവർത്തനങ്ങൾക്കുള്ള തടസ്സങ്ങൾ മാറി.
9. ഉൽപ്പന്നങ്ങളും ഉൽപ്പാദന ഘടകങ്ങളും രാജ്യങ്ങൾക്കിടയിൽ സ്വതന്ത്രമായി നീങ്ങുന്നതിന് തടസ്സങ്ങൾ ഉണ്ടായിരുന്നു.	9. അത്തരം തടസ്സങ്ങൾ കുറയുകയും സ്വതന്ത്ര വ്യാപാരം സാധ്യമാവുകയും ചെയ്തു.

ലോക വ്യാപാരസംഘടന (WTO)യുടെ പ്രവർത്തനവും വിലയിരുത്തലും

ലോക വ്യാപാര സംഘടനയുടെ സമ്മേളനങ്ങൾ ധാരാളമായി ജനശ്രദ്ധ പിടിച്ചു പറ്റുന്നുണ്ട്. 1995 ൽ ആണ് ജനീവ ആസ്ഥാനമായി ലോക വ്യാപാര സംഘടന നിലവിൽ വന്നത്. 23 രാജ്യങ്ങൾ ചേർന്ന് 1948 ൽ രൂപം കൊടുത്ത ജനറൽ എഗ്രിമെന്റ് ഓൺ ട്രേഡ് ആന്റ് ടാരിഫിന്റെ (GATT-ഗാട്ട്) പിൻതുടർച്ചയായിട്ടാണ് ലോക വ്യാപാര സംഘടന നിലവിൽ വന്നത്. ലോകരാജ്യങ്ങൾ തമ്മിലുള്ള വാണിജ്യ കരാറുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ വിലയിരുത്തുകയായിരുന്നു ഗാട്ടിന്റെ പ്രധാനലക്ഷ്യം. ലോക വ്യാപാര സംഘടന എന്നത് കുറച്ചു കൂടി ഉയർന്ന തലത്തിൽ നിയമസാധുതയുള്ള ഒരു സംവിധാനമാണ്. ഉൽപ്പാദനം വർധിപ്പിക്കുന്നതിനും സാധനങ്ങളുടെ കൈമാറ്റം സുഗമമാക്കുന്നതിനും അത് പ്രോത്സാഹനം നൽകുന്നു. താരിഫ്, നോൺ താരിഫ്

തുടങ്ങിയ കച്ചവട നിയന്ത്രണ നടപടികളെ കുറച്ചു കൊണ്ടുവരുന്നതിന് ലോകവ്യാപാര സംഘടനപ്രത്യേകം ഊന്നൽ നൽകുന്നു.

ലോക വ്യാപാര സംഘടന സ്ഥാപിക്കുന്നതിൽ പ്രധാന പങ്കുവഹിച്ച രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. സംഘടനയിലെ അംഗത്വം ഇന്ത്യക്കു മുൻപിൽ വളർച്ചക്കുള്ള ധാരാളം അവസരങ്ങൾ തുറന്നു കൊടുക്കുന്നു. എങ്കിലും വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളും നിലവിലുണ്ട്. ലോകവ്യാപാര സംഘടനയിൽ വികസിത രാഷ്ട്രങ്ങൾക്കുള്ള മേൽകൈയും സംഘടനയുടെ വ്യവസ്ഥകളെ അവരുടെ താത്പര്യത്തിനനുസരിച്ച് നിർമ്മിക്കുകയും വളച്ചൊടിക്കുകയും ചെയ്യുന്ന രീതിയും ആശങ്കകൾക്കു കാരണമായിട്ടുണ്ട്.

പഠനപ്രവർത്തനം:-

ലോകവ്യാപാര സംഘടനയുടെ സമ്മേളനങ്ങൾ നടന്ന വർഷങ്ങളും സ്ഥലങ്ങളും പട്ടിക തയാറാക്കി എഴുതുക?

സാമ്പത്തിക പരിഷ്ക്കരണ കാലഘട്ടത്തിലെ ഇന്ത്യൻ സമ്പദ്വ്യവസ്ഥ - ഒരവലോകനം

സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ രണ്ടുപതിറ്റാണ്ടുകൾ ഇന്ത്യ പിന്നിട്ടു. ഈ പരിഷ്ക്കാരങ്ങൾ ഇന്ത്യയെ എങ്ങനെ സ്വാധീനിച്ചു എന്നു നോക്കാം.

മൊത്ത ആഭ്യന്തര ഉൽപ്പാദനം (GDP)

സാമ്പത്തിക വളർച്ചയുടെ ഏറ്റവും മികച്ച അളവുകോലാണ് മൊത്ത ആഭ്യന്തര ഉൽപ്പാദനം. താഴെ തന്നിരിക്കുന്ന വളർച്ചാനിരക്ക് ശ്രദ്ധിക്കുക.

പട്ടിക 3.2

വിവിധ മേഖലകളിലെ മൊത്ത ആഭ്യന്തര ഉൽപ്പാദന വളർച്ചാനിരക്ക് (%)

കാലഘട്ടം

മേഖല	1992-96 8-ാം പഞ്ച വൽസര പദ്ധതി	1997-2001 9-ാം പഞ്ച വൽസര പദ്ധതി	2002-07 10-ാം പഞ്ച വൽസര പദ്ധതി	2007-2012 11-ാം പഞ്ച വൽസര പദ്ധതി
കൃഷി	4.72	2.44	2.3	3.7
വ്യവസായം	7.29	4.29	9.17	7.2
സേവനം	7.28	7.87	9.3	9.7
മൊത്ത ആഭ്യന്തരഉൽപ്പാദനം	6.54	5.52	7.74	8

മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിലുള്ള വളർച്ചാനിരക്ക് 1992-96-ൽ 6.54 ൽ നിന്നും വർധിച്ച് 11-ാം പഞ്ചവത്സര കാലത്ത് 8.0 ശതമാനമായതായി കാണാം. ഈ വളർച്ച എല്ലാ മേഖലകളിലും പ്രകടമാണ്. എങ്കിലും 2007-12 കാർഷിക മേഖലയിലെ വളർച്ചക്കുറവ് ആശങ്കാജനകമാണ്.

കാർഷികമേഖലയിലെ പരിഷ്ക്കാരങ്ങൾ

സാമ്പത്തിക പരിഷ്ക്കാരങ്ങൾ കൊണ്ട് കാർഷികമേഖലയ്ക്കു കാര്യമായ ഗുണങ്ങളൊന്നും ലഭിച്ചിട്ടില്ല. ഈ മേഖലയിലെ താരതമ്യേന കുറഞ്ഞ വളർച്ചാനിരക്ക് ഇതിനു തെളിവാണ്. കാർഷിക മേഖലയിലെ പ്രധാന പ്രശ്നങ്ങൾ ഇവയാണ്

i. കാർഷിക മേഖലയിൽ സർക്കാർ മൂലധന നിക്ഷേപം കുറഞ്ഞു.

ii. വളങ്ങളുടെ സബ്സിഡി കുറച്ചത് ഉൽപ്പാദനച്ചെലവു വർധിക്കുവാൻ കാരണമായി.

iii. ലോക വ്യാപാര സംഘടനയുമായി ബന്ധപ്പെട്ടുണ്ടായ നയമാറ്റങ്ങൾ കർഷകരെ പ്രതികൂലമായി ബാധിച്ചു.

iv. വിദേശ വിപണിയെ ലക്ഷ്യം വെച്ച് നാണ്യ വിളകളുടെ ഉൽപ്പാദനത്തെ പ്രോത്സാഹിപ്പിച്ചത് ഭക്ഷ്യ സാധനങ്ങളുടെ വില വർധിക്കുവാൻ കാരണമായിത്തീർന്നു.

വ്യവസായ മേഖലയിലെ പരിഷ്ക്കാരങ്ങൾ

വ്യവസായ മേഖലയിലെ വളർച്ചയിൽ ഏറ്റക്കുറച്ചിലുകൾ കാണാൻ സാധിക്കും. 1992 -96 ൽ 7.29 ശതമാനം വളർച്ച ഉണ്ടായപ്പോൾ 1997-01 ൽ അത് 4.29 ശതമാനമായി കുറഞ്ഞു. എന്നാൽ പത്താം പഞ്ചവത്സര പദ്ധതിക്കാലത്ത് ഇത് 9.17 ശതമാനമായി വർദ്ധിച്ചു. 07-12 ൽ വളർച്ചാനിരക്ക് 7.2 ശതമാനം ആണ്. വിലകുറഞ്ഞ വിദേശ ഉൽപ്പന്നങ്ങൾ വിപണി കൈയടക്കുന്നതും അടിസ്ഥാന മേഖലയിലെ അപര്യാപ്തമായ മുതൽ മുടക്കും വ്യവസായ മേഖലയെ ദോഷമായി ബാധിച്ചു. എങ്കിലും അടുത്തകാലത്തുണ്ടായ ചില മാറ്റങ്ങൾ ആശാവഹമാണ് ഉരുക്ക്, അലുമിനിയം, എഞ്ചിനീയറിംഗ് വസ്തുക്കൾ തുടങ്ങിയവയുടെ നിർമ്മാണത്തിൽ ഇന്ത്യക്ക് നേട്ടം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

സേവനമേഖലയിലെ പരിഷ്ക്കാരങ്ങൾ

സാമ്പത്തിക പരിഷ്ക്കാരം കൊണ്ട് ഏറ്റവുമധികം പ്രയോജനം ലഭിച്ചത് സേവനമേഖലയ്ക്കാണ്. സേവനമേഖലയുടെ ക്രമാനുഗതമായ വളർച്ച മുകളിലത്തെ പട്ടികയിൽ നിന്നും വ്യക്തമാണ്. 2007-12 കാലഘട്ടത്തിൽ സാമ്പത്തികമാന്ദ്യം ഉണ്ടായിരുന്നിട്ടു കൂടി 9.7 ശതമാനം വളർച്ച കൈവരിക്കാൻ സേവന മേഖലയ്ക്കു കഴിഞ്ഞു.

സാമ്പത്തിക പരിഷ്ക്കാരങ്ങളും ഫിസ്ക്കൽ നയങ്ങളും

വിദേശമൂലധന നിക്ഷേപം വർധിക്കുന്നതിനും വിദേശ നാണയ കരുതൽ ശേഖരം വർധിക്കുന്നതിനും ആഗോളവൽക്കരണം കാരണമായി. വിദേശമൂല ധനനിക്ഷേപം 1990-91ൽ 100 ദശലക്ഷം ഡോളറായിരുന്നത് 2004-05 ൽ 125 ദശലക്ഷം ഡോളറായി വർദ്ധിച്ചു. വിദേശ നാണയ കരുതൽ ശേഖരം 1990-91 ൽ 6 ദശലക്ഷം ഡോളറായിരുന്നത് 2004-05 ൽ 125 ദശലക്ഷം ഡോളറായിത്തീർന്നു. ഇന്ന് വിദേശ നാണയ കരുതൽ ശേഖരത്തിന്റെ കാര്യത്തിൽ ഇന്ത്യ ലോകത്ത് ആറാം സ്ഥാനത്താണ്.

ഫിസ്ക്കൽ നയങ്ങളുമായി ബന്ധപ്പെട്ട സാമ്പത്തിക പരിഷ്ക്കാരങ്ങൾ മൂലം

i. സാമൂഹിക മേഖലയ്ക്കുവേണ്ടിയുള്ള സർക്കാർ ചെലവ് വെട്ടിച്ചുരുക്കി.

ii. നികുതി സംവിധാനം ലളിതമാക്കി, വരുമാനം കൂട്ടുവാനുള്ള ശ്രമം പൂർണമായി വിജയിച്ചില്ല.

iii. വിദേശ രാജ്യങ്ങളുമായുള്ള വ്യാപാരം ലളിതമാക്കിയതുമൂലം കസ്റ്റംസ് ഡ്യൂട്ടി യിൽ നിന്നുള്ള വരുമാനം കുറഞ്ഞു. എന്നാൽ സമീപകാലത്തായി ഈ അവസ്ഥ യിൽ ചില മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

ചുരുക്കത്തിൽ സാമ്പത്തിക പരിഷ്ക്കാരങ്ങൾ മൂലം

- ആഗോള വിപണിയിലേക്ക് പ്രവേശനം ലഭിച്ചു.
- മെച്ചപ്പെട്ട സാങ്കേതികവിദ്യയുടെ ലഭ്യത സാധ്യമാക്കി.
- വളർച്ചാനിരക്ക് കൂടി.
- വിദേശമൂലധന നിക്ഷേപവും വിദേശനാണയ ശേഖരവും വർധിച്ചു.
- സേവനമേഖലയിൽ പ്രകടമായ മുന്നേറ്റം ഉണ്ടായി. അതോടൊപ്പം
- സാമ്പത്തിക അസമത്വം വർധിച്ചു.
- സാമ്പത്തിക പരിഷ്ക്കാരങ്ങൾ കാർഷിക മേഖലയിൽ ഗുണപരമായ ചലനങ്ങൾ ഉണ്ടാക്കിയില്ല.

പഠനപ്രവർത്തനം:- പൊതു മേഖലാ സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന കടബാധ്യത സർക്കാർ വഹിക്കണമോ? നിങ്ങളുടെ അഭിപ്രായം എഴുതുക

സംഗ്രഹം

തൊണ്ണൂറുകളുടെ ആദ്യം ഇന്ത്യയിൽ വളരെ ഗൗരവമേറിയ ഒരു സാമ്പത്തിക പ്രതിസന്ധി ഉണ്ടായി. സാമ്പത്തിക പ്രതിസന്ധിയെ തരണം ചെയ്യാനായി പുത്തൻ സാമ്പത്തിക നയങ്ങൾ ആവിഷ്ക്കരിച്ചു. ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവത്ക്കരണം എന്നിവയായിരുന്നു പ്രധാന സാമ്പത്തിക പരിഷ്ക്കാരങ്ങൾ സാമ്പത്തിക പരിഷ്ക്കാരങ്ങൾ കൊണ്ട് ഇന്ത്യക്ക് ഗുണങ്ങളും ദോഷങ്ങളും ഉണ്ടായിട്ടുണ്ട്.

പദപരിചയം

1. ക്രെഡിറ്റ് റേറ്റിംഗ്

ഒരു സർക്കാരിന്റെയോ കമ്പനിയുടേയോ കടം വാങ്ങാനുള്ള യോഗ്യതയുടെ വിലയിരുത്തലാണ് ക്രെഡിറ്റ് റേറ്റിംഗ്.

2. കറന്റ് അക്കൗണ്ട് കമ്മി

ഒരു രാജ്യത്തിന്റെ ഇറക്കുമതിയുടെ മൂല്യം കയറ്റുമതിയുടെ മൂല്യത്തെക്കാൾ വർധിച്ചു വരുന്നതാണ് കറന്റ് അക്കൗണ്ട് കമ്മി

3. അടവുശിഷ്ടം

ഒരു രാജ്യം മറ്റു രാജ്യങ്ങളുമായി ഒരു പ്രത്യേക കാലയളവിൽ നടത്തുന്ന എല്ലാ സാമ്പത്തിക ഇടപാടുകളുടേയും റെക്കോർഡ്

4. സി.ആർ.ആർ

ആകെയുള്ള ഡിമാൻഡ് നിക്ഷേപങ്ങളുടെയും ടൈം നിക്ഷേപങ്ങളുടെയും നിശ്ചിത ശതമാനം എല്ലാ ഷെഡ്യൂൾഡ് ബാങ്കുകളും റിസേർവ് ബാങ്കിൽ സൂക്ഷിക്കേണ്ടതാണ് ഇതിനെ സി.ആർ.ആർ. എന്നു പറയുന്നു.

5. എസ്.എൽ.ആർ.

എല്ലാ ഷെഡ്യൂൾഡ് ബാങ്കുകളും ഡിമാന്റ് നിക്ഷേപങ്ങളുടെയും ടൈം നിക്ഷേപങ്ങളുടെയും നിശ്ചിത ശതമാനം സ്വർണമായും അംഗീകൃത സെക്യൂരിറ്റീസ് ആയും സൂക്ഷിക്കുന്നതിനെ എസ്.എൽ.ആർ. എന്ന് പറയുന്നു.

വിലയിരുത്തൽ ചോദ്യങ്ങൾ

1. ശരിയോ തെറ്റോ എന്നു പറയുക

i. സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ ഭാഗമായി ലൈസൻസിംഗ് സമ്പ്രദായം നിർത്തലാക്കി.

ii. ധനകാര്യ മേഖലയിലെ പരിഷ്ക്കാരങ്ങൾക്ക് നരസിംഹം കമ്മറ്റിയുടെ ശുപാർശകൾ കാരണമായിത്തീർന്നു.

iii. നികുതി ചുമത്തുന്നതിലും പൊതുചെലവിലുമുള്ള പരിഷ്ക്കാരങ്ങളെ മോണിറ്ററി പോളിസി എന്നു പറയുന്നു.

iv. ലോക വ്യാപാര സംഘടനയുടെ ആസ്ഥാനം ന്യൂയോർക്ക് ആണ്.

2. ലോക വ്യാപാര സംഘടന നിലവിൽ വന്ന വർഷമേത്?

a. 1998 b. 1995 c. 2005 d. 1948

3. താഴെ പറയുന്നവയിൽ ആർ ബി ഐയുമായി ബന്ധമില്ലാത്തത് ഏതാണ്.

a. എസ്.എൽ.ആർ b. സി.ആർ.ആർ c. ഡിസ് ഇൻവെസ്റ്റുമെന്റ്

d. പലിശനിരക്ക്

4. ഓഹരികൾ വിറ്റഴിക്കുന്നതിലൂടെ പൊതുമേഖലാസ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്നതിനെ ..... എന്നു പറയുന്നു.

a. ഡിസ് ഇൻവെസ്റ്റ്മെന്റ് b. ഉദാരവൽക്കരണം c. ക്രെഡിറ്റ് റേറ്റിംഗ്

d. അടവ്ശിഷ്ടം

5. ഇന്ത്യയിൽ സാമ്പത്തിക പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്തിയതിനു പിന്നിലെ സാഹചര്യങ്ങൾ എന്തെല്ലാം?

6. 1991 മുതൽ ആവിഷ്ക്കരിച്ച പുത്തൻ സാമ്പത്തിക നയങ്ങൾ ഏതെല്ലാം?

7. ലോക വ്യാപാര സംഘടനയുടെ പ്രവർത്തനത്തെ വിലയിരുത്തുക?

8. സാമ്പത്തിക പരിഷ്ക്കാരങ്ങൾ മൂലം ഇന്ത്യയിലുണ്ടായ പ്രധാനപ്പെട്ട മാറ്റങ്ങൾ എന്തെല്ലാം?

സ്വയം വിലയിരുത്തൽ

	പൂർണമായി കഴിയുന്നു	ഭാഗികമായി കഴിയുന്നു	മെച്ചപ്പെടേണ്ടതുണ്ട്
• പുത്തൻ സാമ്പത്തിക നയങ്ങൾ ഇന്ത്യയിൽ വരുത്തിയ മാറ്റങ്ങൾ മനസ്സിലാക്കാൻ			
• സാമ്പത്തിക നയങ്ങളുമായി ബന്ധപ്പെട്ട പരിഷ്ക്കാരങ്ങൾ വിവരിക്കാൻ			
• സാമ്പത്തിക പരിഷ്ക്കാരങ്ങൾ ഉണ്ടാക്കിയ മാറ്റങ്ങൾ വിലയിരുത്താൻ			

തുടർ വായനയ്ക്ക്

1 അലുവാലിയ, ഐ ജെയും ലിറ്റിൽ ഐ എം ഡിയും (1998 ഇന്ത്യൻ ഇക്കണോമിക് റിഫോമ്സ് ആന്റ് ഡെവലപ്പ്മെന്റ് ഓക്സ് ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്. ന്യൂഡൽഹി.

2. അഗ്രവാൾ, എ.എൻ (2003) ഇന്ത്യൻ ഇക്കണോമി പ്രോബ്ളംസ് ഓഫ് ഡെവലപ്പ്മെന്റ് ആന്റ് പ്ലാനിംഗ്.

വിശ്വ പ്രകാശൻ ന്യൂഡൽഹി.

3. ഇക്കണോമിക് സർവേ (വിവിധ വർഷങ്ങൾ) ധനകാര്യ മന്ത്രാലയം ഭാരത സർക്കാർ

4 കപില, ഉമ (2005) അണ്ടർ സ്റ്റാന്റിംഗ് ദി പ്രോബ്ളംസ് ഓഫ് ഇന്ത്യൻ ഇക്കണോമി. അക്കാദമിക് ഫൗണ്ടേഷൻ ന്യൂഡൽഹി.

5. ജെലാൽ, ബിമൻ (1993) ഇന്ത്യാസ് ഇക്കണോമിക് ക്രൈസസ് ദ മേ എഹെഡ്, ഓകസ് ഫോർഡ് യൂണിവേഴ്സിറ്റി പ്രസ് ഡൽഹി.

6 ജോഷി വിജയും ലിറ്റിൽ ഐ.എം.ഡിയും (1996) ഇന്ത്യാസ് ഇക്കണോമിക് റിഫോംസ് 1991-2001. ഓക്സ് ഫോർഡ് യൂണിവേഴ്സിറ്റി പ്രസ് ന്യൂഡൽഹി.

7. ദത്ത് റുഥാറും സുന്ദരം കെ.പി.എം.ഉം (2008) ഇന്ത്യൻ ഇക്കോണമി, എസ് ചന്ദ് ആൻഡ് കമ്പനി ന്യൂഡൽഹി.

8. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി 2012-17 വാല്യം, 1, ഭാരതസർക്കാർ പ്ലാനിംഗ് കമ്മീഷൻ, ന്യൂഡൽഹി.

4

ദാരിദ്ര്യം

ആമുഖം

സമൂഹത്തിലുള്ള ഏതൊരു വ്യക്തിക്കും അടിസ്ഥാനപരമായ ചില വസ്തുക്കൾ ശരിയായ രീതിയിൽ ലഭിച്ചാൽ മാത്രമേ ജീവിതം സൗകര്യപൂർവം മുന്നോട്ടു നയിക്കാൻ സാധിക്കുകയുള്ളൂ. വസ്ത്രം, ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം മുതലായവ മുകളിൽ പറഞ്ഞ അടിസ്ഥാനപരമായ വസ്തുക്കളിൽ ചിലതു മാത്രമാണ്. സമൂഹത്തിലുള്ള വ്യക്തികൾക്ക് ഇത്തരം അടിസ്ഥാന വസ്തുക്കൾ ലഭിച്ചില്ലെങ്കിൽ അവരിൽ ഒരു പരിധി വരെ ദാരിദ്ര്യം നിലനിൽക്കുന്നതായി മനസ്സിലാക്കാൻ സാധിക്കും.

സ്വതന്ത്രഭാരതത്തിൽ നമ്മേ ഭരിച്ച എല്ലാ ഗവൺമെന്റുകളും ദാരിദ്ര്യത്തിന്റെ അളവു കുറയ്ക്കാൻ വ്യത്യസ്ത പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. നമ്മുടെ പഞ്ചവത്സര പദ്ധതി രൂപ രേഖയിലൂടെയും, സാമൂഹിക-ക്ഷേമ പരിപാടികളിലൂടെയും ഒന്നു കണ്ണോടിച്ചാൽ ഈ കാര്യം വ്യക്തമാകും. ദാരിദ്ര്യം കുറയ്ക്കുന്നതിൽ ഒരു പരിധി വരെ നമ്മൾ വിജയിച്ചെങ്കിലും, അത് പൂർണമായും തുടച്ചുമാറ്റാൻ സാധിച്ചിട്ടില്ല എന്നുള്ളത് ദുഃഖകരമായ ഒരു അവസ്ഥയാണ്. ഈ അധ്യായത്തിൽ നമ്മൾ ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെ വ്യത്യസ്ത മേഖലകളെ വിശദമായി അവലോകനം ചെയ്യുന്നു.

പഠനനേട്ടങ്ങൾ

- ദാരിദ്ര്യം എന്തെന്ന് നിർവചിക്കുന്നു.
- ഇന്ത്യയിലെ ദരിദ്രരുടെ സവിശേഷതകൾ വിശദീകരിക്കുന്നു.
- ദരിദ്രരേയും ദരിദ്രരല്ലാത്തവരേയും വരുമാനത്തിന്റെയും, കഴിക്കുന്ന ഭക്ഷണത്തിന്റെ കലോറി മൂല്യത്തിന്റെയും അടിസ്ഥാനത്തിൽ വേർതിരിക്കുന്നു.
- ദാരിദ്ര്യത്തിന്റെ കാരണങ്ങൾ കണ്ടെത്തുന്നു.
- ദാരിദ്ര്യം ഒരു സമൂഹത്തിന്റെ ഏറ്റവും വലിയ ശാപമാണെന്ന് തിരിച്ചറിയുന്നു.
- ദാരിദ്ര്യനിർമാർജനത്തിന് പരിഹാരമാർഗങ്ങൾ നിർദേശിക്കുന്നു.
- ദാരിദ്ര്യത്തിന്റെ തോത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ വ്യത്യസ്തമാണെന്ന് മനസ്സിലാക്കി പട്ടികപ്പെടുത്തുന്നു.
- ദാരിദ്ര്യനിർമ്മാർജന പദ്ധതികൾ വിലയിരുത്തുന്നു.

പ്രധാന ആശയങ്ങൾ

ദാരിദ്ര്യം, ദരിദ്രർ, ജയിൽ ജീവിതച്ചെലവ്, ദാരിദ്ര്യരേഖ, ദാരിദ്ര്യ നിർമാർജന പദ്ധതികൾ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, ദാരദ്ര്യരേഖയ്ക്ക് മുകളിലുള്ളവർ.

ആരാണ് ദരിദ്രർ (Who are the Poor?)

ലോകത്തിലെ ഏറ്റവും അധികം ദരിദ്രരുള്ള രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. ലോക ബാങ്കിന്റെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം, ഭൂമുഖത്തെ ദരിദ്രരിൽ മൂന്നിൽ ഒന്ന് ഇന്ത്യയിൽ നിന്നുള്ളവരാണ്. മുപ്പത് വർഷങ്ങൾക്ക് മുമ്പ് ഭൂമുഖത്തെ ദരിദ്രരിൽ അഞ്ചിൽ ഒരാൾ ഇന്ത്യയിൽ നിന്നായിരുന്നെങ്കിൽ ഇപ്പോൾ അത് മൂന്നിൽ ഒന്നായി മാറി. ലോകത്തിലെ 130 കോടിയോളം ജനങ്ങൾ കടുത്ത ദാരിദ്ര്യം അനുഭവിക്കുന്നവരാണെന്ന് ലോകബാങ്ക് പുറത്തുവിട്ട കണക്കുകൾ സൂചിപ്പിക്കുന്നു. ഇന്ത്യയിലെ ദരിദ്രരുടെ എണ്ണം ഏകദേശം 40 കോടി ആണെന്ന് ലോകബാങ്ക് കണക്കാക്കിയിരിക്കുന്നു.

ഇന്ത്യയിൽ നഗര-ഗ്രാമ ഭേദമെന്യേ ദരിദ്രർ കാണപ്പെടുന്നു. നഗര-ഗ്രാമ പ്രദേശങ്ങൾ തമ്മിൽ ദരിദ്രരുടെ എണ്ണത്തിലും, സ്വഭാവത്തിലും വ്യക്തമായ വ്യത്യാസങ്ങൾ പ്രകടമാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. ചേരികളിൽ താമസിക്കുന്നവർ, തെരുവു കച്ചവടക്കാർ, ആക്രി വസ്തുക്കൾ പെറുക്കുന്നവർ, വീട്ടുവേലക്കാർ, ഭിക്ഷക്കാർ എന്നിവർ നഗര പ്രദേശങ്ങളിൽ കാണപ്പെടുന്ന ദരിദ്രരിൽ ചില വിഭാഗങ്ങൾ മാത്രമാണ്. ഭൂമിയില്ലാത്ത കർഷകർ, ഓലമേഞ്ഞ വീടുള്ളവർ, ഫലപുഷ്ടിയില്ലാത്ത ഭൂമിയുള്ളവർ മുതലായവർ ഗ്രാമ പ്രദേശങ്ങളിൽ കാണപ്പെടുന്ന ദരിദ്രരിൽ ചിലരാണ്. കൂടാതെ, ഗ്രാമ പ്രദേശങ്ങളിലുള്ള ദരിദ്രരുടെ സാമൂഹിക-സാമ്പത്തിക അവസ്ഥ പൊതുവെ നഗരപ്രദേശങ്ങളിലുള്ള ദരിദ്രരെക്കാൾ മോശമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു.

ചിത്രം - 4.1

പഠനപ്രവർത്തനം:-

- **ചിത്രം 4.1 ലെ പ്രധാന സവിശേഷതകൾ എന്തെല്ലാം**
- **ചിത്രത്തിലുള്ള ജനങ്ങളുടെ ജീവിത സാഹചര്യം വിവരിക്കുക.**
- **ഇവ ഉൾക്കൊള്ളിച്ച് ഒരു കുറിപ്പ് തയാറാക്കുക.**

ഇന്ത്യയിലെ ദരിദ്രരുടെ പൊതു സവിശേഷതകൾ (Characteristics of Indian Poor)

ദരിദ്രരിൽ കാണപ്പെടുന്ന പൊതു സ്വഭാവങ്ങൾ താഴെക്കൊടുത്തിരിക്കുന്നവയാണ്.

- പോഷകാഹാരക്കുറവ് (Malnutrition)
- നിരക്ഷരത (Illiteracy)
- അനാരോഗ്യം (Ill-health)
- ഭൂരഹിതർ (Landless)
- തൊഴിൽ വൈദഗ്ധ്യത്തിന്റെ അഭാവം (Lack of employment skills)
- സാമ്പത്തിക അവസരക്കുറവ് (Lack of economic opportunities)
- സ്ഥിരജോലിയില്ലായ്മ (Unstable employees)
- ജ്ഞണ ബാധ്യത (Chronic indebtness)
- വീടുകളിൽ അടിസ്ഥാന സൗകര്യമില്ലായ്മ (Lack of basic aminities)
- ഉയർന്ന സ്ത്രീ-പുരുഷ അസമത്വം (Higher gender discrimination)
- കൂടിയ ശിശുമരണനിരക്ക് (Higher rate of infant mortality)
- ഉയർന്ന മാതൃമരണനിരക്ക് (Higher rate of maternal mortality)

ദരിദ്രരെ വേർതിരിക്കുന്ന രീതി (Identification of Poor)

ഏതൊരു പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പും അതിന്റെ ഗുണഭോക്താക്കളുടെ എണ്ണം ശരിയായി തിട്ടപ്പെടുത്തേണ്ടതായിട്ടുണ്ട്. ആയതിനാൽ, ദരിദ്രരുടെ എണ്ണം കണക്കാ

ക്കാനായി മാർഗരേഖകൾ വികസിപ്പിക്കേണ്ടതായിട്ടുണ്ട്. ഇന്ത്യയിൽ ദരിദ്രരെ നിശ്ചയിക്കാനായി ആദ്യമായി ഒരു രൂപരേഖ തയാറാക്കിയത് ദാദാബായി നവറോജി ആയിരുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് മുമ്പുള്ള ദരിദ്രരെയാണ് അദ്ദേഹം ഈ രീതിയിൽ കണക്കാക്കിയത്. ഒരു തടവുകാരന് ജീവൻ നിലനിർത്താൻ ആവശ്യമായ ഭക്ഷണസാധനത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ജയിൽ ജീവിതച്ചെലവ് (Jail Cost of living) നിർണയിച്ചു.

സ്വതന്ത്ര ഭാരതത്തിൽ ദരിദ്രരെയും ദരിദ്രരല്ലാത്തവരെയും നിശ്ചയിക്കാൻ വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നുണ്ട്. ദരിദ്രരെ നിർണയിക്കുന്നതിനായി ആദ്യം ജനങ്ങളെ രണ്ടായി തരം തിരിക്കുന്നു. ഒരു കൂട്ടർ ദരിദ്രരും (Poor) മറ്റുള്ളവർ ദാരിദ്ര്യമില്ലാത്തവരും (Non-poor). ദരിദ്രരിൽ തന്നെ ദാരിദ്ര്യത്തിന്റെ തീവ്രത അനുസരിച്ച് വ്യത്യസ്ത വിഭാഗക്കാർ ഉണ്ട്. അവരെ നിത്യദരിദ്രർ (Absolutely poor), വളരെ ദരിദ്രർ (Very poor) എന്നിങ്ങനെയും, ദരിദ്രർ അല്ലാത്തവരെ മധ്യവർഗം (Middle class), ഉയർന്ന മധ്യവർഗ്ഗം (Upper middle Class), സമ്പന്നർ (Rich), വലിയ സമ്പന്നർ (Very rich) വളരെ വലിയ സമ്പന്നർ (Absolutely rich) എന്നും തരം തിരിച്ചിരിക്കുന്നു. ദരിദ്രരെയും, ദാരിദ്ര്യമില്ലാത്തവരെയും വേർതിരിക്കുന്ന രേഖാചിത്രം താഴെ നൽകിയിരിക്കുന്നു (Fig. 4.2).

Fig:4.2 : ദരിദ്രരെയും ദാരിദ്ര്യമില്ലാത്തവരെയും വേർതിരിക്കുന്ന രേഖാചിത്രം



ദാരിദ്ര്യം തരംതിരിക്കൽ (Categorising Poverty)

മുകളിൽ സൂചിപ്പിച്ച രേഖാചിത്രങ്ങൾ (Fig.4.2) ദരിദ്രരെയും, ദാരിദ്ര്യമില്ലാത്തവരെയും വേർതിരിക്കുന്നു. ദരിദ്രരിൽ തന്നെ ദാരിദ്ര്യത്തിന്റെ തീവ്രത അനുസരിച്ച് നാല് വിഭാഗമായി വീണ്ടും തരം തിരിച്ചിരിക്കുന്നു. ഈ നാലു വിഭാഗങ്ങളെ രേഖാചിത്രത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

1. നിത്യ ദരിദ്രർ (Always Poor)
2. സാധാരണ ദരിദ്രർ (Usually Poor) - പൊതുവെ ഇവർ ദരിദ്രരാണ്. ചില അവസരങ്ങളിൽ ഇവർക്ക് വരുമാനത്തിൽ വർധനവ് രേഖപ്പെടുത്താറുണ്ട്.
3. ചേണിങ്ങ് ദരിദ്രർ (Churning Poor): ഇക്കൂട്ടർ പൊതുവെ ദരിദ്രരാണെങ്കിലും, കൂടെക്കൂടെയുള്ള വരുമാന വർധനയിലൂടെ ദാരിദ്ര്യത്തിന്റെ വലയത്തിന് പുറത്തുപോകാറുണ്ട്.
4. ഇടക്കാല ദരിദ്രർ (Occasionally Poor) : ഇവർ ഭൂരിഭാഗ സമയവും പണക്കാർ ആണെങ്കിലും, ചിലപ്പോൾ ദാരിദ്ര്യത്തിലേക്ക് വഴുതി വീഴുന്നു.

ദരിദ്രരിൽ, ഒന്നാമത്തെ വിഭാഗവും (നിത്യദരിദ്രർ) രണ്ടാമത്തെ വിഭാഗവും (സാധാരണ ദരിദ്രരും) കൂടി ചേർന്നാൽ അവരെ ദീർഘസ്ഥായിയായ ദരിദ്രർ (Chronic Poor) എന്നു വിളിക്കുന്നു. അതുപോലെ, മൂന്നാം വിഭാഗവും (ചേണിങ് ദരിദ്രർ) നാലാം വിഭാഗവും (ഇടക്കാല ദരിദ്രർ) കൂടിച്ചേർന്നാൽ അവർ ഹ്രസ്വകാല ദരിദ്രർ (Transient Poor) എന്നും അറിയപ്പെടുന്നു.

ദാരിദ്ര്യ രേഖ (Poverty Line)

മുമ്പ് സൂചിപ്പിച്ചതുപോലെ, നമ്മുടെ സമൂഹത്തിൽ ദരിദ്രരും ദാരിദ്ര്യമില്ലാത്തവരും ഉണ്ട്. ഇവരെ തമ്മിൽ വേർതിരിക്കുന്ന ഒരു സാങ്കല്പിക രേഖയാണ് (Imaginary line) ദാരിദ്ര്യരേഖ. ഈ രീതിയിലുള്ള ഒരു സാങ്കൽപ്പിക രേഖാ ചിത്രം Fig.4.2ൽ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു കാണുമല്ലോ. ഈ സാങ്കൽപ്പിക രേഖയെ നമുക്ക് ദാരിദ്ര്യരേഖ (Poverty Line) എന്നു വിളിക്കാം. വ്യക്തികളുടെയോ, കുടുംബത്തിന്റെയോ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പൊതുവെ ദാരിദ്ര്യരേഖ നിശ്ചയിക്കുന്നത്. ഈ രേഖയ്ക്ക് താഴെയുള്ളവർ ദരിദ്രരും (Below Poverty Line-BPL), മുകളിലുള്ളവർ ദാരിദ്ര്യമില്ലാത്തവരുമാണ് (Above Poverty line-APL). ഗവൺമെന്റ് സപ്ലൈ ഓഫീസുകൾ (Supply office) വഴി റേഷൻ കാർഡുകൾ നൽകുന്നത് കുടുംബങ്ങളെ ഈ തരത്തിൽ രണ്ടു വിഭാഗമായി തരം തിരിച്ചതിന്റെ അടിസ്ഥാനത്തിലാണ്. ബി.പി.എൽ കുടുംബങ്ങൾക്കായി പർപ്പിൾ (Purple) നിറത്തിലുള്ള റേഷൻ കാർഡും, എ.പി.എൽ. കുടുംബങ്ങൾക്കായി ഇളം നീല നിറത്തിലുള്ള (Light blue) റേഷൻ കാർഡും നല്കിയിരിക്കുന്നത് നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുമല്ലോ?

ദാരിദ്ര്യരേഖ നിർണയിക്കാനായി ഇന്ത്യയിലെ ആസൂത്രണക്കമ്മിഷൻ (Planning Commission) ഉപയോഗിക്കുന്ന മറ്റൊരു പ്രധാന മാർഗമാണ് കഴിക്കുന്ന ഭക്ഷണത്തിന്റെ കലോറി മൂല്യത്തിന്റെ (Calorie intake) അളവ്. ഉപഭോഗ ഭക്ഷണത്തിൽ നിന്ന് ഗ്രാമീണ വ്യക്തികൾക്ക് 2400 കലോറിയും, നഗരത്തിലെ വ്യക്തികൾക്ക് 2100 കലോറി മൂല്യമുള്ള

ഭക്ഷണമെങ്കിലും ഒരു ദിവസം ലഭിച്ചില്ലെങ്കിൽ ആസൂത്രണക്കമ്മീഷൻ അവരെ ദരിദ്രരായിക്കണക്കാക്കുന്നു. ഗ്രാമീണർ കൂടുതൽ കായികമായതും, കൂടുതൽ മനുഷ്യപ്രയത്നം ആവശ്യമുള്ളതുമായ പ്രവർത്തികളിൽ ഏർപ്പെടുന്നു എന്ന നിഗമനത്തിലാണ് ഇവർക്ക് ഉയർന്ന കലോറിമൂല്യം നിശ്ചയിച്ചിരിക്കുന്നത്. ഈ നിശ്ചിത അളവ് കലോറി മൂല്യം ലഭ്യമാകണമെങ്കിൽ എത്ര രൂപ മൂല്യമുള്ള ഭക്ഷണം ദിവസവും കഴിക്കണം എന്നതു കൂടി കണക്കിലാക്കണമെന്ന് ആസൂത്രണ കമ്മീഷൻ നിഷ്കർഷിച്ചിട്ടുണ്ട്.

പഠനപ്രവർത്തനം:-

നിങ്ങൾ മൂന്ന് പേർ വീതമുള്ള രണ്ടുകുടുംബങ്ങളെ കുടുംബം - A എന്നും കുടുംബം - B എന്നും വിളിക്കുക. ഇവർക്ക് ഒരു ദിവസം താഴെപ്പറയുന്ന നിരക്കിൽ മാത്രമേ ഭക്ഷണം ലഭിക്കുന്നുള്ളൂ എന്നു കരുതുക.

കുടുംബം A	കുടുംബം B
1. 3 ദോശ	1. 12 ദോശ
2. 3 കപ്പ് ചായ	2. 3 കപ്പ് ചായ
3. 3 കപ്പ് ചോറ്	3. 12 കപ്പ് ചോറ്
4. 3 ചപ്പാത്തി	4. 15 ചപ്പാത്തി
5. Nil	5. 1 കിലോ ആട്ടിറച്ചി (കറി വെച്ചത്)
6. Nil	6. 3 കോഴിമുട്ട
7. Nil	7. 3 കപ്പ് പാൽ

- ന്യൂട്രിഷൻ ചാർട്ട്/ഇന്റർനെറ്റിന്റെ സഹായത്തോടെ കുടുംബം A യും കുടുംബം B യും കഴിക്കുന്ന ഭക്ഷണത്തിന്റെ ആളോഹരി കലോറിമൂല്യം കണക്കാക്കുക.
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തെ കണ്ടെത്തുക.
- കുടുംബം A ദാരിദ്ര്യരേഖയ്ക്ക് താഴെപ്പോകുവാനുള്ള കാരണം വ്യക്തമാക്കുക.

രണ്ടായിരത്തിലെ സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ, ഗ്രാമപ്രദേശത്ത് 328 രൂപയും, നഗര പ്രദേശങ്ങളിൽ 454 രൂപയും പ്രതിമാസം ചെലവഴിക്കാൻ കഴിയാത്തവരെ ആസൂത്രണ കമ്മീഷൻ ദരിദ്രരായി കണക്കാക്കിയിരുന്നു. ലഭ്യമായ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം (2012) ഇത് ഗ്രാമ പ്രദേശത്ത് 816 രൂപയായും, നഗര പ്രദേശങ്ങളിൽ 1000 രൂപയായും വർധിപ്പിച്ചു. ആസൂത്രണ കമ്മീഷൻ ഉപയോഗിച്ചിരിക്കുന്ന മാസ ആളോഹരി ഉപഭോഗച്ചെലവ് (Monthly Percapita Consumption Expenditure-MPCE) ദാരിദ്ര്യമളക്കാനുള്ള ഏറ്റവും മികച്ച പരോക്ഷമാർഗമായിട്ടാണ് വിലയിരുത്തപ്പെടുന്നത്.

4.7. ഇന്ത്യയിലെ ദരിദ്രരുടെ എണ്ണം (The Number of Poor in India)

ഒരു പ്രദേശത്തെ ജനങ്ങളിൽ എത്ര ശതമാനം പേർ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്ന് പ്രതിപാദിക്കുന്നതിനെ തലയെണ്ണൽ അനുപാതം (Head-Count Ratio) എന്നു വിളിക്കുന്നു. ഇന്ത്യയിൽ കാലാകാലങ്ങളായി വ്യത്യസ്ത സ്ഥാപനങ്ങളും, സാമ്പത്തിക ശാസ്ത്ര വിദഗ്ധരും ദരിദ്രരുടെ എണ്ണവും, തലയെണ്ണൽ അനുപാതവും കണക്കാക്കി വരുന്നുണ്ട്. എന്നാൽ ദാരിദ്ര്യത്തെ സംബന്ധിച്ച ഏറ്റവും ആധികാരികമായതും, എല്ലാവരും അംഗീകരിക്കുന്നതും ആസൂത്രണകമ്മീഷൻ കാലാകാലങ്ങളായി പ്രസിദ്ധീകരിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ ആണ്. ആസൂത്രണക്കമ്മീഷനെ പലപ്പോഴും ഇതിന് സഹായിക്കുന്നത് ദേശീയ സാമ്പിൾ സർവേ (National Sample Survey Organisation-NSSO) എന്ന ഏജൻസിയാണ്. എൻ.എസ്സ്.എസ്സ്.ഒ. വ്യത്യസ്ത വർഷങ്ങളിൽ നടത്തുന്ന സർവേകളിൽ ശേഖരിക്കുന്ന മാസ ആളോഹരി ഉപഭോഗച്ചെലവിന്റെ അടിസ്ഥാനത്തിലാണ് രാജ്യത്തെ ദാരിദ്ര്യത്തിന്റെ തോത് ആസൂത്രണക്കമ്മീഷൻ തിട്ടപ്പെടുത്തുന്നത്.

ആയിരത്തിതൊള്ളായിരത്തി എഴുപത്തിമൂന്ന് മുതൽ രണ്ടായിരത്തിപത്ത് വരെയുള്ള ദരിദ്രരുടെ ശതമാനം (തലയെണ്ണൽ അനുപാതം) പട്ടിക 4.1 ൽ നൽകിയിരിക്കുന്നു.

Table 4.1 : ഇന്ത്യയിലെ ഗ്രാമ-നഗര പ്രദേശത്തെ ദരിദ്രർ, 1973-2010 (ശതമാനത്തിൽ)

വർഷം	ഗ്രാമം	നഗരം	ആകെ
1973 - 74	56.4	49.0	54.9
1983	45.7	40.8	44.5
1987 - 88	39.1	38.2	38.9
1993 - 94	37.3	32.4	36.0
1999 - 2000	27.1	23.6	26.1
2004 - 05	28.3	25.7	27.5
2009 - 10	30.9	26.4	29.5

ഉറവിടം: വ്യത്യസ്ത ആസൂത്രണക്കമ്മിഷൻ റിപ്പോർട്ടുകൾ

ദാരിദ്ര്യം സംബന്ധിച്ച പട്ടിക 4.1-ൽ നിന്നും താഴെപ്പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേരാൻ സാധിക്കും.

- 1973 നും 2000 ത്തിനുമിടയിൽ ഗ്രാമ-നഗര ഭേദമെന്യേ ദരിദ്രരുടെ ശതമാനത്തിൽ കുറവ് രേഖപ്പെടുത്തിയിരിക്കുന്നു.
- ഗ്രാമ-നഗര ദരിദ്രരിലുണ്ടായ കുറവിന്റെ ചുവടു പിടിച്ച് ദേശീയ തലത്തിലും ആകെ ദരിദ്രരുടെ ശതമാനത്തിലും ഗണ്യമായ കുറവുണ്ടായി.
- 1970 കളിലെ ദാരിദ്ര്യത്തിന്റെ ശരാശരിയെ (55%) അപേക്ഷിച്ച് 2000-ത്തിൽ എത്തിയപ്പോൾ ദാരിദ്ര്യം ഏകദേശം പകുതിയായി (26%) കുറഞ്ഞു.
- ഗ്രാമീണ ദാരിദ്രരുടെ ശതമാനം എല്ലായിപ്പോഴും നഗര ദരിദ്ര്യരുടെ ശതമാനത്തെക്കാൾ കൂടുതലായിരുന്നു.

- ദരിദ്രരുടെ ശതമാനത്തിൽ ഏറ്റവും വലിയ കുറവ് രേഖപ്പെടുത്തിയത് 1973-1983 കാലഘട്ടത്തിലും 1993-2000 കാലഘട്ടത്തിലുമാണ്.
- 2004-05 ന് ശേഷം ഗ്രാമ-നഗര ഭേദമെന്യേ ദരിദ്രരുടെ ശതമാനത്തിൽ നേരിയ വർധനവ് ദൃശ്യമായി.
- അടുത്തകാലത്തായി ദരിദ്രരുടെ ശതമാനത്തിലുണ്ടായ ചെറിയ വർദ്ധനവ് തീർച്ചയായും ആശങ്ക ജനിപ്പിക്കുന്നതാണ്. ദാരിദ്ര്യം കണക്കാക്കുന്നതിലുള്ള രീതിശാസ്ത്രത്തിന്റെ (methodology) പിശകുമൂലമോ, ദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ പാകപ്പിഴയോ ഇതിന് കാരണമാകാം.

പട്ടിക 4.2-ൽ 1973നും 2012 നും ഇടയിലുള്ള ആകെ ദരിദ്രരുടെ എണ്ണം മില്യണിൽ രേഖപ്പെടുത്തിയിരിക്കുന്നു. കഴിഞ്ഞ നാൽപതുവർഷക്കാലത്തിനുള്ളിൽ ഇന്ത്യയിലെ ആകെ ദരിദ്രരുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ വന്നതായി പട്ടിക വ്യക്തമാക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, ഇന്ത്യയിലെ ആകെ ദരിദ്രരുടെ എണ്ണത്തിൽ സ്ഥിരതയുള്ള കുറവ് ദൃശ്യമല്ല.

Table 4.2 : ഇന്ത്യയിലെ ആകെ ദരിദ്രരുടെ എണ്ണം (1973-74 to 2011-12)

(മില്ല്യണിൽ)*

വർഷം	ഗ്രാമം	നഗരം	ആകെ
1973 - 74	261	60	321
1983	252	71	323
1987 - 88	232	75	307
1993 - 94	244	76	320
1999 - 2000	193	67	260
2004 - 2005	220.9	80.8	301.7
2011 - 12	260.5	102.5	363.0

ഉറവിടം: വ്യത്യസ്ത പ്ലാനിംഗ് കമ്മീഷൻ റിപ്പോർട്ടുകൾ

* ഒരു മില്യൺ എന്നത് പത്തുലക്ഷമാണ്.

ദാരിദ്ര്യത്തിന്റെ ശതമാനത്തിൽ ഗണ്യമായ കുറവ് വരുത്താൻ നമുക്ക് സാധിച്ചതായി പട്ടിക 4.1 സാക്ഷ്യപ്പെടുത്തുന്നു. പക്ഷേ, ദരിദ്രരുടെ ആകെ എണ്ണം നോക്കുമ്പോൾ ഇന്ത്യയുടെ നേട്ടം ഒട്ടും തൃപ്തികരമല്ല എന്നു മനസ്സിലാക്കാൻ കഴിയും. ജനസംഖ്യയിലുള്ള വർധനവ് മൂലമാണ് ആകെ ദരിദ്രരുടെ എണ്ണത്തിൽ കാര്യമായ കുറവ് സംഭവിക്കാത്തത്. പട്ടിക 4.2 ൽ നിന്ന് എത്തിച്ചേരുന്ന പ്രധാന നിഗമനങ്ങൾ താഴെ നല്കിയിരിക്കുന്നു.

- 1973-74 നും 1987-88 നും ഇടയിൽ ഗ്രാമ പ്രദേശങ്ങളിൽ ദരിദ്രരുടെ എണ്ണത്തിൽ

കാര്യമായ കുറവ് ഉണ്ടായി. അതേ സമയം, നഗരപ്രദേശങ്ങളിൽ 1993-94 വരെ ദരിദ്രരുടെ എണ്ണത്തിൽ വർധനവ് രേഖപ്പെടുത്തി.

- ആകെ ദരിദ്രരുടെ എണ്ണം ഏറ്റവും കുറവ് രേഖപ്പെടുത്തിയത് 1993-94നും 1999-2000 ത്തിനുമിടയിലാണ്. ഈ കാലഘട്ടത്തിൽ, ഇന്ത്യയിൽ ആകെ ദരിദ്രരുടെ എണ്ണത്തിൽ 60 മില്ല്യന്റെ കുറവാണ് രേഖപ്പെടുത്തിയത്.
- രണ്ടായിരത്തിനു ശേഷം ദരിദ്രരുടെ എണ്ണത്തിൽ ഗ്രാമ-നഗര ഭേദമെന്യേ വൻ വർധനവ് രേഖപ്പെടുത്തി. ഈ കാലഘട്ടത്തിൽ ഇന്ത്യയിൽ ദരിദ്രരുടെ എണ്ണത്തിൽ 100 മില്യണിൽ അധികം വർധനവ് രേഖപ്പെടുത്തി. ഇതിൽ 60 മില്യണിലധികം വർധനവ് ദൃശ്യമാകുന്നത് 2004ന് ശേഷമാണ്.
- കഴിഞ്ഞ നാല് ദശകത്തിലെ ഏറ്റവും അധികം ദരിദ്രരെ സൃഷ്ടിച്ചത് 2011-12 കാലഘട്ടത്തിലാണ്.
- ദരിദ്രരുടെ എണ്ണം ഗ്രാമ പ്രദേശങ്ങളിൽ നഗരത്തിനെക്കാൾ അധികമാണ്.
- കഴിഞ്ഞ നാല് ദശാബ്ദക്കാലത്ത് ഗ്രാമങ്ങളിലെ ദരിദ്രരുടെ എണ്ണത്തിൽ വർധനവ് രേഖപ്പെടുത്തുന്നില്ല. അതേസമയം, നഗര ദരിദ്രരിൽ ഈ കാലഘട്ടത്തിൽ 70 ശതമാനം വർധനവ് രേഖപ്പെടുത്തി.
- ആകെ ദരിദ്രരുടെ എണ്ണം കുറയ്ക്കുന്നതിൽ നമ്മൾ വളരെ ദൂരം സഞ്ചരിക്കേണ്ടതായി പട്ടിക സൂചന നല്കുന്നു.

ദരിദ്രരുടെ എണ്ണം സംസ്ഥാനതലത്തിൽ (State Level Poverty Estimates)

ഇന്ത്യയിലെ ദരിദ്രരുടെ എണ്ണം എന്നത് സംസ്ഥാന തലത്തിലുള്ള ദരിദ്രരുടെ ആകെതുകയാണ്. പട്ടിക 4.3-ൽ സംസ്ഥാന തലത്തിലുള്ള ദരിദ്രരുടെ എണ്ണവും അവരുടെ ശതമാനവും, ദാരിദ്ര്യത്തെപ്പറ്റി പഠിച്ച രംഗരാജൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നൽകിയിരിക്കുന്നു. രണ്ടായിരത്തിപതിനൊന്ന് പന്ത്രണ്ട് കാലഘട്ടത്തിലെ സംസ്ഥാനതലത്തിലുള്ള ഗ്രാമ-നഗര ദരിദ്രരുടെ ശതമാനം പട്ടികയിൽ നിന്ന് ലഭ്യമാണ്.

ഗ്രാമ-നഗര ദാരിദ്ര്യനിരക്ക് നോക്കുമ്പോൾ, ദരിദ്രരുടെ എണ്ണത്തിലും അവരുടെ ശതമാനത്തിലും സംസ്ഥാനങ്ങൾ തമ്മിൽ വൻ അന്തരം പ്രകടമാണ്.

Table 4.3 : സംസ്ഥാനതല ദരിദ്രരുടെ എണ്ണവും അവരുടെ ശതമാനവും, 2011-12

സംസ്ഥാനം	ആകെ ദരിദ്രർ (കോടിയിൽ)	ശതമാനം(%)	ഗ്രാമം(%)	നഗരം(%)
ആന്ധ്രാപ്രദേശ്	1.17	13.7	12.7	15.6
ആസ്സാം	1.29	40.9	42.0	.34.2
ബീഹാർ	4.38	41.3	40.1	50.8
ഛത്തീസ്ഗഡ്	1.24	47.9	49.2	43.7
ഡെൽഹി	.26	15.6	11.9	15.7
ഗുജറാത്ത്	1.68	27.4	31.4	22.2
ഹരിയാന	.32	12.5	11.0	15.3
ഹിമാചൽ പ്രദേശ്	.07	10.9	11.1	8.8
ജമ്മു-കാശ്മീർ	.19	15.1	12.6	21.6
ജാർഖണ്ഡ്	1.42	42.4	45.9	31.3
കർണ്ണാടക	1.35	21.9	19.8	25.1
കേരളം	.38	11.3	7.3	15.3
മധ്യപ്രദേശ്	3.27	44.3	45.2	42.1
മഹാരാഷ്ട്ര	2.28	20.0	22.5	17.0
ഒറീസ്സ	1.95	45.9	47.8	36.3
പഞ്ചാബ്	.31	11.3	7.4	17.6
രാജസ്ഥാൻ	1.51	21.7	21.4	22.5
തമിഴ്നാട്	1.63	22.4	24.3	20.3
ഉത്തർപ്രദേശ്	8.09	39.8	38.1	45.7
ഉത്തരാഖണ്ഡ്	.18	17.8	12.6	29.5
പശ്ചിമ ബംഗാൾ	2.75	29.7	30.1	29.0
ഇന്ത്യ	36.29	29.5	30.9	26.4

ഉറവിടം: ഗവൺമെന്റ് ഓഫ് ഇന്ത്യ (2014), page -66

പട്ടിക 4.3-ൽ നിന്നുള്ള പ്രധാന നിഗമനങ്ങൾ ചുവടെ കൊടുക്കുന്നു.

- ഇന്ത്യയിൽ ഏറ്റവുമധികം ദരിദ്രരുള്ള സംസ്ഥാനം ഉത്തർപ്രദേശാണ് (8.1 കോടി). ബീഹാർ (4.38 കോടി), മധ്യപ്രദേശ് (3.27 കോടി), പശ്ചിമ ബംഗാൾ (2.75 കോടി), മഹാരാഷ്ട്ര (2.3 കോടി) എന്നീ സംസ്ഥാനങ്ങൾ അടുത്തടുത്ത സ്ഥാനങ്ങളിൽ നിൽക്കുന്നു.

- ഇന്ത്യയിലെ ആകെ ദരിദ്രരുടെ 50 ശതമാനത്തിലധികം ഉത്തർപ്രദേശ്, ബീഹാർ, മധ്യപ്രദേശ്, പശ്ചിമ ബംഗാൾ, മഹാരാഷ്ട്ര മുതലായ സംസ്ഥാനങ്ങളിലാണ്.
- താരതമ്യേന ചെറിയ വടക്കൻ സംസ്ഥാനങ്ങളിൽ ആകെ ദരിദ്രരുടെ എണ്ണം കുറവാണ്.

  ഉദാ. ഛത്തീസ്ഗഡ് (1.2 കോടി), ഉത്തരാഖണ്ഡ് (.18 കോടി). പക്ഷേ, ആകെ ജനസംഖ്യയിൽ ഗ്രാമ-നഗര ഭേദമെന്യേ, ദരിദ്രരുടെ ശതമാനം ഈ സംസ്ഥാനങ്ങളിൽ അധികമാണ്.
- താരതമ്യേന വലിപ്പം കൂടിയ തെക്കൻ സംസ്ഥാനങ്ങളായ ആന്ധ്രപ്രദേശ്, കർണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ ആകെ ദരിദ്രരുടെ എണ്ണം വലിയ വടക്കൻ സംസ്ഥാനങ്ങളേക്കാൾ കുറവാണ്.
- ഇന്ത്യയിൽ ഏറ്റവും കുറവ് ദരിദ്രരുള്ളത് ഉത്തരാഖണ്ഡ് (.18 കോടി), ഡെൽഹി (.26 കോടി), ജമ്മു കശ്മീർ (.19 കോടി), പഞ്ചാബ് (.31 കോടി), ഹരിയാന (.32 കോടി) കേരളം (.38 കോടി) മുതലായ സംസ്ഥാനങ്ങളിലാണ്.
- ശതമാനക്കണക്കിൽ ഇന്ത്യയിലെ ദാരിദ്ര്യം ഏറ്റവും കുറവുള്ള സംസ്ഥാനങ്ങൾ ഹിമാചൽ പ്രദേശ് (10.9%), കേരളം (11.3%), പഞ്ചാബ് (11.3%), ഹരിയാന (12.5%), ആന്ധ്രപ്രദേശ് (13.7%) മുതലായ സംസ്ഥാനങ്ങളാണ്.
- സംസ്ഥാനതലത്തിലും ദരിദ്രരിൽ ഗ്രാമ-നഗര വൈവിധ്യം ദൃശ്യമാണ്.

  ഗ്രാമ പ്രദേശത്ത് ദരിദ്രരുടെ ശതമാനം ഏറ്റവുമധികമുള്ളത് ഛത്തീസ്ഗഡിലാണ് (49.2%). ജാർഖണ്ഡ് (45.9%), മധ്യപ്രദേശ് (45.2%) എന്നീ സംസ്ഥാനങ്ങൾ തൊട്ടു പുറകിൽ നിൽക്കുന്നു.
- നഗര പ്രദേശത്ത് ദരിദ്രരുടെ ശതമാനം ഏറ്റവുമധികമുള്ളത് ബീഹാർ (50.8%), ഉത്തർപ്രദേശ് (45.7%), ഛത്തീസ്ഗഡ് (43.7%), മധ്യപ്രദേശ് (42%) മുതലായ വടക്കൻ സംസ്ഥാനങ്ങളിലാണ്.

ദാരിദ്ര്യത്തിന്റെ കാരണങ്ങൾ (Causes of Poverty)

ദാരിദ്ര്യത്തിന് ബഹുമുഖ തലങ്ങൾ (Multi Diamentional) ഉള്ള ഒരു ആശയമാണ്. ഇതിനെ രണ്ടു രീതിയിൽ വിശകലനം ചെയ്യേണ്ടതായിട്ടുണ്ട്. ഒന്ന് ബ്രിട്ടീഷ് ഭരണവും അതിന്റെ ഫലമായി ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ ചൂഷണവുമാണ് അതിൽ ഏറ്റവും പ്രധാനം. ബ്രിട്ടീഷ് ഭരണം എങ്ങനെ ഇന്ത്യയിലെ ദാരിദ്ര്യത്തെ സ്വാധീനിച്ചു എന്ന് ചുവടെ വിശദീകരിക്കുന്നു.

- ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെ ഒരു പ്രധാന കാരണമായി സാമ്പത്തിക ശാസ്ത്ര വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത് ബ്രിട്ടീഷ് ഭരണകാലത്തെ കോളനിവത്കരണമായിരുന്നു (Colonialisation of Indian economy). ഇന്ത്യയിൽ നിന്നുള്ള അസംസ്കൃത വസ്തുക്കളുടെ (Raw materials) കയറ്റുമതിയും, അന്തിമ ഉൽപ്പന്നങ്ങളുടെ (Finished goods) ഇറക്കുമതിയും, ഇന്ത്യൻ ജനതയുടെ തൊഴിൽ വൻതോതിൽ നഷ്ടപ്പെടുന്നതിനു കാരണമായി. ഇത് ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെ ചരിത്രപരമായ കാഴ്ചപ്പാടാണ്.

- ഇന്ത്യയിലെ സാമ്പത്തിക വിഭവങ്ങൾ (Economic resources) ബ്രിട്ടണിലേക്ക് കടത്തിക്കൊണ്ടുപോയത് രാജ്യത്തിന്റെ സാമ്പത്തിക അടിത്തറ തകരുന്നതിന് കാരണമായി. ഇത് ഇന്ത്യയിൽ ദാരിദ്ര്യം നിലനിൽക്കുന്നതിന് കാരണമായി.

രണ്ടാമതായി, ദാരിദ്ര്യത്തിനുള്ള ചില പൊതുവായ കാരണങ്ങൾ ചുവടെ കൊടുക്കുന്നു.

- കുറഞ്ഞ വരുമാനം (Low income)
- ആസ്തിയില്ലായ്മ (Lack of assets)
- തൊഴിലില്ലായ്മ (Unemployment)
- അസമത്വം (Inequality)
- സാമൂഹിക ഒറ്റപ്പെടൽ (Social exclusion)
- ചൂഷണം (Exploitation)
- ഋണബാധ്യത (Indebtness)
- താഴ്ന്ന മൂലധന നിക്ഷേപം (Low capital formation)
- ജനസംഖ്യ വിസ്ഫോടനം (Population explosion)
- അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് (Lack of infrastructure facilities)
- പണപ്പെരുപ്പം (Inflation)
- കുറഞ്ഞ ചോദനം (Lack of demand)
- സാമൂഹിക-സാമ്പത്തിക സുരക്ഷയുടെ അഭാവം (Lack of socio-economic nets)
- കാർഷിക മുരടിപ്പ് (Stagnation in agriculture)
- വ്യാവസായിക മുരടിപ്പ് (Industrial stagnation)
- കാര്യക്ഷമമല്ലാത്ത ഭൂപരിഷ്ക്കരണം (Ineffective land reform measures)

ദാരിദ്ര്യനിർമ്മാർജന നയങ്ങളും പരിപാടികളും
(Policies and Programmes Towards Poverty Alleviation)

ഇന്ത്യയിൽ ദാരിദ്ര്യ നിർമ്മാർജനത്തിനായി വ്യത്യസ്ത പരിപാടികൾ ഗവൺമെന്റ് നടപ്പാക്കി വരുന്നതായി നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുമല്ലോ? പല വികസിത രാജ്യങ്ങളിലും (Developed countries) ശ്രദ്ധേയമായ പരിപാടികളിലൂടെ ദാരിദ്ര്യം മുഴുവനായി തുടച്ചു നീക്കാൻ സാധിച്ചതായി പഠനങ്ങൾ തെളിയിക്കുന്നു. എന്നാൽ, പല വികസ്വര രാജ്യങ്ങളിലും (Developing countries) ദാരിദ്ര്യ നിർമ്മാർജനം ഇപ്പോഴും ഒരു മരീചികയായി തുടരുന്നു. വികസിത രാജ്യങ്ങൾ പലതും നേടിയ സാമ്പത്തിക വളർച്ചയും, തുടർന്നുണ്ടായ ജോലി സാധ്യതകളും ദാരിദ്ര്യം തുടച്ചുനീക്കാൻ സഹായകമായി. ഇന്ത്യയിലും ഇതുപോലെ സാമ്പത്തിക വളർച്ചയിലൂടെ ദാരിദ്ര്യം തുടച്ചു നീക്കാൻ സാധിക്കുമെന്ന് രാജ്യത്തെ സാമ്പത്തിക വിദഗ്ധർ ആദ്യകാലത്ത് വിശ്വസി

Table 4.4

ഗവൺമെന്റ് നടപ്പാക്കിയ പ്രധാനപ്പെട്ട ദാരിദ്ര്യനിർമ്മാർജന പദ്ധതികൾ (1952–2005)

പദ്ധതിയുടെ പേര്	വർഷം	പദ്ധതിയുടെ പ്രധാന ലക്ഷ്യം
1. സാമൂഹിക വികസന പദ്ധതി Community Development Programme (CDP)	1952	കാർഷിക വികസനം, അടിസ്ഥാന സൗകര്യ വികസനം, മനുഷ്യ വിഭവ ശേഷി വികസനം മുതലായവ
2. വരൾച്ച ബാധിത പ്രദേശങ്ങൾ ക്കായുള്ള പദ്ധതി Drought prone Area Programme (DPAP)	1973	വരൾച്ചയുടെ ആഘാതം കുറയ്ക്കുക, കൃഷിയും കന്നുകാലി സമ്പത്തും സംരക്ഷിക്കുക.
3. കമാൻഡ് ഏരിയ വികസന പദ്ധതി Command Area Development Programme (CADP)	1974	കാർഷിക ഉൽപ്പാദനം വർധിപ്പിക്കുക, മഴവെള്ള സംഭരണം, ജലസംരക്ഷണം മുതലായവ ഉറപ്പുവരുത്തുക.
4. മിനിമം നീഡ്സ് പ്രോഗ്രാം Minimum Needs Programme (MNP)	1974	പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ വർധിപ്പിക്കുക, വയോജന വിദ്യാഭ്യാസം തുടങ്ങുക, വൈദ്യുതീകരണം, ഭവന നിർമ്മാണം മുതലായവ വിപുലമാക്കുക.
5. ഇരുപതിന പരിപാടി Twenty Point Programme (TPP)	1975	ദാരിദ്രനിർമ്മാർജനം, ഭക്ഷ്യ സുരക്ഷ, എല്ലാവർക്കും വീട്, പരിസ്ഥിതി സംരക്ഷണം മുതലായവ.
6 ജോലിക്കുപകരം ഭക്ഷണം പദ്ധതി Food for Work Programme (FFW)	1977	പോഷകാഹാര ലഭ്യത ഉറപ്പു വരുത്തുക ദാരിദ്ര്യം തുടച്ചു നീക്കുക.
7 ഗ്രാമീണ യുവതീ-യുവാക്കൾക്ക് സ്വയം തൊഴിലിനുവേണ്ടിയുള്ള പരിശീലനപദ്ധതി Training for Youth for Self-Employment (TRYSEM)	1979	തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള സാങ്കേതിക പരിശീലനം നല്കുക.
8 സംയോജിത ഗ്രാമ വികസന പദ്ധതി Integrated Rural Development Programme(IRDP)	1980	സ്വയം തൊഴിൽ കണ്ടെത്തുന്നതിലൂടെ ദാരിദ്ര്യനിർമ്മാർജനം

പദ്ധതിയുടെ പേര്	വർഷം	പദ്ധതിയുടെ പ്രധാന ലക്ഷ്യം
9. ദേശീയ ഗ്രാമീണ തൊഴിൽ പദ്ധതി National Rural Employment Programme - (NREP)	1980	ഗ്രാമീണർക്ക് കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കുക. ഭൂരഹിതരുടെ ഉന്നമനം
10. ഗ്രാമീണ ഭൂരഹിതർക്കുള്ള തൊഴിലുറപ്പു പദ്ധതി Rural Landless Employment Guarantee Programme (RLEGP)	1982	
11. ഇന്ദിര ആവാസ് യോജന Indira Awas Yojana (IAY)	1985	ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സഹായം, ഭവന നിർമ്മാണം.
12 തൊഴിലുറപ്പു പദ്ധതി Employment Assurance Scheme (EAS)	1993	അവിദഗ്ധ ഗ്രാമീണ കൈ തൊഴിലാളിക്ക് വർഷം 100 ദിവസം തൊഴിൽ നൽകുക.
13 സ്വർണ ജയന്തി ഗ്രാമ സരോസ്ഗാർ യോജന Swarna Jayanthi Gram Sarosgar Yojana (SGSY)	1999	ദരിദ്രരുടെ സ്വയം സഹായ സംഘം രൂപികരിക്കുക, സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുക.
14. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - (National Rural Employment Guarantee Programme (NREGP) ഇപ്പോൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പരിപാടി (MGNREGP) എന്നറിയപ്പെടുന്നു.	2005	പണിയെടുക്കാൻ തയാറുള്ള ആർക്കും ജോലി, 100 ദിവസംതൊഴിൽ.

ഒക്ടോബർ 17: ദാരിദ്ര്യനിർമ്മാർജന ദിനം

എല്ലാ വർഷവും ഒക്ടോബർ 17 ദാരിദ്ര്യനിർമ്മാർജന ദിനമായി ഐക്യരാഷ്ട്ര സഭ ആചരിച്ചുവരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ദാരിദ്ര്യത്തിലും പട്ടിണിയിലും മരിക്കാനിടയായവരെ സ്മരിക്കാനായി 1987 ഒക്ടോബർ 17ന് ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസിൽ ആയിരക്കണക്കിനാളുകൾ തടിച്ചുകൂടിയതിൽ നിന്നാണ് ഈ ദിനാചരണത്തിന്റെ തുടക്കം.

'ആരേയും ഒഴിവാക്കരുത് - കൊടിയ ദാരിദ്ര്യത്തിനെതിരെ ചിന്തിക്കുക, തീരുമാനമെടുക്കുക, ഒരുമിച്ചു പ്രവർത്തിക്കുക' എന്നതാണ് 2014 ലെ ദാരിദ്ര്യനിർമ്മാർജ്ജനദിനത്തിന്റെ സന്ദേശം.

ച്ചിരുന്നു. പക്ഷേ, സാമ്പത്തിക വളർച്ചയിലൂടെ ദാരിദ്ര്യത്തിൽ ഗണ്യമായ കുറവ് വരുത്താൻ നമുക്ക് സാധിച്ചില്ല. ആയതിനാൽ, പിന്നീട് വന്ന ഗവൺമെന്റുകൾ നേരിട്ടുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിലേക്ക് തിരിഞ്ഞു. സ്വാതന്ത്ര്യത്തിനുശേഷം പ്രത്യക്ഷമായോ, പരോക്ഷമായോ ദാരിദ്ര്യ നിർമ്മാർജനത്തിനായി നടപ്പാക്കിയ പദ്ധതികൾ പട്ടിക 4.4 ൽ നൽകിയിരിക്കുന്നു.

ദാരിദ്ര്യ നിർമാർജന പരിപാടികൾ: ഒരു വിമർശനാത്മക വിലയിരുത്തൽ (Poverty Alleviation Programmes: A Critical Assessment)

ഇന്ത്യയിൽ ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾക്ക് ഒരു കുറവും ഇല്ലെന്ന് പട്ടിക 4.4 പരിശോധിച്ചാൽ മനസ്സിലാകും. ദരിദ്രരുടെ എണ്ണവും അവരുടെ ശതമാനവും രണ്ടായിരം വരെ കുറഞ്ഞു എങ്കിലും, അടുത്തകാലത്തായി അവരുടെ എണ്ണത്തിലുണ്ടായ നേരിയ വർധനവ് ആശങ്ക ജനിപ്പിക്കുന്നവയാണ്. ആഗോളതലത്തിൽപോലും ദാരിദ്ര്യത്തിന്റെ നിരക്കിൽ കാര്യമായ കുറവ് വന്നപ്പോഴാണ് ഇന്ത്യയിലെ ഈ പ്രതിഭാസം എന്നത് ശ്രദ്ധേയമാണ്. ദാരിദ്ര്യ നിർമ്മാർജനത്തിനായി ഗവൺമെന്റ് അവലംബിക്കുന്ന ബഹുമുഖതന്ത്രം കാര്യമായ ഫലപ്രാപ്തി സൃഷ്ടിച്ചിട്ടില്ല എന്നുവേണം അനുമാനിക്കാൻ. ആയതിനാൽ, ദാരിദ്ര്യ നിർമ്മാർജനത്തിന്റെ ഗതിവേഗം കൂട്ടുകയും, നിലവിലുള്ള പദ്ധതികളുടെ പോരായ്മകൾ നീക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ദാരിദ്ര്യ നിർമ്മാർജന പദ്ധതികളിൽ നിന്ന് ഒഴിവാകുകയോ, ഒഴിവാക്കപ്പെട്ടവരുമായ ദരിദ്ര ജനവിഭാഗത്തെ കണ്ടെത്തുകയും അവർക്കായി നൂതന പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

ദാരിദ്ര്യ നിർമ്മാർജന പദ്ധതികളിൽ താഴെപ്പറയുന്ന പോരായ്മകൾ സാധാരണയായി കണ്ടു വരുന്നു.

- ഇന്ത്യയിലെ ജനങ്ങളുടെ പ്രധാന സമ്പത്തായി ഇപ്പോഴും കരുതുന്നത് ആളുകളുടെ കൈവശമുള്ള ഭൂമിയാണ്. ഭൂപരിഷ്കരണം ശരിയായ രീതിയിൽ നടപ്പാക്കാത്തതിനാൽ ഭൂരഹിത കർഷകർക്കും, കർഷക തൊഴിലാളികൾക്കും, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും കാര്യമായി ഭൂമി ലഭിച്ചിട്ടില്ല. അതിനാൽ അവർ ദരിദ്രരായി പിൻതള്ളപ്പെടുന്നു.
- ദാരിദ്ര്യ നിർമ്മാർജനത്തിനായി ചിലവഴിക്കുന്ന തുക ദരിദ്രരുടെ എണ്ണവുമായി തട്ടിച്ചു നോക്കുമ്പോൾ തുലോം കുറവാണ്. അങ്ങനെയുള്ള തുക പലപ്പോഴും എത്തിച്ചേരുന്നത് ദരിദ്രരല്ലാത്ത ജനവിഭാഗത്തിന്റെ കൈകളിലേക്കാണ്.
- ദാരിദ്ര്യ നിർമ്മാർജന മേഖലയിൽ പ്രവർത്തിക്കുന്ന പലരും ഈ മേഖലയിൽ ശരിയായ പരിശീലനം ലഭിക്കാത്തവരോ അഴിമതിക്കാരോ കാര്യശേഷിയില്ലാത്തവരോ ആകാം. ഇത്തരം പോരായ്മകൾ ദാരിദ്ര്യനിർമ്മാർജന പദ്ധതികളുടെ താളം തെറ്റിക്കുന്നു.

സംഗ്രഹം (Summary)

ഇന്ത്യയുടെ സാമ്പത്തികവികസനം എന്ന പുസ്തകത്തിൽ ഏറ്റവും പ്രാധാന്യമേറിയ ഒരു അധ്യായമാണ് ദാരിദ്ര്യത്തെ സംബന്ധിച്ച പഠനം. ഈ പാഠത്തിൽ ദാരിദ്ര്യത്തിന്റെ

വ്യത്യസ്ത തലങ്ങളെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ദാരിദ്ര്യത്തെ എങ്ങനെ നിർവ്വചിക്കാം, എങ്ങനെ അളക്കാം, ദാരിദ്ര്യനിർമ്മാർജന പദ്ധതികൾ ഏതൊക്കെ എന്നിവ മനസ്സിലാക്കുകയാണ് ഈ പാഠത്തിന്റെ പ്രധാന ഉദ്ദേശ്യം. ഇന്ത്യൻ സമ്പദ്വ്യവസ്ഥ അഭിമുഖീകരിക്കുന്ന ഒരു സുപ്രധാന വിഷയത്തിലേക്ക് ഈ അധ്യായം വിരൽചൂണ്ടുന്നു.

ദാരിദ്ര്യമെന്നുള്ളത് ഒരു സാമൂഹിക-സാമ്പത്തിക പ്രശ്നമെന്ന നിലയിൽ അതിന്റെ തീവ്രത കുറച്ചുകൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. ഇന്ത്യയുടെ അനുഭവത്തിൽ നിന്നും സാമ്പത്തിക വളർച്ചയിലൂടെ മാത്രം ദാരിദ്ര്യം തുടച്ചുമാറ്റാൻ സാധ്യമല്ല എന്നു തെളിഞ്ഞതാണ്. അതുകൊണ്ട് സാമ്പത്തിക വളർച്ചയോടൊപ്പം, സമൂഹത്തിൽ കഷ്ടത അനുഭവിക്കുന്ന എല്ലാ ജന വിഭാഗങ്ങളെയും വികസന പ്രക്രിയയിൽ ഉൾപ്പെടുത്തിയാൽ മാത്രമേ ദാരിദ്ര്യനിർമ്മാർജനം ശരിയായി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി എല്ലാവരെയും ഉൾക്കൊണ്ടുള്ള വളർച്ച (Inclusive Growth) എന്ന ആശയത്തിന് പ്രാധാന്യം നൽകിയിരിക്കുകയാണ്. സ്വയം തൊഴിൽ പദ്ധതികൾ, തൊഴിലുറപ്പു പദ്ധതി, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം മുതലായവ കാര്യക്ഷമമായി നടപ്പാക്കിയാൽ ഇന്ത്യയിൽ ദാരിദ്ര്യത്തിന്റെ നിരക്കിൽ ഗണ്യമായ കുറവ് വരുത്താൻ സാധിക്കും. ഇതിനായി ദാരിദ്ര്യനിർമ്മാർജന പദ്ധതിയിലെ ചോർച്ചകൾ ഒഴിവാക്കുകയും, പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്യേണ്ടത് കാലത്തിന്റെ ആവശ്യകതയായി മാറിയിരിക്കുന്നു.

പദപരിചയം

ദാരിദ്ര്യം (Poverty)

സമൂഹത്തിലുള്ള വ്യക്തിക്ക് ജീവിക്കാൻ ലഭിക്കേണ്ട അടിസ്ഥാനപരമായ വസ്ത്രം, ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം മുതലായവ ലഭ്യമല്ലെങ്കിൽ അവരെ ദരിദ്രരായി കണക്കാക്കാം.

ദാരിദ്ര്യരേഖ (Poverty Line)

ദരിദ്രരെയും ദാരിദ്ര്യമില്ലാത്തവരെയും വേർതിരിക്കുന്ന ഒരു സാങ്കല്പിക രേഖയാണ് ദാരിദ്ര്യരേഖ.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ (Below Poverty line)

ദാരിദ്ര്യരേഖ എന്ന സാങ്കല്പിക രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ BPL കുടുംബങ്ങൾ എന്നു വിളിക്കുന്നു.

ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർ (Above Poverty Line)

ദാരിദ്ര്യരേഖ എന്ന സാങ്കല്പിക രേഖയ്ക്ക് മുകളിലുള്ള കുടുംബങ്ങളെ APL കുടുംബങ്ങൾ എന്നു വിളിക്കുന്നു.

കലോറിമൂല്യം (Calorie Intake)

നമ്മൾ കഴിക്കുന്ന ഭക്ഷണത്തിൽ നിന്നു കിട്ടുന്ന ഊർജത്തിന്റെ അളവുകോലാണ് കലോറിമൂല്യം.

വിലയിരുത്തൽ ചോദ്യങ്ങൾ

1. ജയിൽ ജീവിതച്ചെലവ് എന്ന ആശയം ആരുടെ സൃഷ്ടിയാണ്.
2. വിവിധ ദരിദ്ര വിഭാഗങ്ങളെ തരംതിരിക്കുക.
3. ദാരിദ്ര്യരേഖ നിർവചിക്കുക.
4. ഇന്ത്യയിലെ സംസ്ഥാന തലത്തിലുള്ള ദാരിദ്ര്യനിരക്കുകൾ വിശകലനം ചെയ്യുക.
5. ഇന്ത്യയിൽ നടപ്പാക്കിയ ദാരിദ്ര്യനിർമ്മാർജന പദ്ധതികളും അവയുടെ ലക്ഷ്യങ്ങളെയുംകുറിച്ച് കുറിപ്പ് തയാറാക്കുക.
6. ദാരിദ്ര്യത്തിനുള്ള കാരണങ്ങൾ കണ്ടെത്തുക
7. ചേരുംപടിചേർക്കുക

A	B	C
ദാദാഭായ് നവറോജി	APL	2005
ദരിദ്രർ	NREGP	BPL
ദാരിദ്ര്യനിർമ്മാർജനപദ്ധതി	2400	2100
കലോറിമൂല്യം	ജയിൽജീവിതച്ചെലവ്	ദരിദ്രരെ ആദ്യമായി നിർണയിക്കൽ

സ്വയം വിലയിരുത്തൽ

	പൂർണമായി കഴിയുന്നു	ഭാഗികമായി കഴിയുന്നു	മെച്ചപ്പെടേണ്ടതുണ്ട്
• ദാരിദ്ര്യം നിർവചിക്കാൻ			
• ആരാണ് ദരിദ്രർ എന്നു വിശദീകരിക്കാൻ			
• ദരിദ്രരെ തരംതിരിക്കുന്ന രീതി വ്യക്തമാക്കാൻ			
• കലോറിമൂല്യം നിശ്ചയിക്കാൻ			
• ദാരിദ്ര്യത്തിന്റെ കാരണങ്ങൾ നിരത്താൻ			
• ദാരിദ്ര്യനിർമ്മാർജന പദ്ധതികളെ അവലോകനം ചെയ്യാൻ			

തുടർ വായനയ്ക്ക്

അഖിൽ ഗുപ്ത (2012). "റെഡ് ടേപ്പ്: ബ്യൂറോക്രസി, സ്ട്രക്ച്ചറൽ വയലൻസ് ആന്റ് പോവർട്ടി ഇൻ ഇന്ത്യ", ഓറിയന്റ് ബാലീശ്വൻ.

ഗവൺമെന്റ് ഓഫ് ഇന്ത്യ (2014). "റിപ്പോർട്ട് ഓഫ് ദി എക്സ്പെർട്ട് ഗ്രൂപ്പ് ടു റിവ്യൂ ദി മെത്തഡോളജി ഫോർ മെഷർമെന്റ് ഓഫ് പോവർട്ടി", ഗവൺമെന്റ് ഓഫ് ഇന്ത്യ, പ്ലാനിംഗ് കമ്മീഷൻ, ന്യൂഡൽഹി, ജൂൺ 2014.

കുൽവന്ത് റായ് ഗുപ്ത (2008). "പോവർട്ടി ഇൻ ഇന്ത്യ", അറ്റ്ലാന്റിക്ക് പബ്ലിഷേഴ്സ് & ഡിസ്ട്രിബ്യൂട്ടേഴ്സ്.

സുബ്രഹ്മണ്യം എസ്. (2001). "ഇൻഡ്യാസ് ഡെവലപ്പ്മെന്റ് എക്സ്പീരിയൻസ്" : സെലക്ടഡ് റൈറ്റിംഗ്സ് ഓഫ് എസ്. ഗുഹാൻ (എ.ഡി.), ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ന്യൂയോർക്ക്.

സെൻ, അമർത്യ (1982). "പോവർട്ടി ആന്റ് ഫാമിൻസ്, ആൻ എസ്സേയ്സ് ഓൺ എന്റൈറ്റിൽമെന്റ് ആന്റ് ഡിപ്രിവേഷൻ", ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ന്യൂയോർക്ക്.

സെൻ, അമർത്യ&ഡ്രീസ്, ജീൻ (1989). "ഹംഗർ ആന്റ് പബ്ലിക് ആക്ഷൻ", ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ന്യൂയോർക്ക്.

സെൻ, അമർത്യ (1999). "ഡെവലപ്പ്മെന്റ് ആസ് ഫ്രീഡം", ന്യൂയോർക്ക്, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ന്യൂയോർക്ക്.

5

മനുഷ്യമൂലധന രൂപീകരണം ഇന്ത്യയിൽ

ആമുഖം

ലോകത്ത് പ്രകൃതിവിഭവങ്ങളാൽ സമ്പന്നമായ ഒട്ടേറെ രാജ്യങ്ങൾ പരമദരിദ്രരായി കഴിയുന്നുണ്ട്. എന്നാൽ പ്രകൃതി വിഭവങ്ങൾ വളരെ ശുഷ്കമായിരുന്നിട്ടും അതീവ സമ്പന്നരായി കഴിയുന്ന മറ്റ് ചില രാജ്യങ്ങളുമുണ്ട്. ഈ വൈരുധ്യത്തിന്റെ കാരണങ്ങളെക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? കാരണങ്ങൾ പലതുണ്ട്. പ്രധാനപ്പെട്ടൊരു കാരണം മനുഷ്യമൂലധനം ആണ്. പ്രകൃതി വിഭവങ്ങൾ ധാരാളമുണ്ടായിട്ടും ത്വരിതമായ സാമ്പത്തിക വളർച്ച കൈവരാത്തതിന്റെ പ്രധാന കാരണം മനുഷ്യമൂലധനം പരിമിതമാണെന്നതാണ്. ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ മനുഷ്യമൂലധന രൂപീകരണത്തിനുള്ള പ്രാധാന്യമാണ് ഈ വിശദീകരണം വ്യക്തമാക്കുന്നത്. എന്താണ് മനുഷ്യമൂലധന രൂപീകരണമെന്നും അതിന്റെ ഉറവിടങ്ങൾ ഏതൊക്കെയാണെന്നും ഇന്ത്യയുടെ മനുഷ്യമൂലധനത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുമാണ് ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നത്.

പഠനനേട്ടങ്ങൾ

- മനുഷ്യമൂലധനം, മനുഷ്യ മൂലധന രൂപീകരണം ഇവ എന്തെന്ന് നിർവചിക്കുന്നു.
- മനുഷ്യമൂലധന രൂപീകരണത്തിന്റെ ഉറവിടങ്ങൾ ഏതൊക്കെയാണെന്ന് പട്ടികപ്പെടുത്തുകയും ഓരോന്നിന്റെയും പ്രാധാന്യം ചർച്ച ചെയ്യുകയും ചെയ്യുന്നു.
- ഭൗതികമൂലധനം, ഭൗതിക മൂലധന രൂപീകരണം എന്നിവ എന്തെന്ന് വ്യാഖ്യാനിക്കുന്നു.
- മനുഷ്യമൂലധനം, ഭൗതിക മൂലധനം എന്നിവയുടെ സമാനതകളും വൈജാത്യങ്ങളും താരതമ്യം ചെയ്യുന്നു.
- സാമ്പത്തിക വികസനത്തിൽ മനുഷ്യമൂലധന രൂപീകരണത്തിന്റെ പ്രാധാന്യം ചർച്ച ചെയ്യുന്നു.
- വിജ്ഞാന സമ്പദ്‌വ്യവസ്ഥ എന്ന നിലയിലുള്ള ഇന്ത്യയുടെ വളർച്ചയെ വിശകലനം ചെയ്യുന്നു.
- വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ ഗവൺമെന്റ് ഇടപെടൽ ആവശ്യമാണോയെന്ന് വിമർശനാത്മകമായി വിലയിരുത്തുന്നു.
- വിദ്യാഭ്യാസ ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന നിയന്ത്രകസ്ഥാപനങ്ങളെ പട്ടികപ്പെടുത്തുന്നു.
- വിദ്യാഭ്യാസ രംഗത്ത് ഇന്ത്യ കൈവരിച്ച നേട്ടങ്ങളെ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുന്നു.
- വിദ്യാഭ്യാസ രംഗത്ത് ഇന്ത്യ നേരിടുന്ന വെല്ലുവിളികളെ ചാർട്ട് ചെയ്യുകയും അവയുടെ പരിഹാരമാർഗങ്ങൾ നിർദേശിക്കുകയും ചെയ്യുന്നു.

പ്രധാന ആശയങ്ങൾ

മനുഷ്യമൂലധന രൂപീകരണം, യഥാർഥ ദേശീയ വരുമാനം, സാമ്പത്തിക വളർച്ച, ശിശു മരണനിരക്ക്, കുടിയേറ്റം, ഫെഡറൽ സംവിധാനം, ഭൗതിക മൂലധന രൂപീകരണം, ഗ്രോസ് എൻറോൾമെന്റ് അനുപാതം.

മനുഷ്യമൂലധനവും മനുഷ്യമൂലധന രൂപീകരണവും

വിദ്യാഭ്യാസമില്ലാത്ത, ഒരു തൊഴിലിലും പരിശീലനം നേടാത്ത, സാങ്കേതിക പരിജ്ഞാനമൊന്നുമില്ലാത്ത ഒരാളെക്കുറിച്ച് ചിന്തിച്ചു നോക്കൂ. അങ്ങനെയുള്ള ഒരാളുടെ വരുമാനവും ഉൽപ്പാദനശേഷിയും കുറവായിരിക്കും. ദേശീയോൽപ്പാദനത്തിലേക്ക് അയാൾക്ക് ഗണ്യമായ സംഭാവനകളൊന്നും നൽകുവാൻ കഴിയില്ല. മുകളിൽ പ്രതി

പാദിച്ച വ്യക്തിയെപ്പോലെയുള്ളവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം, പരിശീലനം എന്നിവ നൽകുന്നതിലൂടെ അവരെ മനുഷ്യമൂലധനമാക്കി (മനുഷ്യ വിഭവം) മാറ്റുവാൻ കഴിയും.

വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, പരിശീലനം എന്നിവയിലൂടെ ഒരു രാജ്യത്ത് മെച്ചപ്പെട്ട മനുഷ്യവിഭവം സൃഷ്ടിക്കുന്ന പ്രക്രിയയാണ് മനുഷ്യമൂലധന രൂപീകരണം. ഇന്ത്യയുടെ സോഫ്റ്റ്വെയർ കമ്പനികൾ ധാരാളം വികലാംഗർക്ക് തൊഴിൽ നൽകുന്നുണ്ട്. വികലാംഗരാണെങ്കിലും വിദ്യാഭ്യാസം, പരിശീലനം എന്നിവയിലൂടെ അവർ മികച്ച മനുഷ്യമൂലധനമായി മാറിയതിനാലാണ് സോഫ്റ്റ്വെയർ കമ്പനികളിൽ തൊഴിൽ നേടാൻ കഴിയുന്നത്.

പഠനപ്രവർത്തനം:- നിങ്ങളുടെ പ്രദേശത്തെ ആളുകളുടെ വരുമാനം, വിദ്യാഭ്യാസം എന്നിവയെ സംബന്ധിച്ച് പഠനം നടത്തുക. ഇവ തമ്മിൽ ഏതെങ്കിലും സഹബന്ധം കണ്ടെത്തുവാൻ സാധിക്കുന്നുണ്ടോ?

മനുഷ്യമൂലധനവും സാമ്പത്തിക വളർച്ചയും

ഒരു രാജ്യത്തിന്റെ ദേശീയ വരുമാനത്തിലുണ്ടാകുന്ന വർധനവിനെയാണ് സാമ്പത്തികവളർച്ച (Economic Growth) എന്നത് കൊണ്ടർഥമാക്കുന്നത്.

അഭ്യസ്തവിദ്യനായ ഒരാൾക്ക് നിരക്ഷരനായ ഒരാളെക്കാൾ ദേശീയ വരുമാനത്തിലേക്ക് കൂടുതൽ സംഭാവന ചെയ്യാൻ കഴിയും. അതുപോലെ തന്നെ ആരോഗ്യമുള്ള ഒരാൾക്ക് ആരോഗ്യമില്ലാത്ത ഒരാളെക്കാൾ സാമ്പത്തിക വളർച്ചയിൽ പങ്കാളിയാകാൻ കഴിയും. അതിനാൽ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കുടിയേറ്റം, ആരോഗ്യസംരക്ഷണം എന്നിവ ഒരു വ്യക്തിയുടെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നു. മാത്രമല്ല ശാസ്ത്രസാങ്കേതിക പുരോഗതികളെപ്പറ്റി ശരിയായ ധാരണ ഉണ്ടാക്കുന്നതിനും അത്യാധുനിക സാങ്കേതികവിദ്യ സ്വീകരിക്കുന്നതിനും വിവിധ തരത്തിലുള്ള കണ്ടുപിടുത്തങ്ങൾക്കും മനുഷ്യമൂലധന രൂപീകരണം വഴിതെളിക്കുന്നു. അതിനാൽ മനുഷ്യമൂലധന രൂപീകരണം സാമ്പത്തിക വളർച്ചയ്ക്ക് കാരണമാകുന്നുവെന്ന് പറയാൻ കഴിയും.

സാമ്പത്തിക വളർച്ചയിൽ മനുഷ്യമൂലധനത്തിന്റെ പ്രാധാന്യം പതിറ്റാണ്ടുകൾക്ക് മുമ്പേ ഇന്ത്യ തിരിച്ചറിഞ്ഞിരുന്നു. ഏഴാം പഞ്ചവത്സര പദ്ധതിക്കാലത്ത് മനുഷ്യമൂലധന വളർച്ചയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു വികസന തന്ത്രമായിരുന്നു നാം സ്വീകരിച്ചത്. മനുഷ്യമൂലധനവും സാമ്പത്തിക പുരോഗതിയും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുന്നതിന് ഇന്ത്യ യുടെ ആരോഗ്യ വിദ്യാഭ്യാസ സാമ്പത്തിക മേഖലയിലെ തിരഞ്ഞെടുത്ത സൂചകങ്ങളുടെ ഒരു പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 5.1

പ്രധാനപ്പെട്ട വിദ്യാഭ്യാസ ആരോഗ്യസൂചകങ്ങൾ

ഇനങ്ങൾ		1951	1981	1991	2001	2010 - 12
യഥാർഥ ആളോഹരി വരുമാനം (രൂപയിൽ)		5708	8594	11535	16172	38037
മരണനിരക്ക് (1000 പേർക്ക്)		25.1	12.5	9.8	8.1	7.2
ശിശുമരണനിരക്ക്		146	110	80	63	47
ആയുർദൈർഘ്യം	പുരുഷൻ	37.2	54.1	59.7	63.9	64
	സ്ത്രീ	36.2	54.7	60.9	66.9	67.6
സാക്ഷരതാ നിരക്ക് (ശതമാനം)		16.67	43.57	52.27	65.2	74

Source: Economic Survey 2012.

1951 മുതൽ 2012 വരെയുള്ള കാലഘട്ടത്തിൽ യഥാർഥ ആളോഹരി വരുമാനം (Real Percapita Income) വർധിച്ചുവരുന്നതായി മുകളിലത്തെ പട്ടിക വ്യക്തമാക്കുന്നു. സാമ്പത്തിക രംഗത്തുള്ള വളർച്ചയോടൊപ്പം മരണനിരക്ക്, ശിശുമരണനിരക്ക് എന്നിവ ഗണ്യമായി കുറയുകയും പ്രതീക്ഷിത ആയുസ് വർധിക്കുകയും ചെയ്തു. ഇത് ആരോഗ്യ രംഗത്തെ പുരോഗതിയെ സൂചിപ്പിക്കുന്നു. ഈ കാലഘട്ടത്തിൽ സാക്ഷരതാ നിരക്കും വർധിക്കുന്നതായി കാണാം. ഇത് ജനങ്ങളുടെ വിദ്യാഭ്യാസ നിലവാരത്തിലുണ്ടായ പുരോഗതിയെ വ്യക്തമാക്കുന്നു. ആഗോളതലത്തിലുള്ള അനുഭവവും ഇത് തന്നെയാണ്. മനുഷ്യമൂലധന രൂപീകരണവും സാമ്പത്തിക വളർച്ചയും പരസ്പര പൂരകങ്ങളാണെന്നാണ് ഇതിലൂടെ വ്യക്തമാക്കുന്നത്.

പഠനപ്രവർത്തനം:- **മനുഷ്യമൂലധന രൂപീകരണവും സാമ്പത്തിക പുരോഗതിയും പരസ്പര പൂരകങ്ങളാണ്. ഇന്ത്യയുടെ പശ്ചാത്തലത്തിൽ ഈ പ്രസ്താവന പരിശോധിക്കുക.**

മനുഷ്യമൂലധനത്തിന്റെ ഉറവിടങ്ങൾ

ഒരു വ്യക്തിയുടെ കഴിവ്, കാര്യക്ഷമത എന്നിവ ഉയർത്തുന്നതിന് സഹായകമാകുന്ന ഉറവിടങ്ങൾ നിരവധിയാണ്. അവയിൽ പ്രധാനപ്പെട്ടവ

വിദ്യാഭ്യാസം

വിദ്യാഭ്യാസം ഒരാളുടെ സാമൂഹികകാഴ്ചപ്പാടിനെ മാറ്റുകയും പുതിയ സാങ്കേതിക വിദ്യകൾ സ്വീകരിക്കുവാൻ പ്രാപ്തനാക്കുകയും ചെയ്യുന്നു. കൂടാതെ ഉപരിപഠനം, തൊഴിൽ എന്നിവയെ സംബന്ധിച്ച തിരഞ്ഞെടുക്കലുകൾ മെച്ചപ്പെട്ടതാക്കാൻ അയാളെ സഹായിക്കുന്നു. ഇതെല്ലാം അയാളുടെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നു. അതിനാൽ വിദ്യാഭ്യാസത്തിന് വേണ്ടി നടത്തുന്ന എല്ലാ നിക്ഷേപങ്ങളും മനുഷ്യമൂലധന രൂപീകരണത്തിന്റെ ഉറവിടമാണ്.

ആരോഗ്യം

ആരോഗ്യവാനല്ലാത്ത ഒരു വ്യക്തിയുടെ ഉൽപ്പാദനക്ഷമത കുറവായിരിക്കും. അതിനാൽ ആരോഗ്യം നിലനിർത്തുവാനോ മെച്ചപ്പെടുത്തുവാനോ വേണ്ടി നടത്തുന്ന എല്ലാ നിക്ഷേപങ്ങളും മനുഷ്യ മൂലധന രൂപീകരണത്തിന്റെ ഉറവിടമാണ്.

ആരോഗ്യമേഖലയിൽ നടത്തുന്ന നിക്ഷേപത്തിന്റെ വിവിധ രൂപങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. പ്രതിരോധ ചികിത്സാ ചെലവ്
2. രോഗനിവാരണ ചികിത്സാ ചെലവ്
3. വ്യക്തിശുചിത്വം, നല്ല ആരോഗ്യശീലങ്ങൾ എന്നിവയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി വേണ്ടിവരുന്ന സാമൂഹിക ചികിത്സാച്ചെലവ് (ആരോഗ്യ സാക്ഷരതാ ചെലവ്)

തൊഴിൽ പരിശീലനം

തൊഴിലുടമകൾ തൊഴിലാളികൾക്ക് പരിശീലനം നൽകാറുണ്ട്. കൂടുതൽ കാര്യക്ഷമതയുള്ള തൊഴിലാളികളെ സൃഷ്ടിക്കുക എന്നതാണ് ഇത്തരം പരിശീലനങ്ങളുടെ ലക്ഷ്യം. ഇത്തരം പരിശീലനങ്ങൾ രണ്ട് രീതിയിൽ നൽകാവുന്നതാണ്.

1. പ്രഗത്ഭനായ ഒരു ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ അതേ ഉൽപ്പാദന യൂണിറ്റിൽ തന്നെ പരിശീലനം നൽകുക.
2. പുറത്തുള്ള ഒരു പരിശീലന കേന്ദ്രത്തിൽ അയച്ച് വിദഗ്ധ പരിശീലനം നൽകുക.

ഇതിൽ ഏത് തരത്തിലുള്ള പരിശീലന രീതിയായാലും ഉൽപ്പാദക യൂണിറ്റുകൾ പണം ചെലവാക്കേണ്ടി വരും. എന്നാൽ ഇത്തരം പരിശീലനങ്ങൾ തൊഴിലാളികളുടെ ഉൽപ്പാദനക്ഷമത ഉയർത്തും. അതിനാൽ തൊഴിൽ പരിശീലനത്തെ മനുഷ്യമൂലധന രൂപീകരണത്തിന്റെ ഒരു ഉറവിടമായി കണക്കാക്കാം.

കുടിയേറ്റം

ഉയർന്ന ശമ്പളം പ്രതീക്ഷിച്ചു കൊണ്ടോ മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ പ്രതീക്ഷിച്ചു കൊണ്ടോ ജനങ്ങൾ കുടിയേറ്റം നടത്തുക സാധാരണമാണ്. ഇന്ത്യയിൽ ഗ്രാമപ്രദേശങ്ങളിൽ നിന്നും നഗര പ്രദേശങ്ങളിലേക്കുള്ള കുടിയേറ്റത്തിനുള്ള ഏറ്റവും പ്രധാന കാരണം തൊഴിലില്ലായ്മയാണ്. ഡോക്ടർമാർ, എഞ്ചിനീയർമാർ തുടങ്ങിയ സാങ്കേതിക വൈദഗ്ധ്യമുള്ളവർ ഉയർന്ന ശമ്പളം ലക്ഷ്യമാക്കി മറ്റ് രാജ്യങ്ങളിലേക്ക് കുടിയേറുന്നു. ഇത്തരം കുടിയേറ്റം, അത് നടത്തുന്നവർക്ക് ചെലവിന് കാരണമാകുന്നു. ഏതൊക്കെ ചെലവാണ് കുടിയേറ്റം മൂലമുണ്ടാകുന്നതെന്ന് നിങ്ങൾക്ക് അറിയാമോ? കുടിയേറ്റം ചെലവിന് കാരണമാകുമെങ്കിലും ഇത് കുടിയേറ്റം നടത്തിയ തൊഴിലാളികളുടെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനാൽ അത് മനുഷ്യമൂലധന രൂപീകരണത്തിന്റെ മറ്റൊരു ഉറവിടമാണ്.

കുടിയേറ്റം നടത്തുമ്പോൾ ഏതൊക്കെ ചെലവുകളുണ്ടാകും.

- *യാത്രാ ചെലവ്.*
- *ജോലി നേടുന്നതിന് വേണ്ടി വരുന്ന വിദ്യാഭ്യാസ യോഗ്യത നേടുന്നതിനുള്ള ചെലവ്.*
- *മറുനാട്ടിലെ ഉയർന്ന ജീവിതച്ചെലവ്.*
- *കുടുംബത്തെ തനിച്ചാക്കി പോകുന്നതിനും അപരിചിതമായ സാഹചര്യത്തിൽ ജീവിക്കുന്നതിനും വേണ്ടിവരുന്ന മനശ്ശാസ്ത്രപരമായ ചെലവ്.*

ഇൻഫർമേഷൻ

ഒരു തൊഴിലാളിക്ക് നിലവിലുള്ള മനുഷ്യ മൂലധനം കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും അത് മെച്ചപ്പെടുത്തുന്നതിനും തൊഴിൽ, വിദ്യാഭ്യാസ, ആരോഗ്യം എന്നീ മേഖലകളെക്കുറിച്ച് വിവരം അത്യാവശ്യമാണ്. അനുയോജ്യമായ കോഴ്സുകൾ, അവയുടെ ചെലവുകൾ, അവ ലഭ്യമായ സ്ഥാപനങ്ങൾ, വിവിധ രാജ്യങ്ങളിലും സ്ഥലങ്ങളിലും ലഭ്യമായ തൊഴിലവസരങ്ങൾ, വിവിധ ജോലികൾക്ക് ലഭിക്കുന്ന ശമ്പള നിരക്കുകൾ തുടങ്ങിയ വിവരങ്ങൾ അറിഞ്ഞിരിക്കേണ്ടത് അതിപ്രധാനമാണ്. അതിനാൽ ഇത്തരം അറിവുകൾ നേടുന്നതിന് വേണ്ടി നടത്തുന്ന ചെലവുകൾ മനുഷ്യ മൂലധന നിക്ഷേപത്തിന്റെ ഭാഗമാണ്.

പഠനപ്രവർത്തനം:- **ഒരു സർക്കാർ ഉദ്യോഗസ്ഥൻ, നിർമ്മാണ തൊഴിലാളി, വീട്ടു ജോലിക്കാരി എന്നിവർ അസുഖം കാരണം ജോലിക്കു പോകുന്നില്ലായെന്ന് സങ്കൽപ്പിക്കുക. ഇത് ഇവരുടെ വരുമാനത്തെയും തൊഴിൽസുരക്ഷയെയും എങ്ങനെ ബാധിക്കും. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.**

മനുഷ്യമൂലധനവും മാനവ വികസനവും

മാനവ മൂലധനത്തിലും മാനവ വികസനത്തിലും വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും വളരെ നിർണായകമായ പങ്കാണുള്ളത്. വിദ്യാഭ്യാസത്തെയും ആരോഗ്യത്തെയും തൊഴിൽ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനുള്ള മാർഗമായാണ് മനുഷ്യ മൂലധനം പരിഗണിക്കുന്നത്.

വിദ്യാഭ്യാസത്തെയും ആരോഗ്യത്തെയും മനുഷ്യന്റെ അഭിവൃദ്ധിക്കുള്ള മാർഗമായാണ് മാനവവികസനം കരുതുന്നത്. സാധനസേവനങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ പര്യാപ്തമല്ലെങ്കിൽ വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലുള്ള നിക്ഷേപം ഉൽപ്പാദനക്ഷമമല്ല എന്നാണ് മനുഷ്യ മൂലധനം കണക്കാക്കുന്നത്. സാധനസേവനങ്ങളുടെ ഉൽപ്പാദനം വർധിപ്പിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ കൂടി മാനവക്ഷേമത്തിന്റെ ഉയർച്ചക്ക് വഴി തെളിക്കുന്നതിനാൽ വിദ്യാഭ്യാസവും ആരോഗ്യവും പരമപ്രധാനമാണ്.

മാനവ മൂലധനത്തെക്കാൾ വിശാലമായ ഒരാശയമാണ് മാനവ വികസനം എന്നാണ് മുകളിലത്തെ വിശദീകരണം വ്യക്തമാക്കുന്നത്.

മനുഷ്യമൂലധന രൂപീകരണം ഇന്ത്യയിൽ

വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ പരിശീലനം, കുടിയേറ്റം, ഇൻഫർമേഷൻ എന്നീ മേഖലകളിലെ നിക്ഷേപത്തിന്റെ ഫലമാണ് മനുഷ്യ മൂലധന രൂപീകരണം. നമ്മുടേത് ഫെഡറൽ സംവിധാനത്തിലുള്ള ഒരു രാഷ്ട്രമായതിനാൽ കേന്ദ്രം, സംസ്ഥാനം, പ്രാദേശികം എന്നീ മൂന്ന് തലങ്ങളിലും ഗവൺമെന്റുകളുണ്ട്. ഈ മൂന്ന് തലങ്ങളിലുമുള്ള ഗവൺമെന്റുകളും വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ പണം ചെലവഴിക്കുന്നുണ്ട്. ആരോഗ്യ മേഖലകളിലുള്ള ചെലവുകളെ സംബന്ധിച്ച് അടിസ്ഥാന സൗകര്യങ്ങൾ എന്ന അധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ ഗവൺമെന്റ് സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിലെ നയങ്ങൾക്ക് രാജ്യ പുരോഗതിയിൽ നിർണായക സ്ഥാനമാണുള്ളത്. അവിടെയുണ്ടാകുന്ന ചെറിയ മാറ്റങ്ങൾ പോലും ദീർഘനാൾ ആ സമ്പദ് വ്യവസ്ഥയിൽ പ്രതിഫലിക്കുകയും ചെയ്യും. അതിനാൽ ഈ മേഖലകളിൽ ഗവൺമെന്റിന്റെ ഇടപെടൽ അനിവാര്യമാണ്.

ഇന്ത്യയിൽ ഇപ്പോഴും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണം വളരെ കൂടുതലാണ്. വിദ്യാഭ്യാസം, ആരോഗ്യം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ ഉയർന്ന ഫീസ് ഈടാക്കാറുണ്ട്. ഇത്തരം ഉയർന്ന ഫീസ് ദരിദ്രർക്ക് താങ്ങാനാവില്ല. അതിനാൽ ഈ മേഖലയിൽ ഫീസ് നിശ്ചയിക്കുവാനുള്ള അധികാരം ഗവൺമെന്റിനുണ്ടാകണം.

ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾ കുത്തക സ്വഭാവം പ്രകടിപ്പിക്കുവാൻ ഏറെ സാധ്യതയുണ്ട്. ഇത് ഒഴിവാക്കാനും ഗവൺമെന്റ് ഇടപെടൽ അനിവാര്യമാണ്.

പഠനപ്രവർത്തനം:- **വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിൽ ഗവൺമെന്റ് ഇടപെടൽ അനിവാര്യമാണോയെന്ന് ചർച്ച ചെയ്യുക.**

വിദ്യാഭ്യാസ - ആരോഗ്യ രംഗത്തെ ഗുണമേന്മ ഉറപ്പു വരുത്താൻ ഗവൺമെന്റിന്റെ ഇടപെടൽ ആവശ്യമാണ്. സിലബസ്സിന്റെ ഗുണനിലവാരം ഉറപ്പാക്കൽ, അധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത ഉറപ്പാക്കൽ എന്നിവിടങ്ങളിലെല്ലാം ഗവൺമെന്റ് നിയന്ത്രണം ആവശ്യമാണ്.

(വിദ്യാഭ്യാസ - ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന നിയന്ത്രക സ്ഥാപനങ്ങൾ) ഇന്ത്യയിൽ വിദ്യാഭ്യാസ - ആരോഗ്യ മേഖലകളെ നിയന്ത്രിക്കുന്നതിനായി കേന്ദ്ര - സംസ്ഥാന തലങ്ങളിൽ വിദ്യാഭ്യാസ - ആരോഗ്യ മന്ത്രാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിന് പുറമെ മറ്റ് ചില നിയന്ത്രക സ്ഥാപനങ്ങൾ കൂടി പ്രവർത്തിക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

വിദ്യാഭ്യാസ രംഗത്തെ പ്രധാന നിയന്ത്രക സ്ഥാപനങ്ങൾ

1. നാഷണൽ കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിങ് (NCERT) പ്രാഥമിക, സെക്കണ്ടറി മേഖലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുകയാണ് ലക്ഷ്യം.
2. യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ (UGC) ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണ നിലവാരത്തിനായി ശ്രമിക്കുന്നു.
3. ആൾ ഇന്ത്യാ കൗൺസിൽ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ (AICTE) - സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നു.

ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന നിയന്ത്രക സ്ഥാപനങ്ങൾ

1. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ICMR)
2. നേഴ്സിംഗ് കൗൺസിൽ
3. ഫാർമസി കൗൺസിൽ.

പഠനപ്രവർത്തനം:- വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിൽ പ്രവർത്തിക്കുന്ന നിയന്ത്രക സ്ഥാപനങ്ങളുടെ പട്ടിക തയാറാക്കുക.

ഇന്ത്യയിലെ വിദ്യാഭ്യാസ മേഖല

ഗവൺമെന്റിന്റെ വിദ്യാഭ്യാസ ചെലവിലെ വളർച്ച

വിദ്യാഭ്യാസത്തിനായി ഗവൺമെന്റ് ധാരാളം പണം ചെലവാക്കുന്നുണ്ട്. ഈ ചെലവ് രണ്ട് തരത്തിലാണ് പ്രകടിപ്പിക്കുക. (1) ഗവൺമെന്റിന്റെ ആകെ ചെലവിന്റെ ശതമാന കണക്കിൽ (2) മൊത്തം ആഭ്യന്തര ഉൽപ്പന്നത്തിന്റെ ശതമാന കണക്കിൽ. വിദ്യാഭ്യാസത്തിന് ഗവൺമെന്റ് നൽകുന്ന പ്രാധാന്യത്തെയാണ് ആദ്യത്തെ രീതി സൂചിപ്പിക്കുന്നത്. വിദ്യാഭ്യാസ മേഖലയിലെ വികസനത്തിനായി രാജ്യത്തിന്റെ ആകെ വരുമാനത്തിൽ എത്രമാത്രം ചെലവഴിക്കുന്നുവെന്നാണ് രണ്ടാമത്തെ രീതി സൂചിപ്പിക്കുന്നത്. ചുവടെ ചേർക്കുന്ന പട്ടിക ശ്രദ്ധിക്കുക.

പട്ടിക 5.2

വിദ്യാഭ്യാസത്തിനുള്ള സർക്കാർ ചെലവ്

വർഷം	ജി.ഡി.പിയുടെ ശതമാനം	ആകെ ചെലവിന്റെ ശതമാനം
1952	0.64	7.92
2002	4.02	13.7

Source: Economic Survey

1952-ൽ ഗവൺമെന്റിന്റെ വിദ്യാഭ്യാസ ചെലവ് ആകെ ചെലവിന്റെ 7.92% ആയിരുന്നു. ഇത് 2002 ആയപ്പോൾ 13.17% ആയി വർധിച്ചു. അതുപോലെ ഗവൺമെന്റിന്റെ വിദ്യാഭ്യാസ ചെലവ് മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജി.ഡി.പി ശതമാനം) 0.64% ആയിരുന്നത് 4.02% ആയി വർധിച്ചു. മൊത്തം വിദ്യാഭ്യാസ ചെലവിന്റെ ഏറിയ പങ്കും പ്രാഥമിക വിദ്യാഭ്യാസ മേഖലയിലേക്കാണ് പോകുന്നത്. വളരെ കുറഞ്ഞ ഭാഗം മാത്രമേ ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് പോകുന്നുള്ളു. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് വരുന്ന കുട്ടികളുടെ എണ്ണം കുറവായത് മൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്.

പ്രതിശീർഷ വിദ്യാഭ്യാസ ചെലവിൽ സംസ്ഥാനങ്ങൾക്കിടയിൽ ഉയർന്ന അന്തരമാണ് നിലനിൽക്കുന്നത്. പ്രതിശീർഷ വിദ്യാഭ്യാസ ചെലവ് ലക്ഷദ്വീപിൽ 3440 രൂപയായിരിക്കുമ്പോൾ ബീഹാറിൽ 386 രൂപ മാത്രമാണ്. വിദ്യാഭ്യാസ അവസരങ്ങളിലും ലഭ്യതയിലും സംസ്ഥാനങ്ങൾക്കിടയിലുള്ള ഏറ്റക്കുറച്ചിലുകളാണ് ഇവിടെ പ്രകടമാകുന്നത്.

വിദ്യാഭ്യാസത്തിനായി ഗവൺമെന്റ് ചെലവാക്കുന്ന പണം അഭിലഷണീയമായ തോതിലുള്ളതാണോയെന്നത് വളരെ പ്രസക്തമായ ചോദ്യമാണ്. 1964ൽ ഗവൺമെന്റ് നിയോഗിച്ച ശ്രീ.ഡോ.എം.എസ് കോത്താരിയുടെ നേതൃത്വത്തിലുള്ള കോത്താരി വിദ്യാഭ്യാസ കമ്മീഷന്റെ അഭിപ്രായത്തിൽ വിദ്യാഭ്യാസ രംഗത്ത് വളർച്ച കൈവരിക്കണമെങ്കിൽ രാജ്യം അതിന്റെ ആഭ്യന്തര ഉൽപ്പാദനത്തിൽ 6%മെങ്കിലും വിദ്യാഭ്യാസത്തിന് വേണ്ടി മാറ്റിവയ്ക്കണമെന്ന് നിർദേശിക്കുന്നു. 1998ൽ ഇന്ത്യാ ഗവൺമെന്റ് നിയമിച്ച തപസ് മജുംദാർ കമ്മിറ്റി 6 മുതൽ 14 വയസ്സ് വരെയുള്ള എല്ലാ കുട്ടികളെയും സ്കൂൾ വിദ്യാഭ്യാസത്തിന്റെ കീഴിൽ കൊണ്ടുവരണമെങ്കിൽ അടുത്ത 10 വർഷത്തേക്ക് 1.37 ലക്ഷം കോടി രൂപ വേണമെന്ന് കണ്ടെത്തുകയുണ്ടായി. 2002 ഡിസംബറിൽ നിലവിൽ വന്ന 86-ാം ഭരണഘടന ഭേദഗതിയിലൂടെ ഇന്ത്യ 6 മുതൽ 14 വരെ പ്രായമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാക്കിക്കൊണ്ടുള്ള മൗലികാവകാശം ഉറപ്പാക്കണമെങ്കിൽ ഗവൺമെന്റിന്റെ വിദ്യാഭ്യാസച്ചെലവ് വർധിപ്പിക്കേണ്ടതുണ്ട്.

മുകളിൽ പ്രതിപാദിച്ച വസ്തുതകൾ പരിശോധിക്കുമ്പോൾ വിദ്യാഭ്യാസത്തിനുള്ള ഗവൺമെന്റ് ചെലവ് പര്യാപ്തമല്ല എന്ന് കാണാം.

വിദ്യാഭ്യാസ സെസ്: വിദ്യാഭ്യാസ രംഗത്തെ വർധിച്ചുവരുന്ന ഗവൺമെന്റ് ചെലവുകൾക്ക് പണം കണ്ടെത്തുക എന്ന ലക്ഷ്യത്തോടുകൂടി 2004 ബഡ്ജറ്റു മുതൽ കേന്ദ്രഗവൺമെന്റ് എല്ലാ കേന്ദ്ര നികുതിയിലും 2% പ്രാഥമിക വിദ്യാഭ്യാസ സെസ് ചുമത്തുകയുണ്ടായി. ഈ മാർഗത്തിലൂടെ ലഭിക്കുന്ന വരുമാനം പ്രാഥമിക വിദ്യാഭ്യാസത്തിന് മാത്രമായി വിനിയോഗിക്കും.

പഠനപ്രവർത്തനം:- 1. ഇന്ത്യയിൽ വിദ്യാഭ്യാസ മേഖലയിലെ ഗവൺമെന്റ് ചെലവ് അഭിലക്ഷണീയമായ തോതിലാണോ? ചർച്ച സംഘടിപ്പിക്കുക.

2. വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ മൂലധന നിക്ഷേപം അനിവാര്യമാണോ? എന്ന വിഷയത്തെ സംബന്ധിച്ച സംവാദം സംഘടിപ്പിക്കുക.

ഭൗതികമൂലധനവും മനുഷ്യമൂലധനവും

വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, പരിശീലനം എന്നിവയിലൂടെ ഒരു മനുഷ്യനെ മനുഷ്യമൂലധനമാക്കി മാറ്റുന്ന പ്രക്രിയയാണല്ലോ മനുഷ്യമൂലധന രൂപീകരണം. എന്താണ് ഭൗതികമൂലധന രൂപീകരണം? ഒരു രാജ്യത്ത് നിലനിൽക്കുന്ന ഭൗതികമൂലധന ആസ്തികളായ യന്ത്രങ്ങൾ, കെട്ടിടങ്ങൾ, ഉപകരണങ്ങൾ, റോഡുകൾ തുടങ്ങിയവയോടൊപ്പം പുതിയ മൂലധന ആസ്തികൾ സൃഷ്ടിക്കുന്ന അഥവാ കൂട്ടിച്ചേർക്കുന്ന പ്രക്രിയയാണ് ഭൗതികമൂലധന രൂപീകരണം. സാമ്പത്തിക വളർച്ച കൈവരിക്കുന്നതിൽ ഈ രണ്ടുതരം മൂലധനവും ഒരുപോലെ പ്രധാനപ്പെട്ടതാണ്.

രണ്ടുതരം മൂലധനവും തമ്മിൽ സമാനതകളും വൈജാത്യങ്ങളും ഉണ്ട്.

ബോധപൂർവമായ നിക്ഷേപങ്ങളുടെ അനന്തര ഫലമാണ് രണ്ടുതരം മൂലധന രൂപീകരണവും. ചില നിയന്ത്രണങ്ങളുണ്ടെങ്കിലും രണ്ടുതരം മൂലധനവും ഒരു രാജ്യത്ത് നിന്ന് മറ്റൊരു രാജ്യത്തേക്ക് എത്താവുന്നതാണ്. രണ്ടുതരം മൂലധനത്തിനും കാലാന്തരത്തിൽ തേയ്മാനം സംഭവിക്കുന്നു എന്നതാണ് മറ്റൊരു സമാനത.

സമാനതകളേക്കാൾ ഏറെയാണ് ഇവ തമ്മിലുള്ള വൈജാത്യം. ചുവടെ ചേർക്കുന്ന പട്ടിക ഇവ തമ്മിലുള്ള വൈജാത്യത്തെ കാണിക്കുന്നു.

പട്ടിക 5.3

മനുഷ്യമൂലധനം	ഭൗതികമൂലധനം
1. മനുഷ്യമൂലധനം സ്പർശന സാധ്യമല്ല.	1. ഭൗതികമൂലധനം സ്പർശന സാധ്യമാണ്.
2. മനുഷ്യമൂലധനത്തെ വിൽക്കാൻ കഴിയില്ല. മനുഷ്യമൂലധനത്തിന്റെ സേവനമാണ് വിൽക്കുന്നത്	2. ഭൗതികമൂലധനത്തെ വിപണിയിൽ വിൽക്കാൻ കഴിയുന്നതാണ്.
3. മനുഷ്യമൂലധനത്തെ അതിന്റെ ഉടമയിൽ നിന്നും വേർപെടുത്താനാവില്ല.	3. ഭൗതികമൂലധനത്തെ അതിന്റെ ഉടമയിൽനിന്നും വേർപെടുത്തിയെടുക്കാം
4. മനുഷ്യമൂലധനം മാറ്റുന്നത് അത്ര എളുപ്പമല്ല.	4. ഭൗതികമൂലധനം എപ്പോഴും എങ്ങോട്ടും മാറ്റാൻ കഴിയും.
5. മനുഷ്യമൂലധനത്തിന്റെ പ്രായം കൂടുമ്പോഴാണ് തേയ്മാനം സംഭവിക്കുന്നത്.	5. ഭൗതികമൂലധനം ഉപയോഗിക്കുന്തോറും തേയ്മാനം സംഭവിക്കും.
6. മനുഷ്യമൂലധനത്തിൽ നിന്നുണ്ടാകുവാനിടയുള്ള വരുമാനം മുൻകൂട്ടി കണക്കാ ക്കുവാൻ സാധ്യമല്ല.	6. ഭൗതികമൂലധനത്തിൽ നിന്നുണ്ടാകുവാനിടയുള്ള വരുമാനം മുൻകൂട്ടി കണക്കാക്കുവാൻ സാധിക്കും.

പഠനപ്രവർത്തനം:- ഭൗതികമൂലധനം മനുഷ്യമൂലധനം എന്നിവയുടെ വ്യത്യാസങ്ങളെ പട്ടികപ്പെടുത്തുക.

ഇന്ത്യ - വളരുന്ന വിജ്ഞാന സമ്പദ്‌വ്യവസ്ഥ

ജനസംഖ്യയുടെ കാര്യത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന ഇന്ത്യയുടെ എറ്റവും വലിയ ആസ്തി മനുഷ്യമൂലധനമാണ്. പരിശീലനം സിദ്ധിച്ച സാങ്കേതിക വിദഗ്ധർ, ശാസ്ത്രജ്ഞർ, മാനേജ്മെന്റ് വിദഗ്ധർ, ഐ.റ്റി വിദഗ്ധർ എന്നീ മനുഷ്യ വിഭവങ്ങളുടെ സമ്പത്തിൽ ലോകരാജ്യങ്ങളുടെ പട്ടികയിൽ അമേരിക്കയ്ക്ക് പിന്നിലായി രണ്ടാം സ്ഥാനമാണ് ഇന്ത്യയുടേത്.

ഈ മനുഷ്യ മൂലധനത്തിന്റെ മേന്മ കൊണ്ട് ഇന്ത്യ ഇപ്പോൾ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയായി വളർന്നു കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലധികമായി വിവരസാങ്കേതികവിദ്യയിലും (Information Technology) വിവരസാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള സേവന രംഗങ്ങളിലും ഇന്ത്യ അഭൂതപൂർവമായ വളർച്ചയാണ് കൈവരിച്ചത്. ഒട്ടുമിക്ക ഇന്ത്യൻ ഗ്രാമങ്ങളിലും ഇന്ന് ഇന്റർനെറ്റ് സൗകര്യങ്ങൾ ലഭ്യമാണ്. ഇന്ത്യയുടെ മനുഷ്യ മൂലധന മേന്മയാണ് ഈ വളർച്ചയ്ക്ക് കാരണം.

അടുത്ത കാലത്ത് പ്രസിദ്ധീകരിച്ച ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള രണ്ട് പഠന റിപ്പോർട്ടുകൾ ഇന്ത്യ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന സമ്പദ്‌വ്യവസ്ഥയാണെന്ന് സൂചിപ്പിക്കുന്നു. ഡ്യൂഷെബാങ്ക് എന്ന ജർമ്മൻ ബാങ്കിന്റെ പഠനപ്രകാരം 2020 ആകുമ്പോഴേക്കും ഇന്ത്യ ലോകത്തിലെ നാല് വളർച്ചാകേന്ദ്രങ്ങളിൽ ഒന്നായി തീരുമെന്ന് സൂചിപ്പിക്കുന്നു. ലോകബാങ്കിന്റെ റിപ്പോർട്ടിൽ അറിവിന്റെ മേഖലയെ കൃത്യമായി വിനിയോഗിച്ചാൽ ഇന്ത്യയുടെ പ്രതിശീർഷ വരുമാനം 2002-ൽ 1000 യു.എസ് ഡോളറായിരുന്നത് 2020 ആകുമ്പോഴേയ്ക്കും 3000 ഡോളറായിത്തീരും. ഇന്ത്യയുടെ മനുഷ്യ മൂലധനത്തിന്റെ വളർച്ചയാണ് ഇത് സൂചിപ്പിക്കുന്നത്.

പഠനപ്രവർത്തനം:- **ഇന്ത്യയുടെ മെച്ചപ്പെട്ട സാമ്പത്തിക വളർച്ചയ്ക്ക് കാരണം മെച്ചപ്പെട്ട മനുഷ്യ മൂലധന രൂപീകരണമാണോ? ചർച്ച ചെയ്യുക.**

ഇന്ത്യയുടെ വിദ്യാഭ്യാസ നേട്ടങ്ങൾ

ശാസ്ത്ര, സാങ്കേതിക മാനേജ്മെന്റ് രംഗങ്ങളിൽ പരിശീലനം നേടിയ വിദഗ്ധരുടെ എണ്ണത്തിൽ രണ്ടാം സ്ഥാനം ഇന്ത്യയ്ക്കാണെന്ന് ഈ അധ്യായത്തിൽ നാം മനസ്സിലാക്കിയല്ലോ. ഇത് വളരെ വലിയ നേട്ടം തന്നെയാണ്. എന്നാൽ വിദ്യാഭ്യാസ രംഗത്തെ യഥാർഥ നേട്ടം കണക്കാക്കുന്നത് മറ്റ് ചില സൂചകങ്ങളെ അടിസ്ഥാനമാക്കിയാണ്. പ്രായപൂർത്തി സാക്ഷരതാനിരക്ക്, പ്രൈമറി പൂർത്തീകരണ നിരക്ക്, യുവജന സാക്ഷരതാനിരക്ക് എന്നിവയാണ് ഈ സൂചകങ്ങൾ. ഈ സൂചകങ്ങളിൽ ഇന്ത്യയുടെ നേട്ടം എന്താണ്? ചുവടെ ചേർക്കുന്ന പട്ടിക ശ്രദ്ധിക്കുക.

പട്ടിക 5.4

ഇന്ത്യയുടെ വിദ്യാഭ്യാസ നേട്ടങ്ങൾ

ക്രമ നമ്പർ	ഇനങ്ങൾ	1990	2000	2012
1	പ്രായപൂർത്തി സാക്ഷരതാനിരക്ക്			
	(15 വയസ്സിന് മുകളിലുള്ളവരുടെ ശതമാനം)			
	പുരുഷൻ	61.9	68.4	76.7
	സ്ത്രീ	37.9	45.4	54.9
2.	പ്രൈമറി വിദ്യാഭ്യാസ പൂർത്തീകരണ നിരക്ക്			
	പുരുഷൻ	78	85	96
	സ്ത്രീ	61	69	95
3.	യുവജന സാക്ഷരതാ നിരക്ക്			
	(15 മുതൽ 24 വയസ്സുവരെയുള്ളവരുടെ ശതമാനം)			
	പുരുഷൻ	76.6	79.7	88
	സ്ത്രീ	54.2	64.8	74

വിദ്യാഭ്യാസ രംഗത്ത് നാം നല്ല പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് മുകളിൽ ചേർത്ത പട്ടിക സൂചിപ്പിക്കുന്നു. എങ്കിലും നമുക്കിനിയും ഏറെദൂരം പിന്നിടേണ്ടതുണ്ട്.

പഠനപ്രവർത്തനം:- **വിദ്യാഭ്യാസ രംഗത്ത് ഇന്ത്യ കൈവരിച്ച നേട്ടങ്ങളെ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക.**

ഭാവിയിലെ വെല്ലുവിളികൾ

വിദ്യാഭ്യാസ രംഗത്ത് വളരെയധികം നേട്ടങ്ങൾ കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും പല രംഗത്തും പോരായ്മകളുണ്ട്. ഈ പോരായ്മകൾ പരിഹരിക്കുക എന്നതാണ് ഭാവിയിലെ വെല്ലുവിളികൾ. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

(1) നിരക്ഷരത: ഇന്ത്യയിലിപ്പോഴും വളരെയധികം നിരക്ഷരരുണ്ട്. ജനസംഖ്യയുടെ 30% ത്തോളം വരുന്ന നിരക്ഷരരെ സാക്ഷരരാക്കുക എന്നത് വളരെ പ്രധാനപ്പെട്ട വെല്ലുവിളിയാണ്.

(2) സ്ത്രീ-പുരുഷ അസമത്വം: വിദ്യാഭ്യാസരംഗത്തെ ലിംഗഭേദം രൂക്ഷമാണ്. പുരുഷസാക്ഷരത 82% ഉള്ളപ്പോൾ സ്ത്രീ സാക്ഷരതാ 65.5% മാത്രമാണ്. പ്രൈമറി, ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കിയവരുടെ നിരക്കിലും യുവജന സാക്ഷരത നിരക്കിലും ഈ ആൺ-പെൺ ഭേദം പ്രകടമാണ്. എന്നാൽ ഈ അന്തരം കുറയുന്നുവെന്നത് ആശാവഹമാണ്.

(3) ഇന്ത്യയിൽ ഉന്നത വിദ്യാഭ്യാസം ചെയ്യുന്നവരുടെ എണ്ണം കുറവാണ്. സ്കൂൾ പഠനം പൂർത്തിയാക്കിയവരിൽ ചെറിയൊരു ശതമാനം മാത്രമേ ഉന്നത വിദ്യാഭ്യാസത്തിന് മുതിരുന്നുള്ളൂ. ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസരംഗത്തെ Gross enrolment ratio 11% മാത്രമാണ്. ലോക ശരാശരി 23% ആണ്.

(4) അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയാണ് വിദ്യാഭ്യാസരംഗത്തെ മറ്റൊരു പോരായ്മ. പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്കിടയിലുള്ള തൊഴിലില്ലായ്മ 1.2% ആയിരിക്കുമ്പോൾ സെക്കൻഡറി വിദ്യാഭ്യാസമുള്ളവരിലെ തൊഴിലില്ലായ്മ 7.1% ആണ്.

പഠനപ്രവർത്തനം:- വിദ്യാഭ്യാസരംഗത്ത് ഇന്ത്യ നേരിടുന്ന വെല്ലുവിളികൾ കണ്ടെത്തുകയും പരിഹാരമാർഗങ്ങൾ നിർദേശിക്കുകയും ചെയ്യുക.

സംഗ്രഹം

സാമ്പത്തിക വളർച്ചയിലും മാനവവികസനത്തിലും മനുഷ്യമൂലധന സ്വരൂപണത്തിന് മർമ്മപ്രധാനമായ സ്ഥാനമാണുള്ളത്. വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും വേണ്ടിയുള്ള ചെലവ് മനുഷ്യമൂലധന സ്വരൂപണത്തിന് ഇടയാക്കുന്നു. അതുകൊണ്ട് തന്നെയാണ് ഇന്ത്യയിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ വിദ്യാഭ്യാസ - ആരോഗ്യ മേഖലകളിൽ ഉയർന്ന നിക്ഷേപങ്ങൾ നടത്തുന്നതും. മെച്ചപ്പെട്ട മൂലധന നിക്ഷേപം ലോകത്തിലെ മികവുറ്റ സാങ്കേതിക, മാനേജ്മെന്റ് വൈദഗ്ധ്യമുള്ള മനുഷ്യമൂലധനം രൂപപ്പെടുത്തുന്നതിന് ഇന്ത്യയെ സഹായിച്ചു. ഈ വൈദഗ്ധ്യത്തെ ശരിയായ വിധത്തിൽ പ്രയോജനപ്പെടുത്തുക എന്നതാണ് ഇന്നത്തെ പ്രധാന വെല്ലുവിളി. നിരക്ഷരത, വിദ്യാഭ്യാസ രംഗത്തെ ലിംഗ വ്യത്യാസം, ഉന്നത വിദ്യാഭ്യാസരംഗത്തേക്കു കടന്നു വരുന്നവരുടെ എണ്ണത്തിലുള്ള കുറവ്, അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ, ആരോഗ്യരംഗത്ത് ഗുണനിലവാരം ഉറപ്പാക്കൽ എന്നിവ മനുഷ്യമൂലധന സ്വരൂപണവുമായി ബന്ധപ്പെട്ട ഇതര വെല്ലുവിളികളാണ്.

പദപരിചയം

മനുഷ്യ മൂലധന രൂപീകരണം: വിദ്യാഭ്യാസത്തിലൂടെയും പരിശീലനത്തിലൂടെയും മനുഷ്യ വിഭവങ്ങളെ മനുഷ്യ മൂലധനമാക്കി മാറ്റുക.

ശിശുമരണനിരക്ക്: ഒരു വർഷം ജനിക്കുന്ന 1000 കുട്ടികൾക്കിടയിൽ ഒരു വയസ്സ് പൂർത്തിയാകാതെ മരിച്ചു പോകുന്ന കുട്ടികളുടെ എണ്ണം.

ഗ്രോസ് എൻറോൾമെന്റ് അനുപാതം: വിവിധ ക്ലാസുകളിൽ എൻറോൾ ചെയ്ത മൊത്തം കുട്ടികളുടെ എണ്ണം.

വിലയിരുത്തൽ ചോദ്യങ്ങൾ

1. താഴെ തന്നിരിക്കുന്നവയെ ഭൗതികമൂലധനമെന്നും മനുഷ്യമൂലധനമെന്നും തരം തിരിക്കുക.

   തുറമുഖം, ഡോക്ടർ, ആശുപത്രി, ശാസ്ത്രജ്ഞർ, യന്ത്രസാമഗ്രികൾ, അധ്യാപകർ

2. ഭൗതിക മൂലധനവും മനുഷ്യ മൂലധനവും തമ്മിലുള്ള വ്യത്യാസങ്ങൾ പട്ടികപ്പെടുത്തുക.

3. മനുഷ്യ മൂലധനത്തേക്കാൾ വിശാലമായ ഒരാശയമാണ് മാനവ വികസനം. ചർച്ച ചെയ്യുക

4. മനുഷ്യമൂലധന രൂപീകരണം സാമ്പത്തിക വളർച്ചയ്ക്ക് കാരണമാകുന്നു. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?

5. വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിൽ ഗവൺമെന്റ് ഇടപെടൽ ആവശ്യമോ അല്ലയോ എന്ന വിഷയത്തെ സംബന്ധിച്ച് ഒരു വാദപ്രതിവാദം (Debate) നിങ്ങളുടെ സ്കൂളിൽ സംഘടിപ്പിച്ചുവെന്ന് സങ്കൽപ്പിക്കുക. ഇതിന്റെ ഒരു Debate report തയാറാക്കുക.

6. വിദ്യാഭ്യാസ ആരോഗ്യ സ്ഥാപനങ്ങളിൽ ഫീസ് നിരക്ക് നിശ്ചയിക്കുന്നതിൽ ഗവൺമെന്റ് ഇടപെടൽ ആവശ്യമാണോ? കുറിപ്പുതയാറാക്കുക.

7. **ഒറ്റയാനെ കണ്ടെത്തി സാധൂകരിക്കുക.**

   a. NCERT, UGC, AICTE, CBSE

   b. ആരോഗ്യം, വിദ്യാഭ്യാസം, കുടിയേറ്റം, കയറ്റുമതി,

   c. പ്രതിരോധചികിത്സ, സ്വകാര്യചികിത്സ, സാമൂഹിക ചികിത്സ, രോഗനിവാരണ ചികിത്സ.

8. **തെറ്റുണ്ടെങ്കിൽ തിരുത്തുക.**

   a. ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണ നിലവാരം ഉറപ്പാക്കുന്ന നിയന്ത്രക സ്ഥാപനമാണ് NCERT

   b. ആരോഗ്യം ഭൗതിക മൂലധന രൂപീകരണത്തിന്റെ ഒരു പ്രധാന ഉറവിടമാണ്.

   c. ഇന്ത്യയിൽ അഭ്യസ്തവിദ്യർക്കിടയിൽ തൊഴിലില്ലായ്മ കാണപ്പെടുന്നില്ല.

സ്വയം വിലയിരുത്തൽ

	പൂർണമായി കഴിയുന്നു	ഭാഗികമായി കഴിയുന്നു	മെച്ചപ്പെടേണ്ടതുണ്ട്
• മനുഷ്യ മൂലധനം, മനുഷ്യ മൂലധന രൂപീകരണം കഴിയുന്നില്ല ഇവ എന്തെന്ന് നിർവചിക്കാൻ			
• മനുഷ്യ മൂലധന സ്വരൂപീകരണത്തിന്റെ ഉറവിടങ്ങൾ പട്ടികപ്പെടുത്താൻ			
• ഭൗതിക മൂലധനം, ഭൗതീക മൂലധന രൂപീകരണം ഇവ എന്തെന്ന് വ്യാഖ്യാനിക്കുവാൻ			
• മനുഷ്യ മൂലധനം, ഭൗതിക മൂലധനം എന്നിവയുടെ സമാനതകളും വൈജാത്യങ്ങളും താരതമ്യപ്പെടുത്താൻ			
• സാമ്പത്തിക വികസനത്തിൽ മനുഷ്യ മൂലധന സ്വരൂപണത്തിന്റെ പ്രാധാന്യം വിശദീകരിക്കാൻ			
• വിജ്ഞാന സമ്പദ് വ്യവസ്ഥ എന്ന നിലയിലുള്ള ഇന്ത്യയുടെ വളർച്ചയെ വിശകലനം ചെയ്യാൻ			
• വിദ്യാഭ്യാസ ആരോഗ്യ മേഖലകളിലെ ഗവൺമെന്റ് ഇടപെടലിന്റെ അനിവാര്യത വ്യക്തമാക്കുവാൻ			
• വിദ്യാഭ്യാസ ആരോഗ്യ രംഗത്തെ നിയന്ത്രക സ്ഥാപനങ്ങളുടെ പട്ടിക തയാറാക്കാൻ			
• വിദ്യാഭ്യാസ രംഗത്തുള്ള ഇന്ത്യയുടെ നേട്ടങ്ങളെ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്താൻ			

തുടർ വായനയ്ക്ക്

- റുദർ ദത്ത് ആന്റ് കെ.പി.എം സുന്ദരം (2000) "ഇന്ത്യൻ ഇക്കണോമി", എസ്. ചന്ദ് ആന്റ് കമ്പനി ലിമിറ്റഡ് രാം നഗർ, ന്യൂ ഡൽഹി-110-55
- സെൻ, അമർത്യ&ഡ്രീസ്, ജീൻ (1989). "ഹംഗർ ആന്റ് പബ്ലിക് ആക്ഷൻ", ഓക്സ് ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ന്യൂയോർക്ക്.
- സെൻ, അമർത്യ (1999). "ഡെവലപ്പ്മെന്റ് ആസ് ഫ്രീഡം", ന്യൂയോർക്ക്, ഓക്സ് ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ന്യൂയോർക്ക്.

6

ഗ്രാമീണ വികസനം

ആമുഖം

വളരെയധികം ഗ്രാമങ്ങൾ ഉള്ള നാടാണ് ഇന്ത്യ എന്ന് നിങ്ങൾ കേട്ടിരിക്കുമല്ലോ? ഏകദേശം ആറ് ലക്ഷത്തോളം ഗ്രാമങ്ങൾ ഇന്ത്യയിൽ ഉള്ളതായി കണക്കാക്കിയിരിക്കുന്നു.രാജ്യത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിൽ (Gross Domestic Product-GDP)1950-51 കാലഘട്ടത്തിൽ കാർഷികമേഖലയുടെ സംഭാവന 59 ശതമാനമായിരുന്നത് 2012-13 ആയപ്പോൾ 13.7 ശതമാനമായി കുറഞ്ഞു. അതേ അവസരത്തിൽ, കാർഷിക മേഖലയിൽ വ്യാപൃതരായിരുന്ന ആളുകൾ ഏകദേശം 70 ശതമാനത്തിൽ നിന്ന് 49 ശതമാനമായി. അതായത്, ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ കാർഷികമേഖലയ്ക്കുള്ള പ്രാധാന്യം കുറഞ്ഞു എങ്കിലും, കാർഷിക മേഖലയെ ആശ്രയിച്ചു ജീവിക്കുന്ന ആളുകളുടെ അനുപാതത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടില്ല.

മുകളിൽ പറഞ്ഞ വസ്തുതകളിൽ നിന്നും ഇന്ത്യൻ ജനതയുടെ ഏകദേശം പകുതിയോളം ആൾക്കാർ ഇപ്പോഴും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത് എന്ന് മനസ്സിലാക്കാം. അവരിൽ തന്നെ ഭൂരിഭാഗവും ഗ്രാമപ്രദേശങ്ങളിൽ വസിക്കുന്ന ദരിദ്രരാണ്. ഇക്കാരണത്താൽ, ഗ്രാമവികസനം എന്ന ആശയത്തിന് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയിലും, വികസനത്തിലും തന്ത്രപ്രധാനമായ പ്രാധാന്യം ഉണ്ട്.

പഠനനേട്ടങ്ങൾ

- ഗ്രാമീണ വികസനം എന്തെന്ന് നിർവചിക്കുന്നു
- ഗ്രാമീണ മേഖലയുടെ വികസന ആവശ്യങ്ങൾ ചർച്ച ചെയ്തു കണ്ടെത്തുന്നു
- കർഷകർ നേരിടുന്ന വ്യത്യസ്തങ്ങളായ ചൂഷണങ്ങൾ വിവരിക്കുന്നു.
- കാർഷികവിപണന സംവിധാനങ്ങളുടെ പോരായ്മകൾ കണ്ടെത്തുന്നു.
- കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിൽ ഗവൺമെന്റിന്റെ ഇടപെടലിന്റെ ആവശ്യകത വിശദീകരിക്കുന്നു.
- കാർഷിക വൈവിധ്യവത്കരണത്തിന്റെ ആവശ്യകത തിരിച്ചറിയുന്നു.
- ജൈവകൃഷിയുടെ പ്രാധാന്യം വിശദീകരിക്കുന്നു
- ജൈവകൃഷിയുമായി ബന്ധപ്പെട്ട തൊഴിൽ സാധ്യതകൾ വിലയിരുത്തുന്നു.

പ്രധാന ആശയങ്ങൾ

ഗ്രാമവികസനം, വായ്പാസൗകര്യം, വാണിജ്യ ബാങ്കുകൾ, ഗ്രാമീണ ബാങ്കിംഗ്, കാർഷിക വിപണി സംവിധാനം, കൃഷിയുടെ വൈവിധ്യവത്കരണം,സുസ്ഥിര വികസനം, റെഗുലേറ്റഡ് മാർക്കറ്റ്.

എന്താണ് ഗ്രാമീണ വികസനം (What is Rural Development)

നിങ്ങളുടെ വീട് ഇപ്പോൾ സ്ഥിതിചെയ്യുന്നത് ഗ്രാമപ്രദേശങ്ങളിലോ, ചെറുപട്ടണങ്ങളിലോ അല്ലെങ്കിൽ മഹാനഗരങ്ങളിലോ ആകാം. ഒരു നഗരത്തിൽ കൂടി യാത്ര ചെയ്താൽ നിങ്ങൾക്ക് അവിടെ എന്തൊക്കെ കാര്യങ്ങൾ കാണാൻ സാധിക്കും? അനേകം വാഹനങ്ങളും, വ്യവസായ സ്ഥാപനങ്ങളും, ഓവർ ബ്രിഡ്ജുകളും, ഷോപ്പിംഗ് മാളുകളും അവയിൽ ചിലതുമാത്രമാണ്.അതേ സമയം, നിങ്ങൾ ഒരു ഗ്രാമത്തിലൂടെയാണ് യാത്ര ചെയ്യുന്നതെങ്കിൽ മുകളിൽ പറഞ്ഞ കാര്യങ്ങൾ ഒന്നും തന്നെ അവിടെ നിങ്ങൾക്ക് കാണാൻ സാധിക്കുകയില്ല. വളരെ മോശം വീടുകളും ദുരിതപൂർണമായ ജീവിത സാഹചര്യങ്ങളുമായിരിക്കും അവിടെ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുക. ഇതിൽ

കേരള ഗ്രാമങ്ങളും നഗരങ്ങളും

കേരളത്തിലെ ഗ്രാമങ്ങളും നഗരപ്രദേശങ്ങളും തമ്മിൽ അടിസ്ഥാന സൗകര്യങ്ങളിലുള്ള അന്തരം കഴിഞ്ഞ ഏതാനും വർഷങ്ങളായി കുറഞ്ഞ് വരുകയാണ്. കേരളത്തിലെ മിക്കവാറും എല്ലാ ഗ്രാമങ്ങളിലും സ്കൂളുകളും, ആശുപത്രി സൗകര്യങ്ങളും ലഭ്യമാണ്. പക്ഷേ, ഇന്ത്യയുടെ ഭൂരിഭാഗം വടക്കൻ സംസ്ഥാനങ്ങളിലും (ഉത്തർപ്രദേശ്, ബീഹാർ മുതലായവ) ഗ്രാമ -നഗരങ്ങൾ തമ്മിൽ അടിസ്ഥാന സൗകര്യത്തിന്റെ കാര്യത്തിൽ പ്രകടമായ അന്തരം നിലനിൽക്കുന്നു.

നിന്നും, നഗരങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ മെച്ചമായ പ്രദേശങ്ങളാണെന്നും ഗ്രാമങ്ങൾ എല്ലാ വിധത്തിലുമുള്ള അടിസ്ഥാനസൗകര്യങ്ങളിലും പിന്നോക്കാവസ്ഥയിലാണെന്നും മനസ്സിലാക്കാം.

സാമൂഹിക-സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങളിൽ പിന്നോക്കം നിൽക്കുന്ന ഗ്രാമപ്രദേശങ്ങളെ വ്യത്യസ്ത കാര്യപരിപാടികളിലൂടെയും പദ്ധതികളിലൂടെയും ഉയർത്തികൊണ്ടു വരുക എന്നതാണ് ഗ്രാമ വികസനത്തിന്റെ അടിസ്ഥാന ലക്ഷ്യം. ഈ ലക്ഷ്യം സാധ്യമാക്കുന്നതിലേയ്ക്കായി ഗ്രാമപ്രദേശങ്ങളിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

- മാനുഷിക വിഭവങ്ങളുടെ വികസനം: ജനങ്ങളുടെ വിദ്യാഭ്യാസം, പൊതുജനാരോഗ്യം, തൊഴിൽ നൈപുണ്യത മുതലായവയിലുണ്ടാകുന്ന പുരോഗതിയാണ് മാനുഷിക വിഭവങ്ങളുടെ വികസനം. ഇതുമൂലം കുടുംബങ്ങളുടേയും, വ്യക്തികളുടേയും സാമൂഹിക-സാമ്പത്തിക ചുറ്റുപാടുകൾ മെച്ചപ്പെടുന്നതു വഴി ഗ്രാമ വികസനം സാധ്യമാകുന്നു.
- ഭൂപരിഷ്കരണം :
- ഉൽപ്പാദന വിഭവങ്ങളുടെ വികസനം. :
- അടിസ്ഥാന സൗകര്യങ്ങളുടെ വികസനം : റോഡുകൾ, ജലസേചന പദ്ധതികൾ, വൈദ്യുതി, വാർത്താവിനിമയ സൗകര്യങ്ങൾ മുതലായവയുടെ വികസനം.
- ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾ :

ഗ്രാമീണ മേഖലയിലുള്ള പല ന്യൂനതകളും, പ്രശ്നങ്ങളും കണ്ടെത്തി അവയ്ക്ക് പരിഹാരം നിർദേശിച്ച് മുമ്പോട്ടുപോകുമ്പോഴാണ് ഗ്രാമവികസനം ലക്ഷ്യത്തിലെത്തുന്നത്. നമ്മുടെ നഗര വികസനത്തിന് പല പോരായ്മകൾ ഉണ്ടെങ്കിലും, ഗ്രാമപ്രദേശങ്ങൾ പല സൗകര്യങ്ങളിലും നഗരത്തിനൊപ്പമെത്തേണ്ടതായിട്ടുണ്ട്. ഗ്രാമീണ ജനത അഭിമുഖീകരിക്കുന്ന ചില പ്രധാന പ്രശ്നങ്ങൾ ചുവടെ കൊടുക്കുന്നു.

- കടബാധ്യത : വിവാഹം, കാർഷിക ആവശ്യങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്ക് വായ്പകളെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതെ ആത്മഹത്യ വരെ ചെയ്യുന്ന കുടുംബങ്ങളെപ്പറ്റി നിങ്ങൾ കേട്ടിരിക്കുമല്ലോ?
- കാർഷിക ഉൽപ്പന്നങ്ങളുടെ വിലകുറവ്. കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവ് ഗ്രാമീണ മേഖലയുടെ തകർച്ചയ്ക്ക് കാരണമാകാറുണ്ട്. ഉദാഹരണമായി, റബ്ബറിന്റെയോ തേങ്ങയുടെയോ വിലകുറയുമ്പോൾ കർഷകരുടെ വരുമാനം കുറയുകയും തൊഴിലാളികളുടെ ജോലി നഷ്ടമാകുകയും ചെയ്യുന്നു.
- കാർഷിക ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്:
- ഭക്ഷ്യവിഭവങ്ങൾ കേടുകൂടാതെ സംഭരിച്ചുവെക്കാനുള്ള സംവിധാനങ്ങളുടെ (Storage facilities) അപര്യാപ്തത :
- അളവ്/തൂക്കത്തിന്റെ അശാസ്ത്രീയത. ഇത് കർഷക ചൂഷണത്തിന് കാരണമാകുന്നു.

- കാർഷികേതര തൊഴിലവസരങ്ങളുടെ കുറവ് : ഗ്രാമപ്രദേശങ്ങളിലെ ഒരു മുഖ്യ പ്രശ്നം കാർഷികേതര മേഖലയിലുള്ള തൊഴിലവസര കുറവാണ്. കാർഷിക അനുബന്ധമേഖലകളിൽ (ആട്-പശു വളർത്തൽ, പട്ടു നൂൽകൃഷി, ഭക്ഷ്യസംസ്കരണം) മുതലായ തൊഴിൽ സാധ്യതകൾ വളർന്നിട്ടുണ്ടെങ്കിലും, ഗ്രാമീണ ജനതയെ പൂർണമായും ഈ മേഖലയിലേക്ക് ആകർഷിക്കുവാനോ, ഗ്രാമീണ തൊഴിലില്ലായ്മക്ക് ഒരു ശാശ്വത പരിഹാരമാകാനോ ഈ മേഖലകൾക്ക് ഇതു വരെ സാധിച്ചിട്ടില്ല.

മുകളിൽ വിവരിച്ചത് ഗ്രാമപ്രദേശങ്ങളിൽ കണ്ടുവരുന്ന പ്രധാന പ്രശ്നങ്ങളിൽ ചിലത് മാത്രമാണ്.ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നത് ഗ്രാമവികസനത്തിന്റെ അടിത്തറ ശക്തമാക്കും.

പഠനപ്രവർത്തനം:- നിങ്ങളുടെ വീടിന്റെ സമീപത്തുള്ള ഒരു ഗ്രാമവും നഗര പ്രദേശവും സന്ദർശിച്ച് ഗ്രാമ-നഗര പ്രദേശങ്ങൾ തമ്മിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയെകുറിച്ച് ഒരു കുറിപ്പ് തയാറാക്കുക. ഗ്രാമപ്രദേശത്തിന്റെ വളർച്ചയ്ക്ക് ഏതൊക്കെ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നുള്ള ഒരു പട്ടിക തയാറാക്കുക.

ഗ്രാമപ്രദേശങ്ങളിലെ വായ്പാ-വിപണന സൗകര്യങ്ങൾ (Credit and Marketing in Rural Areas)

ഇന്ത്യൻ കർഷകരിൽ ഭൂരിഭാഗവും ചെറുകിട-നാമമാത്ര കർഷകരാണ് (small and marginal farmers). ഇവർ രണ്ട് ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള കർഷകരാണ്. രണ്ടായിരത്തി പതിനൊന്നിലെ കാർഷിക കാനേഷുമാരി (Agricultural Census) കണക്കുകൾ പ്രകാരം രാജ്യത്ത് 138.35 മില്യൻ കാർഷിക ഭൂമി യൂണിറ്റുകൾ (Agricultural Holdings) കാർഷിക ആവശ്യത്തിനായി ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 85 ശതമാനം (117.6 മില്യൻ) കാർഷിക ഭൂമി യൂണിറ്റുകളും കൃഷിചെയ്യുന്നത് ചെറുകിട-നാമമാത്ര കർഷകരാണ്. ചുരുക്കത്തിൽ, ഭൂരിഭാഗം കർഷകർക്കും വളരെ കുറച്ച് ഭൂമി മാത്രമെ കാർഷിക ആവശ്യത്തിനായി വിനിയോഗിക്കാൻ സാധിക്കുന്നുള്ളു. കർഷകർക്കിടയിൽ കടബാധ്യതയുള്ളതിനാൽ കൃഷിയിറക്കുന്നതിനും വിളവെടുക്കുന്നതിനുമിടയിലുള്ള ഇടവേളകളിൽ ജീവിതം ദുഷ്കരമാകാറുണ്ട്. അങ്ങനെയുള്ള അവസരങ്ങളിൽ കർഷകർ കടമെടുക്കുകയും ചെയ്യാറുണ്ട്. വിളവുകുറവുമൂലമോ പ്രകൃതിക്ഷോഭമോ കാരണം കടം തിരിച്ചടയ്ക്കാൻ സാധിക്കാതെ വരുമ്പോൾ കർഷകർ കടക്കെണിയിൽ (Debt trap)പ്പെട്ടുപോകുന്നു.

ഗ്രാമീണ മേഖലയിൽ സാധാരണയായി കാർഷിക വായ്പകൾ നൽകുന്നത് അമിത പലിശക്കാരായ സ്വകാര്യ വ്യക്തികളോ/സ്വകാര്യപണമിടപാട് സ്ഥാപനങ്ങളോ ആണ്. ഒരിക്കൽ ഇവരുടെ കരവലയത്തിലെത്തിപ്പറ്റിയാൽ കർഷകർക്ക് കടബാധ്യത

ഒഴിവാക്കാൻ പൊതുവെ ബുദ്ധിമുട്ടായിരിക്കും. ഗ്രാമീണരുടെ ഈ പ്രശ്നങ്ങൾ മനസ്സിലാക്കി അവയ്ക്ക് പരിഹാരമാർഗവുമായി വ്യത്യസ്ത വായ്പാ സൗകര്യങ്ങൾ ഒരുക്കുന്നതിൽ നമ്മുടെ ബാങ്കിംഗ് സംവിധാനങ്ങൾ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും, കർഷകർ കൂടുതലായും വായ്പാ ആവശ്യങ്ങൾക്കായി ആശ്രയിക്കുന്നത് മുകളിൽ സൂചിപ്പിച്ച വിഭാഗത്തിലുള്ള അമിത പലിശക്കാരെയാണ്. പലിശ നിരക്കുകൾ കൂടുതൽ ആണെങ്കിലും വളരെ വേഗം പണം ലഭിക്കുന്നു എന്നുള്ളതാണ് കർഷകരെ അവരിലേക്ക് ആകർഷിക്കുന്ന പ്രധാന ഘടകം. ഇത്തരത്തിലുള്ള ചൂഷണങ്ങൾ ഗ്രാമീണ ജീവിതം ദുരിത പൂർണമാക്കുകയും കർഷക ആത്മഹത്യകൾ വർധിക്കുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്. വായ്പ ലഭ്യത വർധിപ്പിക്കുന്നതിനായി സ്വതന്ത്രഭാരതത്തിൽ നടപ്പിലാക്കിയ ചില സുപ്രധാന പദ്ധതികൾ ചുവടെ നൽകുന്നു.

- 1969-ൽ 14 വാണിജ്യബാങ്കുകളും 1980-ൽ 6 വാണിജ്യ ബാങ്കുകളും ദേശസാൽക്കരിച്ചു.
- കൂടുതൽ ഗ്രാമീണ ബാങ്കിംഗ് ശാഖകൾ തുറന്നു.
- കാർഷിക വായ്പകൾ വർധിപ്പിച്ചു
- 1982ൽ നബാർഡ് (ദേശീയ കാർഷിക ഗ്രാമവികസനബാങ്ക് - (National Bank for Agricultural and Rural Development) സ്ഥാപിച്ചു.
- സഹകരണ വായ്പാ സംവിധാനം ശക്തമാക്കി.
- കാർഷിക വായ്പകൾക്ക് മുൻഗണന നൽകി.

ഗ്രാമീണ കാർഷിക മേഖലയിലെ വായ്പാ സംവിധാനം നിയന്ത്രിക്കുന്ന ഉന്നതാധികാര സ്ഥാപനമാണ് (Apex body) 1982 ൽ സ്ഥാപിതമായ നബാർഡ്. നബാർഡിനെ കൂടാതെ, വാണിജ്യബാങ്കുകൾ, ഗ്രാമീണ മേഖലാ ബാങ്കുകൾ, സഹകരണ വായ്പാ സ്ഥാപനങ്ങൾ, ഭൂവികസന ബാങ്കുകൾ, സ്വാശ്രയഗ്രൂപ്പുകൾ (Self Help Group) എന്നീ സ്ഥാപനങ്ങൾ ഗ്രാമീണ കാർഷിക വായ്പാ മേഖലയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളാണ്.

പഠനപ്രവർത്തനം:- നിങ്ങളുടെ വീടിന്റെ സമീപത്തുള്ള ഒരു പൊതുമേഖലാ ബാങ്ക് സന്ദർശിക്കുക. ഓഫീസർമാരിൽ നിന്നും കാർഷിക ആവശ്യങ്ങൾക്ക് നൽകുന്ന വായ്പകളുടെ പ്രത്യേകതകൾ മനസ്സിലാക്കി ഒരു കുറിപ്പ് തയാറാക്കുക.

ഗ്രാമീണ വികസനത്തിലെ നൂതന പ്രവണതകൾ

1. മൈക്രോ ക്രഡിറ്റ് (Micro credit)

സ്വത്തുക്കൾ ഒന്നുമില്ലാത്ത, പാവപ്പെട്ട വ്യക്തികൾക്ക് ചെറിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനും അതു വഴി ജീവിതനിലവാരം ഉയർത്തുകയുമാണ് മൈക്രോ ക്രഡിറ്റിന്റെ ഉദ്ദേശ്യ ലക്ഷ്യം.

2. സ്വയംസഹായകസംഘം (Self-Help Group-SHG)

ഗ്രാമപ്രദേശത്തെ 10-20 പുരുഷന്മാരോ/സ്ത്രീകളോ ചേർന്ന് ചെറിയ സമ്പാദ്യങ്ങൾ സ്വരൂപിച്ച് പരസ്പര സഹായത്തോടെയും സഹകരണത്തോടും കൂടി സംഘത്തിലെ വ്യക്തികൾക്ക് സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം നൽകുന്നു.

3. കുടുംബ ശ്രീ (Kudumbasree)

1998-ൽ കേരള ഗവൺമെന്റ് മുൻകൈ എടുത്തു നടപ്പിലാക്കിയ പദ്ധതി. ഗ്രാമങ്ങളിലെ ദാരിദ്ര നിർമ്മാർജനവും, സ്ത്രീ ശാക്തീകരണവുമാണ് മുഖ്യലക്ഷ്യം.

ഗ്രാമീണ ബാങ്കിംഗ് : വിമർശനാത്മക വിലയിരുത്തൽ (Rural Banking: A critical Appraisal)

ഗ്രാമങ്ങളിലെ വായ്പാസൗകര്യം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഗവൺമെന്റ് ആരംഭിച്ച വായ്പാസംവിധാനങ്ങൾ കർഷകർക്ക് ഏറെ ഗുണങ്ങൾ ചെയ്തിട്ടുണ്ട്. പക്ഷേ, കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റുക്ക രീതിയിലുള്ള വായ്പകൾ നൽകാൻ ഗ്രാമീണബാങ്കിംഗ് സമ്പ്രദായത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല എന്നുള്ളത് ഒരു വസ്തുതയാണ്. ഈ രംഗത്തെ ചില പോരായ്മകൾ താഴെ വിവരിക്കുന്നു.

- അമിത പലിശക്കാർ ഇപ്പോഴും കാർഷിക ചൂഷണം തുടരുന്നു.
- ബാങ്കിംഗ് സംവിധാനങ്ങളുടെ നിഷ്ക്രിയത്വം.
- കാർഷിക വായ്പകൾ ഉൽപ്പാദനപരമല്ലാത്ത ആവശ്യങ്ങൾക്കായി നീക്കിവയ്ക്കുന്നു.
- കാർഷിക വായ്പകളുടെ കുറഞ്ഞ തിരിച്ചടവ് നിരക്ക്.

കാർഷിക വിപണന സംവിധാനം (Agricultural marketing system)

നിങ്ങൾ എപ്പോഴെങ്കിലും നഗരത്തിൽ കൂടി യാത്ര ചെയ്യുമ്പോൾ വലിയ സൂപ്പർമാർക്കറ്റുകൾ കണ്ടിട്ടുണ്ടാകുമല്ലോ? ഇത്തരം സ്ഥാപനങ്ങളിൽ നിങ്ങൾക്ക് വിദേശത്തുനിന്ന് ഇറക്കുമതി ചെയ്തതും അതുപോലെ ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതുമായ പഴങ്ങളും പച്ചകറികളും ധാന്യങ്ങളും വാങ്ങാൻ സാധിക്കും. ഇങ്ങനെ ദൂരെ സ്ഥലങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന അരി, ഉപ്പ്, മുളക് തുടങ്ങിയ പലവ്യജ്ഞനങ്ങളും എങ്ങനെയാണ് നമ്മുടെ സമീപത്തുള്ള കടകളിൽ എത്തുന്നത് എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഈ വിഭവങ്ങൾ കടകളിലും നമ്മുടെ അടുക്കളയിലും എത്തുന്നത് അനേകം പ്രക്രിയകളിലൂടെ കടന്നുപോയതിനുശേഷമാണ്.

ആദ്യമായി വിഭവങ്ങൾ സംഭരിക്കേണ്ടതായിട്ടുണ്ട്. സംഭരിച്ച വിഭവങ്ങളെ സൂക്ഷിക്കുകയും സംസ്കരിക്കുകയും ഗുണ നിലവാരത്തിനനുസരിച്ച് തരം തിരിക്കുകയും പായ്ക്കറ്റിലാക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. അതിനുശേഷം, ഗതാഗത സംവിധാനങ്ങളുടെ സഹായത്തോടെ വിതരണം നടത്തുമ്പോൾ മാത്രമെ ഉൽപ്പന്നങ്ങൾ നമ്മുടെ സമീപത്തെത്തുകയുള്ളു. മുകളിൽ വിശദീകരിച്ച സംഭരണം മുതൽ വിതരണം വരെയുള്ള പ്രക്രിയകളെ മുഴുവനായി കാർഷിക വിപണനം (Agricultural marketing) എന്നു പറയാം.

കാർഷിക വിപണന രംഗത്തെ പ്രധാന പ്രശ്നങ്ങൾ (Major Issues in Agricultural Marketing)

- കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവ് (റബ്ബർ,നാളികേരം മുതലായ കാർഷിക ഉൽപ്പന്നങ്ങളുടെ വില കുറയുന്നത് നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുമല്ലോ? കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവ് കർഷക ജീവിതം ദുരിതപൂർണമാകുന്നു.
- ചില കാർഷിക ഉൽപ്പന്നങ്ങൾ വളരെ വേഗം നശിച്ചു പോകുന്ന വസ്തുക്കളാണ് (Perishable goods). ഇവയെ ശരിയായ രീതിയിൽ സംഭരിച്ച് വിപണനം നടത്താനുള്ള സംവിധാനം വ്യാപിപ്പിക്കേണ്ടതായിട്ടുണ്ട്.
- കാർഷിക ഉൽപ്പന്നങ്ങൾ ശേഖരിച്ച് വില കൂടുമ്പോൾ വിൽക്കാനുള്ള സാമ്പത്തിക ശേഷി കർഷകർക്കില്ല. അതിനാൽ ഉൽപ്പാദിപ്പിക്കുന്ന അവസരത്തിൽ തന്നെ കുറഞ്ഞ വിലയ്ക്ക് അവ വിൽക്കാൻ കർഷകർ ബാധ്യസ്ഥരാകുന്നു.
- കാർഷിക ഉൽപ്പന്നങ്ങളുടെ വിലകളെപ്പറ്റിയും അളവു തൂക്കസമ്പ്രദായങ്ങളെപ്പറ്റിയും കർഷകർക്കുള്ള അജ്ഞത കർഷക ചൂഷണത്തിന് കാരണമാകുന്നു.

കാർഷിക വിപണനവും ഗവൺമെന്റിന്റെ പങ്കാളിത്തവും (Role of Government in Agricultural marketing)

കാർഷിക വിപണനം മെച്ചപ്പെടുത്തുവാൻ ഗവൺമെന്റ് വ്യത്യസ്ത നടപടികൾ സ്വീകരിക്കുകയുണ്ടായി. അവയിൽ ചിലത് ചുവടെ കൊടുക്കുന്നു.

- റെഗുലേറ്റഡ് മാർക്കറ്റുകൾ സ്ഥാപിച്ചു.

  ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ, മാർക്കറ്റ് കമ്മിറ്റിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മാർക്കറ്റുകളാണ് റെഗുലേറ്റഡ് മാർക്കറ്റുകൾ. കർഷകർക്ക് മികച്ച വില, ഉപഭോക്താക്കൾക്ക് മികച്ച ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക എന്നതാണ് റെഗുലേറ്റഡ് മാർക്കറ്റിങ് സമ്പ്രദായത്തിന്റെ ഉദ്ദേശ്യലക്ഷ്യം.
- കിസ്സാൻ ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കി.

  1998 മുതൽ നടപ്പാക്കിയ ഈ പദ്ധതിയുടെ ലക്ഷ്യം കർഷകർക്ക് ഹ്രസ്വകാല വായ്പ ലഭ്യമാക്കുകയാണ്. ഈ പരിപാടിയനുസരിച്ച് ഓരോ കർഷകനും ക്യാഷ് ക്രഡിറ്റ് സൗകര്യമുള്ള ഒരു പാസ്ബുക്ക് വിതരണം ചെയ്യുന്നു.
- കാർഷിക വിപണനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ (റോഡ്, റെയിൽവെ, വെയർഹൗസുകൾ, ഗോഡൗണുകൾ, സ്റ്റോറേജ് സംവിധാനങ്ങൾ, സംസ്കരണശാലകൾ തുടങ്ങിയവ) വികസിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ സ്വീകരിച്ചു.

- ഇടത്തട്ടുകാരില്ലാതെ സഹകരണ വിപണനം സാധ്യമാക്കി.
- കാർഷിക ഉൽപ്പന്നങ്ങൾക്കു താങ്ങു വിലകൾ (Support prices) പ്രഖ്യാപിച്ചു.
- കുറഞ്ഞ പലിശ നിരക്കിൽ വായ്പാ സൗകര്യങ്ങൾ ഒരുക്കി.
- ഭക്ഷ്യധാന്യങ്ങൾ പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണംചെയ്തു.

ഇത്തരം നടപടികൾ കർഷകർക്ക് ഗുണകരമായ മാറ്റങ്ങൾ ഉണ്ടാക്കിയെങ്കിലും, അവയുടെ പൂർണമായ വിജയം അകലെയാണെന്ന് കരുതാം.

വൻകിട റീറ്റെയിൽ ബിസിനസ്സ് (Retail business)

ബിഗ്ബസാർ, റിലയൻസ്ഫ്രഷ്, സ്പെൻസർ, മോർ, നീലഗിരീസ് തുടങ്ങിയവ വ്യാപാര സ്ഥാപനങ്ങൾ വൻകിട റീറ്റെയിൽ ബിസിനസ്സ് സ്ഥാപനങ്ങൾക്ക് ചില ഉദാഹരണങ്ങളാണ്. ഈ സ്ഥാപനങ്ങൾ കർഷകരിൽ നിന്നും ഉൽപ്പന്നങ്ങൾ സംഭരിക്കുകയും ഉപഭോക്താക്കൾക്ക് നേരിട്ടു വിൽക്കുകയും ചെയ്യുന്നു.

കൃഷിയുടെ വൈവിധ്യവൽക്കരണം (Diversification of Agriculture)

കാർഷിക മേഖലയോട് ബന്ധപ്പെട്ട മേഖലകളിൽ ഉൽപ്പാദനവും തൊഴിൽ സാധ്യതയും വർധിപ്പിച്ചാൽ കാർഷികമേഖലയുടെ വൈവിധ്യവൽക്കരണം സാധ്യമാകും. കൃഷിയുടെ വൈവിധ്യവൽക്കരണം വ്യാപിപ്പിക്കുന്നതിന്റെ ഗുണങ്ങൾ ചുവടെ കൊടുക്കുന്നു.

- ബദൽ ജീവിതമാർഗമൊരുക്കുന്നു.
- സ്ഥിരതയുള്ള വരുമാനം തരുന്നു.
- ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നു.
- കുടുംബങ്ങൾക്ക് പോഷകാഹാരം നൽകുന്നു.
- ജൈവ വളങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്നു.
- പാചക ഇന്ധനം ലഭിക്കുന്നു.
- വർധിച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.

രണ്ടു പ്രധാന കാര്യങ്ങളാണ് കാർഷിക മേഖലയിലെ വൈവിധ്യവൽക്കരണത്തിൽ ഉൾപ്പെടുക

1. കാർഷിക വിളകളുടെ വൈവിധ്യവൽക്കകരണം

   ഒന്നിലധികം വിളകൾ കൃഷി ചെയ്താൽ കൃഷിനാശം മൂലമോ, കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവു മൂലമോ കർഷകർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം ലഘൂകരിക്കുന്നു.

2. കാർഷിക അനുബന്ധ പ്രവർത്തനങ്ങളിലേക്കുള്ള(കന്നുകാലിവളർത്തൽ, മത്സ്യബന്ധനം, പഴം, പച്ചക്കറി എന്നിവയുടെ ഉൽപ്പാദനം മുതലായവ) മാറ്റം.

   കൃഷിയുമായി ബന്ധപ്പെട്ട കാർഷികേതര ജോലികൾക്ക് അനന്ത സാധ്യത

കൾ ഉള്ളതായി മാധ്യമങ്ങളിലൂടെ വാർത്തകൾ വരുന്നത് നിങ്ങൾ ശ്രദ്ധിച്ചു കാണുമല്ലോ? ഭക്ഷ്യസംസ്കരണം, തുകൽ തുടങ്ങിയ അനുബന്ധ വ്യവസായങ്ങൾ കാർഷികേതര വൈവിധ്യവൽക്കരണം സാധ്യമാക്കുന്ന ചില മേഖലകൾ മാത്രമാണ്. പച്ചക്കറികൾ, പാൽ മുതലായവ സംസ്കരിച്ച് മൂല്യവർധിത വസ്തുക്കളാക്കിയാൽ വിപണി മൂല്യം വർധിക്കുകയും ചെയ്യും.

ഉൽപ്പന്നങ്ങളുടെ വർധനവും, സ്വയംപര്യാപ്തതയും ലക്ഷ്യമിട്ട് അവയ്ക്ക് നൽകിയിരിക്കുന്ന പുതിയ പേരുകൾ

ഭക്ഷ്യ ഉൽപ്പാദനം	-	*Green Revolution*
പാൽ ഉൽപ്പാദനം	-	*White Revolution*
പെട്രോളിയം/ക്രൂഡ്ഓയിൽ	-	*Black Revolution*
എണ്ണക്കുരു	-	*Yellow Revolution*
മത്സ്യ ഉൽപ്പാദനം	-	*Blue Revolution*
പഴങ്ങൾ- ആപ്പിൾ	-	*Golden Revolution*
വളങ്ങൾ	-	*Gray Revolution*
മുട്ട	-	*Silver Revolution*

സുസ്ഥിര വികസനവും ജൈവകൃഷിയും (Sustainable Development & Organic farming)

ആയിരത്തിതൊള്ളായിരത്തി അറുപതുകളിൽ ഇന്ത്യയിൽ നടപ്പാക്കിയ ഹരിതവിപ്ലവം നമ്മെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ എത്തിച്ചതായി രണ്ടാമത്തെ പാഠത്തിൽ നിങ്ങൾ പഠിച്ചത് ഓർക്കുമല്ലോ? ഹരിതവിപ്ലവത്തിലേക്കായി ഉപയോഗിച്ച രാസവളങ്ങളുടേയും, കീടനാശിനികളുടേയും അമിത ഉപയോഗം നമ്മുടെ മണ്ണിനേയും പരിസ്ഥിതിയേയും അപചയപ്പെടുത്തി. രാസവളങ്ങളുടേയും, കീടനാശിനികളുടേയും അമിത ഉപയോഗം സൃഷ്ടിച്ച പ്രശ്നങ്ങൾ ചുവടെ വിശദീകരിക്കുന്നു.

- മണ്ണിന്റെ വളക്കൂറ് നഷ്ടമായി.
- മണ്ണിലും, ജലത്തിലും വിഷാംശം കലർന്നിരിക്കുന്നു.
- ഭക്ഷ്യവസ്തുക്കളിൽ കീടനാശിനികൾ കലർന്നു.
- പരിസ്ഥിതി മലീമസമായി.
- ജലത്തിലൂടെയും, വായുവിലൂടേയും പകരുന്ന അസുഖങ്ങൾ വ്യാപകമായി.

ഇങ്ങനെയുള്ള സാഹചര്യത്തിൽ ഗവൺമെന്റും, കാർഷിക ശാസ്ത്രജ്ഞരും, പരിസ്ഥിതിവാദികളും പരിസ്ഥിതി സൗഹൃദമായ കാർഷിക വൃത്തിക്ക് ഇപ്പോൾ ഊന്നൽ നൽകി വരുന്നു. സുസ്ഥിരവികസനം എന്ന ആശയം സാധ്യമാകണമെങ്കിൽ പരിസ്ഥിതിയും ആളുകളുടെ ആരോഗ്യവും സംരക്ഷിക്കേണ്ടതായിട്ടുണ്ട്. അങ്ങനെയാണ് ജൈവകൃഷി എന്ന ആശയത്തിനെ കർഷകലോകം ഉറ്റുനോക്കുന്നത്. രാസവളങ്ങൾ ഒഴിവാക്കി ജൈവവളങ്ങൾ മാത്രം ഉൾപ്പെടുത്തുന്ന കൃഷിരീതിയാണ് ജൈവകൃഷി.

പരിസ്ഥിതി സൗഹൃദം പുലർത്തുന്നതിനും പരിസ്ഥിതിയുടെ സന്തുലിതാവസ്ത വീണ്ടെടുക്കുന്നതിനും, നിലനിർത്തുന്നതിനും സാധിക്കുമെന്നതിനാൽ ജൈവകൃഷി വൻ പ്രചാരം നേടിവരുന്നു.

ജൈവകൃഷിയുടെ ഗുണങ്ങൾ (Benefits of Organic farming)

ജൈവകൃഷിയുടെ മെച്ചങ്ങൾ ചുവടെ പരാമർശിക്കുന്നവയാണ്.

- പോഷകമൂല്യം കൂടുതലാണ്.
- ജൈവകൃഷി അധ്വാനപ്രധാനമായതിനാൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നു.
- ജൈവ ഉൽപ്പന്നങ്ങൾ വിഷ വിമുക്തമാണെന്നതിനാൽ പ്രാദേശിക-ദേശീയ-അന്താരാഷ്ട്ര വിപണന സാധ്യതകൾ നിലനിൽക്കുന്നു.
- ജൈവകൃഷി പരിസ്ഥിതി സൗഹൃദപരമാണ്.
- ജൈവകൃഷി പ്രാദേശികമായ വിഭവങ്ങൾ ഉപയോഗിച്ച് സാധ്യമാണ്.

ജൈവഭക്ഷണത്തിന് ജനപ്രീതി വർധിച്ചിരിക്കുന്ന ഒരു കാലഘട്ടമാണിത്. സാധാരണ മാർക്കറ്റുകളിൽ ലഭ്യമാകുന്ന പച്ചക്കറികളിൽ വിഷാംശത്തിന്റെ അളവ് അനുവദനീയമായ അളവിൽ കൂടുതലാണെന്ന കാരണത്താലാണ് ജൈവ പച്ചക്കറികളിലേയ്ക്ക് ഉപഭോക്താക്കൾ ആകൃഷ്ടരാകുന്നത്. രണ്ടായിരത്തി പതിനാറ് ആകുമ്പോഴേക്കും കേരളത്തെ സമ്പൂർണജൈവ കൃഷി സംസ്ഥാനമാക്കാനുള്ള പദ്ധതികൾ കേരള കൃഷിവകുപ്പ് ആസൂത്രണം ചെയ്തു വരുകയാണ്.

പഠനപ്രവർത്തനം:- ജൈവകൃഷിയുടെ ഗുണ-ദോഷങ്ങളെ സംബന്ധിച്ച് ക്ലാസിൽ ഒരു ചർച്ച സംഘടിപ്പിക്കുക

സംഗ്രഹം

ഗ്രാമവികസനം എന്നത് വളരെ വിശാലമായ അർഥതലങ്ങളുള്ള ഒരു ആശയമാണ്. സാമൂഹിക സാമ്പത്തിക മേഖലകളിൽ പിന്നോക്കം നിൽക്കുന്ന ഗ്രാമീണ മേഖലയെ വികസനത്തിന്റെ പാതയിലൂടെ മുന്നിലെത്തിക്കാനുള്ള കർമ്മ പരിപാടികളെ മുഴുവനായി ഗ്രാമവികസനം എന്ന് ചുരുക്കിപ്പറയാം. പിന്നോക്കം നിൽക്കുന്ന ഇന്ത്യൻ ഗ്രാമങ്ങളെ വ്യത്യസ്ത പദ്ധതികളിലൂടെ വികസനം സാധ്യമാക്കുക എന്നത് ഗവൺമെന്റിനും പ്ലാനിംഗ് വിദഗ്ദർക്കും തീർച്ചയായും ഒരു വെല്ലുവിളിയാണ്. കാർഷിക മേഖലയുടെ വികസനം, അനുബന്ധ പ്രവർത്തനങ്ങൾ, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ രാജ്യം ഈ വെല്ലുവിളി ഏറ്റെടുത്തുകഴിഞ്ഞു. കാർഷികേതര തൊഴിലാളികളും ജൈവകൃഷിയുടെ വ്യാപനവും ഗ്രാമങ്ങളെ സുസ്ഥിര വികസനത്തിന്റെ പാതയിലേയ്ക്കും ക്രമേണ വികസന പ്രക്രിയയുടെ മുൻനിരയിലേക്കും നയിക്കും എന്നു നമുക്ക് പ്രത്യാശിക്കാം.

പദപരിചയം

ഗ്രാമവികസനം: സാമൂഹിക-സാമ്പത്തിക അടിസ്ഥാന സൗകര്യമേഖലകളിൽ പിന്നിൽ നിൽക്കുന്ന ഗ്രാമ പ്രദേശങ്ങളെ വികസനത്തിന്റെ പാതയിലൂടെ മുന്നിലേക്ക് നയിക്കുന്ന കർമ്മ പദ്ധതിയാണ് ഗ്രാമവികസനം.

റെഗുലേറ്റഡ് മാർക്കറ്റുകൾ: വിപണിയിലെ അനാരോഗ്യകരമായ പ്രവണതകൾ ഒഴിവാക്കി, കർഷകർക്ക് മികച്ച വിലയും, ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളും ലഭ്യമാക്കാനായി സ്ഥാപിച്ചതാണ് റെഗുലേറ്റഡ് മാർക്കറ്റുകൾ.

കൃഷിയുടെ വൈവിധ്യവൽക്കരണം: കാർഷിക മേഖലയോട് ബന്ധപ്പെട്ട മേഖലകളിൽ (കന്നുകാലി വളർത്തൽ, മത്സ്യബന്ധനം തുടങ്ങിയവ) കൂടുതൽ കർഷകരെ ആശ്രയിക്കുന്ന കർമ്മ പരിപാടിയാണ് കാർഷിക വൈവിധ്യവൽക്കരണം.

വിലയിരുത്തൽ ചോദ്യങ്ങൾ

1. **ശരിയോ തെറ്റോ എന്ന് കണ്ടെത്തുക. തെറ്റുണ്ടെങ്കിൽ തിരുത്തുക**

a. ഇന്ത്യ എന്നത് നഗരങ്ങളുടെ നാടാണ്.
b. ഇന്ത്യൻ ജനത ജീവിത മാർഗമെന്ന നിലയിൽ കൃഷിയെ ആശ്രയിക്കുന്നു.
c. ഇന്ത്യയിലെ വാണിജ്യബാങ്കുകളെ ദേശസാൽക്കരിച്ചിട്ടില്ല
d. ജൈവകൃഷി പ്രകൃതിക്ക് അനുയോജ്യമായ കൃഷി രീതിയാണ്.
e. കർഷകർക്ക് വളരെയധികം വായ്പാ സൗകര്യങ്ങൾ ലഭിക്കുന്നു.
f. ഇന്ത്യയിലെ കാർഷിക വിപണന സംവിധാനം വളരെ ശക്തമാണ്.
g. കൃഷിയുടെ വൈവിധ്യവൽക്കരണം ഇന്ത്യയിൽ സാധ്യമല്ല

2. കോളം A യെ കോളം B യായും കോളം C യുമായും പൊരുത്തപ്പെടുത്തുക

A	B	C
ഹരിതവിപ്ലവം	റോഡുകൾ	ദേശീയ കാർഷിക ഗ്രാമ വികസന ബാങ്ക്
നബാർഡ്	പട്ടുനൂൽ വളർത്തൽ	ഭക്ഷ്യസ്വയം പര്യാപ്തത
കൃഷിയുടെ വൈവിധ്യവത്കരണം	കാർഷിക ഉൽപ്പാദനത്തിലുള്ള വർധനവ്	സാമ്പത്തിക വികസനം
അടിസ്ഥാന സൗകര്യം	കാർഷിക വായ്പ	ഉയർന്ന വരുമാനം

3. ഗ്രാമീണ വികസനം എന്തെന്ന് നിർവചിക്കുക
4. ഇന്ത്യൻ സമ്പദ്വ്യവസ്ഥയിൽ ഗ്രാമീണ വികസനത്തിന്റെ ആവശ്യകത വ്യക്തമാക്കുക
5. കാർഷിക വൈവിധ്യവൽക്കരണം വിശദീകരിക്കുക
6. കാർഷിക വൈവിധ്യവൽക്കരണം കൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാം?

7. ജൈവകൃഷിയുടെ പ്രാധാന്യം ചർച്ചചെയ്യുക.
8. രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കുമ്പോഴുണ്ടാകുന്ന ദുഷ്ഫലങ്ങൾ ഏതൊക്കെ?

സ്വയം വിലയിരുത്തൽ

	പൂർണമായി കഴിയുന്നു	ഭാഗികമായി കഴിയുന്നു	മെച്ചപ്പെടേണ്ടതുണ്ട്
• ഗ്രാമവികസനം എന്തെന്ന് വിശദീകരിക്കാൻ			
• ഗ്രാമീണ മേഖലയുടെ വികസന ആവശ്യങ്ങൾ തിരിച്ചറിയാൻ			
• കർഷകർ നേരിടുന്ന ചൂഷണങ്ങൾ ചർച്ച ചെയ്യാൻ			
• കാർഷിക വിപണന സംവിധാനങ്ങളുടെ പോരായ്മകൾ കണ്ടെത്താൻ			
• കാർഷിക വൈവിധ്യവൽക്കരണത്തിന്റെ ആവശ്യകത വിശദീകരിക്കാൻ			
• ജൈവകൃഷിയുമായി ബന്ധപ്പെട്ട തൊഴിൽ സാധ്യതകൾ			

തുടർവായനയ്ക്ക്

ആചാര്യ, എസ്സ്.എസ്സ് (2004): 'അഗ്രികൾച്ചർ മാർക്കറ്റിംഗ് സ്റ്റേറ്റ് ഓഫ് ദി ഇന്ത്യൻ ഫാർമർ: എ മില്ലേനിയം സ്റ്റഡി', അക്കാദമിക് ഫൗണ്ടേഷൻ, ന്യൂഡൽഹി.

ദത്ത് ആന്റ് സുന്ദരം (2004): 'ഇന്ത്യൻ ഇക്കണോമി', എസ്സ്. ചന്ത് ആന്റ് സൺസ് പബ്ലിക്കേഷൻസ്, ന്യൂഡൽഹി.

കത്താർ സിംഗ് (2008): 'റൂറൽ ഡെവലപ്പ്മെന്റ്: പ്രൻസിപ്പിൾസ്, പോളിസീസ് ആന്റ് മാനേജ്മെന്റ്', സേജ് പബ്ലിഷർസ്, ന്യൂഡൽഹി.

മിശ്ര ആന്റ് പുരി (2010): 'ഇന്ത്യൻ ഇക്കണോമി', ഹിമാലയ പബ്ളിഷിംഗ് ഹൗസ്, മുംബൈ.

നാഥ്, വി (2010): 'റൂറൽ ഡെവലപ്മെന്റ് ആന്റ് പ്ലാനിംഗ് ഇൻ ഇന്ത്യ', കൺസപ്റ്റ് പബ്ളിഷർസ്, ന്യൂഡൽഹി.

7

ഇന്ത്യയിലെ തൊഴിൽമേഖല

ആമുഖം

ഒരു രാജ്യത്തിലെ ജനങ്ങൾ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. ചിലർ കാർഷികമേഖലയിൽ ഏർപ്പെടുമ്പോൾ മറ്റുചിലർ വ്യാവസായിക മേഖലകളിലും ബാങ്കിംഗ്, ഇൻഷ്വറൻസ് ഇതര മേഖകളിലും തൊഴിൽ ചെയ്യുന്നു. തുണിനെയ്ത്ത്, മൺപാത്ര നിർമ്മാണം തുടങ്ങി കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെയും കാണാം. ഇങ്ങനെ വിവിധങ്ങളായ തൊഴിലിൽ ഏർപ്പെടുന്ന ഓരോ വ്യക്തിയും രാജ്യത്തിന്റെ ദേശീയ വരുമാനത്തിന് സംഭാവന നൽകുന്നതോടൊപ്പം രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിൽ സജ്ജീവ ഭാഗമാവുകയും ചെയ്യുന്നു. അതുകൊണ്ട് തൊഴിലിന്റെ മാഹാത്മ്യം വളരെ വലുതാണ്.

തൊഴിൽ ചെയ്യുന്നവരെക്കുറിച്ചുള്ള പഠനം തൊഴിലിന്റെ ഗുണത്തെക്കുറിച്ചും അതിന്റെ സ്വഭാവത്തെക്കുറിച്ചും ഒരു ഉൾക്കാഴ്ച തരുന്നു. മനുഷ്യ വിഭവശേഷിയെ മനസ്സിലാക്കുവാനും വ്യക്തമായി അവ ആസൂത്രണം ചെയ്യുവാനും സഹായിക്കുന്നുണ്ട്. സമ്പദ് വ്യവസ്ഥയിലെ വിവിധ മേഖലകളുടെ ദേശീയ വരുമാനത്തിലെ സംഭാവനകളെക്കുറിച്ച് പഠിക്കുവാനും ഇത് സഹായിക്കുന്നു. കൂടാതെ തൊഴിൽ മേഖലകളിലെ ചൂഷണം, ബാലവേല, ലിംഗവിവേചനം എന്നീ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും അവയ്ക്ക് പരിഹാരം കാണാനും തൊഴിൽ ചെയ്യുന്നവരെക്കുറിച്ചുള്ള പഠനം ഏറെ സഹായിക്കുന്നു.

പഠനനേട്ടങ്ങൾ

- തൊഴിലുമായി ബന്ധപ്പെട്ട പ്രധാന ആശയങ്ങളായ സാമ്പത്തിക പ്രവർത്തനം, തൊഴിലാളി, തൊഴിലില്ലയ്മ, തൊഴിൽ ശക്തി എന്നിവയെന്തെന്ന് നിർവചിക്കുന്നു.
- ഇന്ത്യയിലെ വിവിധ തൊഴിൽമേഖലകളെക്കുറിച്ചും അവയിൽ സ്ത്രീ-പുരുഷ പങ്കാളിത്തത്തെക്കുറിച്ചും താരതമ്യ പഠനം നടത്തുന്നു.
- വിവിധതരം തൊഴിലില്ലായ്മ എന്തൊക്കെയാണെന്ന് വിലയിരുത്തി വിശകലനം നടത്തുന്നു.
- രാജ്യത്തിലെ തൊഴിലില്ലായ്മ ഇല്ലാതാക്കാൻ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികളെയും അവയുടെ പുരോഗതിയെക്കുറിച്ചും വിമർശനാത്മകമായി വിലയിരുത്തുന്നു.
- ഇന്ത്യയിലെ സംഘടിതതൊഴിൽമേഖലയേയും അസംഘടിത തൊഴിൽമേഖലയേയും താരതമ്യം ചെയ്യുന്നു.

പ്രധാന ആശയങ്ങൾ

സാമ്പത്തിക പ്രവർത്തനങ്ങൾ, മൊത്തം ആഭ്യന്തര ഉൽപ്പന്നം, മൊത്തം ദേശീയ ഉൽപ്പന്നം, തൊഴിൽശക്തി, തൊഴിൽ, തൊഴിലില്ലായ്മ, തൊഴിൽ ജനസംഖ്യാനുപാതം, സംഘടിതമേഖല, അസംഘടിതമേഖല, പ്രാഥമിക മേഖല, ദ്വിതീയ മേഖല, ത്രിതീയ മേഖല, പ്രച്ഛന്ന തൊഴിലില്ലായ്മ, കാലിക തൊഴിലില്ലായ്മ, പ്രത്യക്ഷ തൊഴിലില്ലായ്മ.

തൊഴിലാളികളും തൊഴിലും (Workers and Employment)

മൊത്തം ദേശീയോൽപ്പാദനത്തിന് സംഭാവന നൽകുന്ന കാർഷിക, വ്യാവസായിക സേവന മേഖലകളിലുള്ള പ്രവർത്തനത്തേയാണ് സാമ്പത്തിക പ്രവർത്തനങ്ങൾ എന്ന് പറയുന്നത്. ഇത്തരം സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെയാണ് തൊഴിലാളികൾ എന്നു പറയുന്നത്. രോഗം മൂലമോ, അപകടം മൂലമോ, മോശമായ കാലാവസ്ഥ മൂലമോ താൽക്കാലികമായി തൊഴിലിൽ നിന്നും മാറി നിൽക്കുന്നവരേയും തൊഴിലാളികൾ എന്ന സംജ്ഞയിൽ ഉൾപ്പെടുത്താം. പ്രതിഫലത്തിനുവേണ്ടി മാത്രം ജോലി ചെയ്യുന്നവർ മാത്രമല്ല തൊഴിലാളികൾ, സ്വയം തൊഴിൽ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവരും തൊഴിലാളികൾ എന്ന വിഭാഗത്തിൽ പെടുന്നു. അതായത് നിയമപരമായ മാർഗത്തിലൂടെ അദ്ധ്വാനം വിറ്റ് വരുമാനം നേടുന്നവരെ തൊഴിലാളികൾ (Workers) എന്ന ഗണത്തിൽപ്പെടുത്താം. വരുമാനത്തിനുവേണ്ടി ശാരീരികമോ മാനസ്സികമോ ആയ ആയാസത്തെ തൊഴിൽ (Employment) എന്നു വിളിക്കാം.

ഇന്ത്യയിലെ തൊഴിൽമേഖല ബഹുമുഖ സവിശേഷതകൾ അടങ്ങിയതാണ്. ചിലർ ഒരു വർഷം മുഴുവനും തൊഴിലുകളിൽ ഏർപ്പെടുമ്പോൾ മറ്റുചിലർ കുറച്ചു മാസങ്ങൾ മാത്രമേ തൊഴിൽ ചെയ്യുന്നുള്ളൂ. 1990-2000 ൽ ഇന്ത്യയിലെ തൊഴിൽ ശക്തി

യുടെ അളവ് ഏകദേശം 400 മില്ല്യൻ ആണ്. ഇതിൽ 3/4 തൊഴിൽ ശക്തിയും ഗ്രാമീണ മേഖലകളിലാണ്. ഇന്ത്യയിലെ തൊഴിൽശക്തിയുടെ 70% പേരും പുരുഷന്മാരാണ്. ഗ്രാമങ്ങളിലെ തൊഴിലാളികളുടെ മൂന്നിലൊന്നും നഗരങ്ങളിലെ തൊഴിലാളികളുടെ അഞ്ചിലൊന്നും സ്ത്രീകളാണ്. മൊത്തം തൊഴിൽശക്തിയുടെ 90% ത്തിൽ അധികം പേരും അസംഘടിത മേഖലകളിലാണ് ജോലി ചെയ്യുന്നത്.

തൊഴിലിൽ ജനങ്ങളുടെ പങ്കാളിത്തം (Participation of workers in Employment)

ഒരു രാജ്യത്തിന്റെ തൊഴിൽസ്ഥിതി മനസ്സിലാക്കുവാനുള്ള ഏറ്റവും നല്ല സൂചകമാണ് തൊഴിലാളി ജനസംഖ്യാ അനുപാതം (Worker Population Ratio). ആകെ ജനസംഖ്യയിൽ എത്ര തൊഴിലാളികൾ എന്നതാണ് ഈ അനുപാതം. ഉയർന്ന തൊഴിലാളി ജനസംഖ്യാ അനുപാതം സൂചിപ്പിക്കുന്നത് തൊഴിലിൽ ജനങ്ങളുടെ ഉയർന്ന പങ്കാളിത്തമാണ്. നേരേമറിച്ച് താഴ്ന്ന അനുപാതം വ്യക്തമാക്കുന്നത് ജനസംഖ്യയുടെ ഭൂരിഭാഗവും സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നില്ല എന്നതാണ്. തൊഴിലാളി ജനസംഖ്യാ അനുപാതം കണ്ടുപിടിക്കാനുള്ള സമവാക്യം താഴെക്കൊടുക്കുന്നു.

$$\text{തൊഴിലാളി ജനസംഖ്യാ അനുപാതം} = \frac{\text{ആകെ തൊഴിലാളികൾ}}{\text{ജനസംഖ്യ}} \times 100$$

താഴെ തന്നിരിക്കുന്ന പട്ടികയിൽ സാമ്പത്തിക പ്രവർത്തനങ്ങളിൽ വ്യത്യസ്ത തലത്തിലുള്ള ജനങ്ങളുടെ പങ്കാളിത്തമാണ് നൽകിയിരിക്കുന്നത്.

Table 7.1

തൊഴിലാളി ജനസംഖ്യാ അനുപാതം (2011 - 12)

വിഭാഗം	തൊഴിലാളി ജനസംഖ്യാ അനുപാതം		
	ആകെ	ഗ്രാമം	നഗരം
പുരുഷന്മാർ	54	54	55
സ്ത്രീകൾ	22	25	15
ആകെ	**39**	**40**	**36**

ഉറവിടം : NSSO 68th round

ഈ പട്ടികയിൽ നിന്ന് ലഭിക്കുന്ന വസ്തുക്കൾ ഇവയൊക്കെയാണ്. മൊത്തം ജനസംഖ്യയുടെ 39% പേരും തൊഴിലെടുക്കുന്നവരാണ്. ഗ്രാമപ്രദേശങ്ങളിലെ തൊഴിലാളി ജനസംഖ്യാ അനുപാതം 40% ഉം നഗരങ്ങളിലേത് 36% ഉം ആണ്. മൊത്തം ജനസംഖ്യയുടെ ഏകദേശം 70% ത്തോളം വരുന്ന ഗ്രാമീണ ജനതയുടെ തൊഴിലാളി ജനസംഖ്യാ അനുപാതവും മൊത്തം ജനസംഖ്യയുടെ 30% മാത്രമുള്ള നഗരങ്ങളിലെ തൊഴിലാളി ജനംഖ്യാ അനുപാതവും തമ്മിൽ ആനുപാതിക രീതിയിലുള്ള വലിയ വ്യത്യാസത്തിന് കാരണങ്ങളെന്താവാം? ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾക്ക് തൊഴിലിൽ സജീവമാകുന്നതിനുള്ള അവസരങ്ങൾ കുറവും ഉയർന്ന വരുമാനം നേടുന്നതിനുള്ള വിഭവങ്ങൾ പരിമിതവുമാണ്. എന്നാൽ, നഗരപ്രദേശങ്ങളിൽ ധാരാളം തൊഴിൽ അവസരങ്ങളുണ്ട്. വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളും നിലനിൽക്കുന്നത് നഗരങ്ങളിലാണ്. അതിനാൽ അവരിൽ ഭൂരിഭാഗവും അഭ്യസ്തവിദ്യരാണ്.

പഠനപ്രവർത്തനം:- **പട്ടിക 7.1 പരിശോധിച്ചാൽ സ്ത്രീകളുമായി താരതമ്യം ചെയ്യുമ്പോൾ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നതിൽ കൂടുതലും പുരുഷന്മാരാണ്. തൊഴിൽ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കുറയാൻ കാരണമായ ഘടകങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.**

സ്വയംതൊഴിൽ ചെയ്യുന്നവർ, സ്ഥിരം വേതനക്കാർ, കൂലിക്ക് തൊഴിൽ ചെയ്യുന്നവർ (Self-employed, Regular Salaried and Hired workers)

സമൂഹത്തിൽ തൊഴിലാളികൾക്കുള്ള നില എന്താണ്? അവരുടെ തൊഴിലിന്റെ അവസ്ഥ എന്താണ്? ഇവയെക്കുറിച്ച് തൊഴിൽ ജനസംഖ്യാ അനുപാതം ഒന്നും പറയുന്നില്ല. ഇത് മനസ്സിലാക്കണമെങ്കിൽ അവർ ഏർപ്പെട്ടിരിക്കുന്ന തൊഴിലിന്റെ സ്വഭാവവും തൊഴിലും അറിയേണ്ടതുണ്ട്.

നിർമ്മാണ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന മൂന്ന് തൊഴിലാളികളെ ഉദാഹരണമായി എടുക്കാം. ഒരു സിമെന്റ് കടയുടെ ഉടമ, ഒരു നിർമ്മാണ തൊഴിലാളി, നിർമ്മാണ കമ്പിനിയിലെ ഒരു സിവിൽ എഞ്ചിനിയർ. ഇവർക്ക് മൂന്നുപേർക്കും സമൂഹത്തിലെ സ്ഥാനം വ്യത്യസ്തമായിരിക്കും. കാരണം, അവർ ഏർപ്പെട്ടിരിക്കുന്ന തൊഴിലിന്റെ സ്വഭാവം വ്യത്യസ്തമാണ്. ഉപജീവനത്തിനായി സ്വന്തം ഉടമസ്ഥതയിൽ സംരംഭങ്ങൾ നടത്തുകയും അതിൽ നിന്ന് വരുമാനം നേടുകയും ചെയ്യുന്നവരാണ് സ്വയംതൊഴിൽ ചെയ്യുന്നവർ. അതുകൊണ്ട് സിമെന്റ് കടയുടമ സ്വയംതൊഴിൽ ചെയ്യുന്നവനാണ്. ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുവന്നരാണ് കൂലിപ്പണിക്കാർ. കൃഷിത്തോട്ടങ്ങളിലും കമ്പനികളിലും നിർമ്മാണ സ്ഥലത്തുമെല്ലാം തൊഴിൽ ചെയ്യുന്നവർ ഈ വിഭാഗത്തിൽ പെടുന്നു. സ്ഥിരമായ ജോലിയും ശമ്പളവും കൈപ്പറ്റുന്നവരാണ് സ്ഥിരം വേതനം വാങ്ങുന്ന തൊഴിലാളികൾ. അതുകൊണ്ട് നിർമ്മാണ കമ്പനിയിലെ സിവിൽ എഞ്ചിനിയർ സ്ഥിരം വേതനം വാങ്ങുന്ന തൊഴിലാളിയാണ്.

ഉറവിടം : NSSO 86th round

- സ്വയംതൊഴിൽ ചെയ്യുന്നവർ
- സ്ഥിരം വേതനം വാങ്ങുന്നവർ
- കൂലിപ്പണിക്കാർ

ഇന്ത്യയിലെ തൊഴിലാളികളിൽ പകുതിയിൽ കൂടുതൽ സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. തൊഴിൽശക്തിയിൽ 30% ത്തോളം കൂലിപ്പണിക്കാരും 18% സ്ഥിരം വേതനം വാങ്ങുന്നവരാണ്. സ്വയംതൊഴിൽ ചെയ്യുന്നവരും കൂലിപ്പണി ചെയ്യുന്നവരും നഗരപ്രദേശങ്ങളെ അപേക്ഷിച്ച് ഗ്രാമപ്രദേശങ്ങളിലാണ് കൂടുതലായി കണ്ടുവരുന്നത്. ഗ്രാമീണ മേഖലയിലെ ഭൂരിഭാഗം പേരുടേയും മുഖ്യതൊഴിൽ കൃഷിയാണ്. അതുകൊണ്ടുതന്നെ സ്വയംതൊഴിലിൽ ഏർപ്പെടുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. സ്ഥിരം ശമ്പളം വാങ്ങുന്നവരുടെ അളവ് 9% മാത്രമാണ്. എന്നാൽ പട്ടണങ്ങളിൽ ഏകദേശം 43 ശതമാനമാണ്.

തൊഴിൽ രംഗത്തെ ലിംഗഭേദം പ്രധാനമാണ്. സ്ത്രീകൾക്കെതിരായ വിവേചനത്തിലേക്ക് ഇത് വെളിച്ചം വീശുന്നു. താഴെ ചേർക്കുന്ന പട്ടിക കാണുക.

Table 7.2

വിഭാഗം	പുരുഷന്മാരായ തൊഴിലാളികൾ (ശതമാനത്തിൽ)		സ്ത്രീകളായ തൊഴിലാളികൾ (ശതമാനത്തിൽ)	
	ഗ്രാമം	നഗരം	ഗ്രാമം	നഗരം
സ്വയംതൊഴിൽ ചെയ്യുന്നവർ	55	42	59	43
സ്ഥിരശമ്പളക്കാർ	9	43	6	43
കൂലിപ്പണിക്കാർ	36	15	35	14

ഉറവിടം : NSSO 68th round

സ്വയംതൊഴിൽ കണ്ടെത്തിയവർക്കിടയിൽ ഗ്രാമങ്ങളിലും നഗരങ്ങളിലും പുരുഷന്മാരേക്കാളധികം സ്ത്രീകളാണ്. എന്നാൽ സ്ഥിരം വേതനം വാങ്ങുന്നവരുടെ കാര്യത്തിൽ ഗ്രാമങ്ങളിലെ ജനങ്ങൾ നഗരങ്ങളിലെ ജനങ്ങളിലേക്കാൾ വളരെ പിന്നിലാണ്. അതുപോലെ ഗ്രാമങ്ങളിലെ സ്ത്രീകളും സ്ഥിരശമ്പളക്കാരുടെ കാര്യത്തിൽ വളരെ പിന്നിലാണ്. ഈ വിഭാഗത്തിലുള്ള തൊഴിലുകൾക്ക് ഉയർന്ന വിദ്യാഭ്യാസവും മറ്റു നൈപുണ്യങ്ങളും ആവശ്യമായതിനാലാണ് സ്ത്രീകളുടെ പങ്കാളിത്തം കുറഞ്ഞു കാണപ്പെടുന്നത്.

പഠനപ്രവർത്തനം:- ഇന്ത്യയിലെ തൊഴിൽശക്തിയിൽ ഏറ്റവും കൂടുതൽ സ്വയംതൊഴിൽ കണ്ടെത്തിയവരാണ്. ഈ വസ്തുതയെ സാധൂകരിക്കാൻ ഉതകുംവിധം നിങ്ങളുടെ പഞ്ചായത്തിലെ നിങ്ങൾ ഉൾപ്പെട്ട വാർഡിലും തൊട്ടടുത്തുള്ള വാർഡിലും ഒരു ഫീൽഡ് സന്ദർശനം നടത്തി തൊഴിലാളികളെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് തയാറാക്കുക.

തൊഴിലും വിവിധ മേഖലകളും

രാജ്യത്തിന്റെ സാമ്പത്തിക വികസനത്തോടൊത്ത് കാർഷിക മേഖകളിലും അനുബന്ധ മേഖലകളിലും ഏർപ്പെട്ടിരുന്ന തൊഴിലാളികൾ, വ്യാവസായിക, സേവന മേഖലകളിലേക്ക് മാറുകയും രാജ്യത്തിന്റെ തൊഴിൽഘടനയിൽ മാറ്റങ്ങൾ സംഭവിക്കുകയും ചെയ്യുന്നു. പൊതുവേ രാജ്യത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളെ 9 പ്രധാന വ്യവസായവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അവ :

1. കൃഷി
2. ഖനനവും ക്വാറികളും
3. നിർമ്മാണം/വ്യവസായം
4. വൈദ്യുതി, വാതകം, ജലവിതരണം
5. മരാമത്ത്
6. വ്യാപാരം
7. ബാങ്കിംഗ്, ഫിനാൻസ്, റിയൽ എസ്റ്റേറ്റ്
8. ഗതാഗതതം, സംഭരണം
9. സേവനങ്ങൾ

ഓരോ വിഭാഗത്തേയും തരംതിരിച്ച് മൂന്ന് മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ മൂന്ന് മേഖലകൾ :

1. പ്രാഥമിക മേഖല : കൃഷി, ഖനനക്വാറി, മത്സ്യബന്ധനം, വനം എന്നിവ ഉൾപ്പെടുന്നു.
2. ദ്വിതീയ മേഖല : വ്യവസായം, നിർമ്മാണം, വൈദ്യുതി, വാതകം, ജലവിതരണം, മരാമത്ത് എന്നിവ ഇതിൽ ഉൾപ്പെടുന്നു.
3. ത്രിതീയ മേഖല : ഈ മേഖലയിൽ വ്യാപാരം, ബാങ്കിംഗ്, ഗതാഗതം, സംഭരണം, സേവനങ്ങൾ എന്നിവ ഉൾപ്പെടുന്നു.

ഇന്ത്യയിലെ തൊഴിൽശക്തിയുടെ വിതരണത്തിൽ വിവിധ മേഖലകളുടെ പ്രാതിനിധ്യം താഴെ കൊടുത്തിരിക്കുന്നു.

Table 7.3

തൊഴിലാളികൾ – വ്യാവസായിക മേഖലയനുസരിച്ച്

മേഖലകൾ	തൊഴിലാളികൾ ശതമാനത്തിൽ	ഗ്രാമപ്രദേശങ്ങളിലെ തൊഴിലാളികൾ		നഗരങ്ങളിലെ തൊഴിലാളികൾ	
		പുരുഷന്മാർ	സ്ത്രീകൾ	പുരു	സ്ത്രീ
കാർഷിക മേഖല	49%	59%	75%	6%	11%
ദ്വിതീയ മേഖല	24%	22%	17%	35%	34%
ത്രിതീയ മേഖല	27%	19%	8%	59%	55%

ഉറവിടം : സാമ്പത്തിക സർവ്വേ 2012-13

തൊഴിലാളികളിൽ ബഹുഭൂരിപക്ഷം പേരും ആശ്രയിക്കുന്നത് പ്രാഥമിക മേഖലയാണ്. അതായത്, ഏകദേശം 49% ത്തോളം. തൊഴിലാളികളിൽ 24% ദ്വിതീയ മേഖലകളിലും 27% ത്രിതീയ മേഖലയിലും ജോലി ചെയ്യുന്നു. ഗ്രാമീണ മേഖലയിൽ ഭൂരിഭാഗവും തൊഴിലിനായി പ്രാഥമിക മേഖലയെ ആശ്രയിക്കുമ്പോൾ നഗര മേഖലയിൽ ഭൂരിഭാഗവും വ്യവസായ മേഖലയേയും സേവന മേഖലയേയുമാണ് ആശ്രയിക്കുന്നത്.

ഗ്രാമങ്ങളിൽ പുരുഷന്മാരിലും സ്ത്രീകളിലും കൂടുതൽ പേരും തൊഴിലിനായി പ്രാഥമിക മേഖലയെ ആശ്രയിക്കുന്നു. സ്ത്രീകളിൽ നാലിൽ മൂന്ന് പേരും പ്രാഥമിക മേഖലയാണ് ആശ്രയിക്കുന്നത്. ദ്വിതീയ മേഖലയിലും ത്രിതീയ മേഖലയിലും പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ ശതമാനം കുറവാണ്.

പഠനപ്രവർത്തനം:- നിങ്ങൾ വായിക്കുന്ന ദിനപത്രത്തിൽ വരുന്ന തൊഴിലവസരങ്ങൾ ശ്രദ്ധിക്കുക. മൂന്ന് കോളങ്ങളുള്ള ഒരു ടേബിൾ ഉണ്ടാക്കിയതിനുശേഷം ഏതൊക്കെ മേഖലകളിലാണ് (പ്രാഥമികം, ദ്വിതീയം, ത്രിതീയം) ഈ തൊഴിലവസരങ്ങൾ എന്ന് എഴുതുക. ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ ഏത് മേഖലയിൽ ആണെന്ന് കണ്ടെത്തുക?

ഇന്ത്യയിലെ തൊഴിൽശക്തിയുടെ അനൗപചാരികവൽക്കരണം (Informalisation of Indian Workforce)

നമ്മുടെ തൊഴിൽമേഖലയിൽ സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ അനുപാതം ഉയർന്നതാണെന്ന് നാം കണ്ടു. ഇന്ത്യ അതിന്റെ സാമ്പത്തിക ആസൂത്രണം ആരംഭിച്ചിട്ട് 60 വർഷത്തിൽ കൂടുതലായിട്ടും 50% ത്തോളം തൊഴിലാളികൾ അവരുടെ ജീവിതമാർഗമായി ആശ്രയിച്ചിരിക്കുന്നത് കൃഷിയിലും അനുബന്ധ മേഖലയിലുമാണ്.

നമ്മുടെ തൊഴിലിന്റെ ഗുണമേന്മ വർഷങ്ങളായി കുറഞ്ഞുവരുകയാണെന്നാണ് സാമ്പത്തിക ശാസ്ത്രജ്ഞന്മാരുടെ വാദം. എന്തുകൊണ്ടാണ് ഇപ്പോഴും ചില തൊഴിലാളികൾക്ക് പെൻഷൻ, പ്രോവിഡന്റ് ഫണ്ട്, പ്രസവ അവധി, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കാത്തത്? എന്തുകൊണ്ടാണ് ചില തൊഴിലാളികൾക്ക് കുറഞ്ഞ വേതനത്തോടെ കൂടുതൽ സമയവും പണിയെടുക്കേണ്ടിവരുന്നത്? എന്തുകൊണ്ടാണ് സ്ഥിരം ജീവനക്കാരുടേയും കൂലിപ്പണിക്കാരുടേയും സേവന-വേതന വ്യവസ്ഥകൾ വ്യത്യസ്തമായിരിക്കുന്നത്?

സ്ഥിരം ജീവനക്കാർ മൊത്തം തൊഴിൽശക്തിയുടെ വെറും 18% മാത്രമേ ഉള്ളൂ എന്ന് നാം കണ്ടു. പക്ഷെ, അവർക്ക് കൂലിപ്പണിക്കാരേക്കാൾ ഉയർന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നു. കാരണം, ഈ വിഭാഗക്കാർ ഔപചാരിക മേഖലയിൽ (Formal Sector) ഉൾപ്പെടുന്നു. തൊഴിൽ നിയമങ്ങൾ ഈ മേഖലയിൽ പ്രായോഗികമാണ്. ഈ മേഖലയിൽ ഉള്ള തൊഴിലാളികൾക്ക് ട്രേഡ് യൂണിയനുകളുണ്ട്. ഉയർന്ന വേതനത്തിനും മറ്റ് ആനുകൂല്യങ്ങൾക്കുവേണ്ടി വാദിക്കുന്നതിനും വില പേശുന്നതിനും ഈ മേഖലയിലെ തൊഴിലാളികൾക്ക് സാധിക്കുന്നു. ഔപചാരിക മേഖലയെ സംഘടിത മേഖലയെന്നും പറയുന്നു. എല്ലാ പെതുമേഖലാ സ്ഥാപനങ്ങളും പത്തിലധികം സ്ഥിരജീവനക്കാരുള്ള എല്ലാ സ്വകാര്യ സ്ഥാപനങ്ങളും ഔപചാരിക മേഖലയിൽ ഉൾപ്പെ

ടുന്നു. മറ്റുള്ളവരെല്ലാം അനൗപചാരിക മേഖലയിൽ അല്ലെങ്കിൽ അസംഘടിത മേഖലയിൽ പെടുന്നു. കാർഷിക മേഖലയിൽ പണിയെടുക്കുന്നവർ, ചെറിയ സ്ഥാപനങ്ങൾ നടത്തുന്നവർ അവിടെ പണിയെടുക്കുന്നവർ, കൂലിക്ക് ആളെ വയ്ക്കാതെ സ്വയംതൊഴിൽ ചെയ്യുന്നവർ എന്നിവരെല്ലാം അസംഘടിത മേഖലയിൽ പെടുന്നു. രാജ്യത്തെ 400 മില്ല്യൻ വരുന്ന തൊഴിലാളികളിൽ വെറും 28 മില്ല്യൻ മാത്രമാണ് സംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്നത്. അതായത് 7% പേർ. ബാക്കിവരുന്ന 93% പേരും അസംഘടിത മേഖലയിലാണ്. 1970 കൾക്കുശേഷം ഇന്ത്യയുൾപ്പെടെയുള്ള മിക്ക വികസ്വര രാജ്യങ്ങളും അസംഘടിത മേഖലയിലെ സ്ഥാപനങ്ങൾക്കും തൊഴിലാളികൾക്കും പ്രത്യേക ശ്രദ്ധ നൽകിവരുന്നു. വൈകിയാണെങ്കിലും അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ ശുപാർശ പ്രകാരം ഇന്ത്യാ ഗവൺമെന്റ് അസംഘടിത മേഖലയിലെ ആധുനികവൽക്കരണത്തിനും ഈ മേഖലയിലെ തൊഴിലാളികളുടെ സാമൂഹിക സുരക്ഷാ നടപടികൾക്കും മുൻകൈയെടുക്കുന്നുണ്ട്.

പഠനപ്രവർത്തനം:- നിങ്ങളുടെ ക്ലാസ്സിനെ രണ്ടോ മൂന്നോ ഗ്രൂപ്പുകളായി തരംതിരിച്ച് ഓട്, ഇഷ്ടിക ഫാക്ടറികളിൽ ജോലി ചെയ്യുന്നതും നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്നതും മറ്റ് മരാമത്ത് പണികളിലും ഏർപ്പെടുന്നതുമായ കേരളത്തിലെ അന്യസംസ്ഥാന തൊഴിലാളികളെ കണ്ടെത്തി അവരുടെ തൊഴിൽ മേഖലയിൽ അനുഭവിക്കുന്ന പ്രശ്നങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ഒരു പഠന റിപ്പോർട്ട് തയാറാക്കുക.

തൊഴിലില്ലായ്മ (Unemployment)

പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന തൊഴിലവസരങ്ങൾ ശ്രദ്ധയോടെ നോക്കുന്ന ആളുകളെ നിങ്ങൾ കണ്ടിട്ടുണ്ടാകാം. സുഹൃത്തുക്കൾ വഴിയും ബന്ധുക്കൾ വഴിയും തൊഴിൽ അന്വേഷിച്ച് വരുന്നവരുണ്ട്. ചിലർ എംപ്ലോയിമെന്റ് ഓഫീസുകളിൽ ജോലി ലഭിക്കുന്നതിനുവേണ്ടി പേര് രജിസ്റ്റർ ചെയ്യുന്നു. ഇതെല്ലാം തൊഴിലില്ലായ്മയെയാണ് സൂചിപ്പിക്കുന്നത്. നിലവിലുള്ള വ്യവസ്ഥയ്ക്കും കൂലിക്കും അനുസരിച്ച് ജോലി ചെയ്യാൻ സന്നദ്ധതയുണ്ടായിട്ടും തൊഴിൽ ലഭിക്കാത്ത അവസ്ഥയെന്നാണ് നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ (NSSO) തൊഴിലില്ലായ്മയെ നിർവചിച്ചിരിക്കുന്നത്. അര ദിവസത്തിൽ ഒരു മണിക്കൂർ പോലും തൊഴിൽ കിട്ടാത്ത ആളാണ് തൊഴിൽരഹിതരെന്ന് സാമ്പത്തിക ശാസ്ത്രജ്ഞർ നിർവചിക്കുന്നു.

തൊഴിലില്ലായ്മയെക്കുറിച്ചുള്ള കണക്കുകൾ ലഭിക്കുന്നത് മൂന്ന് ഉറവിടങ്ങളിൽ നിന്നാണ്. ഇന്ത്യയിലെ സെൻസസ് റിപ്പോർട്ടുകൾ, തൊഴിലിനേയും തൊഴിലില്ലായ്മയേയും കുറിച്ചുള്ള നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷന്റെ റിപ്പോർട്ടുകൾ, ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയിമെന്റ് ആന്റ് ട്രെയിനിങ്ങിന്റെ എംപ്ലോയിമെന്റ് എക്സ്ചേഞ്ചുകളിലുള്ള രജിസ്ട്രേഷൻ വിവരങ്ങൾ എന്നിവയാണ് അവ.

ഇന്ത്യയിലെ തൊഴിലില്ലായ്മയുടെ സ്ഥിതി അത്യന്തം സങ്കീർണമാണ്. ഇന്ത്യയിൽ പലതരത്തിലുള്ള തൊഴിലില്ലായ്മ നിലനിൽക്കുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ ഒരാൾ ജോലി ചെയ്യാൻ സന്നദ്ധനാവുകയും എന്നാൽ ജോലി കിട്ടാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ് പ്രത്യക്ഷ തൊഴിലില്ലായ്മ (Open Unemployment) എന്നു പറയുന്നത്. ആളുകൾ ഏതെങ്കിലും ഒരു സ്ഥലത്ത് ആരെയെങ്കിലും തൊഴിലിന് വിളിക്കുന്നതും കാത്ത് നിൽക്കുന്നതും പ്രത്യക്ഷ തൊഴിലില്ലായ്മക്ക് ഉദാഹരണമാണ്.

ഇന്ത്യയെപ്പോലെയുള്ള വികസ്വര സമ്പദ് വ്യവസ്ഥയിലെ കാർഷിക മേഖലയിൽ കാണുന്ന ഒരു പ്രത്യേകതരം തൊഴിലില്ലായ്മയെ പ്രച്ഛന്ന തൊഴിലില്ലായ്മ (Disguised Unemployment) എന്ന് സാമ്പത്തിക ശാസ്ത്രജ്ഞർ വിളിക്കുന്നു. ഒരു കർഷകന് 4 ഏക്കർ കൃഷിഭൂമി ഉണ്ടെന്ന് കരുതുക. അവിടെ ഒരുവർഷം കൃഷി ചെയ്യാൻ അദ്ദേഹത്തെ കൂടാതെ രണ്ട് പേർ മാത്രം മതിയാകും എന്നും കരുതുക. എന്നാൽ അദ്ദേഹം 5 തൊഴിലാളികളെ കൂടെ നിയമിക്കുകയാണെങ്കിൽ മൂന്നു പേർ യഥാർഥത്തിൽ ആവശ്യമില്ലാത്തവരാണ്. ആ അവസ്ഥയെയാണ് പ്രച്ഛന്ന തൊഴിലില്ലായ്മ എന്ന് പറയുന്നത്. ആ മൂന്നു പേരെ പ്രച്ഛന്നമായി തൊഴിൽ ഇല്ലാത്തവർ എന്നും വിളിക്കുന്നു. ഇന്ത്യയിലെ കാർഷിക തൊഴിലാളികളിൽ മൂന്നിൽ ഒന്നും പ്രച്ഛന്നമായി തൊഴിലില്ലാത്തവരാണെന്നാണ് 1950 കളിൽ നടത്തിയ ഒരു പഠന റിപ്പോർട്ട് കാണിക്കുന്നത്.

ഇന്ത്യയിലെ കർഷക തൊഴിലാളികൾക്ക് വർഷത്തിൽ എല്ലാ മാസവും തൊഴിൽ ലഭിക്കുന്നില്ല. എന്താണ് കാരണമെന്ന് അറിയാമോ? കാർഷിക മേഖലയിലെ തൊഴിൽ കാലാവസ്ഥയ്ക്ക് അനുസൃതമാണ്. ഇത്തരത്തിൽ കാലികമായ തൊഴിലില്ലായ്മ ഉണ്ടാകുമ്പോൾ ആളുകൾ ജോലി തേടി നഗരപ്രദേശങ്ങിലേക്ക് കുടിയേറുന്നു. എന്നാൽ ഈ അവസ്ഥയിൽ മാത്രമല്ല നഗരപ്രദേശങ്ങളിലേക്കുള്ള കുടിയേറ്റം നടക്കുന്നത്. ഗ്രാമപ്രദേശങ്ങളിലെ തൊഴിലില്ലായ്മയും കുറഞ്ഞ കൂലിയും സാങ്കേതികമായ അറിവോ വിദ്യാഭ്യാസമോ ഇല്ലാത്തതും നഗരപ്രദേശങ്ങളിലേക്കുള്ള കുടിയേറ്റത്തിന് കാരണമാകുന്നു.

ലോകത്തിലെ ഓരോ ആറാമത്തെ വ്യക്തിയും ഇന്ത്യക്കാരൻ ആയിരിക്കുന്നതുപോലെ ലോകത്തിലെ ഓരോ മൂന്നാമത്തെ ദരിദ്രനും ഇന്ത്യക്കാരനാണ്. ഇത് കാണിക്കുന്നത് നമ്മുടെ രാജ്യത്തിലെ ദാരിദ്ര്യത്തിന്റെയും തൊഴിലില്ലായ്മയുടെയും തീവ്രതയും അത് പരിഹരിക്കേണ്ടതിന്റെ ആവശ്യകതയുമാണ്. 2005 ൽ ഗവൺമെന്റ് പാസ്സാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമപ്രദേശങ്ങളിലെ പ്രായപൂർത്തിയായ ഓരോ വ്യക്തിക്കും നൈപുണ്യം ആവശ്യമില്ലാത്ത മേഖലയിൽ 100 ദിവസത്തെ കൂലിക്ക് തൊഴിൽ ഉറപ്പു നൽകുന്നു. സ്വാതന്ത്ര്യ ലബ്ദിക്ക് ശേഷം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നേരിട്ടും അല്ലാതെയും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി പ്രധാനപ്പെട്ട പല നടപടികളും എടുത്തിട്ടുണ്ട്. (ദാരിദ്ര്യം എന്ന അധ്യായത്തിൽ സ്വയംതൊഴിൽ വർധിപ്പിക്കുന്നതിനുവേണ്ടിയും കൂലിക്ക് തൊഴിൽ നൽകുന്നതിനുവേണ്ടിയുമുള്ള ദാരിദ്ര്യ നിർമാർജന പദ്ധതികളെക്കുറിച്ചുള്ള വിശകലനം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ.)

സംഗ്രഹം

സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെയാണ് തൊഴിലാളികൾ എന്നു പറയുന്നത്. 400 മില്ല്യൻ ജനങ്ങളാണ് ഇന്ത്യയിലെ തൊഴിൽശക്തി. ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ കൂടുതലും സ്വയംതൊഴിൽ ചെയ്യുന്നവരാണ്. തൊഴിലാളികളിൽ 93%വും അസംഘടിത മേഖലയിലാണ്. 7% മാത്രമേ സംഘടിത മേഖലയിൽ പണിയെടുക്കുന്നുള്ളൂ. തൊഴിൽ രംഗത്ത് സ്ത്രീകൾക്കെതിരായി വിവേചനമുണ്ട്. ഇന്ത്യയിൽ കാലിക തൊഴിലില്ലായ്മയും പ്രച്ഛന്ന തൊഴിലില്ലായ്മയും ഗുരുതരമായ പ്രശ്നങ്ങളാണ്. രാജ്യത്തിന്റെ ജി.ഡി.പി വർധിക്കുന്നെങ്കിലും ആനുപാതികമായി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല. നേരിട്ടും അല്ലാതെയും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ ഗവൺമെന്റ് പല നടപടികളും സ്വീകരച്ചുവരുന്നുണ്ട്.

പദപരിചയം

1. **തൊഴിലാളികൾ :**
   ഒരു രാജ്യത്തിന്റെ ഒരു സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ തൊഴിലാളികൾ എന്നുപറയുന്നു.
2. **തൊഴിൽ :**
   ഉപജീവനത്തിന് വരുമാനമുണ്ടാക്കുന്നതിനുവേണ്ടി മാനസ്സികമോ ശാരീരികമോ ആയ സാമ്പത്തിക പ്രവർത്തനത്തെ തൊഴിൽ എന്നുപറയുന്നു.
3. **തൊഴിലില്ലായ്മ :**
   നിലനിൽക്കുന്ന വേതന നിരക്കിൽ ജോലി ചെയ്യാൻ സന്നദ്ധമായിട്ടും ജോലി ലഭിക്കാത്ത അവസ്ഥ.
4. **പ്രച്ഛന്ന തൊഴിലില്ലായ്മ :**
   ആവശ്യമായതിനേക്കാളേറെ ആളുകൾ തൊഴിലിന് നിയോഗിക്കപ്പെടുമ്പോഴുണ്ടാകുന്ന അവസ്ഥയാണിത്.
5. **കാലിക തൊഴിലില്ലായ്മ :**
   കാലമാറ്റത്തിനനുസരിച്ച് തൊഴിലില്ലാതിരിക്കുന്ന അവസ്ഥയാണിത്.
6. **തൊഴിൽ ജനസംഖ്യാനുപാതം :**
   മൊത്തം തൊഴിലാളികളെ ജനസംഖ്യ കൊണ്ട് ഹരിച്ച് കിട്ടുന്നതാണ് തൊഴിൽ ജനസംഖ്യാനുപാതം. ഇത് ശതമാനത്തിലാണ് നിർണയിക്കുന്നത്.
7. **സംഘടിത മേഖല :**
   എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും പത്തിൽ കൂടുതൽ തൊഴിലാളികളുള്ള സ്വകാര്യ സ്ഥാപനങ്ങളും ഉൾപ്പെട്ടതാണ് സംഘടിത മേഖല.

വിലയിരുത്തൽ ചോദ്യങ്ങൾ

1. താഴെ തന്നിരിക്കുന്ന വിഭാഗക്കാർ തൊഴിലാളികൾ ആണോ? എന്തുകൊണ്ട്?
   യാചകർ, മോഷ്ടാവ്, ചൂതുകളിക്കാരൻ, കള്ളക്കടത്തുകാരൻ

2. തൊഴിൽ ജനസംഖ്യാ അനുപാതം ഗ്രാമപ്രദേശങ്ങളിൽ ജനസംഖ്യയ്ക്ക് ആനുപാതികമായി ഉയരാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്?

3. സ്വയംതൊഴിൽ ചെയ്യുന്നവരും കൂലിപ്പണിക്കാരും പൊതുവേ നഗരപ്രദേശങ്ങളെ അപേക്ഷിച്ച് ഗ്രാമപ്രദേശങ്ങളിലാണ് കൂടുതൽ. ഇതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? കാരണം വ്യക്തമാക്കുക.

4. എന്തുകൊണ്ടാണ് സ്ഥിരം വേതനം വാങ്ങുന്നവരുടെ വിഭാഗത്തിൽ സ്ത്രീകൾ കുറഞ്ഞു പോകുന്നത്?

5. തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടേണ്ടത് കൂടുതലും സംഘടിത മേഖലയിലായിരിക്കണം. ഇതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

6. താഴെ പറയുന്ന ജോലികളെ സംഘടിത മേഖലയെന്നും അസംഘടിത മേഖലയെന്നും തരംതിരിക്കുക.

   തെരുവ് വിൽപ്പനക്കാർ, സ്കൂൾ അധ്യാപകൻ, അലക്കുകാരൻ, കെ.എസ്.ആർ.ടി.സി കണ്ടക്ടർ, ഗവ. ഡോക്ടർ, കർഷക തൊഴിലാളി.

7. ഒറ്റയാനെ കണ്ടെത്തി ന്യായീകരിക്കുക.

   - സ്കൂൾ അധ്യാപകൻ, ഗവ. ആശുപത്രിയിലെ നേഴ്സ്, സ്വന്തമായി സലൂൺ നടത്തുന്ന ആൾ
   - കൃഷി, മൃഗസംരക്ഷണം, ഖനനം, നിർമ്മാണം

8. ഒരു രാജ്യത്തെ ജനസംഖ്യ 120 കോടിയാണ്. അതിൽ 40 കോടിയും തൊഴിലാളികൾ ആണെങ്കിൽ ആ രാജ്യത്തിന്റെ തൊഴിലാളി ജനസംഖ്യാ അനുപാതം കണക്കാക്കുക.

9. താഴെ കൊടുത്തിരിക്കുന്ന പൈ ഡയഗ്രം ഇന്ത്യയിലെ തൊഴിൽ ഘടനയെ കാണിക്കുന്നു. ഇവ നിരീക്ഷിച്ച് വിശദീകരിക്കുക.

10. താഴെ കൊടുത്തിരിക്കുന്ന സംജ്ഞകൾ നിർവചിക്കുക.

    - പ്രച്ഛന്ന തൊഴിലില്ലായ്മ
    - കാലിക തൊഴിലില്ലായ്മ

സ്വയം വിലയിരുത്തൽ

	പൂർണമായി കഴിയുന്നു	ഭാഗികമായി കഴിയുന്നു	മെച്ചപ്പെടേണ്ടതുണ്ട്
• സ്വയംതൊഴിൽ ചെയ്യുന്നവർ, കൂലിപ്പണിക്കാർ, സ്ഥിരശമ്പളക്കാൻ എന്നിവരെ വേർതിരിക്കാൻ			
• ഒരു സമ്പദ് വ്യവസ്ഥയിൽ നിലനിൽക്കുന്ന വിവിധ തൊഴിലില്ലായ്മ യെക്കുറിച്ച് മനസ്സിലാക്കുവാൻ			
• ദാരിദ്ര്യവും തൊഴിലില്ലായ്മയും നിർമ്മാർജനം ചെയ്യുന്ന പദ്ധതികളുടെ പ്രവർത്തനത്തെ വിലയിരുത്താൻ			

തുടർ വായനയ്ക്ക്

1. ദേശായ്.S, M.B. ദാസ് (2004)

   ഈസ് എംപ്ലോയിമെന്റ് ഡ്രൈവിഗ് ഇന്ത്യാസ് ഗ്രോത്ത് സർജ്, ഇക്കണോമിക് ആന്റ് പൊളിറ്റിക്കൽ വീക്കിലി PP ജൂലൈ 3 3045-305/

2. ഗോസ്, അജി.കെ (1999) കറന്റ് ഇഷ്യൂസ് ഓഫ് എംപ്ലോയിമെന്റ് പോളസി ഇൻ ഇന്ത്യ ഇക്കണോമിക് ആന്റ് പൊളിറ്റിക്കൽ വീക്കിലി, സെപ്തബർ 4, PP 25922608

3. ഹിർവേ, ഇന്ദിര. (2002), എംപ്ലോയിമെന്റ് ആന്റ് അൺ എംപ്ലോയിമെന്റ് സിറ്റുവേഷൻ ഇൻ 1990 ഗുഡ് ആർ എൻ എസ്സ് എസ്സ് ഡേറ്റ ഇക്കണോമിക് ആന്റ് പൊളിറ്റിക്കൽ വീക്കിലി, മേയ് 25 PP 25 2027-2036

4. ജേക്കബ് പോൾ (1986) കൺസപ്റ്റ് ഓഫ് വർക്ക് ആന്റ് എസ്റ്റിമേറ്റ് ഓഫ് വർക്ക് ഫോഴ്സ്-ആൻ ആപ്രൈസൽ ഓഫ് ദി ട്രീറ്റ്മെന്റ് ഓഫ് ആക്ടിവിറ്റീസ് റിലേറ്റിങ്ങ് ടു നോൺ മാർക്കറ്റ് ഔട്ട് പുട്ട്

5. സുന്ദരം.കെ. (2001) എംപ്ലോയിമെന്റ്-അൺ എംപ്ലോയിമെന്റ് സിറ്റുവേഷൻ ഇൻ ദി ണയന്റീസ്

6. വിസാരിയ, പ്രവീൺ (1996) സ്ട്രക്ചർ ഓഫ് ദി ഇന്ത്യൻ വർക്കേഴ്സ്, 1961-1994, ദി ഇന്ത്യൻ ജേണൽ ഓഫ് ലേബർ ഇക്കണോമിക്സ്. Vol. 39 No. 4 P 725 - 740

7. എൻ.എസ്സ്.എസ്സ്.68വേ റൗണ്ട് റിപ്പോർട്ട്

8. സാമ്പത്തിക സർവേ 2012-13

9. സെൻസസ് റിപ്പോർട്ട് 2011

8

അടിസ്ഥാന സൗകര്യങ്ങൾ

ആമുഖം

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നടപ്പിലാക്കിയ വിവിധങ്ങളായ വികസന തന്ത്രങ്ങളിലൂടെ സ്ഥായിയായ വളർച്ചാ നിരക്ക് കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ എല്ലാ ഇന്ത്യൻ സംസ്ഥാനങ്ങളും ഓരോ മേഖലയിലും ഒരേ നിരക്കിലുമല്ല വളർച്ച കൈവരിച്ചത്. അതായത്, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ഒരുപോലെ മുന്നേറാൻ കഴിഞ്ഞിട്ടില്ല. പഞ്ചാബ്, ഹരിയാന, ഹിമാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങൾ കാർഷിക മേഖലയിൽ മുന്നേറിയപ്പോൾ, വ്യവസായ മേഖലയിലാണ് മഹാരാഷ്ട്ര, ഗുജറാത്ത്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ മുന്നേറിയത്. വിവര സാങ്കേതിക മേഖലയിൽ കർണാടകം മുന്നേറിയപ്പോൾ വിനോദസഞ്ചാര, വിദ്യാഭ്യാസ, ആരോഗ്യമേഖലകളിലാണ് കേരളത്തിന് മുന്നേറാനായത്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്? അടിസ്ഥാനസൗകര്യങ്ങളുടെ വികസനത്തിലെ വ്യത്യസ്തതയാണ് ഇതിന് കാരണം. ഓരോ മേഖലയുടെയും വളർച്ചയ്ക്ക് അനുകൂലമായ അന്തരീക്ഷം സംസ്ഥാനങ്ങളിൽ ഉണ്ടായതുകൊണ്ടാണ് ചില മേഖലകൾ അഭിവൃദ്ധി പ്രാപിച്ചിട്ടുള്ളത്. വ്യത്യസ്തമായ അടിസ്ഥാന സൗകര്യങ്ങൾ വളർച്ചയ്ക്ക് വേണ്ട പശ്ചാത്തലമൊരുക്കുന്നു. അതുകൊണ്ട് അടിസ്ഥാന സൗകര്യങ്ങളെ പശ്ചാത്തല സൗകര്യമെന്ന് നമുക്ക് വിളിക്കാം.

പഠനനേട്ടങ്ങൾ

1. അടിസ്ഥാനസൗകര്യങ്ങൾ എന്തെന്ന് വിശദീകരിക്കുന്നു
2. സാമ്പത്തിക - സാമൂഹിക അടിസ്ഥാനസൗകര്യങ്ങൾ വേർതിരിച്ച് പട്ടികപ്പെടുത്തുന്നു.
3. അടിസ്ഥാനസൗകര്യങ്ങളും സാമ്പത്തിക വളർച്ചയും തമ്മിലുള്ള ബന്ധം വിശദീകരിക്കുന്നു.
4. അടിസ്ഥാനസൗകര്യങ്ങളിൽ ഊർജത്തിനുള്ള പ്രാധാന്യം വിലയിരുത്തുന്നു.
5. അടിസ്ഥാനസൗകര്യങ്ങളിൽ ആരോഗ്യ-ഊർജമേഖലകളിലെ പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തുന്നു.
6. ഇന്ത്യയിലെ അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യത വിമർശനാത്മകമായി വിലയിരുത്തുന്നു.

പ്രധാന ആശയങ്ങൾ

അടിസ്ഥാനസൗകര്യം, വാണിജ്യോർജം, വാണിജ്യേതരഊർജം, പുതുക്കാവുന്ന ഊർജശ്രോതസ്സുകൾ, പുതുക്കാൻ കഴിയാത്ത ഊർജശ്രോതസ്സുകൾ, പാരമ്പര്യ-പാരമ്പര്യേതരഊർജം, സാമൂഹിക അടിസ്ഥാനസൗകര്യങ്ങൾ, സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യസൂചകങ്ങൾ.

അടിസ്ഥാന സൗകര്യങ്ങൾ (Infrastructure facilities) എന്നാൽ എന്ത്?

ഒരു സമ്പദ് വ്യവസ്ഥയുടെ പ്രധാന മേഖലകളായ കാർഷിക, വ്യാവസായിക മേഖല, ആഭ്യന്തര, വിദേശമേഖല, വാണിജ്യമേഖല തുടങ്ങിയവയുടെ വളർച്ചയ്ക്ക് സഹായിക്കുന്ന ഘടകങ്ങളെയാണ് അടിസ്ഥാനസൗകര്യങ്ങൾ എന്നുപറയുന്നത്.

അടിസ്ഥാനസൗകര്യങ്ങളെ പൊതുവെ സാമ്പത്തിക അടിസ്ഥാനസൗകര്യങ്ങളെന്നും സാമൂഹിക അടിസ്ഥാനസൗകര്യങ്ങളെന്നും രണ്ടായി തരംതിരിക്കാം.

ഗതാഗതം, ഊർജം, നഗരപശ്ചാത്തലം, വാർത്താവിനിമയം, വിവര സാങ്കേതികവിദ്യ, കായികരംഗം, ഭവനനിർമാണം, വാർത്താവിതരണവും പ്രചരണവും, റയിൽപാതകൾ, പൈപ്പുലൈനുകൾ തുടങ്ങിയവ സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങളിൽപെടുന്നു.

വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം മുതലായവ സാമൂഹ്യ അടിസ്ഥാനസൗകര്യങ്ങളിൽ പെടുന്നു.



അടിസ്ഥാന സൗകര്യങ്ങളുടെ പ്രസക്തി

അടിസ്ഥാന സൗകര്യങ്ങൾ സാമ്പത്തിക സാമൂഹിക വികസനത്തിന് നിർണായക മാണ്. ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ അടിസ്ഥാനസൗകര്യങ്ങളുടെ പ്രാധാന്യം ചുവടെ ചേർക്കുന്നു.

1. ആധുനിക വ്യവസായങ്ങളുടെ നിലനിൽപ്പ് അടിസ്ഥാന സൗകര്യങ്ങളെ ആശ്ര യിച്ചാണ് ഇരിക്കുന്നത്.
2. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ സാധനസേവനങ്ങളുടെ വിതരണം സുഗമ മാക്കുന്നു.
3. മെച്ചപ്പെട്ട സാമൂഹിക അടിസ്ഥാനസൗകര്യങ്ങൾ മികച്ച മനുഷ്യവിഭവങ്ങളെ സൃഷ്ടിക്കുന്നു. ഇത് രാജ്യപുരോഗതിക്ക് സഹായകമാണ്.
4. ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നു.
5. ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നു.
6. പുതിയ നിക്ഷേപങ്ങളെ ആകർഷിക്കുകയും സാമ്പത്തിക വളർച്ചയെ ത്വരിത പ്പെടുത്തുകയും ചെയ്യുന്നു.

ഇന്ത്യയിലെ അടിസ്ഥാന സൗകര്യങ്ങളുടെ സ്ഥിതി

ഒരുകാലത്ത് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെയും ലഭ്യമാക്കുന്നതി ന്റേയും ചുമതല രാജ്യത്തെ ഗവൺമെന്റിൽ നിക്ഷിപ്തമായിരുന്നെങ്കിൽ ഇന്ന് ആ ചുമതല സ്വകാര്യമേഖലയ്ക്കുകൂടി നൽകിയിരിക്കുന്നു. അടിസ്ഥാന സൗകര്യ വിക സനത്തിന് ഭീമമായ തുകയും മറ്റ് സമ്പത്തുകളും സാങ്കേതിക അറിവും ആവശ്യമാ ണ്. ഗവൺമെന്റ് മാത്രം വിചാരിച്ചാൽ വേണ്ടത്ര വളർച്ച ഈ മേഖലയിൽ കൊണ്ടുവ രുവാൻ സാധിക്കില്ല. അതുകൊണ്ട് പൊതുമേഖലയും സ്വകാര്യമേഖലയും ഒരുപോലെ കൈകോർത്ത് മുന്നേറിയാൽ മാത്രമേ നഗര-ഗ്രാമ വ്യത്യാസമില്ലാതെ അടിസ്ഥാന സൗകര്യങ്ങൾ ജനതയ്ക്ക് ലഭ്യമാക്കാനാകൂ. അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ നഗര-ഗ്രാമ അന്തരം വളരെ വലുതാണ്. ഇത് കുറച്ചുകൊണ്ട് വരേണ്ടതുണ്ട്.

ഇന്ത്യൻ ഗ്രാമീണമേഖലയിലെ ജനങ്ങളിൽ ഭൂരിഭാഗവും കുടിവെള്ളത്തിനായി തുറന്ന ജലാശങ്ങളെയാണ് ആശ്രയിക്കുന്നത്. (കനാലുകൾ, പുഴകൾ, തടാകങ്ങൾ, കുളങ്ങൾ മുതലായവ). ഏതാണ്ട് 76 ശതമാനത്തോളം ജനങ്ങൾക്ക് ശുദ്ധീകരിച്ച ജലം ലഭ്യമല്ല. വൈദ്യുതി ലഭ്യത 56 ശതമാനം കുടുംബങ്ങൾക്കു മാത്രമേയുള്ളൂ. ഗ്രാമീണ കുടുംബ

ങ്ങളിൽ 90 ശതമാനവും ജൈവ ഇന്ധനമാണ് (വിറക്, ചാണകം, വിളകളുടെ ശേഷിപ്പ്) ഉപയോഗിക്കുന്നത്. ശൗചാലയ ലഭ്യതയും ശുചീകരണ സൗകര്യവും വളരെ പരിമിതമാണ്.

സാമ്പത്തിക വളർച്ചയും അടിസ്ഥാന സൗകര്യ വികസനവും പരസ്പര പൂരകങ്ങളാണ്. അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിൽ നാം വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. GDP യുടെ (മൊത്ത ആഭ്യന്തര ഉൽപാദനം) 5 ശതമാനത്തിൽ താഴെ മാത്രമേ നാം ഇതിനായി വിനിയോഗിക്കുന്നുള്ളു. ഏഷ്യൻ രാജ്യങ്ങളായ ചൈനയും ഇന്തോനേഷ്യയും നമ്മളേക്കാൾ യഥാക്രമം 4 മടങ്ങും 3 മടങ്ങും തുക ഇതിനായി വിനിയോഗിക്കുന്നു.

Table -8.1

ഇന്ത്യയിലേയും മറ്റ് രാജ്യങ്ങളിലേയും അടിസ്ഥാന സൗകര്യ സൂചകങ്ങൾ

(Some Indicators of Infrastructure in India and other Countries)

Country	Investment in Infrastructure as a % GDP (2003)	Access to Improved Water Source (2012) (%)	Access to Improved Sanitation (%) 2012	Mobile Subscribers/100 People (2012)	Power Generation (billion kwh) 2010
China	20	92	65	81	4208
Hong Kong	4	92	100	223	38
India	5	84	35	69	960
South Korea	7	98	100	110	497
Pakistan	2	91	47	67	94
Singapore	5	100	100	153	45
Indonesia	14	84	59	115	170

Source: Economic Survey 2012

മുകളിൽ നൽകിയിട്ടുള്ള പട്ടികയിൽനിന്ന് ഒരു കാര്യം വ്യക്തമാണ്. അടിസ്ഥാന സൗകര്യ സൂചകങ്ങളിൽ നാം ഏറെ മുന്നേറേണ്ടിയിരിക്കുന്നു. ഇതിനായി സ്വകാര്യമേഖലയും പൊതുമേഖലയും ഒരുമിച്ച് പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. ഇങ്ങനെ സ്വകാര്യമേഖലയും പൊതുമേഖലയും ഒത്തുചേർന്ന് പ്രവർത്തിക്കുന്നതിനെ PPP (സ്വകാര്യ-പൊതുമേഖലാ പങ്കാളിത്തം) (Public Private Participation) എന്നാണ് പറയുന്നത്.

ഊർജം (Energy)

ഒരു രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിന് ഊർജം അത്യന്താപേക്ഷിതമാണ്. വ്യവസായത്തിനും, ഗതാഗതത്തിനും, കാർഷികമേഖലയ്ക്കും ഉൽപ്പാദന-സേവന മേഖലകളുടെ പ്രവർത്തനത്തിനും ഊർജം അനിവാര്യമാണ്

ഊർജസ്രോതസ്സുകൾ

ഊർജസ്രോതസ്സുകളെ പൊതുവെ രണ്ടായി തിരിക്കാം.

1. വാണിജ്യ സ്രോതസ്സുകൾ (Commercial Sources)

2. വാണിജ്യേതര സ്രോതസ്സുകൾ (Non-Commercial Sources)

വാങ്ങുവാനും വിൽക്കുവാനും കഴിയുന്ന ഊർജ ഉറവിടങ്ങളാണ് വാണിജ്യോർജം. വാണിജ്യോർജത്തിന് പ്രധാനമായും മൂന്ന് സ്രോതസ്സുകളാണുള്ളത്.

1. കൽക്കരി 2. പെട്രോളിയം 3. വൈദ്യുതി.

ഇന്ത്യയിലെ ഊർജ ഉപഭോഗത്തിന്റെ പകുതിയിലേറെയും ലഭിക്കുന്നത് വാണിജ്യ സ്രോതസ്സുകളിൽ നിന്നാണ് ജലവൈദ്യുതി ഒഴികെയുള്ള വാണിജ്യഊർജ ഉറവിടങ്ങൾ ഉപയോഗിക്കുംതോറും തീർന്നുപോകുന്നവയാണ്.

വാണിജ്യേതര സ്രോതസ്സുകളിൽ വിറക്, ജൈവാവശിഷ്ടങ്ങൾ, ഉണങ്ങിയ ചാണകം എന്നിവ ഉൾപ്പെടുന്നു. വാണിജ്യ ഊർജ സ്രോതസ്സുകൾ പുതുക്കി ഉപയോഗിക്കാവുന്നവയല്ല. (Non-Renewable). ഉപയോഗിക്കുന്തോറും തീർന്നുപോകുന്നവയാണവ.

പാരമ്പര്യേതര ഊർജ സ്രോതസ്സുകൾ (Non-Conventional Sources of Energy)

ഊർജത്തെ പാരമ്പര്യ ഊർജം, പാരമ്പര്യേതര ഊർജം എന്നിങ്ങനെ തിരിക്കാം. കൽക്കരി, പെട്രോളിയം, വൈദ്യുതി ഇവ പാരമ്പര്യ ഊർജ വിഭാഗത്തിൽപ്പെടുമ്പോൾ സൗരോർജം, ബയോഗ്യാസ്, ബയോമാസ്, കാറ്റിൽനിന്നും തിരമാലകളിൽ നിന്നുമുള്ള ഊർജം ഇവ പാരമ്പര്യേതര ഊർജ സ്രോതസ്സുകളിൽപ്പെടുന്നു.

നമ്മുടെ രാജ്യത്ത് പാരമ്പര്യേതര ഊർജ ഉൽപ്പാദനത്തിന് വളരെ സാദ്ധ്യതകളുണ്ട്. എന്നാൽ ഇവയെ ചെലവ് കുറഞ്ഞ രീതിയിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിക്കേണ്ടതുണ്ട്. പാരമ്പര്യേതര ഊർജ സ്രോതസ്സുകൾ പരിസ്ഥിതി സൗഹൃദവും പുതുക്കി ഉപയോഗിക്കാവുന്നവയും ആണെന്നുള്ള മെച്ചമുണ്ട്.

വാണിജ്യ ഊർജ ഉപഭോഗം

രാജ്യത്തെ മൊത്തം ഊർജ ഉപഭോഗത്തിന്റെ 2/3 ഭാഗം വാണിജ്യ ഊർജ വിഭാഗത്തിൽപ്പെടുന്നു. ഇതിൽ 55 ശതമാനം കൽക്കരിയും, 31 ശതമാനം പെട്രോളിയവും, 11 ശതമാനം പ്രകൃതിവാതകവും, 3 ശതമാനം ജലവൈദ്യുതിയുമാണ്. 1/3 വരുന്ന വാണിജ്യേതര ഊർജ സ്രോതസ്സിൽ വിറക്, ചാണകം, ജൈവമാലിന്യങ്ങൾ എന്നിവ ഉൾപ്പെടുന്നു. ക്രൂഡ്ഓയിൽ പെട്രോളിയം തുടങ്ങിയ ഉൽപ്പന്നങ്ങളിന്മേലുള്ള നമ്മുടെ ആശ്രയം വർധിച്ചുവരുന്നത് ആശങ്ക ഉണർത്തുന്നതാണ്.

വാണിജ്യോർജ ഉപഭോഗത്തിൽ വിവിധ മേഖലകളുടെ പങ്ക് വ്യക്തമാക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു.

TABLE 8.2

Trends in Sectoral Share of Commercial Energy Consumption (in %)

മേഖല	1953-54	1970-71	1990-91	2012-13
പാർപ്പിടം	10	12	12	22
കൃഷി	01	03	08	18
വ്യവസായം	40	50	45	45
ഗതാഗതം	44	28	22	2
മറ്റുള്ളവ	5	07	13	13
മൊത്തം	**100**	**100**	**100**	**100**

Source: Economic Survey 2012

വൈദ്യുതി (Electricity)

ആധുനിക സംസ്കാരത്തിന്റെ വളർച്ചയുമായി ബന്ധപ്പെട്ട് ഏറ്റവും പ്രകടമായ ദൃഷ്ടാന്തമാണ് വൈദ്യുതി. ഒരു രാജ്യത്തെ ഊർജസ്രോതസ്സുകളിൽ വളരെ പ്രധാനപ്പെട്ടതാണിത്. സാമ്പത്തിക വികസനം തടസ്സപ്പെടുന്നതിന് ഒരു പ്രധാന കാരണം വൈദ്യുതിയുടെ കുറവ് തന്നെ. പ്രാഥമിക ഊർജ ഉറവിടങ്ങളായ കൽക്കരി, പെട്രോളിയം, ജലം, അണുശക്തി എന്നിവയിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന ദ്വിതീയ ഊർജമാണ് വൈദ്യുതി. ഇന്ത്യയിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലും വൈദ്യുതോൽപാദനം നടക്കുന്നു.

ഇന്ത്യയിലെ വൈദ്യുതോൽപ്പാദനത്തിന് വിവിധ സ്രോതസ്സുകളിൽനിന്നുള്ള പങ്കാളിത്തം താഴെ കൊടുത്തിരിക്കുന്നു.



(fig. 8.1)

ഊർജമേഖലയിലെ വെല്ലുവിളികൾ

- വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് മുഴുവനായി ഗുണഭോക്താവിലേക്ക് എത്തുന്നില്ല.
- ഉൽപ്പാദനകേന്ദ്രത്തിൽ തന്നെ ഉപയോഗിക്കേണ്ടി വരുന്നതോടൊപ്പം പ്രസരണനഷ്ടവും നേരിടുന്നു.
- ഇന്ത്യയുടെ സമ്പത്ത് വ്യവസ്ഥയുടെ വളർച്ചക്ക് അനുസരണമായി ഊർജ ഉൽപ്പാദന വളർച്ച സംഭവിക്കുന്നില്ല.
- ലഭ്യമായ ഊർജ ഉറവിടങ്ങളെ പരമാവധി ചൂഷണം ചെയ്യുന്നതിൽ നാം വിജയിച്ചിട്ടില്ല.
- സംസ്ഥാനങ്ങളിലെ വൈദ്യുതി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. അവർ വരുത്തുന്ന നഷ്ടം സംസ്ഥാന ഗവൺമെന്റുകൾക്ക് വൻ ബാധ്യതയാകുന്നു.
- വൈദ്യുതി വിതരണ പ്രസരണനഷ്ടം നിലനിൽക്കുന്നു.
- വൈദ്യുതിമോഷണം, സർക്കാർ സബ്സിഡി എന്നിവ നഷ്ടം വർധിപ്പിക്കുന്നു.
- വൈദ്യുതിനിരക്ക് വർധന ജനങ്ങളുടെ അപ്രീതിയിൽ കലാശിക്കുന്നു. അതുപോലെതന്നെ പവർകട്ട്, ലോഡ് ഷെഡിംഗ് എന്നിവ ജനങ്ങളുടെ പ്രതിഷേധം വിളിച്ചുവരുത്തുന്നു.
- താപവൈദ്യുതിയുടെ ഉൽപ്പാദനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം ഊർജ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ തടസ്സമാകുന്നു.

ഊർജോൽപ്പാദനം കാര്യക്ഷമവും ഫലപ്രദവുമാക്കുവാൻ നാം എന്തു ചെയ്യണം?

വൈദ്യുതി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

വൈദ്യുതി പ്രസരണ - വിതരണ നഷ്ടം ഒഴിവാക്കുക

ഊർജ ലാഭമുണ്ടാക്കുന്ന ഉപകരണങ്ങൾ, സംവിധാനങ്ങൾ, ഉപയോഗിക്കുക, സ്വകാര്യമേഖലയെ പ്രോൽസാഹിപ്പിക്കുക.

പാരമ്പര്യേതര ഊർജസ്രോതസ്സുകൾ വികസിപ്പിക്കുന്നു.

പുതുക്കാവുന്ന ഊർജങ്ങളുടെ ഉൽപ്പാദനത്തിന് സഹായം നൽകുക.

ആരോഗ്യം

രോഗമില്ലാത്ത അവസ്ഥ എന്നതിനേക്കാൾ, കാര്യക്ഷമമായി ജോലി ചെയ്യാനും, മെച്ചപ്പെട്ട ജീവിതം നയിക്കാനുമുള്ള ഒരു വ്യക്തിയുടെ ശേഷിയാണ് ആരോഗ്യം. ആരോഗ്യസ്ഥിതി സൂചകങ്ങളായ ശിശുമരണ നിരക്ക്, പ്രസവാനന്തര മരണ നിരക്ക്, ആയുർദൈർഘ്യം, പോഷകാഹാരസ്ഥിതി എന്നിവയിൽ മുന്നേറാൻ നമുക്കും കഴിഞ്ഞിട്ടുണ്ട്.

ഒരു രാജ്യത്തിന്റെ ആരോഗ്യ നിലവാരത്തെ ഒരു കൂട്ടം സൂചകങ്ങൾ കൊണ്ടു മാത്രം നിർണയിക്കൽ സാധിക്കുകയില്ല. സമ്പത്ത് വ്യവസ്ഥയുടെ വികാസമനുസരിച്ച് ആരോഗ്യ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കുമ്പോൾ ആരോഗ്യ നിലവാരം ഉയരും.

ആരോഗ്യ അടിസ്ഥാന സൗകര്യങ്ങൾ

ഒരു രാജ്യത്തിന്റെ ആരോഗ്യ സംരക്ഷണത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നമുക്ക് പരിശോധിക്കാം.

ആരോഗ്യം മനുഷ്യന്റെ മൗലികാവകാശമാണെന്ന കാഴ്ചപ്പാടിന് ആക്കം കൂടി വരുന്നു. അതുകൊണ്ടുതന്നെ ആ അവകാശം ഉറപ്പാക്കുന്നതിൽ ഗവൺമെന്റിന് വലിയ ഉത്തരവാദിത്വമാണ് ഉള്ളത്.

ആശുപത്രികൾ, ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുടെ ലഭ്യത, ഔഷധങ്ങളുടെ ലഭ്യത, ചികിത്സോപകരണങ്ങൾ, ഇവയെല്ലാം ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളിൽപ്പെടും.

ആരോഗ്യഅടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യത - ഇന്ത്യയിൽ

സ്വാതന്ത്ര്യലബ്ധിക്കുശേഷം ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ നാം വളരെ മുന്നേറിയിട്ടുണ്ട്. എങ്കിലും മറ്റു രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ആരോഗ്യമേഖലയുടെ പൊതുചെലവ് ജി.ഡി.പിയുടെ 4.% മാത്രമാണ്. ഇതു വളരെ കുറവാണ്. എന്നിരുന്നാലും ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും വ്യാപകമാക്കിയതിലൂടെയും വസൂരി പൂർണമായും, പോളിയോ, കുഷ്ഠം, ക്ഷയം എന്നിവയെക്കതിരെ ഫലപ്രദമായ നിയന്ത്രണവും കൊണ്ടുവരാൻ സാധിച്ചു.

ആരോഗ്യ സംരക്ഷണ സേവനം എല്ലാവരിലും എത്തിക്കുന്നതിനായി പ്രൈമറി, സെക്കണ്ടറി, ടെർഷ്യറി എന്നിങ്ങനെ മൂന്നു തലങ്ങളിലുള്ള ഒരു ഘടനയാണ് ദേശീയ ആരോഗ്യനയം വിഭാവനം ചെയ്യുന്നത്.

പ്രൈമറി തലത്തിൽ ഉൾപ്പെടുന്ന പ്രവർത്തന മേഖലകൾ താഴെ കൊടുക്കുന്നു. ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ, രോഗ നിർണയം, പ്രതിരോധം, നിയന്ത്രണം, പോഷകാഹാരം, ശുദ്ധജലം, ശുചീകരണം എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം, മാതൃ -ശിശു ആരോഗ്യ പരിപാലനം, മഹാവ്യാധികൾക്കും പകർച്ച വ്യാധികൾക്കും എതിരെയുള്ള വാക്സിനേഷനുകൾ മാനസികാരോഗ്യ പ്രവർത്തനങ്ങൾ, അവശ്യ ഔഷധങ്ങളുടെ ലഭ്യത ഉറപ്പാക്കൽ.

പ്രൈമറി ആരോഗ്യ പരിപാലനത്തിലെ ത്രിതല സംവിധാനം

1. സബ് സെന്ററുകൾ (500 പേർക്ക് ഒന്ന്). പ്രൈമറി ഹെൽത്ത് സെന്ററുകൾ (20,000-30,000 പേർക്ക്, പഞ്ചയാത്ത് തലത്തിൽ)
2. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ - CHCs (4 പ്രൈമറി ഹെൽത്ത് സെന്ററുകൾക്ക് ഒരു റഫറൽ സെന്റർ ബ്ലോക്ക്/താലൂക്ക് തലത്തിൽ)
3. ജില്ലാ ആശുപത്രികൾ

പ്രൈമറി തലത്തിൽ സാധാരണ ചികിത്സകൾക്കുള്ള സൗകര്യങ്ങൾ മാത്രമാണുള്ളത്. വിദഗ്ധ ചികിൽസകൾ ആവശ്യമുള്ള രോഗികളെ സെക്കണ്ടറി ടെർഷ്യറി തലങ്ങളിലുള്ള ആശുപത്രികളിലേക്ക് റഫർ ചെയ്യുന്നു.

സെക്കന്ററി ആശുപത്രികളിൽ സർജറി, എക്സറെ, ക്ലിനിക്കൽ സൗകര്യങ്ങൾ, സ്കാനിംഗ് തുടങ്ങിയ ആധുനിക സംവിധാനങ്ങളും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമായിരിക്കും. ഇവ ജില്ലാ ആശുപത്രികളിലും വലിയ പട്ടണങ്ങളിലും സേവനം നടത്തുന്നു.

മെഡിക്കൽ വിദ്യാഭ്യാസം, ഗവേഷണം, തുടങ്ങിയവയ്ക്ക് പ്രാധാന്യം കൊടുക്കുന്ന മെഡിക്കൽ കോളേജുകൾ, മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ എന്നിവ ഉൾപ്പെടുന്നവയാണ് ടെർഷ്യറി തല സംവിധാനം ഡൽഹിയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (AIMS), ബാംഗ്ലൂരിലെ നാഷണൻ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ് (NIMHANS), തിരുവനന്തപുരത്തെ ശ്രീ ചിത്രാ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (SCIM) തുടങ്ങിയവ ഈ മേഖലയിലെ ദ്വിതീയ കേന്ദ്രങ്ങളാണ്.

ആരോഗ്യ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിൽ സ്വകാര്യമേഖലയ്ക്ക് വലിയ പങ്കാണുള്ളത്. വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ്, ചെന്നൈയിലെ അപ്പോളോ ആശുപത്രി, മുംബയിലെ ജസ്ലോക്ക് ആശുപത്രി എന്നിവ ഉദാഹരണങ്ങളാണ്. ഇന്ത്യയിലെ ആശുപത്രികളിൽ 70 ശതമാനത്തിലധികവും പ്രവർത്തിക്കുന്നത് സ്വകാര്യമേഖലയിലാണ്. ഡിസ്പെൻസറികളിൽ 60 ശതമാനവും സ്വകാര്യമേഖലയിലാണ്. ഇന്ത്യയിലെ മെഡിക്കൽ കോളേജുകൾ കൂടുതലും സ്വകാര്യമേഖലയിലാണ്. ലഭ്യമായ ആശുപത്രി കിടക്കകളിൽ 40 ശതമാനം സ്വകാര്യമേഖലയിലാണ്. അതുപോലെ ഔഷധ നിർമ്മാണത്തിൽ സ്വകാര്യമേഖലയുടെ പങ്ക് വളരെ വലുതാണ്. എങ്കിലും പാവപ്പെട്ടവർക്ക് പ്രധാന ആശ്രയം സർക്കാർ മേഖലയിലെ ആശുപത്രികളാണ്.

ആരോഗ്യ – വിനോദ സഞ്ചാരം

ആരോഗ്യ മേഖല നമുക്ക് തുറന്നു തരുന്ന വലിയ ഒരു സാധ്യതയാണ് ആരോഗ്യ വിനോദ സഞ്ചാരം. വിനോദ സഞ്ചാരികൾക്ക് ഇന്ത്യയിലെ ആശുപത്രികളിൽ വന്ന് കുറഞ്ഞ ചിലവിൽ ചികിത്സ നേടാൻ കഴിയും. ചികിത്സാ ചെലവിലെ കുറവും അതിയോഗ്യരായ സ്പെഷ്യലിസ്റ്റു ഡോക്ടർമാരുടെ ലഭ്യതയുമാണ് വിദേശികളെ ഇവിടേക്ക് ആകർഷിക്കുന്നത്. ആരോഗ്യ അടിസ്ഥാന സൗകര്യം വിപുലമാക്കുന്നതിലൂടെ വലിയ തൊഴിൽ സാധ്യതയും അതുവഴി വിദേശ നാണ്യവും നമുക്ക് നേടിയെടുക്കാൻ സാധിക്കും.

ഇന്ത്യൻ ചികിത്സാ രീതികൾ

ആറ് ചികിത്സാ രീതികൾ പിന്തുടരുന്ന ഇന്ത്യൻ സംവിധാനത്തെ ആയുഷ് (Ayush) എന്ന് വിളിക്കുന്നു. ആയുർവേദം, യോഗ, യുനാനി, സിദ്ധ, പ്രകൃതി ചികിത്സ, ഹോമിയോപ്പതി ചികിത്സാ രീതികളാണ് നമ്മുടെ രാജ്യത്ത് ഉപയോഗിക്കുന്നത്. വ്യത്യസ്ത ചികിത്സാ രീതികൾ വിദേശികളെ ആകർഷിക്കാൻ പര്യാപ്തമാണ്.

ആരോഗ്യ സൂചകങ്ങളും അടിസ്ഥാന സൗകര്യവും-ഒരു വിലയിരുത്തൽ

ഒരു രാജ്യത്തെ ആരോഗ്യ സ്ഥിതി അളക്കുന്നതിന് വിവിധ സൂചകങ്ങളുണ്ട്. ശിശുമരണനിരക്ക്, പ്രസവത്തോടനുബന്ധിച്ച് മരിച്ച സ്ത്രീകളുടെ നിരക്ക്, ആയുർദൈർഘ്യം, പോഷകനില, രോഗാതുരത തുടങ്ങിയവയാണ് പ്രധാനപ്പെട്ട സൂചകങ്ങൾ. മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് ഈ സൂചകങ്ങളിൽ നമ്മുടെ നില വളരെയേറെ മെച്ചപ്പെടുവാനുണ്ട്.

Table 8.3

ആരോഗ്യ സൂചകങ്ങൾ – ഇന്ത്യയിലും മറ്റു രാജ്യങ്ങളിലും

(Indicators of Health in India in Comparison with other Countries, 2010)

Indicators	India	China	USA	Sri Lanka
Infant Mortality Rate/1,000 live births	47	13	6.4	10.5
Under-5 mortality /1,000 live-births	61.3	14.6	7.5	12.2
Birth by skilled attendants (% of total)	53	99	99	99
Fully immunised	72	99	99	99
Health expenditure as % of GDP	3.9	5.2	17.9	3.4
Government health spending to total government spending (%)	4.4	10.3	18.7	7.9
Out of pocket expenditure as a % of private expenditure on health	86	79	21	83

Sources: World Health Statistics 2013 and www.worldbank.org

മുകളിൽ കൊടുത്തിട്ടുള്ള പട്ടിക ഇന്ത്യയുടെ ആരോഗ്യ മേഖലയുടെ സ്ഥിതി മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത എടുത്തുകാട്ടുന്നു.

ജലജന്യ അസുഖങ്ങളാൽ പ്രതിവർഷം ഏതാണ്ട് 5 ലക്ഷം കുട്ടികൾ ഇന്ത്യയിൽ മരിക്കുന്നതായി കണക്കുകൾ പറയുന്നു. പോഷകാഹാരക്കുറവും രോഗപ്രതിരോധ സംവിധാനങ്ങളുടെ അഭാവവും മൂലം പ്രതിവർഷം 2.2 കോടി കുഞ്ഞുങ്ങളാണ് മരിക്കുന്നത്. HIVയും AIDS-ഉം വലിയ ആരോഗ്യ പ്രശ്നങ്ങളായി നമുക്ക് നേരിടേണ്ടി വരുന്നു.

ആരോഗ്യ രംഗത്തെ നഗര ഗ്രാമ വ്യത്യാസം

ധനിക - ദരിദ്ര അസമത്വം പോലെ ആരോഗ്യ പരിരക്ഷയുടെ കാര്യത്തിൽ നഗരവും -ഗ്രാമവും വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു. ഇന്ത്യൻ ജനങ്ങൾ 70 ശതമാനവും ഗ്രാമങ്ങളിൽ വസിക്കുമ്പോൾ ആശുപത്രികൾ 80 ശതമാനവും നഗരത്തിൽ സ്ഥിതികൊള്ളുന്നു. ഡിസ്പെൻസറികളിൽ പകുതിയും നഗരത്തിലാണ് പ്രവർത്തിക്കുന്നത്. ആശുപത്രി കിടക്കകൾ 80 ശതമാനവും നഗരങ്ങളിലാണ്. പ്രൈമറി തലത്തിലെ PHC കളും CHC കളും ജീവനക്കാരുടെയും മെഡിക്കൽ ഉപകരണങ്ങളുടെയും ദൗർലഭ്യത്താൽ കഷ്ടപ്പെടുന്നു. ഗ്രാമങ്ങളിലെ PHC കളിൽ മികച്ച ഡോക്ടർമാരുടെ സേവനമോ ക്ലിനിക്കൽ സൗകര്യങ്ങളോ ആധുനിക ചികിത്സാ ഉപകരണങ്ങളോ ലഭ്യമല്ല. നഗരത്തിൽ പഠിച്ചിറങ്ങുന്ന മെഡിക്കൽ വിദ്യാർഥികൾ ഗ്രാമവികസനത്തിനു തയാറാകുന്നില്ല.

ധനിക - ദരിദ്ര വ്യത്യാസം

മുകളിൽ നാം പറഞ്ഞ വസ്തുക്കളെല്ലാം ആരോഗ്യ പരിപാലന രംഗത്തെ ധനിക - ദരിദ്ര അസമത്വം വിളിച്ചോതുന്നവയാണ്. ഇന്ത്യയിലെ 20 ശതമാനത്തിലേറെ വരുന്ന ദരിദ്രർ തങ്ങളുടെ വരുമാനത്തിൽ 12% ആരോഗ്യ പരിരക്ഷയ്ക്കായി ചെലവിടുമ്പോൾ, ധനികർ തങ്ങളുടെ വരുമാനത്തിന്റെ 2% മാത്രമാണ് ചിലവിടുന്നത്. നൂതന സങ്കേത മുപയോഗിക്കുന്ന സ്വകാര്യ മേഖലയിലെ ചികിത്സാ രീതികൾ സ്വീകരിക്കാൻ ദരി ദ്രർക്ക് കഴിയുന്നില്ല. അതിന് ശ്രമിക്കുന്ന പാവപ്പെട്ടവർ കടക്കെണിയിൽ അകപ്പെ ടുന്നു.

സ്ത്രീകളുടെ ആരോഗ്യാവസ്ഥ

ജനസംഖ്യയിൽ പകുതിയോളം വരുന്ന സ്ത്രീകൾ അനുഭവിക്കുന്ന വിവേചനം മറ്റു രംഗങ്ങളിലെന്നപോലെ ആരോഗ്യ രംഗത്തും പ്രകടമാണ്. കുട്ടികളിലെ സ്ത്രീ - പുരു ഷാനുപാതം (Child sex ratio) വളരെ ആശങ്കാജനകമാണ്. 1991 ൽ അത് 945 ആയിരു ന്നത് പത്തു വർഷങ്ങൾക്കിടയിൽ 927 ആയിക്കുറഞ്ഞു. കുറഞ്ഞ സ്ത്രീ സാക്ഷരത, പെൺ ഭ്രൂണഹത്യ നിരക്കിലെ വർധന, സംഘടിത മേഘലയിലെ സ്ത്രീകളുടെ അഭാവം, വർധിച്ചു വരുന്ന പോഷകക്കുറവ്, ശൈശവ വിവാഹം, ഭ്രൂണഹത്യ മൂലമു ണ്ടാകുന്ന മരണം എന്നിവ സ്ത്രീകൾ അനുഭവിക്കുന്ന ആരോഗ്യ പ്രശ്നങ്ങളെ തുറന്നു കാണിക്കുന്നു.

വികസനത്തിനായി വെമ്പൽക്കൊള്ളുന്ന ഒരു രാജ്യത്തിന് ഇവ അപമാനമാണ്. വിദ്യാ ഭ്യാസം, തൊഴിൽ, ആരോഗ്യ പരിപാലനം എന്നീ മേഖലകളിൽ സ്ത്രീ - പുരുഷ വിവേചനമോ, നഗര ഗ്രാമ വ്യത്യാസമോ ദരിദ്ര - ധനിക അസമത്വമോ ഉണ്ടാകരുത്. ഇവ ഉറപ്പുവരുത്തുവാൻ ഗവൺമെന്റും മറ്റ് സന്നദ്ധ സംഘടനകളും ഫലപ്രദമായി ഇട പെടേണ്ടതുമാണ്. ആരോഗ്യ സംരക്ഷണ സേവനം എല്ലാ മനുഷ്യർക്കും എത്തി ക്കുകയാണ് നമ്മുടെ കർത്തവ്യം.

സംഗ്രഹം

സാമ്പത്തിക വികസനത്തിന് ആധാരമായ ഭൗതിക സൗകര്യങ്ങളുടെയും സാമൂഹിക സേവനങ്ങളുടെയും ലഭ്യതയ്ക്കു പറയുന്ന പേരാണ് അടിസ്ഥാന സൗകര്യങ്ങൾ എന്നത്.

അടിസ്ഥാന സൗകര്യങ്ങളെ സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങളും സാമൂഹിക അടിസ്ഥാന സൗകര്യങ്ങളും എന്നിങ്ങനെ തരംതിരിക്കാം.

അടിസ്ഥാന സൗകര്യം നിക്ഷേപകരെ പുതിയ പദ്ധതികൾ തുടങ്ങുവാൻ പ്രേരിപ്പി ക്കും. ഉൽപ്പാദനക്ഷമത വർദ്ധിക്കുന്നത് ജീവിത നിലവാരം ഉയർത്തും.

സ്വതന്ത്ര്യ ലബ്ധിക്കുശേഷം അടിസ്ഥാന സൗകര്യങ്ങൾ രാജ്യത്ത് വർദ്ധിച്ചിട്ടുണ്ട്. എന്നാൽ അത് തുടർ വികസനത്തിനും നിക്ഷേപം ആകർഷിക്കുന്നതിനും മതിയാകു ന്നില്ല.

പദപരിചയം

അടിസ്ഥാന സൗകര്യം (Infrastructure).

ഊർജം, ഗതാഗതം, വാർത്താവിനിമയം, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം തുടങ്ങിയവയുടെ പ്രദാനത്തിനായി ഉപയോഗിക്കുന്ന സ്ഥിരം സംവിധാനങ്ങളെയാണ് അടിസ്ഥാന സൗകര്യങ്ങൾ എന്നു പറയുന്നത്.

വാണിജ്യോർജം (Commercial energy).

കൽക്കരി, ലിഗ്നൈറ്റ്, പെട്രോളിയം, പ്രകൃതി വാതകം, വൈദ്യുതി മുതലായ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന ഊർജം.

വാണിജ്യേതര ഊർജം (Non commercial energy).

വിറക്, ജൈവാവശിഷ്ടങ്ങൾ, ഉണങ്ങിയ ചാണകം മുതലായവയിൽ നിന്ന് ലഭിക്കുന്ന ഊർജം.

പുതുക്കാവുന്ന ഊർജ സ്രോതസ്സുകൾ (Renewable energy sources)

ഉപയോഗിക്കുംതോറും തീർന്നു പോകാത്തവ. ജല വൈദ്യുതി, ബയോഗ്യാസ്, കാറ്റിൽ നിന്നുള്ള ഊർജം, സൗരോർജം

പുതുക്കാൻ കഴിയാത്ത ഊർജ സ്രോതസ്സുകൾ (Non Renewable energy sources).

ഉപയോഗിക്കുംതോറും തീർന്നു പോകുന്നവ. കൽക്കരി, പെട്രോളിയം ഉൽപ്പന്നങ്ങൾ മുതലായ സ്രോതസ്സുകൾ.

പാരമ്പര്യോർജം (conventional energy).

കൽക്കരി, പെട്രോളിയം, വൈദ്യുതി തുടങ്ങിയ പാരമ്പര്യ സ്രോതസ്സുകളിൽ നിന്നുള്ള ഊർജം.

പാരമ്പര്യേതര ഊർജം (Non conventional energy).

സൗരോർജം, ബയോഗ്യാസ്, ബയോമാസ്, കാറ്റിൽ നിന്നുള്ള ഊർജം മുതലായവ.

സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ (Social Infrastructure)

വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം മുതലായവ

സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങൾ (Economic Infrastructure) തുറമുഖം, മെട്രോറെയിൽ, റോഡുകൾ മുതലായവ.

ആയുഷ് (AYUSH). ആയുർവേദം, യോഗ, യുനാനി, സിദ്ധപ്രകൃതി ചികിത്സ, ഹോമിയോപ്പതി എന്നീ ചികിത്സാ രീതി.

ആരോഗ്യ സൂചകങ്ങൾ (Health Indicators).

ഒരു രാജ്യത്തെ ആരോഗ്യ സ്ഥിതി അളക്കുന്നതിന് ഉപയോഗിക്കുന്ന സൂചകങ്ങൾ. ഉദാ: ശിശുമരണ നിരക്ക്, ആയുർദൈർഘ്യം, പോഷകനില മുതലായവ.

വിലയിരുത്തൽ ചോദ്യങ്ങൾ

1. ആരോഗ്യ അടിസ്ഥാന സൗകര്യങ്ങൾ എന്നാൽ എന്ത്?
2. അടിസ്ഥാന സൗകര്യങ്ങൾ ഉൽപ്പാദന വർധനവിന് എങ്ങനെ സഹായിക്കുന്നു?
3. അടിസ്ഥാന സൗകര്യ വികസനവും സാമ്പത്തിക വികസനവും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
4. അടിസ്ഥാന സൗകര്യങ്ങളിൽ ഊർജത്തിന്റെ പ്രസക്തി എന്ത്?
5. ഊർജോൽപ്പാദനത്തിനുള്ള മൂന്ന് അടിസ്ഥാന സ്രോതസ്സുകൾ ഏവ?
6. വിവിധ വാണിജ്യേതര ഊർജ സ്രോതസ്സുകൾ ഏവ?
7. ആരോഗ്യ പരിപാലന സംവിധാനത്തിലെ വിവിധ തലങ്ങൾ ഏവ?
8. ഇന്ത്യയിൽ ആരോഗ്യ വിനോദ സഞ്ചാരത്തിന്റെ സാദ്ധ്യത എപ്രകാരമാണ്?
9. ഇന്ത്യയുടെ ആരോഗ്യ രംഗത്തെ വളർച്ച ആരോഗ്യ സൂചികകളിലൂടെ വ്യക്തമാക്കുക?
10. താഴെ തന്നിട്ടുള്ളവയെ വാണിജ്യ ഊർജം, വാണിജ്യേതര ഊർജം എന്നിങ്ങനെ തരം തിരിക്കുക

    കൽക്കരി, പെട്രോൾ, ഉണക്കച്ചാണകം, പ്രകൃതി വാതകം, കാർഷിക പാഴ്വസ്തുക്കൾ, മരക്കമ്പുകൾ
11. താഴെ കൊടുത്തിട്ടുള്ളവയിൽ നിന്ന് സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ തിരഞ്ഞെടുക്കുക

    റോഡ്, സ്കൂൾ, ആശുപത്രി, ബാങ്ക്, മെട്രോ തുറമുഖം
12. താഴെ കൊടുത്തിട്ടുള്ളവയിൽ നിന്ന് ആരോഗ്യ സൂചകങ്ങൾ തിരഞ്ഞെടുക്കുക.

    ദേശീയ പാതയുടെ നീളം, ആയുർദൈർഘ്യം, മൊത്തം ഊർജോൽപ്പാദനം, ശിശു മരണനിരക്ക്.
13. ശരിയോ തെറ്റോ എന്നു എഴുതുക

    a. കുടിവെള്ള ലഭ്യത സാമ്പത്തിക അടിസ്ഥാന സൗകര്യത്തിൽപെടും.

    b. തുറമുഖ സൗകര്യം സാമൂഹിക അടിസ്ഥാന സൗകര്യത്തിൽപെടും.

    c. സൗരോർജം പാരമ്പര്യേതര ഊർജമാണ്.

    d. ആയുർവേദം ഒരു വിദേശ ചികിത്സാരീതിയാണ്.

    e. ഗ്രാമപ്രദേശങ്ങളിലെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ എക്സ്റേ, ക്ലീനിക്കൽ സൗകര്യങ്ങൾ ലഭ്യമാണ്.

    f. ഇന്ത്യയിലെ ഏറ്റവും വലിയ ഊർജ ഉറവിടം താപോർജമാണ്.

സ്വയം വിലയിരുത്തൽ

	പൂർണമായി കഴിയുന്നു	ഭാഗികമായി കഴിയുന്നു	മെച്ചപ്പെടേണ്ടതുണ്ട്
• ഊർജത്തെ വാണിജ്യ ഊർജമെന്നും വാണിജ്യേതര ഊർജമെന്നും വിഭജിക്കാൻ			
• അടിസ്ഥാന സൗകര്യങ്ങളെ സാമ്പത്തിക അടിസ്ഥാനങ്ങളെന്നും സാമൂഹിക അടിസ്ഥാനങ്ങളെന്നും തരംതിരിക്കാൻ			
• ആരോഗ്യരംഗത്ത് നഗരഗ്രാമ വ്യത്യാസം മനസ്സിക്കാൻ			

തുടർ വായനയ്ക്ക്

- സുന്ദരം.കെ. 2001 എംപ്ലോയിമെന്റ്-അൺ എംപ്ലോയിമെന്റ് സിറ്റുവേഷൻ ഇൻ ദി ണയന്റീസ്
- വിസാരിയ, പ്രവീൺ 1996 സ്ട്രക്ചർ ഓഫ് ദി ഇന്ത്യൻ വർക്കേഴ്സ്, 1961-1994, ദി ഇന്ത്യൻ ജേണൽ ഓഫ് ലേബർ ഇക്കണോമിക്സ്. Vol. 39 No. 4 P 725 - 740
- എൻ.എസ്സ്.എസ്സ്.68വേ റൗണ്ട് റിപ്പോർട്ട്
- സാമ്പത്തിക സർവേ 2012-13
- സെൻസസ് റിപ്പോർട്ട് 2011

9

പരിസ്ഥിതിയും സുസ്ഥിര വികസനവും

ആമുഖം

ഏതൊരു സമ്പദ്‌വ്യവസ്ഥയുടെയും വികസനത്തിന് രണ്ട് വശങ്ങളുണ്ട്. സാമ്പത്തിക വളർച്ച തൊഴിലവസരവും വരുമാനവും വർധിപ്പിക്കുന്നു. ഇത് ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നു. സാക്ഷരതയും ആയുർദൈർഘ്യവും വർധിപ്പിക്കുന്നു. എന്നാൽ സാമ്പത്തിക വികസനത്തിന്റെ മറുവശത്ത് ലോകമെമ്പാടുമുള്ള ജനത ഒരു പോരാട്ടത്തിലാണ്. ജീവിക്കാനുള്ള പോരാട്ടം! മലിനീകരണത്തിനെതിരെയുള്ള പോരാട്ടം! പക്ഷെ ശത്രു ആരാണ്? ഭരണകൂടം? ലാഭക്കൊതി, ഉപഭോഗാസക്തി, സ്വാർഥത,? കാരണങ്ങൾ എന്തുതന്നെയായാലും മണ്ണും വായുവും ജലവും അതിവേഗം നശിച്ചുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക വളർച്ചയും വ്യവസായവൽക്കരണവും മൂലം പരിസ്ഥിതിനാശം, വനനശീകരണം, നഗരജനബാഹുല്യം തുടങ്ങിയ പ്രശ്നങ്ങളും ഉത്ഭവിക്കുന്നു. പരിസ്ഥിതിയെ നശിപ്പിക്കുന്ന വികസനം നിലനിൽക്കുന്ന ഒന്നല്ല. പരിസ്ഥിതിക്ക് ഇണങ്ങുന്ന വികസനം മാത്രമേ എല്ലാകാലത്തും നിലനിൽക്കുകയുള്ളൂ.

പഠനനേട്ടങ്ങൾ

- എന്താണ് പരിസ്ഥിതി എന്ന് നിർവചിക്കുന്നു.
- പരിസ്ഥിതിയുടെ ധർമ്മങ്ങൾ പട്ടികപ്പെടുത്തുന്നു.
- ആഗോള താപനം എന്തെന്ന് വിശദീകരിക്കുന്നു. ഇതിന്റെ ഭവിഷ്യത്തുകൾ ലിസ്റ്റ് ചെയ്യുന്നു.
- പരിസ്ഥിതി നാശത്തിന്റെ കാരണങ്ങൾ കണ്ടെത്തുന്നു.
- ഇന്ത്യയിലെ പരിസ്ഥിതിയുടെ അവസ്ഥ വിലയിരുത്തുന്നു.
- പരിസ്ഥിതി സംരക്ഷണ നടപടികൾ നിർദേശിക്കുന്നു.
- സുസ്ഥിര വികസനം എന്തെന്ന് വ്യാഖ്യാനിക്കുന്നു.
- പാരമ്പര്യ - പാരമ്പര്യേതര ഊർജ ഉറവിടങ്ങൾ ഏതൊക്കെയെന്ന് ലിസ്റ്റ് ചെയ്യുന്നു.
- ജൈവ കൃഷിയുടെ പ്രാധാന്യം ചർച്ച ചെയ്യുന്നു.

പ്രധാന ആശയങ്ങൾ

പരിസ്ഥിതി, താങ്ങാനുള്ള ശേഷി, ഉൾക്കൊള്ളാനുള്ള ശേഷി, ആഗോളതാപനം, ഓസോൺശോഷണം, ജനസംഖ്യാ വിസ്ഫോടനം, പരിസ്ഥിതി നാശം, മണ്ണിന്റെ അപചയം, വായു മലിനീകരണം, ജല മലിനീകരണം, സുസ്ഥിര വികസനം, ഹരിത ഗൃഹവാതകങ്ങൾ, ജൈവകൃഷി.



എന്താണ് പരിസ്ഥിതി?

ഭൂമിയിലെ എല്ലാ വിഭവങ്ങളുടെയും സഞ്ചയത്തിനാണ് പരിസ്ഥിതിയെന്നു പറയുക. ഈ ഭൂമിയിലെ ജൈവവും, അജൈവവുമായ എല്ലാ ഘടകങ്ങളും ഉൾപ്പെട്ടതാണ് പരിസ്ഥിതി. ഈ ഘടകങ്ങളെല്ലാം പരസ്പരം ബന്ധപ്പെട്ടവയാണ്. ഇവയിലോരോന്നിനും അതിന്റേതായ സുപ്രധാനമായ ധർമ്മങ്ങളുണ്ട്.

പരിസ്ഥിതിയുടെ ധർമ്മങ്ങൾ

പരിസ്ഥിതിയുടെ ധർമ്മങ്ങളെ പൊതുവെ നാലായി തരം തിരിക്കാം.

1. വിഭവങ്ങൾ പ്രദാനം ചെയ്യുന്നു.

   മനുഷ്യനുപയോഗിക്കുന്ന എല്ലാ വിഭവങ്ങളും പരിസ്ഥിതി പ്രദാനം ചെയ്യുന്നവയാണ്. വിഭവങ്ങളെ പ്രധാനമായും

   a. പുതുക്കാവുന്ന വിഭവങ്ങൾ

   b. പുതുക്കാനാവാത്ത വിഭവങ്ങൾ എന്നിങ്ങനെ തരംതിരിക്കാം

2. പാഴ്വസ്തുക്കളെ നിർമ്മാർജനം ചെയ്യുന്നു: നാം വലിച്ചെറിയുന്ന പാഴ്വസ്തുക്കൾ മണ്ണിൽ ലയിച്ച് വളമായി മാറുന്നു.
3. ജീവനെ നിലനിർത്തുന്നു: മനുഷ്യജീവനെ നിലനിർത്തുന്നത് ഭൂമി, വനം, ജലം, വായു തുടങ്ങിയ ജൈവ സംവിധാനമാണ്. പരിസ്ഥിതിയിലെ ജൈവ വൈവിധ്യമാണ് ജീവിതം സാധ്യമാക്കുന്നത്.
4. സുന്ദരാനുഭവം: ഭൂമിയിലെ ജൈവവൈവിധ്യങ്ങളായ മലകൾ, നദികൾ, പക്ഷികൾ, മൃഗങ്ങൾ ഇവയെല്ലാം മനം കവരുന്ന കാഴ്ചകളാണ്.

ഇത്തരം ധർമ്മങ്ങൾ നിർവഹിക്കുന്ന പരിസ്ഥിതി നശിപ്പിക്കപ്പെടാതെ നോക്കേണ്ടതുണ്ട്. പരിസ്ഥിതിക്ക് ബാഹ്യമായ ഇടപെടലുകളെ താങ്ങാനുള്ള ശേഷിക്കും ഉൾക്കൊള്ളാനുള്ള ശേഷിക്കും ഒരു പരിധിയുണ്ടെന്ന് നാം മനസ്സിലാക്കിയിരിക്കണം.

താങ്ങാനുള്ള ശേഷിയും ഉൾക്കൊള്ളാനുള്ള ശേഷിയും

സ്വാഭാവികമായ താങ്ങൽശേഷിയുടെ ഉള്ളിൽ നിന്നുകൊണ്ട് വിഭവങ്ങൾ പ്രദാനം ചെയ്യാൻ പ്രകൃതിക്ക് കഴിയും. പ്രകൃതി വിഭവങ്ങളുടെ പുനർസൃഷ്ടിയുടെ (Regeneration) നിരക്കിനേക്കാൾ വേഗത്തിൽ ഇവ ഉപയോഗിക്കുമ്പോഴും, പാഴ്വസ്തുക്കൾ ഉണ്ടാകുന്നത് അവയുടെ നിർമ്മാർജന ശേഷിയേക്കാൾ കൂടുതലാകുമ്പോഴും അവിടെ പരിസ്ഥിതി പ്രതിസന്ധി രൂപംകൊള്ളും. ഈ സാഹചര്യമാണ് ഇന്ന് ലോകത്തെമ്പാടും നിലനിൽക്കുന്നത്.

വികസ്വര രാജ്യങ്ങളിലെ ജനസംഖ്യാ വർധനവും, വികസിത രാജ്യങ്ങളിലെ ഉയർന്ന ഉപഭോഗവും മൂലം പാഴ്വസ്തുക്കൾ ക്രമാതീതമായി കുമിഞ്ഞുകൂടുന്നു. ഇത് ജലാശയങ്ങളെയും ജീവജാലങ്ങളെയും നശിപ്പിക്കും. പരിസ്ഥിതിയെ അതിന്റെ ശേഷിക്ക് അപ്പുറം ചൂഷണം ചെയ്യുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത്തരത്തിൽ പുതുക്കാവുന്നതും പുതുക്കാനാവാത്തതുമായ വിഭവങ്ങളുടെ അമിത ഉപയോഗം പുതിയ വിഭവങ്ങൾ കണ്ടെത്താനുള്ള ഗവേഷണത്തിലേക്ക് മനുഷ്യനെ തിരിച്ചിരിക്കയാണ്. അമിത ഉപയോഗം മൂലം പരിസ്ഥിതിയുടെ ഗുണനിലവാരം നഷ്ടപ്പെട്ടു. ജല ജന്യരോഗങ്ങൾ പെരുകി. ഇത് ആരോഗ്യസംരക്ഷണത്തിനുള്ള ചെലവ് വർധിപ്പിക്കുന്നു. ആഗോളതാപനവും ഓസോൺ പാളികളുടെ ശോഷണവും ഇന്ന് ലോകം നേരിടുന്ന ആശങ്കാജനകമായ പാരിസ്ഥിതിക പ്രശ്നങ്ങളാണ്.

ആഗോളതാപനം

എന്താണ് ആഗോളതാപനം?

ഭൗമാന്തരീക്ഷത്തിന്റെ ശരാശരി താപനിലയിലുള്ള വർധനവാണ് ആഗോളതാപനം എന്നു പറയുന്നത്. വ്യവസായവൽക്കരണത്തിന്റെ ഫലമായി ഹരിതഗൃഹ വാതകങ്ങൾ നിരന്തരം അന്തരീക്ഷത്തിലേക്ക് എത്തുന്നതിനാലാണ് ഭൗമാന്തരീക്ഷത്തിന് ചൂട് വർധിക്കുന്നത്. കൽക്കരി, പെട്രോളിയം തുടങ്ങിയ ഇന്ധനങ്ങളും ജൈവമാലിന്യങ്ങളും കത്തിക്കുമ്പോൾ ധാരാളം കാർബൺ ഡൈ ഓക്സൈഡ്, മീഥെയിൻ തുടങ്ങിയ വാതകങ്ങൾ അന്തരീക്ഷത്തിലെത്തുന്നു. ഈ വാതകങ്ങളെ ഹരിതഗൃഹ വാതകങ്ങൾ എന്നു പറയുന്നു. ഈ ഹരിതഗൃഹ വാതകങ്ങൾ ചൂടിനെ ആഗിരണം ചെയ്ത്

നിരന്തരം അന്തരീക്ഷത്തിലേക്ക് വിടുന്നു. ഒരു പ്രധാന ഹരിതഗൃഹ വാതകമായ കാർബൺ ഡൈ ഓക്സൈഡിനെ അന്തരീക്ഷത്തിൽ നിന്നും ആഗിരണം ചെയ്യേണ്ടത് മരങ്ങളാണ്. വനനശീകരണം ഈ സാധ്യത ഇല്ലാതാക്കിയതിനാൽ അന്തരീക്ഷതാപം ക്രമാതീതമായി വർധിക്കുന്നു. ഈ പ്രതിഭാസമാണ് ആഗോളതാപനം എന്നറിയപ്പെടുന്നത്.

ആഗോളതാപനത്തിന്റെ കാരണങ്ങൾ

- ഖനനം ചെയ്തെടുക്കുന്ന ഇന്ധനങ്ങളും ജൈവ മാലിന്യങ്ങളും കത്തിക്കുന്നത്.
- വന നശീകരണം.

ആഗോളതാപനത്തിന്റെ പ്രത്യാഘാതങ്ങൾ

- ധ്രുവ പ്രദേശത്തെ മഞ്ഞുമലകൾ ഉരുകി കടലിലെ ജലനിരപ്പ് ഉയർന്ന് തീര പ്രദേശങ്ങൾ വെള്ളത്തിലാകും.
- മഞ്ഞുരുകിയെത്തുന്നത് ശുദ്ധമായ കുടിവെള്ള സ്രോതസ്സുകളെ മലിനമാക്കും.
- പ്രകൃതിയിലെ അത്യപൂർവങ്ങളായ ജീവജാലങ്ങൾ നശിക്കും.
- പ്രകൃതിക്ഷോഭങ്ങളും ശക്തമായ കൊടുങ്കാറ്റും ഉണ്ടാകും.
- ഉഷ്ണമേഖലാ രോഗങ്ങൾ വർധിക്കും.

ആഗോളതാപന പ്രശ്നത്തിന് ഒരു പരിഹാരം കണ്ടെത്താനായി കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ചൊരു സമ്മേളനം ഐക്യരാഷ്ട്ര സമിതിയുടെ ആഭിമുഖ്യത്തിൽ 1997 ൽ ജപ്പാനിലെ ക്യോട്ടോ (Kyoto) എന്ന സ്ഥലത്ത് ചേരുകയുണ്ടായി. ആഗോളതാപനത്തിനെതിരേ പോരാടുവാനും, വ്യവസായവൽക്കൃത രാജ്യങ്ങൾ പുറത്തുവിടുന്ന ഹരിതഗൃഹ വാതകങ്ങൾ പരമാവധി കുറയ്ക്കാനും പൊതുധാരണയിലെത്തുന്ന ഒരു കരാർ ഉണ്ടാക്കി. ഇതിനെ ക്യോട്ടോ പ്രോട്ടോക്കോൾ എന്നറിയപ്പെടുന്നു.

എന്ന് മുതലാണ് പാരിസ്ഥിതിക പ്രശ്നങ്ങൾ തുടങ്ങിയത്? ജനസംഖ്യ ക്രമാതീതമായി വർധിക്കുന്നതിനും, വ്യവസായവൽക്കരണത്തിനും മുമ്പ് പ്രകൃതി വിഭവങ്ങൾക്ക്

കോപ്പൻഹേഗൻ ഉച്ചകോടി

ആഗോളതാപനവും അതുമൂലം കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങളെയും കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഐക്യരാഷ്ട്ര സംഘടനയുടെ ആഭിമുഖ്യത്തിൽ ഡെന്മാർക്കിലെ കോപ്പൻഹേഗനിൽ വച്ച് 2009 ഡിസംബറിൽ ഒരു യോഗം നടന്നു. വർത്തമാന കാലം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നാണ് കാലാവസ്ഥാ വ്യതിയാനമെന്ന് ഈ യോഗം വിലയിരുത്തി. ഭൗമാന്തരീക്ഷത്തിലെ ഊഷ്മാവ് വർധിക്കുന്നത് നിയന്ത്രണ വിധേയമാക്കുന്നതിന് അടിയന്തിര നടപടികൾ ആവശ്യമാണെന്ന് യോഗം ചൂണ്ടികാട്ടി. സാധാരണനിലയിൽ നിന്നും 2 ഡിഗ്രി സെന്റീഗ്രേഡിൽ കൂടുതലായി എവിടെ അന്തരീക്ഷതാപനില ഉയർന്നാലും അത് ഗൗരവത്തോടെ കാണണമെന്നും പ്രത്യക്ഷ നടപടികൾ സ്വീകരിക്കണമെന്നും സമ്മേളനം ലോക രാജ്യങ്ങളോട് ആഹ്വാനം ചെയ്യുന്നു. നിർഭാഗ്യവശാൽ എല്ലാ രാജ്യങ്ങൾക്കും സമ്മതമായ ഒരു ഉടമ്പടിയിലെത്താൻ ഈ യോഗത്തിന് കഴിഞ്ഞില്ല.

അവയുടെ പ്രദാനത്തേക്കാൾ കുറഞ്ഞ ആവശ്യമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ മലിനീകരണം പ്രകൃതിയുടെ ഉൾക്കൊള്ളൽ ശേഷിയുടെ പരിധിക്കുള്ളിലായിരുന്നു. അതുകൊണ്ട് പരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടായിരുന്നില്ല. എന്നാൽ ജനസംഖ്യ വർധിച്ചതോടെ വിഭവങ്ങൾ അമിതമായി ചൂഷണം ചെയ്യേണ്ടതായി വന്നു. അതായത് പ്രകൃതി വിഭവങ്ങളുടെ അമിത ഉപയോഗം മൂലം ലഭ്യത പരിമിതമായിത്തീർന്നു. ഈ ഘട്ടത്തിലാണ് പരിസ്ഥിതിക പ്രശ്നങ്ങൾ കൂടുതലായി ചർച്ച ചെയ്യപ്പെടുന്നത്.

ഓസോൺ ശോഷണം

ഭൂമിയുടെ ഉപരിതലത്തിൽ നിന്നും 12 മൈൽ ഉയരത്തിലായി ഭൂമിക്ക് ഒരു ആവരണം പോലെ സ്ഥിതി ചെയ്യുന്നതാണ് ഓസോൺപാളി. സൂര്യനിൽ നിന്നുള്ള അപകടകരമായ അൾട്രാവയലറ്റ് രശ്മികളെ ഭൂമിയിലെത്താതെ തടയുന്നത് ഓസോൺ പാളിയാണ്. ഭൂമിയുടെ ഒരു സംരക്ഷണ കവചമാണ് ഓസോൺപാളിയെന്നു പറയാം. നാം ഉപയോഗിക്കുന്ന എയർകണ്ടീഷനറുകൾ, റെഫ്രിജറേറ്റർ, സ്പ്രേ തുടങ്ങിയവയിൽ നിന്നും പുറത്തുവരുന്ന ക്ലോറോഫ്ളൂറോ കാർബണുകൾ (CFC) അന്തരീക്ഷത്തിലെത്തി ഓസോൺപാളികൾക്ക് വിള്ളലുണ്ടാക്കുന്നു. ഓസോൺപാളി ശോഷിക്കുമ്പോൾ താഴെപ്പറയുന്ന പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നു.

- കൂടുതൽ അൾട്രാവയലറ്റ് റേഡിയേഷൻ ഭൂമിയിൽ പതിക്കുകയും ജീവജാലങ്ങൾക്ക് നാശം സംഭവിക്കുകയും ചെയ്യും.
- അൾട്രാവയലറ്റ് രശ്മികൾ ചർമ്മ അർബുദത്തിന് കാരണമാകും.
- ജല ജീവികൾക്ക് നാശം സംഭവിക്കും.

1979 – 1990 കാലഘട്ടത്തിൽ ഓസോൺപാളിക്ക് 5% ശോഷണം സംഭവിച്ചിട്ടുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് കാനഡയിലെ മോൺട്രിയലിൽ ചേർന്ന ഒരു സമ്മേളനം ഓസോൺപാളിക്ക് ശോഷണം ഉണ്ടാക്കുന്ന ക്ലോറോഫ്ളൂറോ കാർബണുകളുടെ (CFC) ഉപയോഗം നിരുത്സാഹപ്പെടുത്തുകയും പകരം ഹൈഡ്രോ ഫ്ളൂറോ കാർബണുകൾ (HFC) ഉള്ള സംയുക്തങ്ങളെ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും ചെയ്യാൻ കരാറുണ്ടാക്കി. ഈ കരാറിനെ മോൺട്രിയൽ പ്രോട്ടോകോൾ (Montreal Protocol) എന്നറിയപ്പെടുന്നു.

ഇന്ത്യയിലെ പരിസ്ഥിതിയുടെ അവസ്ഥ

പ്രകൃതി വിഭവങ്ങളാൽ സമ്പന്നമായ ഒരു രാജ്യമാണ് ഇന്ത്യ. ഡക്കാൺ പീഠഭൂമിയിലെ കറുത്തമണ്ണ് പരുത്തികൃഷിക്ക് ഏറ്റവും അനുയോജ്യമാണ്. ഇന്ത്യയിലെ സിന്ധു-ഗംഗാ സമതലം ലോകത്തിലെ ഏറ്റവും ഫലഭൂയിഷ്ടമായ പ്രദേശമായാണ് കരുതപ്പെടുന്നത്. ഇന്ത്യയിലെ വനങ്ങൾ ജനങ്ങൾക്ക് ജീവനമാർഗവും ജീവജാലങ്ങൾക്ക് സംരക്ഷണവും നൽകുന്നു. സുദീർഘമായ കടൽതീരവും നൂറ് കണക്കിന് നദികളും തടാകങ്ങളും നമുക്കുണ്ട്. വൈവിധ്യമാർന്ന ജലജീവികളാൽ സമ്പന്നമാണിവ. ലോകത്തിന്റെ മൊത്തം ഇരുമ്പയിര് നിക്ഷേപത്തിൽ 20% വും ഇന്ത്യയിലാണ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കൽക്കരി, ബോക്സൈറ്റ്, കോപ്പർ, ഡയമണ്ട്, സ്വർണ്ണം, സിങ്ക്, ലിഗ്നൈറ്റ്, യുറേനിയം, മാംഗനീസ് തുടങ്ങിയ വ്യാവസായിക പ്രാധാ

പഠനപ്രവർത്തനം:- 'ഓസോൺ ശോഷണവും ആഗോളതാപനവും' എന്ന വിഷയത്തിൽ ക്ലാസ്സിൽ ഒരു സെമിനാർ സംഘടിപ്പിക്കുക.

ന്യമുള്ള വിഭവങ്ങൾ ലഭ്യമാണ്. ഇത്തരത്തിലുള്ള വിഭവവൈവിധ്യം ഇന്ത്യയുടെ ഒരു പ്രത്യേകതയാണ്.

എന്നാൽ ഇന്ത്യയുടെ പരിസ്ഥിതി ന്യൂനതയില്ലാത്തതാണെന്നോ, സുസ്ഥിരമാണെന്നോ ഇതിനർഥമില്ല. ഭീമമായ ജനസംഖ്യാ വർധനവ് ഒരു പ്രശ്നമാണ്. വിഭവങ്ങൾ ഏറെയുണ്ടെങ്കിലും നമ്മുടെ ജനസംഖ്യാ വലിപ്പത്തോട് താരതമ്യം ചെയ്യുമ്പോൾ വിഭവങ്ങൾ ശുഷ്കമാണ്.

ലോക ഭൂവിസ്തൃതിയുടെ കേവലം 2.5% വിസ്തീർണം മാത്രമുള്ള ഇന്ത്യയിൽ ലോക ജനസംഖ്യയുടെ 16%വും ലോക മൃഗസമ്പത്തിന്റെ 20%വും അധിവസിക്കുന്നു. ഇത് ഇന്ത്യയുടെ ഭൂവിഭവങ്ങളുടെ മേൽ കടുത്ത സമ്മർദം സൃഷ്ടിക്കുന്നു.

ഇന്ത്യയുടെ പരിസ്ഥിതി പ്രധാനമായും രണ്ട് തരം ഭീഷണികളെ നേരിടുന്നു. അവ :

1. ദാരിദ്ര്യം മൂലമുള്ള പരിസ്ഥിതി വിനാശം.
2. ദ്രുതഗതിയിലുള്ള വ്യവസായവൽക്കരണത്തിന്റെയും സമ്പന്നതയുടെയും ഭാഗമായുള്ള പരിസ്ഥിതി പ്രശ്നങ്ങൾ.

പഠനപ്രവർത്തനം:- നിങ്ങൾ താമസിക്കുന്ന പ്രദേശത്തെ ജനങ്ങളെ സംഘടിപ്പിച്ച് പരിസ്ഥിതി ക്ലബ്ബ് രൂപീകരിക്കുക. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഒരു ചർച്ച സംഘടിപ്പിക്കുക.

പരിസ്ഥിതി പ്രശ്നങ്ങളിൽ മുൻഗണന നൽകി പരിഹരിക്കേണ്ട പ്രശ്നങ്ങൾ

1. **മണ്ണിന്റെ അപചയം** - മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെട്ട് കൃഷിയോഗ്യമല്ലാത്ത അവസ്ഥയാണ് മണ്ണിന്റെ അപചയം എന്നു പറയുന്നത്. ഇതിന് കാരണമാകുന്ന ചില ഘടകങ്ങൾ താഴെ പറയുന്നു.
    - വനനശീകരണം.
    - വിള മാറ്റത്തിന്റെ അഭാവം.
    - കാട്ടുതീയും അമിത കന്നുകാലി മേയ്ക്കലും.
    - മണ്ണുസംരക്ഷണ നടപടികളുടെ അഭാവം.
    - അമിതമായ ഭൂഗർഭ ജല ഖനനം.
    - കീടനാശിനികൾ, രാസവളങ്ങൾ എന്നിവയുടെ വിവേചനരഹിതമായ ഉപയോഗം.
    - ജലസേചന സമ്പ്രദായത്തിന്റെ ആസൂത്രിതമല്ലാത്ത നടത്തിപ്പ്.

2. **വായു മലിനീകരണം** - മോട്ടോർ വാഹനങ്ങളുടെ അമിത ഉപയോഗവും വ്യവസായവൽക്കരണവുമാണ് വായു മലിനീകരണത്തിന്റെ പ്രധാന കാരണങ്ങൾ. വ്യവസായശാലകളിൽ നിന്നും, മോട്ടോർ വാഹനങ്ങളിൽ നിന്നും പുറന്തള്ളുന്ന കാർബൺ മോണോക്സൈഡ്, കാർബൺ ഡൈ ഓക്സൈഡ്, സൾഫർ ഡൈ ഓക്സൈഡ് തുടങ്ങിയ വാതകങ്ങളും പൊടിപടലങ്ങളുമാണ് അന്തരീക്ഷ മലിനീകരണത്തിന്റെ പ്രധാന കാരണങ്ങൾ. അനാവശ്യവും ആസൂത്രിതമല്ലാത്തതുമായ നഗരവൽക്കരണവും മലിനീകരണം വർധിപ്പിക്കുന്നു.

പഠനപ്രവർത്തനം:- നിങ്ങളുടെ പ്രദേശത്ത് അന്തരീക്ഷ മലിനീകരണത്തിന്റെ കാരണങ്ങൾ കണ്ടെത്തുക. മലിനീകരണം നിയന്ത്രിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡു നടപ്പിലാക്കുന്ന പ്രധാന കാര്യപരിപാടികളെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

3. **ജലമലിനീകരണം** - ജനസംഖ്യാ വർധനവും നഗരവൽക്കരണവും ശുദ്ധജല ക്ഷാമം വർധിപ്പിക്കുന്നു. അമിതമായ കീടനാശിനി പ്രയോഗം, വ്യവസായശാലകളിൽ നിന്നുള്ള മലിനജലം, വീടുകളിൽ നിന്നുള്ള പാഴ്ജലം എന്നിവ മലിനീകരണത്തിന്റെ മുഖ്യ കാരണങ്ങളാണ്. ഇന്ത്യയിലെ ഗ്രാമങ്ങളെയും പട്ടണങ്ങളെയും ഒരുപോലെ ബാധിച്ചിരിക്കുന്ന വലിയ പ്രശ്നമാണ് ജലമലിനീകരണം.

പഠനപ്രവർത്തനം:- നിങ്ങളുടെ സമീപത്തുള്ള പ്രധാന ജലസ്രോതസ്സുകൾ കണ്ടെത്തുക. അവയെ മാലിന്യമുക്തമാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനായി ജലസംരക്ഷണ പോസ്റ്റർ രചനാ മത്സരം സംഘടിപ്പിക്കുക.

4. **ജൈവ വൈവിധ്യനാശം** - ഭൂമിയിലെ ജൈവ വൈവിധ്യത്തെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ഐക്യരാഷ്ട്ര സംഘടന ലോക ജൈവ വൈവിധ്യ വർഷമായി 2010നെ തെരഞ്ഞെടുത്തു. മനുഷ്യൻ ഈ ഭൂമിയിലെ ജൈവവൈവിധ്യത്തിന്റെ ഭാഗമാണ്. പല തരത്തിലുള്ള ജീവജാലങ്ങൾ ചേർന്ന ആവാസ വ്യവസ്ഥയാണ് മനുഷ്യന് വേണ്ടത്.

5. **ഖരമാലിന്യ സംസ്കരണം** - ഇന്ത്യയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് ഖരമാലിന്യ സംസ്കരണം. മാലിന്യങ്ങളെ ഉറവിടങ്ങളിൽ വച്ചു തന്നെ ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളുമായി വേർതിരിച്ച് ശാസ്ത്രീയമായി സംസ്കരിച്ചെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരമാകുകയുള്ളൂ.

പ്രവർത്തനം:- നിങ്ങളുടെ തദ്ദേശ സ്വയംഭരണസാപനം നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റ് സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തുക. ഖര - ജൈവ മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഒരു കുറിപ്പ് തയാറാക്കുക.

പരിസ്ഥിതി സംരക്ഷണ നടപടികൾ

പരിസ്ഥിതി സംരക്ഷണത്തിന് സർക്കാർ ധാരാളം നടപടികൾ സ്വീകരിക്കുന്നുണ്ട്. കേന്ദ്ര - സംസ്ഥാന തലങ്ങളിലുള്ള മലിനികരണ നിയന്ത്രണ ബോർഡുകൾ ഈ രംഗത്ത് നിർണായക പങ്ക് വഹിക്കുന്നു. കേന്ദ്ര സർക്കാരിൽ ഒരു മന്ത്രാലയം തന്നെ പരിസ്ഥിതി സംരക്ഷണത്തിനായിട്ടുണ്ട്. കൂടാതെ, 2010 ൽ ദേശീയ ഹരിത ട്രൈബ്യൂണൽ നിലവിൽ വന്നു. അങ്ങനെ പരിസ്ഥിതി കാര്യങ്ങൾക്കായി പ്രത്യേകം കോടതിയുള്ള മൂന്നാമത്തെ രാജ്യമായി ഇന്ത്യ മാറി. ഇത് കൂടാതെ പാരിസ്ഥിതിക പ്രശ്നങ്ങൾ ഏറ്റെടുക്കുന്ന ഒട്ടേറെ സന്നദ്ധ സംഘടനകളും നമ്മുടെ രാജ്യത്ത് പ്രവർത്തിക്കുന്നുണ്ട്. ഹിമാലയത്തിലെ മരങ്ങളെ സംരക്ഷിക്കുന്നതിനായി സുന്ദർലാൽ ബഹുഗുണയുടെ നേതൃത്വത്തിൽ രൂപം കൊണ്ട ചിപ്കോ' പ്രസ്ഥാനവും കർണാടകയിലെ സാൽക്കിനി പ്രദേശത്ത് വനം നശിപ്പിക്കുന്നതിനെതിരേ ശബ്ദിച്ച അപ്പിക്കോ' പ്രസ്ഥാനവും എടുത്തു പറയേണ്ട പരിസ്ഥിതി സംരക്ഷണ പ്രക്ഷോഭങ്ങളാണ്.

സുസ്ഥിര വികസനം

നേടിയെടുക്കുന്ന വികസനം സുസ്ഥിരമെങ്കിൽ മാത്രമേ സമ്പദ്വ്യവസ്ഥയുടെ ഭാവിക്ക് പ്രയോജനമാകുകയുള്ളൂ. പരിസ്ഥിതി സൗഹൃദ വികസനമാണ് സുസ്ഥിര വികസനം. ഭാവിതലമുറയുടെ ആവശ്യങ്ങളെ ബാധിക്കാത്ത തരത്തിൽ ഇന്നത്തെ തലമുറയുടെ ആവശ്യങ്ങൾ നിറവേറ്റാൻ സാധിക്കുന്ന വികസനമാണ് സുസ്ഥിര വികസനം എന്നാണ് ഐക്യരാഷ്ട്ര സഭയുടെ പരിസ്ഥിതി വികസന സമ്മേളനം സുസ്ഥിര വികസനത്തെ നിർവചിക്കുന്നത്. വികസനം ആവശ്യമാണ്. പക്ഷേ അത് പരിസ്ഥിതിയുമായി യോജിച്ചു പോകണം. മുൻ തലമുറയിൽ നിന്നും നമുക്ക് പൈതൃകമായ ലഭിച്ച പരിസ്ഥിതിക്ക് യാതൊരു കോട്ടവും സംഭവിക്കാതെ വരും തലമുറയ്ക്ക് കൈമാറുവാൻ നാം കടപ്പെട്ടവരാണ്. ഇതിനായി താഴെ പറയുന്ന മാർഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

- പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം.
- ജനസംഖ്യയെ പരിസ്ഥിതിയുടെ വാഹകശേഷിയനുസ്സരിച്ച് പരിമിതപ്പെടുത്തുക.
- പുതുക്കാൻ സാധിക്കാത്ത വിഭവങ്ങളെ പരിമിതമായി ഉപയോഗിക്കുക.
- കാര്യക്ഷമതയുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുക.
- മലിനീകരണം നിയന്ത്രണ വിധേയമാക്കുക.

സുസ്ഥിര വികസന തന്ത്രങ്ങൾ

പരിസ്ഥിതി വിഭവങ്ങളുടെ ആവശ്യം കുറച്ചു കൊണ്ട് പരിസ്ഥിതി ശോഷണം തടയുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാകണം സുസ്ഥിര വികസനത്തിനുള്ള തന്ത്രങ്ങൾ. ഇവ താഴെപ്പറയുന്നു.

- **പാരമ്പര്യേതര ഊർജ ഉറവിടങ്ങളുടെ ഉപയോഗം**

  വൈദ്യുതാവശ്യങ്ങൾക്കായി താപ - ജലവൈദ്യുത പദ്ധതികളെ ആശ്രയിക്കാതെ, പാരമ്പര്യേതര ഊർജ ഉറവിടങ്ങളായ കാറ്റ്, സൂര്യപ്രകാശം, തിരമാല എന്നിവയിൽ നിന്നുള്ള ഊർജത്തെ ഉപയോഗപ്പെടുത്തണം. ഇവ പരിസ്ഥിതി സൗഹാർദങ്ങളാണ്.

- **ഗ്രാമങ്ങളിൽ എൽ.പി.ജി, ഗോബർ ഗ്യാസ് എന്നിവ ഉപയോഗിക്കൽ**
  ഗ്രാമപ്രദേശങ്ങളിൽ ഇന്ധനമായി ഉപയോഗിക്കുന്ന വിറക്, ഉണക്കിയചാണകം എന്നിവ വനനശീകരണം, വായു മലിനീകരണം എന്നിവയ്ക്ക് കാരണമാകുന്നു. അതിനാൽ എൽ.പി.ജി സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നു. ഇത് മലിനീകരണവും ഊർജം പാഴാക്കലും കുറയ്ക്കുന്നു. ഗോബർ ഗ്യാസ്, ബയോഗ്യാസ് പ്ലാന്റുകളിൽ ഉപയോഗിച്ച ശേഷമുള്ള ചാണകം നല്ല വളവുമാണ്.
- **നഗരങ്ങളിൽ സി.എൻ.ജി യുടെ ഉപയോഗം**
  വാഹനങ്ങളിൽ സി.എൻ.ജി (കംപ്രസ്ഡ് നാച്ചറൽ ഗ്യാസ്) ഉപയോഗിക്കുന്നത് വായു മലിനീകരണം കുറയ്ക്കും. ഡൽഹിയിൽ വലിയ വാഹനങ്ങളിൽ ഇപ്പോൾ സി.എൻ.ജി വ്യാപകമായി ഉപയോഗിക്കുന്നു.
- **കാറ്റിൽ നിന്നുള്ള വൈദ്യുതി**
  ശക്തമായ കാറ്റ് ലഭിക്കുന്ന സ്ഥലങ്ങളിൽ കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് പരിസ്ഥിതിക്ക് യാതൊരു ദോഷവും ഉണ്ടാക്കാതെ വൈദ്യുതി ഉൽപ്പാദിപ്പിക്കാം.
- **സൗരോർജം**
  ഒരു ഉഷ്ണമേഖലാ പ്രദേശമായ ഇന്ത്യയിൽ സൂര്യപ്രകാശം സുലഭമായി ലഭിക്കുന്നു. ഫോട്ടോ വോൾട്ടായിക് സെല്ലുകളുടെ (Photovoltaic Cells) സഹായത്താൽ സൗരോർജത്തെ വൈദ്യുതിയാക്കി മാറ്റാം. പരിസ്ഥിതി സൗഹൃദമായി, യാതൊരു മലിനീകരണവുമില്ലാതെ ഊർജം ഉൽപ്പാദിപ്പിക്കാവുന്ന ഒരു മാർഗമാണിത്.
- **ചെറുകിട വൈദ്യുത പദ്ധതികൾ**
  പർവത പ്രദേശങ്ങളിൽ കാണപ്പെടുന്ന അരുവികളുടെ ഊർജം ഉപയോഗപ്പെടുത്തി ചെറിയ ടർബൈനുകൾ പ്രവർത്തിപ്പിച്ച് വൈദ്യുതോൽപ്പാദനം സാധ്യമാകും. ഇവ പ്രകൃതിക്ക് ഒരു കോട്ടവും വരുത്തുകയില്ല.
- **പരമ്പരാഗത അറിവുകൾ**
  പരമ്പരാഗതമായി ഇന്ത്യയിലെ ജനങ്ങൾ പ്രകൃതിയുമായി ഇണങ്ങി കഴിയുന്നവരാണ്. കാർഷിക സമ്പ്രദായം, ആരോഗ്യ പരിപാലനം, പാർപ്പിട നിർമാണം, ഗതാഗതം മുതലായ കാര്യങ്ങളിൽ പാരമ്പര്യ അറിവുകൾ ഉപയോഗിച്ച് പ്രകൃതിക്ക് ഇണങ്ങുന്ന മാർഗങ്ങൾ സ്വീകരിക്കാവുന്നതാണ്.
- **ബയോ കമ്പോസ്റ്റിങ്ങ്**
  വിവിധയിനം ജൈവ മാലിന്യങ്ങളെ ഉപയോഗിച്ചുണ്ടാക്കുന്ന കമ്പോസ്റ്റ് ഏറെ പ്രയോജനകരമാണ്. മണ്ണിരയ്ക്ക് ജൈവാവശിഷ്ടങ്ങളെ വേഗത്തിൽ കമ്പോസ്റ്റാക്കി മാറ്റാൻ കഴിയും. ഇത് രാസവളം ഉപയോഗിക്കുമ്പോഴുള്ള പ്രശ്നങ്ങൾക്ക് പരിഹാരമാണ്.
- **ജൈവകീട നിയന്ത്രണം**
  ഹരിത വിപ്ലവം, രാസകീടനാശിനികളുടെ ഉപയോഗം വ്യാപകമാക്കി. ജൈവ കീടനാശിനികൾ ഇതിന് ബദലായി ഉപയോഗിക്കാവുന്നതാണ്. വേപ്പ്, പുകയില എന്നിവ ഇതിനായി ഉപയോഗിക്കാം. കൂടാതെ മിശ്രകൃഷി, അടുപ്പിച്ചുള്ള വർഷങ്ങളിൽ വ്യത്യസ്ത വിളകളുടെ കൃഷി (വിള പര്യയം) എന്നിവയെല്ലാം കർഷകർക്ക് സഹായകമാണ്. കൂടാതെ കീടങ്ങളെ തിന്നൊടുക്കുന്ന പക്ഷികളെയും മൃഗങ്ങളെയും വളർത്താവുന്നതാണ്.

സുസ്ഥിര വികസനം ലക്ഷ്യമിടുന്നത് പരിസ്ഥിതിക പ്രശ്നങ്ങൾ പരമാവധി കുറച്ച് ഇപ്പോഴത്തെയും ഭാവിതലമുറയുടെയും ആവശ്യങ്ങളെ നിറവേറ്റുവാനാണ്. വികസന ത്തിന്റെ ആരംഭത്തിൽ പ്രകൃതി വിഭവങ്ങൾ സുലഭമായിരുന്നു. ജനസംഖ്യാ വർധനവ് പോലെയുള്ള കാരണങ്ങളാൽ ഉപയോഗം ഗണ്യമായി വർധിച്ചു. അമിത ചൂഷണത്തി ലൂടെ പ്രകൃതി വിഭവങ്ങൾ ദുർലഭമായി. ഭാവിതലമുറയ്ക്കായി ഒന്നും കരുതി വയ്ക്കാത്ത വികസനം മാനവരാശിക്ക് ശാപമാണ്. അതിനാൽ സുസ്ഥിര വികസന തന്ത്രങ്ങളെ നാം അവലംബിച്ചേ മതിയാകൂ.

സംഗ്രഹം

സാമ്പത്തിക വളർച്ച തൊഴിലവസരം സൃഷ്ടിക്കുന്നു. വരുമാനം വർധിപ്പിക്കുന്നു. ജീവിത നിലവാരം ഉയർത്തുന്നു. പക്ഷേ, അത് പരിസ്ഥിതിക്ക് ക്ഷതം ഏൽപ്പിക്കു കയും ചെയ്യുന്നു. പരിസ്ഥിതി എന്നത് ഭൗമപാരമ്പര്യ സ്വത്താണ്. ഭൂമിയിലെ വിഭവ ങ്ങളുടെ ആകെ തുകയാണിത്. പരിസ്ഥിതി വിഭവങ്ങളെ പ്രദാനം ചെയ്യുന്നു. പാഴ്വസ്തു ക്കളെ സ്വാംശീകരിക്കുന്നു. ജീവനെ നിലനിർത്തുന്നു. സൗന്ദര്യാത്മക സേവനങ്ങൾ ഒരുക്കുന്നു. പരിസ്ഥിതിക്ക് പുനരുൽപ്പാദനശേഷിയും സ്വാംശീകരണ ശേഷിയുമുണ്ട്. വിഭവചൂഷണവും പാഴ്വസ്തുക്കളുടെ കുന്നുകൂടലും ഈ ശേഷിക്ക് അതീതമായാൽ അത് പാരിസ്ഥിതിക പ്രതിസന്ധിക്ക് കാരണമാകും. വികസിത രാജ്യങ്ങളിലെ ഉയർന്ന ഉപഭോഗശൈലിയും വികസ്വര രാജ്യങ്ങളിലെ ജനസംഖ്യാ സ്ഫോടനവും പരിസ്ഥി തിക്ക് കനത്ത സമ്മർദം ഉണ്ടാക്കുന്നു. പ്രകൃതി വിഭവങ്ങളാൽ അതി സമ്പന്നമാണ് ഇന്ത്യയെങ്കിലും പരിസ്ഥിതിക്ഷയം വ്യാപകമാണ്. അസ്ഥിര വികസനം വിനാശകര മാണ്. സുസ്ഥിര വികസനമാണ് പോംവഴി. വരും തലമുറയുടെ ആവശ്യങ്ങൾക്ക് വിഘാതം വരുത്താതെ ഈ തലമുറയുടെ ആവശ്യങ്ങൾ നിറവേറ്റുന്ന വികസനമാണ് സുസ്ഥിര വികസനം. പുതുക്കാനാവാത്ത വിഭവങ്ങൾ പരിപാലിക്കുക, പാരമ്പര്യേതര ഊർജ ഉറവിടങ്ങളെ പോഷിപ്പിക്കുക, പരമ്പരാഗത അറിവുകളും പ്രയോഗങ്ങളും സ്വീകരിക്കുക, ജൈവ കൃഷിരീതി സ്വീകരിക്കുക എന്നിവയാണ് സുസ്ഥിര വികസന തന്ത്രങ്ങൾ.

പദപരിചയം

പരിസ്ഥിതി

ഭൂമിയിലെ എല്ലാ വിഭവങ്ങളുടെയും സഞ്ചയത്തിനാണ് പരിസ്ഥിതിയെന്നു പറയുക. ഈ ഭൂമിയിലെ ജൈവവും, അജൈവവുമായ എല്ലാ ഘടകങ്ങളും ഉൾപ്പെട്ടതാണ് പരിസ്ഥിതി.

ആഗോള താപനം

ഭൗമാന്തരീക്ഷത്തിന്റെ ശരാശരി താപനിലയിലുള്ള വർധനവാണ് ആഗോളതാപനം എന്നു പറയുന്നത്.

ഹരിതഗൃഹവാതകങ്ങൾ

കൽക്കരി, പെട്രോളിയം തുടങ്ങിയ ഇന്ധനങ്ങളും ജൈവമാലിന്യങ്ങളും കത്തിക്കു

മ്പോൾ ധാരാളം കാർബൺ ഡൈ ഓക്സൈഡ്, മീഥെയിൻ തുടങ്ങിയ വാതകങ്ങൾ അന്തരീക്ഷത്തിലെത്തുന്നു. ഈ വാതകങ്ങളെ ഹരിതഗൃഹ വാതകങ്ങൾ എന്നു പറയുന്നു.

ഓസോൺ ശോഷണം

ഭൂമിയുടെ ഉപരിതലത്തിൽ നിന്നും 12 മൈൽ ഉയരത്തിലായി ഭൂമിക്ക് ഒരു ആവരണം പോലെ സ്ഥിതി ചെയ്യുന്നതാണ് ഓസോൺപാളി.

സുസ്ഥിര വികസനം

ഭാവിതലമുറയുടെ ആവശ്യങ്ങളെ ബാധിക്കാത്ത തരത്തിൽ ഇന്നത്തെ തലമുറയുടെ ആവശ്യങ്ങൾ നിറവേറ്റാൻ സാധിക്കുന്ന വികസനമാണ് സുസ്ഥിര വികസനം എന്നാണ് ഐക്യരാഷ്ട്ര സഭയുടെ പരിസ്ഥിതി വികസന സമ്മേളനം സുസ്ഥിര വികസനത്തെ നിർവചിക്കുന്നത്.

വിലയിരുത്തൽ ചോദ്യങ്ങൾ

1. തെറ്റോ ശരിയോ എന്നെഴുതുക. തെറ്റുണ്ടെങ്കിൽ തിരുത്തുക.

a. സുസ്ഥിര വികസനം പരിസ്ഥിതി സൗഹാർദാത്മകമാണ്.

b. കൽക്കരിയും പെട്രോളും പുതുക്കാവുന്ന വിഭവങ്ങളാണ്.

c. കൽക്കരിയും പെട്രോളും കത്തിക്കുമ്പോൾ ഹരിതഗൃഹ വാതകങ്ങൾ പുറന്തള്ളപ്പെടുന്നു.

d. ആഗോള താപനമെന്നാൽ ഭൗമാന്തരീക്ഷത്തിലെ ശരാശരി ചൂട് വർധിക്കുന്നതാണ്.

e. ഓസോൺപാളി അൾട്രാവയലറ്റ് റേഡിയേഷനെ തടയുന്നു.

f. ഗോബർ ഗ്യാസ് ഉൽപ്പാദിപ്പിക്കുന്നത് ചാണകത്തിൽ നിന്നാണ്.

g. ജൈവ കൃഷിയിൽ രാസവളങ്ങൾ ഉപയോഗിക്കുന്നു.

2. ചേരുംപടി ചേർക്കുക

A	B
a. പുതുക്കാവുന്ന വിഭവം	വായു മലിനീകരണം
b. പുതുക്കാനാവാത്ത വിഭവം	ജല മലിനികരണം
c. ജൈവ കൃഷി	ചെടികൾ, ജലം
d. ക്യോട്ടോ പ്രോട്ടോകോൾ	വനസംരക്ഷണം
e. മോൺട്രിയൽ പ്രോട്ടോകോൾ	ഹരിതഗൃഹ വാതകങ്ങൾ കുറയ്ക്കൽ
f. ചിപ്കോ പ്രസ്ഥാനം	കൽക്കരി, പെട്രോൾ
g. വർധിക്കുന്ന വാഹന ഗതാഗതം	ഓസോൺ ശോഷിപ്പിക്കുന്ന സംയുക്തങ്ങൾ നിരോധിക്കൽ

3. പുതുക്കാവുന്ന വിഭവങ്ങളും, പുതുക്കാനാവാത്ത വിഭവങ്ങളും തമ്മിലുള്ള വ്യത്യാസമെന്ത്? ഉദാഹരണ സഹിതം വിവരിക്കുക?

4. പുനരുൽപ്പാദന ശേഷി, സ്വാംശീകരണ ശേഷി എന്നീ ആശയങ്ങൾ വിശദീകരിക്കുക.
5. ആഗോള താപനമെന്നാലെന്ത്? ഇതിന്റെ ഭവിഷ്യത്ത് വിശദീകരിക്കുക?
6. താഴെപ്പറയുന്നവയെ പുതുക്കാവുന്ന വിഭവങ്ങൾ, പുതുക്കാനാവാത്ത വിഭവങ്ങൾ എന്നിങ്ങനെ തരം തിരിക്കുക.
   കൽക്കരി, മരങ്ങൾ, ജലം, പെട്രോളിയം, സൗരോർജ്ജം, ആണവോർജ്ജം, ഇരുമ്പയിര്
7. എന്താണ് പരിസ്ഥിതി? പരിസ്ഥിതിയുടെ ധർമ്മങ്ങൾ ഏവ?
8. ഹരിതഗൃഹ വാതകങ്ങൾ എന്നാലെന്ത്? ഉദാഹരണം പറയുക.

സ്വയം വിലയിരുത്തൽ

	പൂർണമായി കഴിയുന്നു	ഭാഗികമായി കഴിയുന്നു	മെച്ചപ്പെടേണ്ടതുണ്ട്
• എന്താണ് പരിസ്ഥിതി എന്ന് നിർവചിക്കാൻ.			
• പരിസ്ഥിതിയുടെ ധർമ്മങ്ങൾ പട്ടികപ്പെടുത്താൻ.			
• ആഗോളതാപനം എന്തെന്ന് വിശദീകരിക്കാൻ.			
• ആഗോളതാപനത്തിന്റെ ഭവിഷ്യത്തുകൾ ലിസ്റ്റ് ചെയ്യാൻ.			
• ഇന്ത്യയിലെ പരിസ്ഥിതിയുടെ അവസ്ഥ വിലയിരുത്താൻ.			
• പരിസ്ഥിതി നാശത്തിന്റെ വിവിധ തലങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്താൻ.			
• സുസ്ഥിര വികസനം എന്തെന്ന് വ്യാഖ്യാനിക്കാൻ.			
• പാരമ്പര്യ - പാരമ്പര്യേതര ഊർജ ഉറവിടങ്ങൾ ഏതൊക്കെയെന്ന് ലിസ്റ്റ് ചെയ്യാൻ.			
• ജൈവ കൃഷിയുടെ പ്രാധാന്യം ചർച്ച ചെയ്യാൻ.			

തുടർ വായനയ്ക്ക്

- എൻ.സി.ഇ.ആർ.ടി പുസ്തകം.
- റുദർ ദത്ത് ആന്റ് കെ.പി.എം സുന്ദരം (2000) "ഇന്ത്യൻ ഇക്കണോമി", എസ്. ചന്ദ് ആന്റ് കമ്പനി ലിമിറ്റഡ് രാം നഗർ, ന്യൂ ഡൽഹി-110-55
- രാജഗോപാലൻ ആർ 2005 എൺവിറോൺമെന്റൽ സ്റ്റഡീസ് ഫ്രെം പ്രൈസിസ് ടു ക്യുവർ. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ് ന്യൂ ഡൽഹി.

10

ഇന്ത്യയുടെയും അയൽ രാജ്യങ്ങളുടെയും വികസനാനുഭവങ്ങൾ - ഒരു താരതമ്യപഠനം

ആമുഖം

1990 കൾ വരെ ഇന്ത്യ പിന്തുടർന്ന് വന്ന സാമ്പത്തിക നയങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തങ്ങളായ നയങ്ങളാണ് 1991ലെ സാമ്പത്തിക പരിഷ്കരണങ്ങളിലൂടെ സ്വീകരിച്ചതെന്ന് മുൻ അധ്യായങ്ങളിലൂടെ നാം മനസ്സിലാക്കി. ഒട്ടുമിക്ക രാജ്യങ്ങളും തെറ്റുകളിൽ നിന്ന് പാഠങ്ങൾ ഉൾകൊണ്ടും മറ്റ് രാജ്യങ്ങളുടെ അനുഭവങ്ങൾ പാഠമാക്കിയും സാമ്പത്തിക നയങ്ങളിൽ മാറ്റം വരുത്താറുണ്ട്. ആധുനിക ലോകം ആഗോളവൽക്കരണത്തിന്റെ ലോകമാണ്. ആഗോളവൽക്കരണത്തിൽ ഓരോ സമ്പദ് വ്യവസ്ഥയും ലോകസമ്പദ്വ്യവസ്ഥയുടെ ഭാഗമാണ്. ശീതകാലയുദ്ധങ്ങൾക്ക് ശേഷം രാജ്യങ്ങൾ അവരവരുടെ സമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനായി പ്രാദേശികവും ആഗോളസ്വഭാവമുള്ളതുമായ സാമ്പത്തിക കൂട്ടായ്മകൾ രൂപീകരിച്ചു. SAARC, European Union, ASEAN, G-8, G-20, BRICS എന്നിവ ഇത്തരം കൂട്ടായ്മകളാണ്. ഈ അധ്യായത്തിൽ ഇന്ത്യയുടെയും അയൽരാജ്യങ്ങളായ പാകിസ്ഥാൻ, ചൈന എന്നിവരുടെയും വികസനാനുഭവങ്ങളെ താരതമ്യം ചെയ്യുകയാണ്.

പഠനനേട്ടങ്ങൾ

- ഇന്ത്യ, ചൈന, പാകിസ്ഥാൻ എന്നീ രാജ്യങ്ങളുടെ വികസനപാതയിലെ സമാനതകൾ കണ്ടെത്തുന്നു.
- മഹത്തായ കുതിച്ചുചാട്ടം (GLF) ചൈനയുടെ വികസനത്തെ എങ്ങനെ സ്വാധീനിച്ചുവെന്ന് വിശദീകരിക്കുന്നു.
- ചൈനയിലെ മഹത്തായ പ്രോളിറ്റേറിയൻ സാംസ്കാരിക വിപ്ലവമെന്തെന്ന് വിശദമാക്കുന്നു.
- ചൈനയുടെ സാമ്പത്തിക പരിഷ്ക്കരണത്തിന്റെ സവിശേഷതകൾ വിശദികരിക്കുന്നു.
- പാകിസ്ഥാന്റെ സാമ്പത്തിക വളർച്ചയുടെ വിവിധ ഘട്ടങ്ങൾ താരതമ്യപ്പെടുത്തുന്നു.
- ഇന്ത്യ, ചൈന, പാകിസ്ഥാൻ എന്നിവയുടെ ജനസംഖ്യാ സൂചകങ്ങൾ വിലയിരുത്തുന്നു.
- മൂന്ന് രാജ്യങ്ങളുടെയും ആഭ്യന്തരോൽപ്പന്നവും അതിൽ വിവിധ മേഖലകൾക്കുള്ള പങ്കും ചർച്ചചെയ്യുന്നു.
- വിവിധ മേഖലയിലെ ഉൽപ്പന്ന വളർച്ചയുടെ പ്രവണതകൾ പട്ടികപ്പെടുത്തുന്നു,
- ഇന്ത്യ, ചൈന, പാകിസ്ഥാൻ എന്നീ രാജ്യങ്ങളുടെ മാനവവികസന സൂചകങ്ങൾ താരതമ്യപ്പെടുത്തുന്നു.
- മാനവവികസനസൂചകങ്ങളുടെ പോരായ്മകൾ ചർച്ച ചെയ്യുന്നു.
- സാമ്പത്തിക പരിഷ്ക്കരണങ്ങളുടെ ഫലങ്ങൾ വിമർശനാത്മകമായി വിലയിരുത്തുന്നു.

പ്രധാന ആശയങ്ങൾ

മഹത്തായ സാംസ്കാരിക വിപ്ലവം, കമ്യൂൺസമ്പ്രദായം, ഇരട്ടവില സമ്പ്രദായം, പ്രത്യേക സാമ്പത്തികമേഖല, ജനസാന്ദ്രത. ഇറക്കുമതി ബദലുകൾ, സ്ത്രീപുരുഷ അനുപാതം, ഫെർട്ടിലിറ്റി നിരക്ക്, മൊത്തം ആഭ്യന്തര ഉൽപ്പന്നം, മാനവവികസന സൂചകാങ്കം, സ്വതന്ത്രസൂചിക, പ്രസവാനന്തര മരണനിരക്ക്, ഐ.എം.എഫ്, ഐ.ബി.ആർ.ഡി, ഏകകക്ഷി ഭരണസമ്പ്രദായം.

വികസനപാത

- ഇന്ത്യ, പാകിസ്ഥാൻ, ചൈന എന്നീ രാജ്യങ്ങളുടെ വികസന വഴികൾക്ക് വളരെയധികം സമാനതകളുണ്ട്.
- ഇന്ത്യയും, പാകിസ്ഥാനും സ്വാതന്ത്ര്യം നേടിയത് 1947ലും പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന രൂപീകൃതമായത് 1949ലുമാണ്.
- ഇന്ത്യ, പാകിസ്ഥാൻ. ചൈന എന്നീ മൂന്ന് ഏഷ്യൻ രാജ്യങ്ങൾക്കും സ്വാതന്ത്ര്യ ലബ്ധിക്കുശേഷം സാമ്പത്തിക രംഗത്ത് വളരെയധികം മുന്നേറുവാൻ സാധിച്ചു.

- ഈ മൂന്ന് രാജ്യങ്ങളും സാമ്പത്തിക ആസൂത്രണമാണ് പ്രധാന വികസനമന്ത്ര മായി സ്വീകരിച്ചത്. ഇന്ത്യയുടെ ഒന്നാമത്തെ പഞ്ചവത്സരപദ്ധതി 1951ൽ ആരംഭി ച്ചപ്പോൾ ചൈനയുടേത് 1953ലും പാക്കിസ്ഥാന്റേത് 1956ലുമാണ് തുടക്കം കുറി ച്ചത്.
- മൂന്ന് രാജ്യങ്ങളിലും വികസന പ്രക്രിയയിൽ പ്രധാന പങ്ക് ഗവൺമെന്റിനായിരു ന്നു. എന്നാൽ സാമ്പത്തിക പരിഷ്ക്കരണം നടപ്പിലാക്കിയപ്പോൾ ഇതിന് വലിയ മാറ്റം സംഭവിക്കുകയും ഗവൺമെന്റിനോടൊപ്പം കമ്പോളത്തിനും പ്രാമുഖ്യം കൈവരുകയും ചെയ്തു.
- മൂന്ന് സമ്പദ് വ്യവസ്ഥകളിലും 1980കൾ വരെ ഏതാണ്ട് ഒരേ തോതിലുള്ള വളർച്ചാ നിരക്കാണ് ഉണ്ടായിരുന്നത്. എന്നാൽ 20-ാം നൂറ്റാണ്ടിന്റെ അവസാനമായപ്പോ ഴേക്കും വളർച്ചാ നിരക്കിൽ പ്രകടമായ വ്യതിയാനം കാണുവാൻ തുടങ്ങി.

മൂന്ന് രാജ്യങ്ങളുടെയും ഇന്നത്തെ സാമ്പത്തികസ്ഥിതി താരതമ്യം ചെയ്യുന്നതിന് മുമ്പ് ചൈനയുടെയും പാകിസ്ഥാന്റെയും വികസനചരിത്രം ഹ്രസ്വമായെന്ന് പരിശോധിക്കാം.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യ പിന്തുടർന്ന വികസനതന്ത്രങ്ങളും സാമ്പത്തിക നയങ്ങളും നാം മുൻ അധ്യായങ്ങളിൽ വിശദമായി ചർച്ച ചെയ്തല്ലോ?

ചൈന

മാവോ സേ തുങ്ങിന്റെ നേതൃത്വത്തിൽ ഏകകക്ഷി ഭരണസമ്പ്രദായം സ്വീകരിച്ചുകൊണ്ട് 1949ലാണ് പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന രൂപീകൃതമായത്. സമ്പദ് വ്യവസ്ഥയി ലെ എല്ലാ നിർണായക മേഖലകളിലും ഉൽപ്പാദക സംരംഭങ്ങളും ഭൂമിയും ഗവൺമെന്റ് നിയന്ത്രണത്തിലാക്കി.

ചൈനയെ വളരെ വേഗം വ്യവസായവൽക്കരിക്കുക എന്ന ലക്ഷ്യത്തോടുകൂടി 1958ൽ കാർഷിക വ്യാവസായിക മേഖലകളിൽ നടപ്പിലാക്കിയ നയങ്ങളാണ് മഹത്തായ കുതി ച്ചുചാട്ടം (Great Leap Forward -GLF) എന്നറിയപ്പെടുന്നത്. വ്യാവസായിക മേഖല യിൽ ഉണർവുണ്ടാകുന്നതിനായി വീടിനോട് ചേർന്ന് തന്നെ ചെറുകിട വ്യവസായ ങ്ങൾ ആരംഭിക്കുവാൻ പ്രോത്സാഹനം നൽകി. കാർഷിക മേഖലയുടെ കുതിച്ചു ചാട്ടത്തിനായി ഗ്രാമപ്രദേശങ്ങളിൽ കമ്മ്യൂൺ സമ്പ്രദായം നടപ്പിലാക്കി. ഈ രീതിയ നുസരിച്ച് ജനങ്ങൾ കൂട്ടായി കൃഷി ചെയ്യാനാരംഭിച്ചു. 1958ൽ ഏകദേശം 26,000 കമ്മ്യൂ ണുകൾ ചൈനയിൽ നിലവിലുണ്ടായിരുന്നു.

മഹത്തായ കുതിച്ചുചാട്ടത്തിനായുള്ള പ്രചരണം ഒട്ടനവധി പ്രശ്നങ്ങളിലേക്ക് നയിച്ചു. അക്കാലയളവിൽ ചൈനയിലുണ്ടായ രൂക്ഷമായ വരൾച്ചയെത്തുടർന്ന് 3 കോടിയോളം ആളുകൾ മരിക്കാനിടയായത് ജി.എൽ.എഫിനെ പ്രതികൂലമായി ബാധിച്ചു. റഷ്യയു മായുണ്ടായ തർക്കത്തെതുടർന്ന് ചൈനയുടെ വ്യവസായവൽക്കരണ പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകുവാൻ ചൈനയിലേക്ക് അയച്ചിരുന്ന വിദഗ്ധരെ റഷ്യ തിരികെ വിളിച്ചത് വികസന നീക്കങ്ങളെ കൂടുതൽ പ്രതിസന്ധിയിലാക്കി.

1965ൽ മാവോ സേ തുങ് പ്രോളിറ്റേറിയൻ സാംസ്കാരിക വിപ്ലവത്തിന് (Proletarian Cultural Revolution) തുടക്കം കുറിച്ചു. ഇതിന്റെ ഭാഗമായി ഡോക്ടർമാർ, എഞ്ചിനീ

യർമാർ, അധ്യാപകർ, വിദ്യാർഥികൾ തുടങ്ങിയവരെയെല്ലാം ഗ്രാമപ്രദേശങ്ങളിലേക്ക് തൊഴിലിനയച്ചു. 1966 മുതൽ 1976 വരെ ഈ വിപ്ലവകരമായ പ്രവർത്തനങ്ങൾ ചൈനയിലുടനീളം ശക്തമായി നടപ്പിലാക്കി. എന്നാൽ ഇക്കാലഘട്ടത്തിലൊന്നും സാമ്പത്തികമായി മുന്നേറാൻ ചൈനയ്ക്ക് കഴിഞ്ഞില്ല.

ചൈനയുടെ ഇന്ന് കാണുന്ന വ്യാവസായിക വളർച്ചയ്ക്ക് തുടക്കം കുറിച്ചത് 1978ൽ മാവോ സേ തുങ്ങിന്റെ മരണത്തെ തുടർന്ന് അധികാരത്തിൽ വന്ന ഡെങ് സിയാവോ പിങ് നടപ്പിലാക്കിയ സാമ്പത്തിക നയപരിഷ്ക്കരണങ്ങളാണ്. ഘട്ടം ഘട്ടമായാണ് ചൈനയിൽ സാമ്പത്തിക നയപരിഷ്ക്കരണങ്ങൾ നടപ്പിലാക്കിയത്. കാർഷിക, വിദേശ വ്യാപാര നിക്ഷേപമേഖലകളിൽ തുടക്കമിട്ട പരിഷ്ക്കാരങ്ങൾ അടുത്ത ഘട്ടമായപ്പോഴേക്കും വ്യവസായമേഖലകളിലേക്ക് വ്യാപിപ്പിച്ചു.

ചൈനയിൽ 1978ന് ശേഷം നടപ്പിലാക്കിയ സാമ്പത്തിക പരിഷ്ക്കാരങ്ങൾ ചുവടെ ചേർക്കുന്നു.

1. കമ്യൂൺ സമ്പ്രദായം ഉപേക്ഷിച്ച് ഉത്തരവാദിത്വകൃഷി രീതി നടപ്പിലാക്കി. ഇതനുസരിച്ച് കൃഷി സ്ഥലങ്ങളെ തുണ്ടുകളാക്കുകയും കൃഷി ചെയ്യാനുള്ള ഉത്തരവാദിത്തം കർഷകരെ ഏൽപ്പിക്കുകയും ചെയ്തു. (കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം ഗവൺമെന്റിൽ തന്നെ നിലനിർത്തി) കൃഷിഭൂമിയിൽ ഏത് വിളകൃഷി ചെയ്യണമെന്ന് തീരുമാനിക്കാനുള്ള അവകാശം കർഷകന് ലഭിച്ചു. കൃഷി ഭൂമിയിൽ നിന്നുള്ള വരുമാനത്തിന്റെ ഒരു നിശ്ചിതഭാഗം നികുതിയായി ഗവൺമെന്റിന് നൽകിയ ശേഷം ബാക്കി വരുമാനം സ്വതന്ത്രമായി ഉപയോഗിക്കുവാനുള്ള അവസരം കർഷകർക്ക് ലഭിച്ചു. ഈ നടപടികൾ ചൈനയുടെ കാർഷികോൽപ്പാദനം ഗണ്യമായി വർധിക്കുന്നതിനിടയാക്കി.

2. പുതിയ സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ ഭാഗമായി 'ഇരട്ടവില' സമ്പ്രദായം നടപ്പിലാക്കി. ഇതനുസരിച്ച് കർഷകരും വ്യവസായികളും ഒരു നിശ്ചിത അളവ് ഉൽപ്പന്നങ്ങളും അസംസ്കൃത പദാർഥങ്ങളും വാങ്ങുകയും വിൽക്കുകയും ചെയ്തിരുന്നത് ഗവൺമെന്റ് നിശ്ചയിച്ച വിലയെ അടിസ്ഥാനമാക്കി ആയിരുന്നു. ബാക്കിയുള്ള ഉൽപ്പന്നങ്ങൾ വിപണി നിശ്ചയിക്കുന്ന വിലയ്ക്കാണ് വാങ്ങുകയും വിൽക്കുകയും ചെയ്തിരുന്നത്.

3. വിദേശമൂലധനനിക്ഷേപത്തിനുണ്ടായിരുന്ന നിരോധനം നീക്കുകയും വിദേശമൂലധന നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. നേരിട്ടുള്ള വിദേശമൂലധനനിക്ഷേപത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ചൈനയുടെ വിവിധ ഭാഗങ്ങളിൽ പ്രത്യേക സാമ്പത്തിക മേഖലകൾ (Special Economic Zones-SEZs) സ്ഥാപിച്ചു. ഈ മാറ്റം ആയിരക്കണക്കിന് ബഹുരാഷ്ട്ര കമ്പനികളെ ചൈനയിലേക്കാകർഷിച്ചു. (ഇന്ന് ഏറ്റവുമധികം വിദേശമൂലധന നിക്ഷേപം നടക്കുന്ന വികസ്വരരാഷ്ട്രങ്ങളുടെ പട്ടികയിൽ ചൈന ഒന്നാം സ്ഥാനത്താണ്)

4. വ്യവസായരംഗത്ത് സ്വകാര്യമൂലധന നിക്ഷേപം അനുവദിക്കുകയും സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഇത് മൂലം ഗവൺമെന്റ് ഉടമസ്ഥതാ സംരഭങ്ങൾക്ക് സ്വകാര്യമേഖല സംരഭങ്ങളുമായി മത്സരിക്കേണ്ടി വന്നു.

പുതിയ സാമ്പത്തിക പരിഷ്ക്കാരങ്ങൾ ചൈനയുടെ സമ്പദ്വ്യവസ്ഥയിൽ ദൂരവ്യാപകങ്ങളായ ഫലങ്ങളുളവാക്കി. ഇന്ന് ചൈനയുടെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 65% വും സ്വകാര്യമേഖലയുടെ സംഭാവനയാണ്. 2014ലെ ലോകബാങ്കിന്റെ കണക്കുകൾ പ്രകാരം ലോകത്തിലെ ഏറ്റവും വലിയ സമ്പദ്വ്യവസ്ഥ ചൈനയുടേതാണ്.

പാകിസ്ഥാൻ

പാകിസ്ഥാൻ നടപ്പാക്കിയ സാമ്പത്തിക പരിഷ്ക്കരണ നയങ്ങൾക്ക് ഇന്ത്യയുടേതുമായി അനവധി സമാനതകളുണ്ട്.

ഇന്ത്യയെപ്പോലെ തന്നെ പാകിസ്ഥാനും പൊതുമേഖലയ്ക്കും സ്വകാര്യമേഖലയ്ക്കും തുല്യപ്രാധാന്യം നൽകുന്ന മിശ്രസമ്പദ്വ്യവസ്ഥയാണ് പിന്തുടരുന്നത്. 1950 കളിലും 1960 കളിലും ആഭ്യന്തര വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും ഇറക്കുമതി ബദലുകൾ ആവിഷ്ക്കരിക്കുന്നതിനുമായി ഒട്ടനവധി നടപടികൾ സ്വീകരിച്ചു. ഇതനുസരിച്ച് ഉപഭോഗസാധനങ്ങൾക്ക് താരിഫ് സംരക്ഷണവും ഇറക്കുമതി നിയന്ത്രണവും ഏർപ്പെടുത്തി.

ഹരിത വിപ്ലവം കാർഷിക മേഖലയെ യന്ത്രവൽക്കരണത്തിലേക്ക് നയിക്കുകയും അടിസ്ഥാന സൗകര്യങ്ങളുടെ (Infrastructure) മേഖലയിൽ ഗവൺമെന്റ് നിക്ഷേപം ഉയർത്തുകയും ചെയ്തു. ഇവയെല്ലാം ഭക്ഷ്യധാന്യം ഉൽപ്പാദനം ഗണ്യമായി ഉയർത്തുകയും കാർഷികമേഖലയിൽ മാറ്റങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

1970 കളിൽ മൂലധന വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന വ്യവസായങ്ങൾ ദേശസാൽക്കരിച്ചു. എന്നാൽ 1980 ആയപ്പോഴേക്കും പാകിസ്ഥാൻ ക്രമേണ നയം മാറ്റുകയും സ്വകാര്യവൽക്കരണം ആരംഭിക്കുകയും ചെയ്തു. സ്വകാര്യസംരഭകരെയും സ്വകാര്യനിക്ഷേപത്തെയും പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ വ്യവസായനയങ്ങൾ ഉദാരമാക്കി. ഈ കാലയളവിൽ പാശ്ചാത്യരാജ്യങ്ങളിൽ നിന്നും പാകിസ്ഥാന് സാമ്പത്തിക പിന്തുണയും ലഭിച്ചു. വിദേശത്തേക്ക് പോകുന്ന പാകിസ്ഥാൻകാരുടെ എണ്ണവും അവർ മാതൃരാജ്യത്തേക്ക് അയയ്ക്കുന്ന പണവും വർധിച്ചു. അക്കാലത്ത് ഗവൺമെന്റ് സ്വകാര്യമേഖലയ്ക്ക് ധാരാളം പ്രോത്സാഹനങ്ങളും വാഗ്ദാനം ചെയ്തു. ഇവയെല്ലാം പാക്കിസ്ഥാന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുകയും പുതിയ മൂലധന നിക്ഷേപങ്ങൾക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു.

1998 ഓടുകൂടി കൂടുതൽ സാമ്പത്തിക പരിഷ്ക്കാരങ്ങൾ പാകിസ്ഥാൻ ആവിഷ്ക്കരിച്ചു. ഈ പരിഷ്ക്കാരങ്ങൾ വിദേശമൂലധന നിക്ഷേപത്തെയും സ്വകാര്യ മൂലധന നിക്ഷേപത്തെയും പ്രോത്സാഹിപ്പിച്ചു. പ്രത്യക്ഷ നികുതി കുറയ്ക്കുകയും സമ്പദ്വ്യവസ്ഥയുടെ പല മേഖലകളും സ്വകാര്യവിദേശനിക്ഷേപകർക്കായി തുറന്നുകൊടുക്കുകയും ചെയ്തു.

ജനസംഖ്യാ സൂചകങ്ങൾ

ലോകത്ത് ജനസംഖ്യയുടെ കാര്യത്തിൽ ചൈനയ്ക്ക് ഒന്നാം സ്ഥാനവും ഇന്ത്യയ്ക്ക രണ്ടാം സ്ഥാനവുമാണെന്ന് നിങ്ങൾക്ക് അറിയാമല്ലോ? നൂറ് കോടിയിലധികം ജന

സംഖ്യയുള്ള രണ്ട് രാജ്യങ്ങൾ മാത്രമേ ഭൂമുഖത്തുള്ളു. അവ ചൈനയും ഇന്ത്യയുമാണ്. എന്നാൽ പാകിസ്ഥാനിൽ ജനസംഖ്യ വളരെ കുറവാണ്. ഇത് ഇന്ത്യയുടെയും ചൈനയുടെയും പത്തിലൊന്ന് മാത്രമേയുള്ളു. ലോകജനസംഖ്യയിൽ ആറിലൊരാൾ ഇന്ത്യാക്കാരനും മറ്റൊരാൾ ചൈനാക്കാരനുമാണ്. ഇന്ത്യ, ചൈന, പാകിസ്ഥാൻ എന്നീ രാജ്യങ്ങളുടെ പ്രധാന ജനസംഖ്യാ സൂചകങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നത് ശ്രദ്ധിക്കുക.

പട്ടിക 10.1

ഇന്ത്യ, ചൈന, പാകിസ്ഥാൻ എന്നിവയുടെ പ്രധാനപ്പെട്ട ജനസംഖ്യാ സൂചകങ്ങൾ (2012)

രാജ്യം	ജനസംഖ്യ (ദശലക്ഷത്തിൽ)	ജനസംഖ്യയുടെ വാർഷിക വളർച്ചാ നിരക്ക് (2001-2010)	ജനസാന്ദ്രത (ഒരു ചതുരശ്ര കിലോ മീറ്ററിന്)	സ്ത്രീ-പുരുഷ അനുപാതം (100 പേർക്ക് ഇടയിൽ)	ഫെർട്ടിലിറ്റി	നഗരവൽക്കരണം
ഇന്ത്യ	1237	1.26	411	48.3	2.6	32
ചൈന	1350	0.49	144	48.2	1.6	52
പാകിസ്ഥാൻ	179	1.68	229	48.6	3.3	37

Source: World Development indicator www.worldbank.org

പട്ടികയിൽ നിന്നും നമുക്ക് വ്യക്തമാകുന്ന വസ്തുതകൾ ഇവയാണ്.

- ഇന്ത്യ, ചൈന എന്നിവയുടെ സംയുക്ത ജനസംഖ്യ 240 കോടിയിലധികമാണ്.
- മൂന്ന് രാജ്യങ്ങളിൽ വച്ച് ജനസംഖ്യ കൂടുതലുള്ള രാജ്യം ചൈനയാണെങ്കിലും ജനസാന്ദ്രത വളരെ താഴ്ന്നതാണ്. ചൈനയുടെ ഉയർന്ന ഭൂവിസ്തൃതി മൂലമാണ് ഇത് സാധ്യമാകുന്നത്.
- ജനസംഖ്യയുടെ വാർഷിക വളർച്ചാ നിരക്ക് ഏറ്റവും കൂടുതൽ പാകിസ്ഥാനിലും ഏറ്റവും കുറവ് ചൈനയിലുമാണ്. ചൈന 1970 കളിൽ നടപ്പിലാക്കിയ ഏകസന്താന നയമാണ് ജനസംഖ്യയുടെ താഴ്ന്ന വാർഷിക വളർച്ചയ്ക്ക് കാരണം.
- സ്ത്രീ പുരുഷ അനുപാതം മൂന്ന് രാജ്യങ്ങളിലും ഏറെക്കുറെ തുല്യമാണ്. മൂന്ന് രാജ്യങ്ങളിലും സ്ത്രീകളെ അപേക്ഷിച്ച് പുരുഷന്മാരുടെ എണ്ണം വളരെയധികമാണ്. പുത്രന്മാർക്ക് മുൻഗണന നൽകുന്ന രീതിയാണ് മൂന്ന് രാജ്യങ്ങളിലും നിലനിൽക്കുന്നതെന്ന് ഇവ വ്യക്തമാക്കുന്നു.
- ഫെർട്ടിലിറ്റി നിരക്ക് ഏറ്റവും ഉയർന്നത് പാകിസ്ഥാനിലും ഏറ്റവും താഴ്ന്നത് ചൈനയിലുമാണെന്ന് പട്ടിക വ്യക്തമാക്കുന്നു.
- നഗരവൽക്കരണം ചൈനയിലും (36.1%) പാകിസ്ഥാനിലും (33.4%) ഉയർന്നതാണ്.

ഇന്ത്യയിൽ 27.8% ആളുകൾ മാത്രമാണ് നഗരപ്രദേശങ്ങളിൽ വസിക്കുന്നത്.

മൊത്തം ആഭ്യന്തര ഉൽപ്പന്നവും വിവിധ മേഖലകളും

ചൈനയുടെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ (GDP) ഉയർന്ന വളർച്ച ലോകത്താകമാനം ചർച്ച ചെയ്യപ്പെടുന്ന ഒരു പ്രധാനപ്പെട്ട വിഷയമാണ്. ലോകത്ത് ആഭ്യന്തര ഉൽപ്പാദനം ഉയർന്നു നിൽക്കുന്ന രാജ്യങ്ങളുടെ പട്ടികയിൽ രണ്ടാം സ്ഥാനം ചൈനയ്ക്കാണ്. ചൈനയുടെ മൊത്തം ആഭ്യന്തര ഉൽപ്പാദനം 7.2 ട്രില്യൻ ഡോളറാണ്. ഇന്ത്യയുടേത് 3.3 ട്രില്യൻ ഡോളർ മാത്രമാണ്. എന്നാൽ പാകിസ്ഥാന്റെ മൊത്തം ആഭ്യന്തര ഉൽപ്പന്നം ഇന്ത്യയുടെ 10% മാത്രമാണ്. ഈ മൂന്ന് രാജ്യങ്ങളുടെ 1980 മുതൽ 2010 വരെയുള്ള GDPയുടെ വളർച്ചാ നിരക്ക് വ്യക്തമാക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 10.2

മൊത്തം ആഭ്യന്തര ഉൽപ്പന്ന വളർച്ചാനിരക്ക് (%), 1980 – 2010

രാജ്യം	1980-90	2000-2010
ഇന്ത്യ	5.7	7.4
ചൈന	10.3	10.3
പാകിസ്ഥാൻ	6.3	4.7

Source: ADB Report, Key Indicators for Asia and Pacific 2011.

ഒട്ടുമിക്ക വികസിത രാജ്യങ്ങളും 5% വളർച്ചാനിരക്ക് നിലനിർത്താൻ പ്രയാസപ്പെടുമ്പോൾ ചൈന കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിലധികമായി രണ്ടക്കത്തിനടുത്ത വളർച്ചാനിരക്ക് നിലനിർത്തുന്നതായി മുകളിലത്തെ പട്ടിക വ്യക്തമാക്കുന്നു. 1980 കളിൽ ആഭ്യന്തര ഉൽപ്പന്ന വളർച്ചാനിരക്കിൽ ഇന്ത്യയെക്കാൾ മുന്നിലായിരുന്നു പാകിസ്ഥാനെന്ന് മുകളിലത്തെ പട്ടികയിൽ നിന്ന് വ്യക്തമാണ്. 2000-2010 കാലയളവിൽ ചൈനയിൽ വളർച്ചാനിരക്ക് മാറ്റമില്ലാതെ തുടർന്നപ്പോൾ ഇന്ത്യയുടെ വളർച്ചാനിരക്ക് 7.4 ശതമാനമായി ഉയർന്നു. എന്നാൽ ഇതേ കാലയളവിൽ പാകിസ്ഥാന്റെ വളർച്ചാനിരക്ക് കുറയുകയാണ് ചെയ്തത്. പാകിസ്ഥാനിലെ രാഷ്ട്രീയ അസ്ഥിരതയും 1998 ൽ നടപ്പിലാക്കിയ സാമ്പത്തിക നയപരിഷ്കരണങ്ങളുമാണ് ഇതിന്റെ കാരണങ്ങളായി ചൂണ്ടിക്കാണിക്കുന്നത്.

GDP, തൊഴിൽ ശക്തി എന്നിവയുടെ മേഖലാ വിഹിതം

വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നവർ മൊത്തം ആഭ്യന്തര ഉൽപ്പന്നത്തിലേക്ക് നൽകുന്ന സംഭാവന എന്തെന്ന് പരിശോധിക്കാം. നഗരവൽക്കരണത്തിൽ ഇന്ത്യയ്ക്കും പാകിസ്ഥാനും മുന്നിലാണ് ചൈനയുടെ സ്ഥാനമെന്ന് കഴിഞ്ഞ ഭാഗത്ത് നാം മനസ്സിലാക്കി. മാത്രവുമല്ല ഭൂമിശാസ്ത്രപരവും കാലാവസ്ഥാപരവുമായ ചൈനയുടെ സവിശേഷതകൾ കൃഷിക്കനുയോജ്യവുമല്ല. ഇക്കാരണങ്ങളാൽ മൊത്തം കരഭാഗത്തിന്റെ കേവലം 10% മാത്രമാണ് ചൈന കൃഷിക്കായി വിനിയോഗിക്കുന്നത്. ഇത്

ഇന്ത്യയുടെ കൃഷിഭൂമിയുടെ 40% മാത്രമേ ആകുന്നുള്ളു. 1980 വരെ ചൈനയുടെ ജന സംഖ്യയിൽ 80% ത്തിലധികവും കാർഷിക മേഖലയെ ആശ്രയിച്ചാണ് ജീവിച്ചിരു ന്നത്. എന്നാൽ ഗവൺമെന്റിന്റെ തുടർച്ചയായ ഇടപെടലുകൾ മൂലം ഈ മേഖലയിലു ള്ളവരുടെ എണ്ണം 2000 ആയപ്പോഴേക്കും 54% ത്തോളമാക്കി കുറയ്ക്കുവാൻ കഴിഞ്ഞു. ചുവടെ ചേർക്കുന്ന പട്ടിക ശ്രദ്ധിക്കുക.

പട്ടിക 10.3

ജി.ഡി.പി, തൊഴിൽ ശക്തി എന്നിവയുടെ മേഖലാ പങ്കാളിത്തം
2008 – 2012 (ശതമാനത്തിൽ)

മേഖല	ജി.ഡി.പിയിലേക്കുള്ള വിവിധ മേഖലകളുടെ പങ്കാളിത്തം			വിവിധ മേഖലകളിലെ തൊഴിലാളികൾ		
	ഇന്ത്യ	ചൈന	പാകിസ്ഥാൻ	ഇന്ത്യ	ചൈന	പാകിസ്ഥാൻ
കൃഷി	17	10	20	51	34	45
വ്യവസായം	26	47	26	22	29	20
സേവനം	57	43	54	27	37	35
ആകെ	**100**	**100**	**100**	**100**	**100**	**100**

Source: ADB Report, Key Indicators for Asia and Pacific 2011.

മുകളിലത്തെ പട്ടികയിൽ നിന്നും ലഭിക്കുന്ന പ്രധാന ആശയങ്ങൾ ചുവടെ ചേർക്കുന്നു.

ഇന്ത്യയിലും പാകിസ്ഥാനിലും മൊത്തം ആഭ്യന്തരോൽപ്പന്നത്തിലേക്കുള്ള കാർഷിക മേഖലയുടെ സംഭാവന ഒരുപോലെയാണെങ്കിലും (23%) കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ അനുപാതം ഇന്ത്യയിലാണ് കൂടുതൽ. (ഇന്ത്യയിൽ 51%വും പാകിസ്ഥാനിൽ 45% വുമാണ്). ചൈനയുടെ ദേശീയ വരുമാനത്തിലേക്കുള്ള കാർഷിക മേഖലയുടെ സംഭാവന കേവലം 10% മാത്രമാണ്.

ചൈനയുടെ ആഭ്യന്തരോൽപ്പന്നത്തിന്റെ ഏറിയ എങ്കും വ്യവസായിക മേഖലയുടെ സംഭാവനയാണ്(47%). എന്നാൽ ഇന്ത്യയിലും പാകിസ്ഥാനിലും ഇത് സേവനമേഖല യുടെ സംഭാവനയാണ്.

മൂന്ന് രാജ്യങ്ങളിലും വ്യവസായിക, സേവന മേഖലകളിൽ തൊഴിൽ ചെയ്യുന്നവരുടെ അനുപാതം കുറവാണ്. എന്നാൽ മൊത്തം ആഭ്യന്തരോൽപ്പന്നത്തിലേക്കുള്ള ഈ മേഖലകളുടെ സംഭാവന കൂടുതലുമാണ്.

ഒരു രാജ്യം അതിന്റെ വികസനത്തിന്റെ ആദ്യഘട്ടത്തിലായിരിക്കുമ്പോൾ ജനസംഖ്യ യിൽ ഏറിയപങ്കും കാർഷിക മേഖലയിലായിരിക്കും തൊഴിലെടുക്കുന്നത്. മാത്രവു മല്ല ആഭ്യന്തരോൽപ്പന്നത്തിന്റെ സിംഹഭാഗവും കാർഷിക മേഖലയുടെ സംഭാവനയു മായിരിക്കും. എന്നാൽ രാജ്യം വികസിക്കുന്നതോടു കൂടി തൊഴിലവസരങ്ങളും ഉൽപ്പ ന്നങ്ങളും വ്യവസായിക മേഖലയിലേക്കും പിന്നീട് സേവന മേഖലയിലേക്കും മാറ്റ

പ്പെടും. ഇതാണ് സാധാരണയുള്ള വികസനഗതി. ചുവടെ ചേർക്കുന്ന പട്ടിക ശ്രദ്ധിക്കുക.

പട്ടിക 10.4

വിവിധ മേഖലകളിലെ ഉൽപ്പന്ന വളർച്ചയുടെ പ്രവണതകൾ 1980–2013 (ശതമാനത്തിൽ)

മേഖല	1989 - 90			2005 - 2013		
	കൃഷി	വ്യവസായം	സേവനം	കൃഷി	വ്യവസായം	സേവനം
ഇന്ത്യ	3.1	7.4	6.9	4	6.9	9.4
ചൈന	5.9	10.8	13.5	4.5	11	10.9
പാകിസ്ഥാൻ	4	7.7	6.8	3.4	4.3	4.8

Source: ADB Report, Key Indicators for Asia and Pacific 2012.

ചൈനയിൽ സാമ്പത്തിക വളർച്ചയുണ്ടായപ്പോൾ കാർഷിക മേഖലയെ ആശ്രയിച്ചിരുന്ന തൊഴിലാളികളുടെ അനുപാതം കുറഞ്ഞതായും വ്യവസായിക മേഖലയിലെ തൊഴിലാളികളുടെ അനുപാതം വർധിച്ചതായും പട്ടിക വ്യക്തമാക്കുന്നു.

കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളിലായി ഈ മൂന്ന് രാജ്യങ്ങളിലും കാർഷിക മേഖലയുടെ വളർച്ചാനിരക്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ചൈനയുടെ വ്യവസായിക വളർച്ചാനിരക്ക് ഉയർന്നപ്പോൾ ഇന്ത്യയുടെയും പാകിസ്ഥാന്റെയും വ്യവസായികവളർച്ചാ നിരക്ക് കുറയുകയാണ് ചെയ്തത്.

മാനവവികസന സൂചകങ്ങൾ

ഒരു രാജ്യത്തെ ജനങ്ങളുടെ ജീവിത നിലവാരം അളക്കുന്നതിനുള്ള ധാരാളം സൂചകങ്ങൾ പ്രചാരത്തിലുണ്ട്. ഐക്യരാഷ്ട്ര സംഘടനയുടെ ഭാഗമായ UNDP ആവിഷ്കരിച്ച 'മാനവവികസന സൂചിക' ഇവയിൽ പ്രധാനപ്പെട്ടതാണ്. ചുവടെ ചേർക്കുന്ന പട്ടിക ശ്രദ്ധിക്കുക.

പട്ടിക 10.5

മാനവവികസന സൂചകങ്ങൾ 2009–2012

ഇനങ്ങൾ	ഇന്ത്യ	ചൈന	പാകിസ്ഥാൻ
മാനവ വികസന സൂചിക (മൂല്യം)	0.554	0.699	0.515
മാനവ വികസന സൂചികയിലെ റാങ്ക്	136	101	146
ആയുർദൈർഘ്യം (വർഷം)	65.8	73.7	65.7
പ്രായപൂർത്തിയായവരുടെ സാക്ഷരതാ നിരക്ക് (15 വയസ്സിനും അതിനു മുകളിലുള്ളവരും)	62.8	94.3	54.9

Source: Human Development Report 2012 and World Development Indicators, www.worldbank.org.

ഇനങ്ങൾ	ഇന്ത്യ	ചൈന	പാകിസ്ഥാൻ
ആളോഹരി ജി.ഡി.പി	3203	7418	2424
ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ അനുപാതം	29.8	2.8	21
ശിശുമരണ നിരക്ക്	48	16	70
പ്രസവാനന്തര മരണനിരക്ക്	200	37	260
സുസ്ഥിരമായ ശുചീകരണ സൗകര്യമുള്ള ജനങ്ങൾ (ശതമാനത്തിൽ)	35	65	44
സുസ്ഥിരമായ ജലവിതരണ സൗകര്യമുള്ള ജനങ്ങൾ (ശതമാനത്തിൽ)	92	92	91
പോഷകാഹാരക്കുറവുള്ള ജനങ്ങൾ (ശതമാനത്തിൽ)	43.5	9.4	48

മുകളിലത്തെ പട്ടികയിലെ സൂചകാങ്കങ്ങൾ താരതമ്യം ചെയ്യുമ്പോൾ മനസ്സിലാകുന്ന വസ്തുതകൾ താഴെപ്പറയുന്നവയാണ്.

1. മാനവവികസന സൂചികയുടെ റാങ്കിങ്ങിൽ ഇന്ത്യ, പാകിസ്ഥാൻ എന്നീ രാജ്യങ്ങളെ അപേക്ഷിച്ച് ചൈന വളരെ മുന്നിലാണ്. ആളോഹരി വരുമാനം, ആയുർദൈർഘ്യം, പ്രായപൂർത്തിയായവർക്കിടയിലെ സാക്ഷരതാനിരക്ക്, പോഷകാഹാര ലഭ്യത, ശിശു മരണ നിരക്ക്, മാതൃമരണ നിരക്ക് എന്നീ കാര്യങ്ങളിലെല്ലാം ചൈന മുന്നിട്ട് നിൽക്കുന്നു.
2. മെച്ചപ്പെട്ട ജല ലഭ്യത ഉറവിടങ്ങളുടെ കാര്യത്തിൽ ഇന്ത്യയും പാകിസ്ഥാനും ചൈനയെക്കാൾ മുന്നിലാണ്.
3. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ അനുപാതത്തിൽ മറ്റ് രണ്ട് രാജ്യങ്ങളേക്കാളും മുന്നിലാണ് ഇന്ത്യ.
4. വിദ്യാഭ്യാസം, ശുദ്ധജല ലഭ്യത, സാനിറ്റേഷൻ തുടങ്ങിയ സൗകര്യങ്ങളുടെ ലഭ്യതയിൽ ഇന്ത്യയെക്കാൾ മുന്നിൽ നിൽക്കുന്നത് പാകിസ്ഥാനാണ്.
5. പ്രസവാനന്തര മരണണിരക്ക് ചൈനയിൽ വളരെക്കുറവും ഇന്ത്യയിലും പാകിസ്ഥാനിലും വളരെ കൂടുതലുമാണ്.

വിവിധ മാനവവികസന സൂചകാങ്കങ്ങളുടെ അടിസ്ഥാനത്തിൽ മൂന്ന് രാജ്യങ്ങളുടെയും വികസന നിലവാരം നാം വിലയിരുത്തി. മാനവവികസനവുമായി ബന്ധപ്പെട്ട് മുകളിലത്തെ പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്ന സൂചകകാങ്കങ്ങൾ പരമപ്രധാനങ്ങളാണ്. എന്നാൽ അവ മാനവ വികസിനത്തിന്റെ സ്വതന്ത്ര സൂചികകൾക്ക് പ്രാധാന്യം നൽകുന്നില്ല. അതിനാൽ പട്ടികയിൽ പ്രതിപാധിച്ചിരിക്കുന്ന സൂചകാങ്കങ്ങളുടെ മാത്രം അടിസ്ഥാനത്തിൽ നിഗമനങ്ങളിൽ എത്തിച്ചേരുന്നത് വിവേകപൂർണമല്ല. സ്വതന്ത്ര സൂചികകളിൽ പ്രധാനപ്പെട്ടവയാണ് മനുഷ്യാവകാശം, രാഷ്ട്രീയ സ്വാതന്ത്ര്യം, പത്ര സ്വാതന്ത്ര്യം, നിയമവാഴ്ച, പൗരന്മാർക്ക് ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങ

ളുടെ സംരക്ഷണം എന്നിവ. ഇത്തരം സ്വതന്ത്ര ഘടകങ്ങൾക്കുകൂടി അർഹമായ പരിഗണന നൽകിയാൽ മാത്രമേ മാനവവികസന സൂചകാങ്കം അർഥപൂർണമാവുക യുള്ളൂ.

വികസന തന്ത്രങ്ങൾ – ഒരു അവലോകനം

ഇന്ത്യ, ചൈന, പാകിസ്ഥാൻ എന്നീ മൂന്ന് രാജ്യങ്ങളും സാമ്പത്തിക വികസനത്തിന്റെ വ്യത്യസ്ത തലങ്ങളിലൂടെയാണ് കടന്നു പോയിട്ടുള്ളതെങ്കിലും അവ നടപ്പിലാക്കു വാനിടയായ സാഹചര്യം ആദ്യം പരിഗണിയ്ക്കാം. ചൈന 1978-ലും പാകിസ്ഥാൻ 1988-ലും ഇന്ത്യ 1991-ലുമാണ് സാമ്പത്തിക നയപരിഷ്കരണം നടപ്പിലാക്കിയതെന്ന് നാം മനസ്സിലാക്കി. ഇന്ത്യയും പാകിസ്ഥാനും അന്താരാഷ്ട്ര നാണ്യനിധി (IMF) ലോക ബാങ്ക് (IBRD) എന്നിവയുടെ സമ്മർദം മൂലമാണ് സാമ്പത്തിക പരിഷ്കരണത്തിന്റെ പാതയിലേക്ക് കടന്നുവന്നത്. എന്നാൽ ബാഹ്യശക്തികളുടെ പ്രേരണയില്ലാതെ സ്വയ മേവയാണ് ചൈന സാമ്പത്തിക പരിഷ്കരണ പരിപാടികൾ നടപ്പിലാക്കിയത്. മാവോ യുടെ ഭരണകാലത്തെ സമ്പദ്വ്യവസ്ഥയുടെ മന്ദഗതിയിലുള്ള വളർച്ചയും ആധുനിക വൽക്കരണത്തിന്റെ അഭാവവും വികസന പ്രക്രിയയിൽ നിന്നും വിദേശ മൂലധന ത്തെയും സാങ്കേതികവിദ്യയേയും ഒഴിവാക്കി നിർത്തിയ മനോഭാവവും ചൈനയിൽ 1978ൽ അധികാരത്തിൽ വന്ന പുതിയ ഭരണനേതൃത്വത്തിൽ അസന്തുഷ്ടിയുളവാക്കി. ഈ അസന്തുഷ്ടിയാണ് സാമ്പത്തിക പരിഷ്കരണങ്ങൾ സ്വയമേവ നടപ്പിലാക്കുവാൻ ചൈനയെ പ്രേരിപ്പിച്ചത്. സമ്മർദങ്ങളില്ലാതെ നടപ്പിലാക്കുവാൻ കഴിഞ്ഞതിനാൽ രാഷ്ട്രീയ പ്രതിബദ്ധതയ്ക്ക് കോട്ടം തട്ടാതെ കമ്പോള സംവിധാനത്തെ രാഷ്ട്രവിക സനത്തിൽ പ്രയോജനപ്പെടുത്തുവാൻ ചൈനയ്ക്ക് കഴിഞ്ഞു.

ചൈനയുടെ സാമ്പത്തിക പരിഷ്കാരങ്ങൾ ഘട്ടം ഘട്ടമായാണ് നടപ്പിലാക്കിയത്. പരിഷ്കാരങ്ങൾ ആദ്യം പരീക്ഷണാടിസ്ഥാനത്തിൽ ചെറിയ മേഖലകളിൽ നടപ്പിലാ ക്കുകയും കുറവുകൾ പരിഹരിച്ച് വ്യാപകമാക്കുകയും ചെയ്യുന്ന സമീപനമാണ് ചൈന പിന്തുടർന്നത്. ഇതും ചൈനയുടെ സാമ്പത്തിക പരിഷ്കരണങ്ങൾ മെച്ചപ്പെട്ട ഫല ങ്ങൾ ഉളവാക്കുന്നതിന് സഹായിച്ചു. കൂടാതെ പരിഷ്കരണത്തിന് മുമ്പുള്ള കാല ഘട്ടത്തിൽ വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ കൈവരിച്ച നേട്ടങ്ങളും, വിതരണ സമ്പ്രദായത്തിൽ ആർജിച്ച സമത്വവും വികേന്ദ്രീകൃത ആസൂത്രണവും പരിഷ്കരണ ഘട്ടത്തിൽ മറ്റ് രണ്ടു രാജ്യങ്ങളെക്കാളും മുന്നേറുന്നതിന് ചൈനയെ സഹായിച്ചു.

സാമ്പത്തിക പരിഷ്കരണ നയങ്ങൾ പാകിസ്ഥാനെ പിന്നിലേക്കാണ് നയിച്ചതെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു. സാമ്പത്തിക പരിഷ്കരണത്തിന് ശേഷമുള്ള കാലയ ളവിൽ പാകിസ്ഥാന്റെ വളർച്ചയിൽ ഗണ്യമായ കുറവ് കാണുന്നതായി നാം മനസ്സിലാ ക്കിയല്ലോ? രാഷ്ട്രീയ അസ്ഥിരത, വിദേശ വായ്പകളോടുള്ള അമിതമായ ആശ്രയത്വം, കാർഷിക മേഖലയുടെ മോശമായ പ്രകടനം, 2005-ലെ ശക്തമായ ഭൂകമ്പം, എന്നിവ യൊക്കെയാണ് പാകിസ്ഥാന്റെ മന്ദഗതിയിലുള്ള വളർച്ചയ്ക്കും ദാരിദ്ര്യം വീണ്ടും

ഉയർന്നുവരുന്നതിനുമുള്ള കാരണങ്ങളായി വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്.

2004-2005 കാലയളവിൽ പാകിസ്ഥാൻ നടപ്പിലാക്കിയ One Year Performance ന്റെ ഫലമായി സമ്പദ്‌വ്യവസ്ഥയുടെ വളർച്ചാനിരക്ക് 8% ആക്കി ഉയർത്തുവാൻ കഴിഞ്ഞുവെന്നത് ആശാവഹമാണ്. നാണ്യപ്പെരുപ്പവും ഉയർന്ന തോതിലുള്ള സ്വകാര്യവൽക്കരണവും നിലനിൽക്കുന്നുണ്ടെങ്കിലും ദാരിദ്ര്യനിർമ്മാർജനത്തിനായുള്ള ഗവൺമെന്റ് ചെലവ് വർധിച്ചിട്ടുണ്ട്.

ഇന്ത്യയുടെ സാമ്പത്തിക വളർച്ചയുടെയും പരിഷ്കരണങ്ങളുടെയും വിവിധ ഘട്ടങ്ങൾ നാം മുമ്പ് ചർച്ച ചെയ്തുവല്ലോ. ലോകത്തിലെ ഏറ്റവും ശക്തമായ രാഷ്ട്രങ്ങളുടെ പട്ടികയിൽ ചൈനയ്ക്കും അമേരിയ്ക്കക്കും പിന്നിൽ മൂന്നാമത്തെ വൻ സാമ്പത്തിക ശക്തിയായി ഇന്ത്യ നിലകൊള്ളുന്നു. ഇന്ത്യയുടെ ഏറ്റവും തിളക്കമാർന്ന ഘടകങ്ങൾ രാഷ്ട്രീയ സുസ്ഥിരതയും അചഞ്ചലമായ ജനാധിപത്യ സംവിധാനവുമാണ്. എന്നാൽ സാമ്പത്തിക രംഗത്ത് ചൈനയോടൊപ്പമെത്തണമെങ്കിൽ ഉയർന്ന വളർച്ചാനിരക്ക് അത്യന്താപേക്ഷിതമാണ്.

സംഗ്രഹം

ഇന്ത്യയും ചൈനയും പാകിസ്ഥാനും 1970 വരെ വികസനത്തിൽ ഏറെ പിന്നിലായിരുന്നു. എന്നാൽ കഴിഞ്ഞ നാലു പതിറ്റാണ്ടുകൾക്കിടയിൽ ഈ രാജ്യങ്ങൾ വികസനത്തിൽ വളരെ മുന്നേറി എന്നുമാത്രമല്ല ഇവ തമ്മിലുള്ള വളർച്ചാഗതിയിൽ വളരെയധികം വ്യത്യസ്തതകളും പ്രകടമായി. ഇന്ത്യയും പാകിസ്ഥാനും ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സംരംഭങ്ങളെ സ്വകാര്യവൽക്കരിച്ചപ്പോൾ ചൈന കമ്പോള സംവിധാനത്തെ മറ്റൊരു കാഴ്ചപ്പാടിലാണ് പ്രയോജനപ്പെടുത്തിയത്. ഗവൺമെന്റ് പ്രധാനം ചെയ്യുന്ന സാമ്പത്തിക അവസരങ്ങൾക്ക് പുറമെ അധികമായുള്ള അവസരങ്ങൾ ജനങ്ങൾക്ക് പ്രധാനം ചെയ്യാനാണ് ചൈന കമ്പോള സംവിധാനത്തെ പ്രയോജനപ്പെടുത്തുന്നത്. കമ്പോള സമ്പ്രദായങ്ങൾ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കാനായി പ്രയോജനപ്പെടുത്തുമ്പോഴും ഗ്രാമീണ മേഖലയിലെ സാമൂഹ്യ സുരക്ഷാകാര്യങ്ങളെ ചൈന കൈവെടിയുന്നില്ലായെന്നത് ഏറെ ശ്രദ്ധേയമാണ്. ചൈന കൈവരിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക വളർച്ചാ നിരക്കും അനുകരണീയമാണ്. പാകിസ്ഥാന്റെ അടിസ്ഥാന സൗകര്യങ്ങൾ ഏറെ മെച്ചപ്പെട്ടതാണ്. ശുദ്ധജല ലഭ്യത, ശുചീകരണ സൗകര്യം എന്നിവ മാതൃകാപരമാണ്. ഇന്ത്യയുടെ ജനാധിപത്യ സംവിധാനങ്ങൾ ഏറെ ശ്രദ്ധേയമാണ്.

പദപരിചയം

കുതിച്ചു ചാട്ടം

ചൈനയെ വളരെ വേഗം വ്യവസായവൽക്കരിക്കുക എന്ന ലക്ഷ്യത്തോടുകൂടി 1958ൽ കാർഷിക വ്യവസായിക മേഖലകളിൽ നടപ്പിലാക്കിയ നയങ്ങളാണ് മഹത്തായ കുതിച്ചു ചാട്ടം (Great Leap Forward -GLF) എന്നറിയപ്പെടുന്നത്.

ഉത്തരവാദിത്വ കൃഷി

കൃഷി സ്ഥലങ്ങളെ തുണ്ടുകളാക്കുകയും കൃഷി ചെയ്യാനുള്ള ഉത്തരവാദിത്തം കാർഷകരെ ഏൽപ്പിക്കുകയും ചെയ്തു.

ഇരട്ട വില

പുതിയ സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ ഭാഗമായി 'ഇരട്ടവില' സമ്പ്രദായം നടപ്പിലാക്കി. ഇതനുസരിച്ച് കർഷകരും വ്യവസായികളും ഒരു നിശ്ചിത അളവ് ഉൽപ്പന്നങ്ങളും ഇൻപുട്ടുകളും വാങ്ങുകയും വിൽക്കുകയും ചെയ്തിരുന്നത് ഗവൺമെന്റ് നിശ്ചയിച്ച വിലയെ അടിസ്ഥാനമാക്കി ആയിരുന്നു.

വിലയിരുത്തൽ ചോദ്യങ്ങൾ

1. ചുവടെ ചേർക്കുന്നവയെ ഇന്ത്യ, ചൈന, പാകിസ്ഥാൻ എന്നിവയുടെ സവിശേഷതകളായി തരംതിരിക്കാം.

മഹത്തായ കുതിച്ചുചാട്ടം, ഏകകക്ഷി ഭരണം, കമ്മ്യൂൺ സമ്പ്രദായം, 1991-ലെ സാമ്പത്തിക പരിഷ്കരണം, രാഷ്ട്രീയ അസ്ഥിരത, മെച്ചപ്പെട്ട ശുദ്ധജല വിതരണം, മെച്ചപ്പെട്ട ജനാധിപത്യ സംവിധാനം, 1988-ലെ സാമ്പത്തിക പരിഷ്കരണം.

2. തെറ്റുണ്ടെങ്കിൽ തിരുത്തുക.

a. ചൈനയുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യയുടെ ജനസാന്ദ്രത കുറവാണ്.

b. സാമ്പത്തിക വളർച്ചയുടെ ആദ്യഘട്ടത്തിൽ ജനസംഖ്യയുടെ ഏറിയ പങ്കും സേവന മേഖലയിലായിരിക്കും തൊഴിലിലേർപ്പെട്ടിരിക്കുന്നത്.

c. ചൈനയുടെ ഇന്ന് കാണുന്ന സാമ്പത്തിക വളർച്ചയ്ക്ക് കാരണം 1978-ൽ നടപ്പിലാക്കിയ സാമ്പത്തിക പരിഷ്കാരങ്ങളാണ്. ചർച്ച ചെയ്യുക.

d. സാമ്പത്തിക പരിഷ്കരണ നയങ്ങൾ പാകിസ്ഥാനെ പിന്നിലേക്കാണ് നയിച്ചത്. ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശദമാക്കുക.

e. 1958-ൽ ചൈനയിൽ നടപ്പിലാക്കിയ മഹത്തായ കുതിച്ചുചാട്ടം വിശദീകരിക്കുക.

f. മാനവ വികസനത്തിന്റെ വിവിധ സൂചകാങ്കങ്ങൾ പട്ടികപ്പെടുത്തുക.

g. ഇന്ത്യ, ചൈന എന്നീ രാജ്യങ്ങളുടെ ആഭ്യന്തരോൽപ്പാദനത്തിലേക്കുള്ള വിവിധ മേഖലകളുടെ സംഭാവനകൾ വിലയിരുത്തുക.

3. ഒറ്റയാനെ കണ്ടെത്തി സാധൂകരിക്കുക.

   a. ഏകസന്താനനയം, ഉയർന്ന ജനസംഖ്യ, ഉയർന്ന ജനസാന്ദ്രത, ഉയർന്ന നഗരവൽക്കരണം.

   b. മഹത്തായ കുതിച്ചുചാട്ടം, പ്രോളിറ്റേറിയൻ വിപ്ലവം, 1991-ലെ സാമ്പത്തിക പരിഷ്കരണം, ചൈന.

സ്വയം വിലയിരുത്തൽ സൂചകങ്ങൾ

	പൂർണമായി കഴിയുന്നു	ഭാഗികമായി കഴിയുന്നു	മെച്ചപ്പെടേണ്ടതുണ്ട്
• ഇന്ത്യ, ചൈന, പാകിസ്ഥാൻ എന്നീ മൂന്ന് രാജ്യങ്ങളുടെ വികസനപാതയിലെ സമാനതകളും വൈജാത്യങ്ങളും താരതമ്യപ്പെടുത്താൻ			
• മഹത്തായ കുതിച്ചുചാട്ടം ചൈനയെ എങ്ങനെ സ്വാധീനിച്ചുവെന്ന് വിശദീകരിക്കാൻ			
• മഹത്തായ പ്രോളിറ്റേറിയൻ സാംസ്കാരിക വിപ്ലവം എന്തെന്ന് വിശദീകരിക്കാൻ			
• ചൈനയുടെ സാമ്പത്തിക വളർച്ചയെ സ്വാധീനിച്ച ഘടകങ്ങൾ വിശദീകരിക്കാൻ			
• ഇന്ത്യ, ചൈന, പാകിസ്ഥാൻ എന്നീ രാജ്യങ്ങളെ സാമ്പത്തിക പരിഷ്കരണങ്ങളിലേയ്ക്ക് നയിച്ച സാഹചര്യങ്ങൾ സൂചിപ്പിക്കാൻ			
• പ്രധാനപ്പെട്ട ജനസംഖ്യാ സൂചകങ്ങൾ പട്ടികപ്പെടുത്തുവാനും ഈ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യ, ചൈന, പാകിസ്ഥാൻ എന്നിവയുടെ നിലവാരം വിലയിരുത്തുവാൻ			
• ഇന്ത്യ, ചൈന, പാകിസ്ഥാൻ എന്നീ രാജ്യങ്ങളുടെ സാമ്പത്തിക വികസനത്തെ മാനവ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്യാൻ			

തുടർ വായനയ്ക്ക്

- എൻ.സി.ഇ.ആർ.ടി പുസ്തകം.
- റുദർ ദത്ത് ആന്റ് കെ.പി.എം സുന്ദരം (2000) "ഇന്ത്യൻ ഇക്കണോമി", എസ്. ചന്ദ് ആന്റ് കമ്പനി ലിമിറ്റഡ് രാം നഗർ, ന്യൂ ഡൽഹി-110-55
- ഹ്യൂമൻ ഡെവലപ്പ്മെന്റ് റിപ്പോർട്ട്-യു.എൻ.ഡി.പി.
- വേൾഡ് ഡെവലപ്പ്മെന്റ് റിപ്പോർട്ട്